# വിഷയവിവരം.


| | | പുറം |
|---|---|---|
| 1. | സ്മരണമണ്ഡലം<br>സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ | 733 |
| 2. | പ്രതാപരുദ്രീയവും അലങ്കാരശാസ്ത്രവും<br>മഹാകവി റാവുസാഹിബ് ഉള്ളൂർ പരമേശ്വരയ്യർ എം. ഏ., ബി. എൽ | 740 |
| 3. | ഭക്തിപ്രഭാവശതകം<br>എം. രാജരാജവമ്മ തമ്പുരാൻ എം. ഏ., ബി. എൽ. | 758 |
| 4. | മലേഷ്യയിലും ഇൻഡോചൈനയിലും ഉണ്ടായിരുന്ന ഹിന്ദുസംസ്കാരം<br>കെ. മാമൻ എം. ഏ. | 764 |
| 5. | കോവിലകവും കുപ്പമാടവും<br>ഡാക്ടർ കെ. ഗോദവമ്മ | 771 |
| 6. | മേല്പത്തൂർ നാരായണഭട്ടതിരി<br>എം. ആർ. ബാലകൃഷ്ണവാര്യർ എം. ഏ. | 779 |
| 7. | കിമപികാവ്യം<br>സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ. | 802 |
| 8. | സൈരന്ധ്രി<br>വി. കൃഷ്ണൻതമ്പി ബി. ഏ. | 808 |
| 9. | ചിത്രനഗരത്തിൽ<br>എം. ആർ. കൃഷ്ണവാര്യർ ബി. ഏ., എൽ.ററി. | 825 |
| 10. | രസപ്രസ്ഥാനം<br>വിദ്യാഭൂഷണൻ വെങ്കടരാമശമ്മ | 826 |
| 11. | ഗ്രന്ഥനിരൂപണം | 843 |
| 12. | യുവകവിപങ്ക്തി | 846 |
| | (i) കതിപയാ: പദ്യസ്രജ:<br>പി. ശങ്കരസുബ്രഹ്മണ്യശാസ്ത്രി. | |
| | (ii) അദ്ധനാരീശ്വരദശനം<br>ആർ. രാമവാര്യർ, വൈദ്യകലാനിധി | 849 |
| | (iii) തിരുമൽക്കാഴ്ച<br>ചങ്ങമ്പുഴ | 850 |
| 15. | പ്രാചീനദേശ സംജ്ഞാകോശം<br>പി. അനന്തൻപിള്ള, എം. ഏ | 851 |
| 16. | പത്രാധിപ പങ്ക്തി | 854 |



**His Highness Sri Chitra Thirunal G. C. I. E.**
MAHARAJA OF TRAVANCORE

# തിരുനാൾ മംഗളാശംസകൾ.

ഓൎത്താലങ്ങേക്കുടുംബം നിഖിലഭുവനമാണെങ്കിലും ഭക്തബന്ധോ!
പേൎത്താലോചിക്കിൽ വഞ്ചിക്ഷിതിയിതയി! വിശേഷിച്ചു ഭാവൽകമല്ലീ?
കാൽത്താർ കൂപ്പുന്ന ചൈത്രൻ പകലിരവുഭവദ്ദാസനക്ഷ്മാസഹായൻ;
മാൎത്താണ്ഡാ ബ്ജാക്ഷ! കാൎയ്യംതദവനമിവനാൽപ്രാൎത്ഥ്യമോ പത്മനാഭ?

മഹാകവി റാവു സാഹിബ്, ഉള്ളൂർ, എസ്. പരമേശ്വരയ്യർ
എം. ഏ; ബി; എൽ. എം; എൽ. എ.

സാചിവ്യം ഗുരുതുല്യനാംക്ഷിതിസുരനാൎപ്പിച്ച വിഖ്യാതിതൻ
രേജിസ്സാൽ സ്മരണീയമായുഷി ചതുർ വിംശം സമാപ്തം വയഃ
ശ്രീചിത്രൎക്ഷജനുള്ള ബുദ്ധിഗുണവും, ചേതസ്സുതൻശുദ്ധിയും
വാചാംഗോചരമല്ലഹോ, വിജയതാം ശ്രീപാൎവ്വതേയൻസദാ!

വാദത്തിൽ പടുവായ് അഭിജ്ഞമണിയാം സർ സീ. പിയെമന്ത്രിയായ്
മോദം മേദിനിയിൽ പരത്തിനിയമിച്ചുള്ളോരുചിത്രൎക്ഷജൻ
വേദംശാസ്ത്രവുമായ് ഗുണിച്ച മഹിതം ജന്മൎക്ഷമാമുത്സവം
സ്വാദൂററിന്നതികച്ചു; മേലുമിതുപോൽ വാഴട്ടെ ഭൂമീശ്വരൻ!

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള.
ബി. ഏ., ബി എൽ.

ദൃശ്യാം ദൃശ്യാം സമ്പദശ്ചൈത്ര ഉൎവ്വീം
ഭുങ്ക്താം ഭുങ്ക്താം ഭൂരിഭദ്രാംശ്ചഭോഗാൻ
ജാഗൎത്ത്യേവം നൎത്തയൻ ദിക്ഷുലക്ഷ്മീം
പുണ്യേജന്മൎക്ഷോത്സവേ ഭേരിഘോഷഃ.

വി. കൃഷ്ണൻതമ്പി. ബി. ഏ

ഇന്ത്യാസാമ്രാജ്യലക്ഷ്മീഗളതലവിലസദ്രത്നഹാരത്തിലൊന്നാ
സ്സ്വന്തം കൈയ്യാലെടുത്തസ്സുരവരസദൃശീഭൂതനാം വൈസറായി
ചിന്തും മന്ദസ്മിതത്തോടിളകിയ പുളകം പൂണ്ടു നില്ക്കുന്ന ചിത്രാ
സന്താനത്തിന്നു ചാൎത്തീടിന പുകൾ പെരുകും വൎഷമേ ഹൎഷമേകൂ!

പി. അനന്തൻപിള്ള എം. ഏ.

കായസ്യ കാന്ത്യാ പ്രസരദ്ധിയാ ച
യഃ സർവ്വവിശ്വം സ്വവശം തനോതി
വിഭാതി ചൈത്രോ വിദിതാനുഭാവഃ
സംസാധയൻ സ്വപ്രകൃതേപ്സിതാനി.

ഡാക്ടർ കെ. ഗോദവർമ്മ. എം. ഏ; പി. എച്ച് ഡി.

ധാത്രീ ദീപാവലീദീപിതനിഖിലദിശാ മേഘപുഷ്പാഭിഷിക്താ
സ്നിഗ്ദ്ധാസ്നാതാ സുമൃഷ്ടാശനപരിമുദിതാ മുഗ്ദ്ധവേഷാപ്രജാളീ
ഭൂതാനാം ഭൂരിഭൂത്യൈ പ്രഭവതി മഹതാം ജന്മവേലേത്യഭിഖ്യാ
യസ്മിന്നേവാദ്രിതീയേ ലസതി സമുചിതാ. ചൈത്രഭൂപഃ സ ജീയാത്.

എൻ. ഗോപാലപിള്ള. എം. ഏ.

സംപ്രാപ്തം ദിനമദ്യപുണ്യസുരഭി ശ്രീവഞ്ചിഭൂമീപതേ-
രന്യാലഭ്യസുജന്മഹേതുകമത സ്തോഷ്ട്രയമാനംബുധൈഃ
ചിത്രാഭിഖ്യമശേഷനേത്രസുഖദൈ ശ്ചിത്രോത്സവൈരഞ്ചിതം
ഭാഗ്യംനഃ പരിപൂർണ്ണമേഷ നൃപതി ർവ്വദ്ധതനിത്യോത്സവഃ

ശ്രീവർദ്ധനത്തു എൻ. കൃഷ്ണപിള്ള എം. ഏ.

പാരിൽഭൂതി; ജനേസുനീതി, ഗഗനേ മിന്നുന്നസൽകീർത്തി യുഗം-
ത്താരിൽപങ്കജനാഭപാദമരികിൽ, സാധിഷ്ഠസാചിവ്യവും;
സ്മേരശ്രീവദനേ, ദയാപരിജനേ, തനപൻസ്വധർമ്മേപദം
ഭൂരിശ്രീനിധിചിത്രജൻ വിജയതാമാദർശവൽഭൂഭൃതാം.

ആർ. ഈശ്വരപിള്ള ബി. ഏ.

ചിത്രാവതാരനൃപതിഃ ശരദാം സഹസ്ര-
മത്രാവനൌ വിജയതാം ജയതാം പുരോഗഃ|
രമ്യാശ്ചകാസതു ദിശോ ലസദബ്ജകാന്തി-
സൌമ്യപ്രകാശലപനാഃ സുമനഃപ്രസന്നാഃ||

കേ. സാംബശിവശാസ്ത്രി.

ചിത്രാഗോത്രാരമണചരിതം ചാരണശ്രേണിദേവ
ശ്രോത്രാനന്ദപ്പൊലിമ പുലരുമ്മാറു പാടും ദശായാം
സുത്രാമാവൊത്തഴകിലമരും മൂലരാജർഷിവര്യൻ
വസ്ത്രാഗ്രത്താൽ നിജമിഴിതുടയ്ക്കുന്ന ഹർഷാശ്രുപൂർണ്ണം.

വിദ്വാൻ സി. ഐ. ഗോപാലപിള്ള എം. ഏ.

ചിത്രാനക്ഷത്രജാതൻ ശിതമതി സുഗുണൌഘാഞ്ചിതൻ വഞ്ചിധാത്രി
സുത്രാമാവേവവരേയും സമനിലയിൽ നിനച്ചേന്നുമാനന്ദമേകി,
ഉൾത്രാസം തീൎത്തു നൂറാണ്ടവനിയിതവനംചെയ്തു ചൈതന്യപൂൎവ്വം
സത്രാമോദേന വാഴാൻ കനിയുക കരുണാസത്തമേ, പത്മനാഭ!

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.

സാരസ്യശ്രീ തഴയ്ക്കിച്ചഖിലഗുണഗണാരാമമായ് പശ്ചിമാശാ-
സൗരഭ്യശ്രീമുഴക്കെക്കരബദരസമം കണ്ടു വേണ്ടുന്നതെല്ലാം
പൗരന്മാൎക്കാശപോലിങ്ങരുളിയവർ മനോരംഗമേറി പ്രിയത്തിൽ-
ശ്രീ രഞ്ജിച്ചാടിയാടിത്തെളിമയൊടവനം ചെയ്ക ചിത്രാവനീശൻ.

പുലിയന്നൂർ എസ്സ്. രാമയ്യർ.

സാരാസാരവിവേകമാൎന്നു ജനതാ സംരക്ഷണം ചെയ്യുമീ-
പ്പാരാവാര ഗഭീരനായ മതിമാൻ ചിത്രൎക്ഷജക്ഷ്മാധവൻ
പാരാകെപ്പുകൾ വിസ്തരിച്ചുനെടുനാളാരോഗ്യഭാഗ്യാദികൾ-
ക്കാരാമസ്ഥലിയായിവാണരുളുവാനീശൻ കടാക്ഷിക്കണം.

9851

ശാസ്ത്രി മഹോപാദ്ധ്യായ കേ. എസ്. എൻ. ഉണ്ണി.

ശൌൎയ്യൌദാൎയ്യമുഖാഃ ശ്രുതാനയവിദാമിഷ്ടാഗുണാസ്തേമിഥഃ
സ്പൎദ്ധാവന്തഇവാഭിവൃദ്ധിമുപയന്ത്യന്യാദൃശം യത്തനൌ!
ഗംഗാംഭോധിമിവാദരേണ വൃണുതേ യംസാജയശ്രീഃസ്വയം
കംസാരാതിദയാ ദൃഗന്തവിഷയോ ജീയാത് സ ചിത്രേശ്വരഃ!

പി. ശങ്കര സുബ്രഹ്മണ്യ ശാസ്ത്രി.

നളിനദളലോചനൻ-നാരായണൻപരൻ
നരകരിപുനാഥ-നനന്തശയനനായ്
മരുവുമതി ദിവ്യമാം-രാജ്യംഭരിച്ചിടും
നരപതിസതാംഗതി-പുണ്യപാഥോനിധി
ഇരുപതൊടുനാലൊക്കു-മാട്ടത്തിരുനാളി
ലരുമ പദപങ്കജ-മൎപ്പണം ചെയ്യുന്ന
പരമസുഖമിന്നിതാ-പാവനശ്രീനിധി
പരമ പുരുഷപ്രിയൻ-ചിത്രതാരോത്ഭവൻ
നിരുപമനിളാഭരം-നിൎവ്വഹിച്ചീവിധ
മരുളണമൊരായിരം-ദീൎഘദീൎഘം യുഗം
'സഹൃദയ' മുഖാന്തര-മായതിനിന്നുനാം
സഹൃദയ ജനങ്ങളേ!-ചെയ്കസംപ്രാൎത്ഥനം.

തെക്കേക്കുന്നത്തു കല്ല്യാണിക്കുട്ടിഅമ്മ.

ആരോമൽ കാന്തിചിന്നും കലകളവിരളം പൂണ്ടു, കാർകൊണ്ടലിൻതെ-
ല്ലാരോപിക്കാതഭിഖ്യക്കുറ, വന്ദിവസം പൊങ്ങി, വിൺമദ്ധ്യമേറി,
സാരോദഗ്രാഭനായ്‌വാഴ്ക! കുമുദിനിയും പുല്ലണിപ്പൂവുമൊപ്പം
കൂറോടേന്തും സുധാസംസ്കൃത ശുഭകരനീനവ്യഭൂപേന്ദ്രനിത്യം.

പേരൂർക്കട എം. കൊച്ചപ്പൻ.

ബഹുവിധഗുണവൃദ്ധിപ്രാപകസ്സന്നികർഷാൽ
പദവിധിഷു സമർത്ഥോ ഭാവശുദ്ധഃ സുവൃത്തഃ।
വിവിധവിഷയസംവിദ്ധ്വസ്തമിഥ്യാന്ധകാരോ
ജയതി 'സഹൃദയാ'വച്ചൈത്ര ഭൂപാലചന്ദ്രഃ॥

വി. വെങ്കട്ടരാമ ശർമ്മ.

ശ്രീരാമസ്വാമിനോ മന്ത്ര-
മനപായമനുത്തമം।
അദ്വിതീയം സദ്വിതീയം
സാധയംശ്ചൈത്ര ഏധതാം॥

മഹോപാദ്ധ്യായൻ ആർ. രാമകൃഷ്ണശാസ്ത്രി.

## മഞ്ജീര ശിഞ്ജിതം.

1. ഗർജ്ജിക്കട്ടേ സമുദ്രംകൃപണസമുചിതം, വാരിദം വാളിളക്കി-
ത്തർജ്ജിക്കട്ടേ, നഭസ്വാൻ ശ്രുതിയിടറിമുഴക്കട്ടെ പൗരുഷ്യഗീതം.
ലജ്ജിക്കേണ്ടാ, ലഘുത്വം ഗുണകരമയി തേ ഹൃദ്യമാധ്വീരസത്തിൽ
മജ്ജിപ്പിച്ചാലു മൂകക്കാമ്പിനെ മൃദുനിനദം വാച്ചെഴും കാൽച്ചിലമ്പേ.

2. കേൾക്കുന്നോർക്കാശയാവിഷ്കരണമരുളുവാൻ തെല്ലപര്യാപ്തമെന്നാ-
യോർക്കും മട്ടുള്ള നിൻമാർദ്ദവമൊരു കുറവാണെന്നു തേറേണ്ട, പക്ഷേ
വായ്ക്കും തേ വൈമനസ്യം സഹൃദയഹൃദയ പ്രേക്ഷ്യമാം സാക്ഷ്യമേകി
ത്തീർക്കും സൗഭാഗ്യലക്ഷ്യം, സുമസുരഭിലമായ് മിന്നുമിപ്പൊന്നശോകം.

3. മാതാവാം ഭൂമിദേവിക്കുടലിലുടവുതട്ടാത്തതാം പാദപാതം
വീതായാസം പഠിക്കും പടി രണരണികോന്മുഗ്ദ്ധനാരീവിഹാരം
നീതാൻ സന്മാർഗ്ഗനിഷ്ഠയ്ക്കൊരു തൊട്ടുകുറിപോൽ ചംക്രമത്തിൻ ക്രമത്തിൽ
ഇജ്ജാതാനന്ദം വെളിച്ചത്തരുളിമതിമയക്കുന്ന മഞ്ജീരമേ മേ.

4. വേദ പ്രഖ്യാത രമ്യ സ്വര പരിചയവും രാജ ഹംസീഗളത്തി-
ന്നാദർശത്തിൻ പ്രസിദ്ധീകരണവുമഭിവാഞ്ഛിച്ച നിൻ ശിഞ്ജിതങ്ങൾ
മോദം നൽകിജ്ജയിച്ചീടുക കവിജനനി കാമ്യതോകങ്ങളായും
നാദ ബ്രഹ്മത്തിനുള്ളിൽ പ്രണവ പരിണത പ്രേഷ്ഠ ബിന്ദുക്കളായും.

5. ഹാവം, ഭാവം തുടന്നുള്ളൊരു രസപരിപാടിക്കു നാന്ദീത്വമാർന്നും
യാവജ്ജീവം ജഗത്തിൽക്കമിതൃജന മനസ്സൌഖ്യമേകുന്ന മട്ടിൽ
ശ്രീവഞ്ചിപ്പൂവനത്തിൽ പരിലസതു സദാ സാധു ചിത്രാഭ മുദ്രാ-
കൈവല്യം, രാജ്യലക്ഷ്മീ ചരണയുഗമിളന്മഞ്ജു മഞ്ജീര ശിഞ്ജം.

വിദ്വാൻ ആർ. വാസുദേവൻ കർത്താ.

# സഹൃദയ

പുസ്തകം ൧. | കർക്കടകം, ചിങ്ങം, '11-'12. | ലക്കം 11, 12.


## സ്മരണമണ്ഡലം.


സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. എ., ബി. എൽ.


### അദ്ധ്യായം ൩.

അമ്പലപ്പുഴ ഇംഗ്ലീഷ് സ്കൂളിന്റെ തരണം പൂർണ്ണമായി വർണ്ണിക്കുന്നതിനു മുമ്പ് മുരിങ്ങനാട്ട് താമസിച്ചിരുന്നപ്പോൾ തന്നെ അമ്പലപ്പുഴ നടന്ന ഒരു ഗംഭീരമായ സംഭവം പ്രസ്തുത്യമായിത്തോന്നുന്നു. എനിക്ക് അന്ന് അഞ്ചെട്ടുവയസ്സ് പ്രായമുണ്ടെന്നാണ് വിശ്വാസം. എന്തുകൊണ്ടെന്നാൽ ഭൃത്യന്റെ കടിതടവാഹനത്തിൽ ഇരുന്നുകൊണ്ടാണ് താഴെപ്പറയാൻ പോകുന്ന സംഭവങ്ങൾ ഞാൻ കണ്ടിട്ടുള്ളതായി ഓർക്കുന്നത്. അമ്പലപ്പുഴ പടിഞ്ഞാറെ നടയിൽ ഉള്ള എണ്ണക്കളത്തട്ടിന്റെ വടക്കേപടിഞ്ഞാറെക്കോണിൽ "നാണുച്ചാർ" എന്ന ഭൃത്യൻ എന്നെ എളിയിൽ എടുത്തു ഉച്ചതിരിഞ്ഞു ഒൻപതാം ഉത്സവത്തിലെ ആഘോഷങ്ങൾ കാണുന്നതിന് നിന്നിരുന്നു. സഭ്യതാസഭ്യതകളെ തിരിയ്ക്കുന്ന ഭിത്തികളെ ആക്രമിച്ച് തകർക്കുന്ന പൂരപ്പാട്ടിന് പ്രാധാന്യം ചേർത്തലെയാണെങ്കിലും അമ്പലപ്പുഴെ എട്ടും ഒൻപതും ഉത്സവദിവസങ്ങളിൽ ഉപസ്തരണം വിളമ്പുന്നതുപോലെ അല്പനേരത്തേയ്ക്ക് അത് അനുഷ്ഠിക്കപ്പെട്ടുപോന്നിരുന്നു. ചേർത്തല പൂരപ്പാട്ടിനുള്ള അധഃപതനത്തോടുകൂടി അതിന് അമ്പലപ്പുഴയിൽ ഉണ്ടായിരുന്ന യോഗക്ഷേമങ്ങൾ എങ്ങനെയായെന്നു നിശ്ചയമില്ല. അവിടം നില്ക്കട്ടെ. പ്രസ്തുതദിവസം പൂരപ്പാട്ടു പാടുവാൻ പാടില്ലെന്ന് അന്നവിടെ പോലീസ് ഇൻസ്പെക്ടരായിരുന്ന ശിവരാമപിള്ള അവർകൾ വിരോധിച്ച് ഒരു നിരോധനാജ്ഞ വാക്കുകൊണ്ട് ഉൽഘോഷിച്ചു. അതിനെ തൃണപ്രായമായിഗണിച്ച് ജനങ്ങൾ പൂരപ്പാട്ട് നടത്തി. പോലിസുസൈന്യം ഇൻസ്പെക്ടരുടെ ആജ്ഞപ്രകാരം അപരാധികളെ അറസ്റ്റുചെയ്യുവാനായി ഉദ്യമിച്ചെങ്കിലും അതു സാധിച്ചില്ല. എന്നുതന്നെയുമ

ല്ല, പോലീസുകാരുടെനേക്ക് വലിയ ആപ്പുവിളിയും ക്രൂക്കുവിളിയും കല്ലേറുമാരംഭിക്കുകയും ചെയ്തു. മണ്ണുനുള്ളിയിട്ടാൽ വീഴാത്തവിധം ആൾതിങ്ങിക്കൂട്ടുകയും ജനക്കൂട്ടത്തിൻെറ സന്തതിയായി ഭയങ്കരമായ ഒരു ലഹള ഉത്ഭവിക്കുകയും ചെയ്തു. ഇൻസ്പെക്ടർ ശിവരാമപിള്ള ക്ഷേത്രത്തിൻെറ വടക്കുപടിഞ്ഞാറു തല്ക്കാലം തഹശ്ശീൽദാർ കച്ചേരിചെയ്തുകൊണ്ടിരുന്നിടത്തു് അഭയംപ്രാപിച്ചു. ആ മുറിയിലേക്കു് കയ്യിൽകിട്ടിയ കല്ലും, കാളാമുണ്ടനും മററുമെടുത്തു് ജനങ്ങൾ ഏറുതുടങ്ങി. ഒരു ശിലാവർഷം നടക്കുന്നതുപോലെ ആ പ്രദേശത്തു് കല്ലേറുണ്ടായി. ലഹള ശമിപ്പിക്കുവാൻ വാളുമൂരിപ്പിടിച്ചുകൊണ്ടു് തഹശീൽദാർ പുറത്തേയ്ക്കുവന്നു. പക്ഷെ "വാളുവിറച്ചുവിറച്ചു പിന്നോട്ടു" പോയതല്ലാതെ വെട്ടുന്നതിനു പ്രയോജനപ്പെട്ടില്ല. "മാമ്മോ, പൊന്നുമാമ്മോ!" എന്നു് ജനങ്ങൾ ചുററുംകൂടി കൂവിയതല്ലാതെ തഹശ്ശീൽദാരെ ഒരുവിധത്തിലും ഉപദ്രവിച്ചില്ല. ലജ്ജാകുലനായ അദ്ദേഹം തിരിയെ അകത്തുപോയി രക്ഷാമാർഗ്ഗങ്ങൾ ആലോചിച്ചുകൊണ്ടു് സ്വസ്ഥമായിരുന്നു. ഇൻസ്പെക്ടരുടെ നേരെയുള്ള കാലുഷ്യം കൂടിക്കൂടി വന്നതല്ലാതെ ഒരുവിധത്തിലും കുറഞ്ഞില്ല. "ബാർണബി റെഡ്ജ്" എന്ന നോവലിൽ "ചാർലസ് ഡിക്കൻസ്" വർണ്ണിച്ചിട്ടുള്ള ലഹളപോലെയൊരു ജനവിപ്ലവമാണു് അന്നു് അമ്പലപ്പുഴെ നടന്നതു്. സന്ധ്യയായപ്പോൾ ഇൻസ്പെക്ടർ താമസിച്ചിരുന്ന വീട്ടിലേയ്ക്കു് ഒരുസംഘം ആളുകൾ പുറപ്പെട്ടു. അടച്ചുപൂട്ടിയിരുന്ന പടിപ്പുര അവർ ഇളക്കിയെടുത്തു് തുള്ളിക്കൊണ്ടു് ക്ഷേത്രപരിസരത്തേയ്ക്കു പോന്നു. ദൈവാധീനം കൊണ്ടു് ഇൻസ്പെക്ടരുടെ ഭാര്യയേയും കുട്ടികളേയും ഗൂഢമായി മറെറാരു ഭവനത്തിൽ കൊണ്ടുപോയി ശാന്തചിത്തന്മാരായ ചില സുജനങ്ങൾ ഒളിച്ചു് പാർപ്പിച്ചു് കാലേക്കൂട്ടി രക്ഷിച്ചിരുന്നു. ഇൻസ്പെക്ടർ ഇരുന്നിരുന്ന മുറിയുടെ മുൻവശത്തു് ജനങ്ങൾകൂടി ബഹുകണ്ഠങ്ങളിൽനിന്നു് ഏകകാലത്തു് പുറപ്പെട്ട വിവിധങ്ങളായ ശബ്ദങ്ങളുടെ ആകെത്തുക അല്പം ദൂരെ അലറിക്കൊണ്ടിരുന്ന സമുദ്രത്തിൻെറ അലച്ചയെ അശ്രാവ്യമാക്കിത്തീർത്തു. രാത്രി അതിക്രമിച്ചതോടുകൂടി ആ വാതൽ തുറന്നു് ആളുകൾ അകത്തുകടക്കുമെന്നമട്ടിലായി. ഈ സാഹസങ്ങൾ ഇൻസ്പെക്ടർ ധരിച്ചു് ആ മുറിയ്ക്കു് വടക്കോട്ടുണ്ടായിരുന്ന ഒരു ചെറിയ വാതലിൽകൂടി ഒരു വിധത്തിൽ സ്വയമേ ഞെക്കിപ്പിഴിഞ്ഞു് വെളിയിൽച്ചാടി ക്ഷേത്രത്തിലെ കാടിക്കുഴിയിൽ ലഘുവായി ഒരഭിഷേകവും കഴിഞ്ഞു് വയലുകളിലും തോടുകളിലുംകൂടി നീന്തിത്തുടിച്ചു് ഏകവസ്ത്രധരനായി ആലപ്പുഴെ ചെന്നു രക്ഷപ്പെട്ടു. ആ സംഭവമധികരിച്ചു് പല പാട്ടുകളുമുണ്ടാക്കിയിട്ടുള്ളതിൽ ഒന്നിൽ

"കാലുമടക്കിയടിക്കും ശിവരാമൻ
കാടിക്കുഴി ചാടി ഓടിപ്പോയേ!"

എന്നു പറഞ്ഞിട്ടുള്ളതു് ഇപ്പോഴും ചിലർ പാടിക്കേൾക്കാറുണ്ടു്. എതിർക്കാൻ ശക്തിയില്ലാതേയും, ഓടിയൊളിക്കാൻ തരപ്പെടാതേയും ജനങ്ങളുടെ കയ്യിൽ കിട്ടിയ പോലീസുകാരുടെ തൊപ്പി മലത്തി വെപ്പിച്ചു് അതിൽ മണ്ണുവാരി നിറച്ചു് അവരെക്കൊണ്ടു് ചുമപ്പിച്ചു. അന്നു തുടങ്ങി മണ്ണുചുമപ്പു് പോലീസുകാ

ക്കാണെന്നും ജനങ്ങൾക്കല്ലെന്നും ലഹള ക്കാരായ 'മഹാജനങ്ങൾ' ഏർപ്പാടു ചെയ്തു. ചില പോലീസുകാർ ഗോമയം ചുമക്കുന്നവരായും കുറേക്കൂടി ഗൌരവപ്പെട്ടവർ ശിരസ്ഥലണ്ടന്മാരായും കാണപ്പെട്ടു. ഇങ്ങനെയുള്ള പ്രകടനങ്ങൾ നിമിത്തം പിറേറദിവസം (ആറാട്ടുനാൾ) ക്ഷേത്രപരിസരത്തിൽ മഷിയിട്ടുനോക്കിയാൽ പോലും ഒരു പോലീസുകാരനെ കാണ്മാൻ കിട്ടുകയില്ലായിരുന്നു. പോലീസുകാരുടെ ബന്തവസ്സില്ലാതെയും ഉത്സവാദികൾ നടക്കുമെന്ന് അന്ന് വ്യക്തമായി. ഈ ലഹള ഉണ്ടായത് നാടകശാല സദ്യയ്ക്കു് ഇലവെച്ചപ്പോൾ പോലീസ് ഇൻസ്പെക്ടർ പന്തിയിൽ കൂടി നടക്കുക നിമിത്തമാണെന്നു് പറഞ്ഞു കേട്ടിട്ടുണ്ട്. ആ സദ്യയ്ക്കു് ഇല വെച്ചാൽ മാത്തൂർപണിക്കർക്കല്ലാതെ പന്തിയിൽ കൂടി നടന്നുകൂടാ എന്നാണ് വ്യവസ്ഥ. ആ വ്യവസ്ഥയെ ഭഞ്ജിച്ചാണ് ഇൻസ്പെക്ടർ പന്തിയിൽ കൂടി നടന്നത്. അങ്ങിനെ നടക്കാൻ പാടില്ലെന്ന് തട്ടയണ്ടാട്ട് നാരായണപ്പണിക്കർ ഇൻസ്പെക്ടരോട് നേരെ പറഞ്ഞു. അതിന്, നടന്നാലോ? എന്ന് ഇൻസ്പെക്ടർ ചോദിച്ചു. "നടന്നാലതിൻെറ ഫലം കിട്ടും" എന്ന് പണിക്കർ മറുപടിയും പറഞ്ഞു. ഇങ്ങനെയുണ്ടായ പ്രതീകാര ബുദ്ധിയോടുകൂടി നാരായണപ്പണിക്കർ പ്രസ്തുത ലഹള സ്വരൂപിപ്പിച്ച് നടത്തിയതാണെന്ന് ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. അദ്ദേഹമിതിനൊക്കെ മതിയായ ആളായിരുന്നു എന്നതിന്ന് സംശയമില്ല. ഞാനദ്ദേഹത്തെ കണ്ടിട്ടുണ്ട്. ദൃഢവും വിശാലവുമായ വക്ഷസ്ഥലവും, ഇന്ദ്രലുപ്തത്തിൻെറ ആക്രമംകൊണ്ട് രോമശൂന്യവും ക്ഷുരകലോകത്തിൻെറ നിരശതാഖനിയും ആയ മൂർദ്ധപ്രദേശവും മുസലസദൃശങ്ങളായ ബാഹുദണ്ഡങ്ങളും മാംസളങ്ങളായ ജംഘകളും ബലിഷ്ഠമായ ശരീരവും കൊണ്ട് ആരുടെ ശ്രദ്ധയേയും ആകർഷിക്കത്തക്കവിധത്തിലുള്ള ഒരു "കുററിയാനാ"യിരുന്നു അദ്ദേഹം. പിന്നീടൊരുകാലത്തെ അടിപിടിയിലുൾപ്പെട്ട് ഉഴകൊണ്ടു കിട്ടിയ അടി ഏററ് തലയുടെ ഒരു ഭാഗം പൊട്ടിപ്പോയതു് താങ്ങിപ്പിടിച്ചുകൊണ്ട് മജിസ്ട്രേട്ടിൻെറ മുൻപാകെ അദ്ദേഹം മൊഴികൊടുക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. മത്സരക്കളികളിൽ ചുണ്ടൻ വള്ളത്തിൻെറ അണിയത്തു നിന്ന് അമരം പിടിക്കുന്നതും തോററുപോകുമെന്നു കണ്ടാൽ താൻ കയറിയിരിക്കുന്ന വള്ളം മററുവള്ളങ്ങളിൽ ഉടക്കി വഴക്കുണ്ടാക്കുന്നതും അദ്ദേഹത്തിന്ന് ഒഴിച്ചു കൂടാൻ വയ്യാത്ത മഹാവിദ്യകളായിരുന്നു. ഏതു സമയത്തും അദ്ദേഹത്തിന് അകംപടിക്കാരേപ്പോലെ കുറെ ആളുകൾ കൂടെയുണ്ടായിരിക്കും. "കത്തും അകത്തും അന്യഥാ കത്തും ശകതഃ" എന്ന ലക്ഷണം നാരായണപ്പണിക്കർക്ക് ഏറെക്കുറെ യോജിച്ചിരുന്നു. അങ്ങനെയുള്ള ഒരാൾ വിചാരിച്ചാൽ മുൻ പറഞ്ഞ തരത്തിലുള്ള ഒരു ലഹള അസാദ്ധ്യമാവുകയില്ല.

ഇങ്ങനെ ലഹളക്കാർക്കുണ്ടായതായ വിജയം വളരെ നാളത്തേയ്ക്കു് നിലനിന്നിരുന്നില്ല. കമ്പിമാർഗ്ഗേണ വർത്തമാനങ്ങൾ തിരുവനന്തപുരത്തും കൊല്ലത്തും അധികാരസ്ഥന്മാരറിയുകയും ഉരുതുരെ വള്ളം വഴിയും കരവഴിയും അനവധി പോലീസുകാർ അമ്പലപ്പുഴെ വന്നു ചാടുകയും ചെയ്തു. അറസ്റ്റിൽ നിന്ന് രക്ഷപ്പെട്ട ആളുകൾ വളരെ ചുരുക്കമായിരുന്നു.

നാരായണപ്പണിക്കരെ അറസ്ററുചെയ്യാൻ പോയ പോലീസുകാർക്ക് വള്ളപ്പുരയിൽ ഇരുത്തി ഭക്ഷണം കൊടുത്തു. അവർ ഉണ്ട് ഏകദേശം തീരാറായപ്പോൾ പുറത്തുനിന്ന് വള്ളപ്പുരയുടെ വാതൽ ഓടാമ്പലിട്ടു പൂട്ടിയതു നിമിത്തം ആ പോലീസുകാർ തന്നെ അറസ്ററിലകപ്പെട്ടതായികേട്ടിട്ടുണ്ട്. പലരും പോലീസുകാരുടെ പിടിയിൽ അകപ്പെടാതിരിക്കുവാൻ ഒളിക്കേണ്ടതായി വന്നിട്ടുണ്ട്. സപ്പക്കാവുകളിൻ സപ്പഭീതികൂടാതെ പല ദിവസം നിവാസമുറപ്പിച്ചിട്ടുള്ളവരുണ്ട്. മച്ചുംപുറങ്ങളിൽ മലമൂത്രാദിമർദ്ദനം സഹിച്ചുകൊണ്ടു കിടന്നിട്ടുള്ളവരുണ്ട്. പകൽ കിണററിലിറങ്ങിയിരുന്നിട്ടുള്ളവരുമുണ്ട്. എന്തിന്, "ഘോഷയാത്ര"യിലും മററും കുഞ്ചൻനമ്പ്യാർ വർണ്ണിക്കുന്ന തരത്തിലുള്ള പരിഹാസകരങ്ങളായ നിഗ്രഹനവിദ്യകളെപ്പോലെ അത്ര കഠിനങ്ങളല്ലെങ്കിലും വളരെ പ്രാകൃതങ്ങളായ ചാപല്യങ്ങൾകൊണ്ട് അഭയം പ്രാപിക്കുവാൻ ജനങ്ങൾ പ്രേരിതരായിത്തീൎന്നു. ഞങ്ങളുടെ കടമ്മാട്ടു വീട്ടിലും പോലീസുകാർ ചെല്ലാതിരുന്നില്ല. അപ്പോൾ വാല്യക്കാരൻ നാണുച്ചാരും എൻെറ മാതുലന്മാരിൽ കനീയാനായ കുഞ്ചുപിള്ളയും മച്ചുംപ്പുറത്തായിരുന്നു. മച്ചുംപുറത്തേയ്ക്കു കയറുന്നഇട്ടപലകയുടെ സമീപമായി നാണുവിനെ പ്രതിഷ്ഠിച്ചുകൊണ്ട് ബുദ്ധിമാനായ കാരണവൻ നെല്ലുണക്കുന്ന പായുടെ ഉള്ളിൽ നിശ്ചാഞ്ചല്യവ്രതമനുഷ്ഠിച്ചു കൊണ്ടിരുന്നു. പോലീസുകാർ ചെന്ന് ഇട്ടപലകപൊക്കിയപ്പോൾ നാണുവിനെ പിടികൂടുകയും പിന്നെയാരുമില്ലെന്നു കരുതി അവനോടുകൂടി തിരിയെ പോവുകയും ചെയ്തു. രാത്രികുറെ ആയപ്പോൾ കുഞ്ചുപിള്ള പാടങ്ങളും തോടുകളും കടന്ന് ഞങ്ങൾ താമസിച്ചിരുന്ന മുരിങ്ങനാട്ട് പ്രഭാത സമയത്ത് വന്നുചേൎന്നു. ലഹള സംബന്ധിച്ച അറസ്ററുകളും പോലീസ് നടപടികളും എല്ലാം അവസാനിക്കുന്നതുവരെ താമസം ഞങ്ങളുടെ കൂടെത്തന്നെയായിരുന്നു. ഇങ്ങനെയെല്ലാമാണ് "ശിവരാമപിള്ള ലഹള"യുടെ വിവരങ്ങൾ. അപരാധികളും നിരപരാധന്മാരും ഈ ജനസമുദായ ഭൂകമ്പത്തിൽ അകപ്പെട്ടു. നാണുച്ചാരെപ്പിട്ടിച്ചതു കേവലം അസംബന്ധമായിട്ടാണെന്നുള്ളതിന് ഞാൻ തന്നെ സാക്ഷിയാണ്. എന്തുകൊണ്ടെന്നാൽ അയാൾ എന്നെ എടുത്തുകൊണ്ടു നിന്നിരുന്നതല്ലാതെ ഒരു കല്ലുപോലും എറിഞ്ഞിട്ടില്ല. പക്ഷെ എന്നെ ആരും സാക്ഷിയാക്കിയില്ല, ഞാൻ സാക്ഷി എഴുതിയുമില്ല.

പറവൂർ നിന്ന് ഞങ്ങൾ അമ്പലപ്പുഴയ്ക്കു വന്ന് കിഴക്കെ മാളികയ്ക്കൽ കുറച്ചു നാൾ താമസിച്ചതായി പറഞ്ഞുവല്ലോ. അചിരേണ അവിടെ താമസിച്ചിരിക്കേ അച്ഛൻ ഞങ്ങൾക്കു വാങ്ങിച്ചുതന്ന പടിഞ്ഞാറെ ആലപ്പാട്ടുപുരയിടത്തിൽ ഒരുപുരവെച്ച് സ്ഥിരതാമസം അങ്ങോട്ടുമാററി. അതാണ് ഇപ്പോൾ എൻെറ കുടുംബഭവനം. അവിടെ താമസം തുടങ്ങിയതു നിമിത്തമാണ് ഞാൻ പി. കെ. നാരായണപിള്ളയായതു്. അതിനുമുൻപ് ഞാൻ കെ. നാരായണപിള്ളയായിരുന്നു. ക്ലാസിൽ മുമ്പുതന്നെ വേറൊരു കെ. നാരായണപിള്ള ഉണ്ടായിരുന്നതുനിമിത്തം എന്നെ വേർതിരിച്ചറിയുന്നതിലേക്ക് പടിഞ്ഞാറെ ആലപ്പാട്ടെന്നുള്ള ഗൃ

ഹനാമധേയത്തിലെ ആദ്യക്ഷരം കൂടി ഘടിപ്പിച്ച് പി. കെ. നാരായണപിള്ള ആക്കുകയാണു ചെയ്തതു്. എന്റെ അനുജൻ ഇപ്പോഴും കെ. വാസുദേവൻ പിള്ളയാണ്. അമ്പലപ്പുഴ ഇംഗ്ലീഷ്പള്ളിക്കൂടത്തിൽ ചാമിപ്പിള്ളയാശാന്റെ ആയുധങ്ങൾ കേവലം ദുർല്ലഭങ്ങളായിരുന്നില്ല. വിശിഷ്യ ചൂരൽ വടിയുടെ പ്രയോഗം നോട്ടീസ് കൊടുക്കാതെയും അയുക്തിപൂർവ്വമായും നടന്നിട്ടുള്ളതിനു് പല ദൃഷ്ടാന്തങ്ങളുണ്ടു്. ഒന്നുരണ്ടെണ്ണം ഇവിടെ പ്രസ്താവിക്കാം. ഗോവിന്ദപ്പിള്ള എന്ന ഒരു വിദ്ധ്യാർത്ഥി ശരിയായി പഠിക്കാതിരുന്നതുകൊണ്ടു് കൈനീട്ടുവാൻ പറഞ്ഞു് കൈയ്യുടെ വെള്ളയിൽ കൊളുത്തുവയ്യൻ സാർ പ്രവഹരിക്കുവാൻതുടങ്ങി. നീട്ടിയ കൈ മുന്നോട്ടും പിന്നോട്ടും ഭയചഞ്ചലനായ വിദ്യാർത്ഥി തെരുതെരെ നീട്ടുകയും പിൻവലിക്കുകയും ചെയ്തതിനിടയിൽ ലക്ഷ്യം തെററി പ്രഹർത്താവിന്റെ കാലിൽതന്നെ ഊക്കോടെ ഒരടി ഏൽക്കുവാൻ ഇടയായി. കണ്ടുകൊണ്ടിരുന്നഞാൻ പൊട്ടിച്ചിരിച്ചുപോയി. അതു കണ്ടു് "പഴുത്ത പ്ലാവില വീഴുമ്പോൾ പച്ചപ്ലാവില ചിരിക്കും, അല്ലെ?" എന്നു് പറഞ്ഞു് എന്നെയുമൊരടി ഏല്പിച്ചു. ഇവിടെ ഞാനൊരപരാധവും ചെയ്തിട്ടില്ലെന്നു് വ്യക്തമാണല്ലോ. അതിന്റെ മുകൾ ക്ലാസിൽ പഠിപ്പിച്ചുകൊണ്ടിരുന്ന ചിദംബരയ്യർ എന്ന വാദ്ധ്യാർ ഒരു തടിയനും എന്നാൽ വാമനാകൃതിയുമായിരുന്നു. അമ്പലപ്പുഴ കുളപ്പുരയിൽ ചാക്യാർ പാഠകം പറഞ്ഞുകൊണ്ടു നിന്നിരുന്നപ്പോൾ ഇദ്ദേഹം കടന്നുവന്നു. കഥയോടു് ഘടിപ്പിച്ച് ചിദംബരയ്യരെ ഒരു ഭൂതത്താനായി ചാക്യാർ ഉപഹസിച്ചു. അതുകേട്ടു് അല്പം ചിരിച്ചുപോയ ഞാൻ മുതലായശിഷ്യന്മാരെ അദ്ദേഹം പിറേറദിവസം സ്കൂളിൽവച്ചു് പ്രഹരിച്ചു. ഇതു് ന്യായമാണോ എന്നു് വായനക്കാർ തന്നെ തീരുമാനിക്കേണ്ടതാണ്. ഹെഡ്മാസ്റ്റർ സുബ്ബയ്യരവർകളും ഇത്തരം ശിക്ഷാവിഷയത്തിൽ ചില ചാപല്യങ്ങൾ കാണിച്ചിട്ടുണ്ടു്. കള്ളർക്കോട്ടുത്സവത്തിനു് പോയപ്പോൾ ഞങ്ങളുടെ കൂട്ടത്തിലുൾപ്പെട്ട ശങ്കരപ്പിള്ളയെ വിശ്വനാഥയ്യനെന്ന അവിടത്തുകാരൻ ഒരു കുട്ടി അടിച്ചു. അമ്പലപ്പുഴ ഉത്സവത്തിനു് വിശ്വനാഥയ്യൻ വന്നപ്പോൾ പ്രതിക്രിയയായി എന്റെ നേതൃത്വത്തിൽ ഞങ്ങളുടെ കൂട്ടുകാർകൂടി സാമാന്യം വൃത്തിയായി വിശ്വനാഥയ്യനെ മർദ്ദിച്ചു. ഈ വിവരം വിശ്വനാഥയ്യന്റെ അച്ഛൻ ഹെഡ്മാസ്റ്റർ സ്വാമിയെ അറിയിക്കുകയും എനിക്കു് ദക്ഷിണ തരുവിക്കുകയും ചെയ്തു. ഇതെല്ലാം സ്കൂളിനു് വെളിയിൽ നടന്ന സംഭവങ്ങളാണ്. ശങ്കരപ്പിള്ളയ്ക്കു കിട്ടിയ മർദ്ദനത്തിനെപ്പററി ചോദ്യം ചെയ്യാനശക്തനായ ഹെഡ്മാസ്റ്റർ അയാളുടെ മാനം സ്ഥാപിക്കുവാൻ പ്രതിക്രിയയായി ഞങ്ങൾ ചെയ്ത പ്രവൃത്തിയെ മാത്രം വിചാരണയ്ക്കായി എടുത്തതു് ഒരുമാതിരി ഏകപക്ഷനടപടിയായി പരിഹാസമർഹിക്കുന്നു. എന്നാൽ അദ്ദേഹം അന്യഥാ ബഹുയോഗ്യനായിരുന്നുവെന്നു് കൃതജ്ഞതാസമേതം ഭക്തിപുരസ്സരം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മെട്രിക്കുലേഷൻ പരീക്ഷമാത്രം ജയിച്ചിട്ടുണ്ടായിരുന്ന ആ ഉപാദ്ധ്യായൻ ഇംഗ്ലീഷ്, കണക്കു് മുതലായ വിഷയങ്ങളിൽ അസാമാന്യമായ പാണ്ഡിത്യം സമ്പാദി

ച്ചിരുന്നു. ഇംഗ്ലീഷിൽ കവിത എഴുതുന്നതിനുപോലും അദ്ദേഹം ശക്തനായിരുന്നു. ഡാക്ടർഹാർവി സ്കാട്ട്ലൻഡിലായിരുന്നപ്പോഴും സുബ്ബയ്യരുടെ പേക്കു് എഴുത്തുകൾ അയച്ചിരുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. സ്വഗുരുവിനു് അദ്ദേഹം അത്രമാത്രം പ്രിയനായിരുന്നു.

പ്രസ്തുതസ്കൂളിൽ ക്രമമായി വിദ്യാർത്ഥികൾക്കു് യാതൊരു വ്യായാമവും ഉണ്ടായിരുന്നില്ല. അദ്ധ്യാപകന്മാർ അക്കാര്യത്തിൽ അശ്രദ്ധാനന്മാരുമായിരുന്നു. ചില വിദ്യാർത്ഥികൾ പന്തുകളിയിലും വള്ളംകളിയിലും ഏർപ്പെട്ടിരുന്നുവെങ്കിലും അതൊരു അസമ്മതമായ വ്യാപാരമാണെന്നു് ധരിച്ചുകൊണ്ടായിരുന്നു. ഓണം മുതലായ വിശേഷങ്ങൾ വരുമ്പോൾ പള്ളിക്കൂടത്തിന്റെ മുൻഭാഗത്തുള്ള തെരുവിൽ കാൽപന്തുകളി പൊതുജനങ്ങൾ നടത്തിവന്നിരുന്നു. അങ്ങനെയുള്ള കളികൾ കാണുന്നതു് ഞങ്ങൾക്കു് വിനോദപ്രദവും ഉത്സാഹകരവുമായിരുന്നു. അതിൽ രണ്ടു മൂന്നു പേരുടെ കാര്യം ഞാൻ പ്രത്യേകം ഓർക്കുന്നു. കൊച്ചൗസേപ്പെന്ന ഒരു ക്രിസ്ത്യാനി വളരെ ബലിഷ്ഠനും പന്തടിച്ചു് മുമ്പോട്ടുകയററുന്നതിൽ ദുർന്നിവാരനുമായിരുന്നു. അയാളെ തടഞ്ഞുനിറുത്തുന്നതിനു് അപ്പുപിള്ള എന്നു് ഒരു വയോധികനല്ലാതെ സാധിച്ചിരുന്നില്ല. അപ്പുപിള്ളയുടെ കാലെത്തുന്നദിക്കിൽക്കൂടി പന്തു് കടത്തിക്കൊണ്ടുപോകാൻ കരുത്തനായ കൊച്ചൗസേപ്പിനു് പോലും ഒരിക്കലും സാധിച്ചിട്ടില്ല. ശരീരാഭ്യാസവും കാലിന്റെ വഴക്കവും അതു് കൊളുത്തുപോലെ പ്രയോഗിക്കുവാനുള്ള സാമർത്ഥ്യവും അപ്പുപിള്ളയ്ക്കു് അത്രമാത്രമുണ്ടായിരുന്നു. തോട്ടിയിട്ടു പിടിക്കുന്നതുപോലെ എതിരാളികളുടെ മേൽ അപ്പുപിള്ള കാൽപ്രയോഗിച്ചു് മറിച്ചിടുന്നതു കാണുമ്പോൾ കാണികൾ ആകമാനം ചിരിച്ചു് ക്രുക്കുവിളിക്കുക പതിവായിരുന്നു. പിന്നെയൊരു കളിക്കാരൻ പറയാററുമൂപ്പീന്നെന്ന ഒരു മദ്ധ്യവയസ്കനായിരുന്നു. ശരീരശക്തിയോ അഭ്യാസബലമോ വളരെ മെച്ചമെന്നു് പറയുവാൻ ഉണ്ടായിരുന്നില്ലെങ്കിലും കൌശലംകൊണ്ടു് പന്തു തട്ടിക്കൊണ്ടുപോകുവാൻ അയാൾക്കു് ഒരു പ്രത്യേകസാമർത്ഥ്യമുണ്ടായിരുന്നു. അപ്പുപിള്ള അതായതു് വാഴവേലിക്കകത്തു് അപ്പുപിള്ള കളിക്കു് വരുന്നതിൽ പ്രായേണ ഉദാസീനനായിരുന്നതുകൊണ്ടു് ഞങ്ങൾ പോയി അദ്ദേഹത്തെ ഇളക്കി മുറുക്കാൻ വാങ്ങിക്കൊടുത്തു് നിർബ്ബന്ധിച്ചു് പിടിച്ചുകൊണ്ടുവന്നു് കളിനടത്തിയിട്ടുണ്ടു്. അദ്ദേഹം കൂടിയുണ്ടെങ്കിൽ കളിയ്ക്കു് വളരെക്കൊഴുപ്പു് ഉണ്ടാകുക പതിവാണു്.

ഇടവം മിഥുനം മാസങ്ങളിൽ വെള്ളം പൊങ്ങിക്കിടക്കുമ്പോഴാണു് വള്ളംകളിക്കു് ഉത്സാഹമുണ്ടാകാറുള്ളതു്. ചമ്പക്കുളത്തു് "മൂലക്കാഴ്ച"യ്ക്കു് നിവൃത്തിയുള്ളപ്പോഴൊക്കെയും ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നു. കുട്ടികൾതന്നെ തുഴയും നൻപും എടുത്തു് മൂന്നു നാലു് മൈൽ ദൂരമുള്ള ചമ്പക്കുളം വരെ പോകുമായിരുന്നു. പോകുംവഴിയ്ക്കു് പൂകൈതയാറു് അഥവാ പമ്പാനദി കടക്കേണ്ടതായിട്ടുണ്ടു്. അതു് കടക്കുന്നതിനു് വലിയതിരകളോ കാററും പിശറുമോ ഉണ്ടെങ്കിൽ പ്രായപൂർത്തിയുള്ള ആരെയെങ്കിലും അമരം പിടിക്കുവാൻ ഞങ്ങൾ കരുതിക്കൊള്ളും. അങ്ങനെയൊരിക്കൽ ചമ്പക്കുളത്തുനിന്നു് കളികഴിഞ്ഞു് തിരിച്ചുവരുമ്പോൾ അമരത്തു് മുൻപറഞ്ഞ അമ്മാവൻ കുഞ്ചുപിള്ളക്കു

ടി ഉണ്ടായിരുന്നു. പൂക്കൈതയാററിൽ കടലിലെത്തിരപോലെ വലിയ ഓളങ്ങൾ ഉണ്ടായിരുന്നു. വള്ളം ഇക്കരെയ്ക്കു് എന്തായാലും വെയ്ക്കുമെന്നുള്ള ധാഷ്ട്യത്തോടുകൂടി അമരത്തു നിന്നിരുന്ന അമ്മാവൻ വിട്ടു. ആററിൻെറ മദ്ധ്യത്തുവന്നപ്പോൾ മുങ്ങിച്ചാകുകയേ ഉള്ളൂ എന്നു് തോന്നുമാറു് അത്ര കലശ്ശലായി ഓളങ്ങളുടെ മേളമുണ്ടായി. അമരക്കാരനായ അമ്മാവനും അസാമാന്യമായി സംഭ്രമിച്ചു. പക്ഷെ കാററു് അനുകൂലമായിരുന്നതു കൊണ്ടു് വള്ളം ഒരു വിധം ഇക്കരെ വന്നുചേർന്നു. അതുവരെ ഭയംകൊണ്ടു് നിശ്ശബ്ദനായിരുന്ന അമ്മാവൻ "ഹും! ഹും! കടമ്മാട്ടു കുഞ്ചുവാണു് അമരത്തു് നിന്നിരുന്നതെന്നു് ആറു് അറിഞ്ഞില്ലായിരിക്കും" എന്ന വീരവാദംകൊണ്ടു് കാററിൻെറ സാഹായ്യം സ്വകീയസാമത്ഥ്യമായി വിളംബരപ്പെടുത്തി. ചിലപ്പോൾ വള്ളം മുങ്ങുകയും ഞങ്ങൾ തന്നെ വെള്ളം കളഞ്ഞു് വള്ളത്തിൽ കയറി വീണ്ടും കളിക്കുകയും ചെയ്തിട്ടുണ്ടു്.

അമ്പലപ്പുഴെ കൂടെക്കൂടെ ഉണ്ടാകാറുള്ള ഒരു വിനോദം കഥകളിയാണു്. മാത്തൂർ കുഞ്ഞുപിള്ള, തിരുവല്ലാകുഞ്ഞുപിള്ള, കുഞ്ഞിക്കൃഷ്ണക്കുറുപ്പു്, കരിപ്പുഴവേലു, കൊച്ചപ്പിരാമന്മാർ മുതലായ പ്രസിദ്ധ നടന്മാരെല്ലാം പലതവണ അമ്പലപ്പുഴ നാടകശാലയിലും, ഊട്ടുപുരയിലും ആടിയിട്ടുള്ളവരാണു്. അമ്പലപ്പുഴ ഊട്ടുപുരയിലെ തൂണുകൾക്കുപോലും കഥകളിയിലെ കൈ അറിയാമെന്നു് ആളുകൾ പറയുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. പിന്നെയും പല കഥകൾ ഉണ്ടു്. ഒന്നുമാത്രം ഇവിടെ പ്പറയാം.

നാടകശാലയിലെ കഥകളികാണുവാൻ ആലപ്പുഴെനിന്നു് കുറെ കന്നാന്മാർ പുറപ്പെട്ടു. അവർ അവിടെ എത്തിയപ്പോൾ കഥകളി ആരംഭിച്ചു് കുറെ കഴിഞ്ഞിരുന്നു. ഒരു രാക്ഷസവേഷധാരിയുടെ പുറപ്പാടു സമയത്താണു് ഇവർ ചെന്നു ചേന്നതു്. വേഷക്കാരൻ തിരശ്ശീല പൊക്കി നോക്കിക്കൊണ്ടു് ഒരു അലച്ചു് അലറിയതു കേട്ടു് സാധുക്കളായ കന്നാന്മാർ ഭയന്നു് തിരിഞ്ഞു നോക്കാതെ ഏകദേശം ഒന്നര മൈൽദൂരം ഓടിപ്പോയി എന്നാണു് പ്രസ്തുതകഥ. "ചെന്താപ്പുലെ ഒരു വേഷം വന്നുട്ടാൻ; ശീലകിളത്തിപ്പാത്താൻ; ഒരലറ് അലറിനാൻ, നാങ്കൾ അങ്കെയിരുന്തു് നെടുങ്കമ്പി, പുതുക്കുളങ്ങരെ നടയിൽ വന്തു തിരുമ്പിപാത്തോം" ഇത്യാദി അവർ സ്മരണീയമായ ഈ സംഭവത്തെ സ്വഭാഷയിൽ വർണ്ണിച്ചിട്ടുള്ള കഥ നാട്ടുകാർ ആവത്തിക്കുന്നതു് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടു്. അത്രതന്മയമായിട്ടാണു് കഥകളി അവിടെ നടന്നുകൊണ്ടിരുന്നതു്.

ചാക്യാർക്കൂത്തു്, പാഠകം മുതലായതും, അപൂർവ്വമായി മോഹിനിയാട്ടവും കംസനാടകവും മററും അമ്പലപ്പുഴെ നടത്താറുണ്ടായിരുന്നു.

[തുടരും]

# *പ്രതാപരുദ്രീയവും അലങ്കാരശാസ്ത്രവും.

റാവു സാഹിബ് ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ.

പ്രതാപരുദ്രീയമെന്നും പ്രതാപരുദ്രയശോഭൂഷണമെന്നുമുള്ള പേരുകളിൽ നാം അറിയുന്ന അലങ്കാരശാസ്ത്രഗ്രന്ഥം പ്രതാപരുദ്രമഹാരാജാവിന്റെ അപദാനങ്ങളെ പ്രകീൎത്തനം ചെയ്യു വിദ്യാനാഥമഹാകവി രചിച്ചിട്ടുള്ള ഒരു വിശിഷ്ടനിബന്ധമാകുന്നു.

രുദ്രാംബയുടെ പൌത്രനും മഹാദേവന്റേയും മുമ്മഡാംബയുടേയും പുത്രനുമായ പ്രതാപരുദ്രമഹാരാജാവു് വാറങ്കൽ (Warangal) എന്നു് ഇക്കാലത്തു പറയപ്പെടുന്നതും നൈസാം മഹാരാജാവിന്റെ ഹൈദരാബാദ് മഹാരാജ്യത്തിൽ അന്തൎഭവിച്ചതുമായ ഓരങ്കൽ (ഒരുകൽ) അഥവാ ഏകശില എന്ന നഗരത്തെ രാജധാനിയാക്കി ത്രിലിങ്ഗം (തെലുങ്കു) രാജ്യം ഭരിച്ചിരുന്ന കാകതീയരാജവംശത്തിലെ ഏഴാമത്തെ വാഴ്ചക്കാരനായിരുന്നു. അദ്ദേഹത്തിനു വീരരുദ്രനെന്നും നാമാന്തരമുണ്ടു്. ആദിത്യനെപ്പോലെ പ്രതാപശാലിയും വിഷ്ണുവിനെപ്പോലെ വീരനുമാകയാലാണു് ആ മഹാരാജാവിനു് ഈ നാമധേയങ്ങൾ സിദ്ധിച്ചതെന്നു വിദ്യാനാഥൻ നാടകപ്രകരണത്തിൽ പ്രസ്താവിക്കുന്നു. ഏകശിലേശ്വരന്മാരുടെ കുലദേവതയായിരുന്നു ദുൎഗ്ഗാശക്തിസ്വരൂപയായ കാകതീദേവി. കാകതീദേവിയെ ഭജിക്കുകനിമിത്തം അവരെ കാകതീയന്മാരെന്നു ജനങ്ങൾ വിളിച്ചുവന്നു. ശ്രീശൈലം, കാളഹസ്തി, ദ്രാക്ഷാരാമം എന്നിങ്ങനെ മൂന്നു സുപ്രസിദ്ധങ്ങളായ ശിവക്ഷേത്രങ്ങളുള്ളതിനാൽ അവരുടെ രാജ്യത്തിനു ത്രിലിങ്ഗം എന്നുപേരുണ്ടായി. കാഞ്ചീപുരം മുതലായ സ്ഥലങ്ങൾ തന്റെ ദേശത്തോടു ചേൎത്ത ഗണപതിമഹാരാജാവു് കാകതീയരാജാക്കന്മാരിൽ പ്രഥമഗണനീയനായിരുന്നു. അദ്ദേഹം ക്രി. പി. ൧൨൬൧-ൽ പുത്രസന്താനമില്ലാതെ മരിക്കയാൽ മൂത്തപുത്രിയായ രുദ്രാംബ കിരീടാവകാശിനിയായിത്തീൎന്നു് രാജ്യഭാരം ആരംഭിച്ചു. ൧൨൬൭-ൽ ആണു് പ്രതാപരുദ്രന്റെ ജനനം. ൧൨൯൧-ൽ താൻ പരമപദം പ്രാപിക്കുന്നതുവരെ രുദ്രാംബ തന്നെ രാജ്യഭാരം തുടൎന്നു. ൧൨൮൯-ൽ ത്രിലിങ്ഗരാജ്യത്തിന്റെ തുറമുഖമായ മോട്ടുപ്പള്ളി സന്ദൎശിച്ച മാൎക്കോപോളൊ എന്ന വെനിഷ്യൻ ദേശസഞ്ചാരി ആ മഹിളാരത്നത്തിന്റെ നീതിതൽപരതയേയും പ്രജാക്ഷേമനിരതതയേയും പററി മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്നു. പ്രസ്തുതമഹാരാജ്ഞിയെപ്പററി കൂടുതൽ വിവരങ്ങൾ ഗ്രഹിക്കണമെന്നാഗ്രഹമുള്ളവൎക്കു് എന്റെ 'വിജ്ഞാനദീപിക' രണ്ടാം ഭാഗത്തിൽ അടങ്ങീട്ടുള്ള തദ്വിഷയകമായ ഉപന്യാസം വായിക്കാവുന്നതാകുന്നു.

പ്രതാപരുദ്രൻ ക്രി. പി. ൧൨൯൧-ൽ രാജ്യഭാരം കൈയേററു. ഏററവും വിജയപൂൎണ്ണമായ പ്രജാഭരണവൃത്തിയായിരുന്നു

* ആർട്ട്സ് കാളേജ് സംസ്കൃതസമാജത്തിന്റെ ആഭിമുഖ്യത്തിൽ ചെയ്ത പ്രസംഗം.

അദ്ദേഹത്തിന്ന് അനുഷ്ഠിക്കുവാൻ ഭാഗ്യമുണ്ടായതു്. ൧൨൯൮-ൽ മന്മസിദ്ധൻ (അഥവാ മന്മസിദ്ധി) എന്ന ത്രിലിങ്ഗ ചോളപ്രഭുവിനെ അദ്ദേഹം കാഞ്ചീപുരത്തിലെ അന്തപാലനായി വാഴിച്ചു. രങ്ഗനാഥരാജഗണ്ഡഗോപാലൻ എന്നും മാനവീരനെന്നും രണ്ടു ബിരുദങ്ങൾ ആ പ്രഭുവിനുണ്ടായിരുന്നു. ൧൩൦൭-ൽ മാലിക് ഫ്ക്രുദീൻ എന്നൊരു മഹമ്മദീയസേനാനി അന്നത്തെ ഡെൽഹി രാജ്യാധിപതിയായിരുന്ന അലാവുദിൻ കില്ജിയുടെ നിദേശമനുസരിച്ചു് ഏകശിലാനഗരത്തെ ആക്രമിച്ചുഎങ്കിലും ആ ആക്രമണം ഫലോന്മുഖമായില്ല. ൧൩൦൯-ൽ ദക്ഷിണാപഥത്തിന്റെ ധൂമകേതു എന്നു കുപ്രസിദ്ധി സമ്പാദിച്ച സാക്ഷാൽ മാലിക് കാഫ്ർ എന്ന പ്രധാനസേനാപതി തന്നെ ഒരു വലിയസൈന്യവുമായി വീണ്ടും ഏകശിലയിൽ എത്തി. ഗത്യന്തരമില്ലാതെ പ്രതാപരുദ്രൻ ൧൩൧൦ മാച്ചുമാസത്തിൽ ആ ഘാതകനോടു് തനിക്കു് അഭിമാനനകരമല്ലാത്ത ഒരു സന്ധിചെയ്യുകയും വളരെധനം ശത്രുക്കൾക്കു് ഉപഹാരരൂപേണ സമപ്പിക്കുകയുംചെയ്തു. കാഫ്ർ തന്റെ ഭുജശക്തി ആ ദിഗ്‌വിജയയാത്രയിൽ രമേശ്വരംവരെ വ്യാപിപ്പിച്ചു.

ഈ രാഷ്ട്രവിപ്ളവം ഒരു തരമായിക്കരുതി അക്കാലത്തു കൊല്ലത്തു രാജ്യഭാരം ചെയ്തിരുന്ന നമ്മുടെ സംഗ്രാമധീരബിരുദനായ വീരരവിവമ്മമഹാരാജാവ് പാണ്ഡ്യചോളന്മാരെ ജയിച്ചു മന്മസിദ്ധനെ കാഞ്ചീപുരത്തുനിന്നു് ഓടിച്ചു് അവിടെ ൧൩൧൩-ൽ പാലാററിന്റെ ഒരു പോഷകനദിയായ വേഗവതിയുടെ തീരത്തിൽ വച്ചു ദക്ഷിണാപഥചക്രവത്തിയായി കിരീടധാരണം ചെയ്തു. തിരുവിതാംകൂറിനു വെളിയിൽ ആ മഹാനുഭാവന്റെ ശിലാശാസനങ്ങൾ കാഞ്ചീപുരത്തിനുപുറമേ തിരുവാടി, ശ്രീരംങ്ഗം, മദിരാശിയിലേ പൂന്തമല (പൂനമല) എന്നീസ്ഥലങ്ങളിൽ കാണുന്നുണ്ടു്. താൻ പുതുതായി നേടിയ രാജ്യങ്ങൾ അദ്ദേഹത്തിനു വളരെ നാളത്തേക്കു കൈവശം വച്ചുകൊണ്ടിരിക്കുവാൻ കഴിഞ്ഞില്ല. ൧൩൧൬ മാച്ചുമാസത്തിനും ജൂൺമാസത്തിനുമിടയ്ക്കു മന്മസിദ്ധനെ പ്രതാപരുദ്രൻ വീണ്ടും കാഞ്ചീപുരത്തിലെ അന്തപാലനായി അവരോധിച്ചു.

൧൩൧൯-ൽ ഡെൽഹിയിൽനിന്നു പുറപ്പെട്ട മറെറാരു മഹമ്മദീയസൈന്യം ഏകശിലയെ രോധിച്ചു. അതിനുമുൻപ് താൻ ഉടമ്പടിപ്രകാരം കൊടുക്കേണ്ടിയിരുന്ന കപ്പം പ്രതാപരുദ്രൻ മുടക്കുകയാലാണു് വീണ്ടും ഒരാക്രമണത്തിനു മഹമ്മദീയർ സന്നദ്ധരായതു്. ആ സേനയ്ക്കു് സുരക്ഷിതമായ ഏകശിലാദുഗ്ഗം ഭേദിക്കുവാൻ സാധിച്ചില്ല. എന്നാൽ ൧൩൨൧-ൽ ഗിയാസുദീൻടോഗ്ളക്ക് ചക്രവത്തിയുടെ പുത്രനായ ജൂണാഖാൺ (പില്ക്കാലത്തു മുഹമ്മദ് ബിൻ ടോഗ്ളക്ക്) തന്നെ മറെറാരു മഹാസൈന്യത്തെ നയിക്കുകയും ആ സൈന്യം പ്രതാപരുദ്രനെ സകുടുംബം ബന്ധനസ്ഥനാക്കി ഡെൽഹിയിലേക്കു കൊണ്ടുപോകുകയും ചെയ്തു. അദ്ദേഹത്തിന്റെ അനന്തരചരിത്രം ഇന്നും അജ്ഞാതമായിരിക്കുന്നു. ൧൩൨൩-ൽ പ്രതാപരുദ്രന്റെ പുത്രനായ കൃഷ്ണനെ മഹമ്മദീയർ ഏകശിലയിലെ സാമന്തരാജാവായിവാഴിച്ചു. ൧൩൩൬ മാണ്ടോടുകൂടി വിജയനഗരസംസ്ഥാനം സ്ഥാപിതമാകുകയുംചെയ്തു.

പ്രതാപരുദ്രന്റെ സമകാലികനായി ദ്വിതീയനരസിംഹൻ എന്നൊരു രാജാവ് ഉദ്ദേശം ക്രി. പി. ൧൨൭൮-മുതൽ ൧൩൦൬-വരെ കലിങ്ഗരാജ്യം ഭരിച്ചിരുന്നു. അദ്ദേഹത്തിന്റെ ആസ്ഥാനപണ്ഡിതനായിരുന്നു ഏകാവലി എന്ന അലങ്കാരഗ്രന്ഥത്തിന്റെ പ്രണേതാവായ മഹാമഹേശ്വരവിദ്യാധരമഹാകവി. വിദ്യാധരൻ എന്നതു് ഒരു ബിരുദനാമമാണു്. ഗ്രന്ഥകാരന്റെ യഥാൎത്ഥമായ പേരെന്തെന്നു് അറിയുന്നില്ല, ഭാമഹൻ, ദണ്ഡിമുതലായി പുരാതനകാലം മുതല്ക്കു് പല അലങ്കാരഗ്രന്ഥനിൎമ്മാതാക്കന്മാരും ഭാരതഭൂമിയിൽ ജീവിച്ചിരുന്നു എങ്കിലും അവരിൽ ആരും ലക്ഷ്യഗ്രന്ഥങ്ങളിൽനിന്നു സന്ദൎഭോചിതമായി പദ്യങ്ങൾ ഉദ്ധരിക്കയല്ലാതെ ആദ്യന്തം തങ്ങൾ തന്നെ ഒരൊററ നായകനെ വിഷയീകരിച്ചു ശ്ലോകങ്ങൾ ഉണ്ടാക്കിച്ചേൎക്കുവാൻ ഉദ്യമിച്ചിരുന്നില്ല. ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു വിദ്യാധരനെന്നുവേണം പറവാൻ. വിദ്യാധരന്റെ മാതൃക വിദ്യാനാഥൻ സ്വീകരിച്ചു. അവരെ അനുകരിച്ചു വീരരവിവൎമ്മാവിന്റെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്ന സമുദ്രബന്ധനും രാജാനകരുയ്യകന്റെ കാവ്യാലങ്കാരത്തിനു മംഖുകമഹാകവി രചിച്ച അലങ്കാരസൎവ്വസ്വം എന്ന ഗഹനമായ ടീകയ്ക്കു വ്യാഖ്യാനമെഴുതുമ്പോൾ തന്റെ പുരസ്കൎത്താവിനെ പ്രശംസിച്ചു് വളരെ ശ്ലോകങ്ങൾ ഉദാഹരണരൂപേണ നിൎമ്മിച്ചു. അങ്ങനെ ൧൨൯൦-നും, ൧൩൨൦-നും ഇടയ്ക്കു രാജപ്രശസ്തിപരങ്ങളായ മൂന്നു് അലങ്കാരഗ്രന്ഥങ്ങൾ ആവിൎഭവിക്കുകയുണ്ടായി.

“വിദ്യാനാഥൻ’ എന്നതും വിദ്യാധരനെപ്പോലെ ഒരു ബിരുദപ്പേരാണു്. കവിയുടെ സൂക്ഷ്മമായ നാമധേയം എന്തെന്നറിവില്ലെങ്കിലും ചില ഗവേഷകന്മാർ ബാലഭാരതമഹാകാവ്യത്തിന്റെ പ്രണേതാവായ അഗസ്ത്യഭട്ടനാണു് വിദ്യാനാഥൻ എന്നു് അനുമാനിക്കുന്നു. ഗുണീഭൂതവ്യങ്ഗ്യകോടിയിൽ പെടുന്ന അഗൂഢവ്യങ്ഗ്യകാവ്യത്തിനു് ഉദാഹരണമായി വിദ്യാനാഥൻ രചിച്ചിട്ടുള്ള

> “ഔന്നത്യം യദി വൎണ്ണ്യതേ ശിഖരിണഃ
>         കുപ്യന്തി നീചൈഃ കൃതാ
> ഗാംഭീൎയ്യം യദി കീൎത്ത്യതേ ജലധയഃ
>         ക്ഷുഭ്യന്തി ഗാധീകൃതാഃ
> തത്ത്വാം വൎണയിതും ബിഭേമി യദിവാ
>         ജാതോസ്മ്യഗസ്ത്യഃ സ്ഥിത-
> സ്ത്വൽപാൎശ്വേ ഗുണരത്നരോഹണഗിരേ,
>         ശ്രീവീരരുദ്രപ്രഭോ.

എന്ന പദ്യമാണു് ഈ അനുമാനത്തിനു് അവൎക്കു് ആധാരമായി നില്ക്കുന്നതു്. താൻ അഗസ്ത്യനാകുന്നു എന്നു കവി പ്രസ്തുതപദ്യത്തിൽ പ്രസ്താവിക്കുന്നുണ്ടു്. പക്ഷേ ‘ഗുണരത്നരോഹണഗിരെ!’ എന്നു രാജാവിനെ സംബോധന ചെയ്തിട്ടാണു് അദ്ദേഹം ആ രൂപകം അൎത്ഥവത്താക്കുന്നതെന്നു നാം ഓൎമ്മിക്കണം. പ്രതാപരുദ്രീയത്തിന്റെ വ്യാഖ്യാതാവായ കുമാരസ്വാമി ഈ സങ്ഗതിയെപ്പററി ഒന്നും പറയുന്നില്ലെന്നുള്ള വസ്തുതയും നാം മറക്കരുതു്. പ്രതാപരുദ്രീയം അഗസ്ത്യന്റെ കൃതിയല്ലെന്നു ഞാൻ വാദിക്കുന്നില്ല. ആ മഹാകവിയുടെ പ്രസന്നമധുരമായ ശൈലിതന്നെയാണു് കാവ്യത്തിലെന്നപോലെ അലങ്കാരത്തിലും കളിയാടുന്നതു്. എങ്കിലും ഇക്കാൎയ്യത്തിൽ കൂടുതൽ തെളിവു കിട്ടിയാൽ കൊള്ളാമെന്നുണ്ടു്. അഗസ്ത്യഭട്ടൻ ബാലഭാരതത്തിനു പുറമെ ശ്രീകൃഷ്ണചരിതം എന്നൊ

രു ഗദ്യകാവ്യവും രചിച്ചുകാണുന്നു. ഈ കാവ്യത്തിൻെറ ഏതാനും ഭാഗം തഞ്ചാവൂർ സരസ്വതീമഹാൽ ഗ്രന്ഥശാലയിൽ ഞാൻ വായിച്ചിട്ടുണ്ട്. ബാലഭാരതത്തിനു വിജയനഗരസമ്രാട്ടായ കൃഷ്ണദേവരായരുടെ സേനാനായകനായ സാലുവതിമ്മയ്യൻ 'മനോഹരാ' എന്നൊരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. അഗസ്ത്യഭട്ടനെപ്പററി ക്രി-പി- പതിന്നാലാം ശതകത്തിൻെറ ഉത്തരാർദ്ധത്തിൽ സ്വസാന്നിധ്യംകൊണ്ടു ദക്ഷിണാപഥത്തെ പരിലസിപ്പിച്ചിരുന്ന ഒരു ഉത്തമകവയിത്രിയും വിജയനഗരരാജകുമാരനായ വീരകമ്പണൻെറ പ്രേയസിയുമായ ഗങ്ഗാദേവി തൻെറ മധുരാവിജയകാവ്യത്തിൽ

"ചതുസ്സപ്തതികാവ്യോക്തി-
വ്യക്തവൈദുഷ്യസമ്പദേ
അഗസ്ത്യായ ജഗത്യസ്മിൻ
സ്പൃഹയേൽ കോ ന കോവിദഃ?"

എന്നുപ്രശംസിച്ചിരിക്കുന്നു. ഈ മഹാകവിയുടെ എഴുപത്തിനാലു നിബന്ധങ്ങളിൽ പ്രതാപരുദ്രീയം കൂടിച്ചേർത്താലും മൂന്നെണ്ണംമാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ. അഗസ്ത്യൻെറ അനന്തരവനായിരുന്ന സൌഗന്ധികാഹരണവ്യായോഗത്തിൻെറ നിർമ്മാതാവായ വിശ്വനാഥകവി. ഈ വിശ്വനാഥനേയും ഗങ്ഗാദേവി പുകഴ്ത്തുന്നുണ്ട്.

ഏകാവലിക്കു 'തരളാ' എന്ന വിസ്തൃതമായ വ്യാഖ്യാനം നിർമ്മിച്ചതു് ടീകാകാരസാർവ്വഭൌമനായ മല്ലിനാഥസൂരിയാകുന്നു. മല്ലിനാഥൻെറ പുത്രനായ കുമാരസ്വാമി പ്രതാപരുദ്രീയത്തിനു രത്നാപണം എന്ന വ്യാഖ്യാനം രചിച്ചിരിക്കുന്നു. ആദ്യത്തെ രണ്ടു പ്രകരണങ്ങൾക്കു് അജ്ഞാതനാമാവായ ഒരു പണ്ഡിതൻെറ രത്നശാണം എന്നൊരു വ്യാഖ്യാനവും കാണ്മാനുണ്ട്. രത്നാപണത്തോടുകൂടി ആ വ്യാഖ്യാനവും പണ്ഡിതകുലോത്തംസമായ ശ്രീമാൻ കെ. പി. ത്രിവേദി ബോംബെ സംസ്കൃതഗ്രന്ഥാവലിയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. രത്നാപണം നിലവിലിരിക്കെ രത്നശാണത്തിൻെറ നിർമ്മിതിക്കുള്ള കാരണമെന്തെന്നു് ആ ഗ്രന്ഥത്തിൻെറ പ്രണേതാവു താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ വെളിപ്പെടുത്തീട്ടുണ്ട്.

"രത്നാപണേ വിസ്തരസാധ്വസേന
മുക്ത്വാ പദം കോമളമന്യദേവ
വ്യാഖ്യായ ശങ്കാപരിഹാരമാർഗ്ഗഃ
പ്രദർശിതഃ പ്രാക്തനപണ്ഡിതേന.
തതോമയാ ബാലവിബോധനായ
പ്രതാപരുദ്രീയസുപദ്യപങ്ക്തഃ
പ്രകാശ്യതേ സർവ്വപദാന്വയോത്ര
നസമ്ഭ്രമോന്യത്ര തതഃപൃഥങ്മേ"

രത്നാപണത്തിൽ ഗ്രന്ഥവിസ്തരഭീരുവായ ആ പ്രാചീനവ്യാഖ്യാതാവു മൂലത്തിലെ കോമളപദങ്ങൾ വ്യാഖ്യാനിച്ചിട്ടില്ലെന്നും താൻ ബാലവ്യുൽപത്തിക്കു വേണ്ടി എല്ലാപദങ്ങളും അന്വയിച്ച് അർത്ഥവിവരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്നുമാണു് അദ്ദേഷം പ്രസ്താവിക്കുന്നതു്. തൻെറ പ്രതിജ്ഞയനുസരിച്ചു തന്നെ കണ്ടുകിട്ടിയ ഭാഗങ്ങളിൽ അദ്ദേഹം പ്രവർത്തിക്കുകയും ചെയ്യുന്നു. മല്ലിനാഥൻ ക്രി. പി. പതിന്നാലാം ശതകത്തിൻെറ അവസാനത്തിലും കുമാരസ്വാമി പതിനഞ്ചാം ശതകത്തിൻെറ പൂർവ്വാർദ്ധത്തിലും ജീവിച്ചിരുന്നു. കുമാരസ്വാമിയെ രത്നശാണകാരൻ പ്രാക്തനപണ്ഡിതൻ എന്നു പറയുന്നതിൽ നിന്നു് അദ്ദേഹത്തിൻെറ കാലം പതിനേഴാം ശതകത്തിനു മുൻപു

ല്ലെന്നു് ഊഹിക്കാവുന്നതാണു്. ക്രി. പി. ൧൩൩൦-ൽ രചിച്ച രസാർണ്ണവസുധാകരത്തിൽ ശിങ്ഗഭൂപൻ ഏകാവലിയെ സ്മരിക്കുന്നു; അനന്തരകാലികനായ കുമാരസ്വാമി രസാർണ്ണവസുധാകരത്തേയും സ്മരിക്കുന്നു.

ഏകാവലിയേയും പ്രതാപരുദ്രയശോഭൂഷണത്തേയും അനുകരിച്ച് അനവധി അലങ്കാരഗ്രന്ഥങ്ങൾ അതേ അച്ചിൽ കരുപ്പിടിച്ച് പിൻകാലങ്ങളിൽ നിമ്മിതങ്ങളായിട്ടുണ്ടു്. നരസിംഹകവിയുടെ നഞ്ജരാജയശോഭൂഷണം, യജ്ഞനാരായണദീക്ഷിതരുടെ അലങ്കാരരത്നാകരം, പുരുഷോത്തമസുധീന്ദ്രന്റെ കവിതാവതാരം, ലക്ഷ്മണകവിയുടെ ശാഹരാജീയം, ഇങ്ങനെയുള്ള കൃതികൾ ഈ ഇനത്തിൽ പെടുന്നു. നരസിംഹൻ മൈസൂരിലെ നഞ്ജരാജാവിന്റെയും യജ്ഞനാരായണദീക്ഷിതർ തഞ്ചാവൂരിലെ രഘുനാഥനായക്കന്റെയും പുരുഷോത്തമസുധീന്ദ്രൻ ഉത്തര ഇൻഡ്യയിലെ ഏതൊ ഒരു ചെറിയ രാജ്യത്തിന്റെ അധിപനായ നാഗവമ്മാവിന്റെയും ലക്ഷ്മണകവി തഞ്ചാവൂരിലെ ശാഹാജിരാജാവിന്റെയും ആസ്ഥാനപണ്ഡിതനായിരുന്നു.

കേരളത്തിൽ അലങ്കാരഗ്രന്ഥകാരന്മാരായി വളരെ കവികൾ ജീവിച്ചിരുന്നിട്ടില്ല. എന്നാൽ വിദേശീയരായ വിദ്വാന്മാർ കേരളീയരായ മഹാരാജാക്കന്മാരെ ആശ്രയിച്ച് അത്തരത്തിൽ ചില കൃതികൾ നിമ്മിച്ചിട്ടുണ്ടു്. അവരിൽ ഒരു പ്രമാണിയാണു് കാവ്യപ്രകാശത്തിനു് ഉത്തേജിനി എന്ന വ്യാഖ്യാനം രചിച്ച വേദാന്താചാര്യർ.

"ഭാരദ്വാജാന്വയാംഭോനിധിജനനജുഷഃ
ശ്രീനിവാസാധ്വരീന്ദോ-
സ്സംജാതസ്സവ്വവിദ്യാജലധികലശജഃ
ശ്രീനൃസിംഹാനുജോയം
ശ്രീതഞ്ജാരാജസിംഹാസനനിലയസുധീ
ചക്രവത്തീ ബുധോസൌ
വേദാന്താചാര്യനാമാ രചയതിവിവൃതിം
വ്യക്തകാവ്യപ്രകാശാം."

ഇത്യാദിപദ്യങ്ങളിൽ നിന്നു് അദ്ദേഹം ഭരദ്വാജഗോത്രജനും ശ്രീനിവാസദീക്ഷിതരുടെ പുത്രനുമായിരുന്നു എന്നും തഞ്ചാവൂർ മഹാരാജാവിന്റെ സദസ്സിനെ ഒരു കാലത്തു് അലങ്കരിച്ചിരുന്നു എന്നും അദ്ദേഹത്തിന്റെ ജന്മഭൂമി കാഞ്ചീപുരമായിരുന്നു എന്നും വെളിപ്പെടുന്നു. ഇരിങ്ങാലക്കുടവച്ചു തീപ്പെട്ട കൊച്ചി രവിവമ്മതമ്പുരാന്റെ വാഴ്ച്ചക്കാലത്തു് അദ്ദേഹം ഇരിങ്ങാലക്കുടയിൽ എത്തി മഹാരാജാവിനെക്കാണുകയും അവിടുത്തെ അനന്തരവനും പണ്ഡിതനുമായിരുന്ന വീരകേരളവമ്മതമ്പുരാന്റെ വയസ്യനായിത്തീരുകയും ചെയ്തു. വീരകേരളവമ്മാവു്

"തൌതാദികനൈയായിക–
വൈയാകരണാദിവാദിസിദ്ധാന്തൈഃ
ദുരധിഗമസ്യ വിധേഹി
വ്യാഖ്യാം കാവ്യപ്രകാശസ്യ"

എന്നു് ആചാര്യരോടു് ആജ്ഞാപിച്ചു. ആ ആജ്ഞ അനുസരിച്ചാണു് അദ്ദേഹം ഉത്തേജിനി രചിച്ചതു്. 'തൌതൻ'ലോചനകാരനായ അഭിനവഗുപ്താചാര്യരുടെ ഗുരുവായ ഭട്ടതൌതനാകുന്നു. ഉത്തേജിനിയിലെ ഉദാഹരണങ്ങൾ രവിവമ്മസ്തുതിപരങ്ങളാണു്.

" ജഗദ്യശസ്വിഭിർവീരൈ-
രിദംയദമലീകൃതം

തൈരേവ ഹന്ത! മലിനം
കുരുതേ രവിഭൂപതിഃ"

"കൈലാസാലയമഞ്ജുകുഞ്ജവിഹര-
ദ്വിദ്യാധരീകിന്നരീ-
ഗന്ധർവ്വീജനഗീയമാനമനിദം-
പൂർവ്വംരവിക്ഷ്മാപതേ!
ധൈര്യ്യം സങ്ഗരരങ്ഗസീമനി ഹിമ-
ക്ഷോണീഭൃതാകർണ്യതേ
നീഹാരദ്രവകൈതവേന നിതരാം
മന്യേ ഭിയാസ്വിദ്യതി."

ഇത്യാദി പദ്യങ്ങൾ നോക്കുക. തന്റെ ടീകയ്ക്കുള്ള സർവ്വോൽകൃഷ്ടതയെ ആചാര്യ്യർ ഗ്രന്ഥാവസാനത്തിൽ താഴെ കാണുന്ന പദ്യംകൊണ്ടു വെളിവാക്കുവാൻ ഉദ്യമിക്കുന്നു.

"യോനൈയായികശാബ്ദഭാട്ടസരണീ-
നാഡിന്ധമത്വംജനോ
ധ്വന്യധ്വന്യതുലാധിഗത്വമപി ചാ-
ലങ്കാരതത്ത്വസ്ഥിതിം
ഉല്ലേഖാന്തരചാതുരീം പരമത-
ച്ഛേദൈകധൌരന്ധരീം
ലബ്ധും വാഞ്ഛതി സോത്രഖേലതു കൃതാ-
വാചാര്യ്യമൌലേസ്സുഖം"

രവിവർമ്മത്തമ്പുരാന്റെ വാഴ്ച്ചക്കാലം കൊല്ലം ൯൯൭ മുതൽ ൯൯൯-വരെയും അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ രാമവർമ്മതമ്പുരാന്റേതു ൯൭൫ മുതൽ ൯൯൭-വരെയുമായിരുന്നു. ഗ്രന്ഥാന്തത്തിൽ

"ശ്രീരാമക്ഷിതിപാനുജസ്ത്രിജഗതി
പ്രൌഢാസിമല്ലാധിപോ
യോവൈമാനവപാരിജാത ഇതി യോ-
ജോംഘുഷ്യമാണോജനൈഃ
വൃത്യാ നൂതനദേവരാതഇതിയോ
ലീലാഹരിശ്ചന്ദ്രഇ-
ത്യാഖ്യാതോരവിമേദിനീപതിരയം
ജീയാദിഹായുശ്ശതം."

എന്ന പദ്യത്തിൽ വേദാന്താചാര്യ്യർ രാമവർമ്മതമ്പുരാനെയും സ്മരിച്ചിരിക്കുന്നു.

നീലകണ്ഠൻനമ്പൂരി എന്നൊരു പണ്ഡിതൻ കാവ്യപ്രകാശത്തിനു കാവ്യോല്ലാസം എന്നൊരു സ്വതന്ത്രമായ പരാവർത്തനം നിർവ്വത്തിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ വിസ്മരിക്കത്തക്കതല്ല. ലക്ഷണങ്ങൾ ലളിതങ്ങളായ കാരികകൾകൊണ്ടും ഉദാഹരണങ്ങൾ പ്രാകൃതഭാഷാസംബന്ധമില്ലാത്ത പദ്യങ്ങൾകൊണ്ടുമാണു് അദ്ദേഹം പൂരിപ്പിച്ചിട്ടുള്ളതു്.

"സ്വല്പഗ്രന്ഥതയാപ്യതീവഗഹനാ-
ന്യായഗ്രഹഗ്രന്ഥിലാ-
സ്തർക്കേണാപി പുരാതനോദിതമഹാ
തന്ത്രാന്തരസ്ഥാസ്തതഃ
ഏതൈര്യ്യദ്ധ്യയു കാവ്യലക്ഷണപരാ
തൽകാരികാ കഥ്യതേ
പദ്യൈഃ പ്രാകൃതവർജ്ജിതൈസ്തദനുരൂ-
പോദാഹൃതിശ്ചോച്യതേ"

എന്ന പ്രതിജ്ഞാപദ്യം നോക്കുക.

ഗോദവർമ്മയശോഭൂഷണം എന്നു വടക്കുംകൂർ സ്വതന്ത്രരാജ്യമായിരുന്ന ഒരു കാലത്തു് ആ നാടുവാണിരുന്ന ഗോദവർമ്മരാജാവിന്റെ പ്രശസ്തിയെ ആസ്പദമാക്കി ഒരലങ്കാരഗ്രന്ഥം വേങ്കടാദ്രിയുടെ ശിഷ്യനും ശേഷാദ്രിയുടെ പുത്രനുമായ അരുണഗിരികവി രചിച്ചിട്ടുണ്ടു്. അർത്ഥാലങ്കാരപ്രകരണം മാത്രമാണു് അതിലെ പ്രതിപാദ്യവസ്തു.

"വാണീപാണിസരോജശോണനഖര-
ശ്രീകോണവീണാരവ-
ശ്രേണീനിർഭരമാധുരീരസലസ-
ദ്വേണീകിരായദ്ഗിരഃ
സോഹം സൽകവിസമ്മതോരുണഗിരിഃ
ശ്രീഗോദവർമ്മപ്രഭോ-
രർത്ഥാലങ്കൃതിമദ്ഭുതാം വിതനുതേ
ഹൃദ്യാം യശോഭൂഷണം."

എന്ന പദ്യത്തിൽ നിന്നു് ഈ വസ്തുത വിശദമാകുന്നതാണു്. കവി വശ്യവാക്കാണു്. ചില ശ്ലോകങ്ങൾ മാതൃകകാണിക്കുന്നതിനായി ഉദ്ധരിക്കാം.

"കരേ ധൃതശരാസനംകമലപത്ര-
ദീർഘേക്ഷണം
കനൽകനകഭൂഷണം കലിതലോക-
നേത്രോത്സവം
വിലോക്യ കില ബിംബലക്ഷിതിപ
മത്രവാമാളകാ-
സ്മരന്തി കില സന്തതംസ്മരമൃദഗ്ര-
രൂപാകൃതിം"

"ജയശ്രീഹാരാളിർജനഹൃദയ-
പാടീരരചനാ
നഭോഭാഗാങ്ഗാഭങ്ഗാനിഖില-
ജഗദുല്ലോചനിചയഃ
ജടാടീശതാങ്ഗ ദൃഢതര-
ജടാചന്ദ്രസുഷമാ
ജയത്യച്ഛാകീർത്തിർജഗതി ജയിനോ
ബിംബലപതേഃ"

"ഗണ്ഡോദ്ദാമഗളന്മദസ്രുതിഭരൈ-
ർഗന്ധദ്വിപാനാം ഗണൈഃ
പ്രാഗേവേഹ പരിഷ്കൃതാനി ഭവന-
ദ്വാരാണി സംഖ്യാവതാം
പ്രായഃഫുല്ലസരോരുഹോദരഗത-
ശ്രീസോദരാമേദുരാഃ
പശ്ചാത്തേഷു പതന്തി ബിംബലപതേഃ
സ്ഫാരാഃ കടാക്ഷാങ്കുരാഃ"

പല ഗോദവമ്മരാജാക്കന്മാർ വടക്കുംകൂർ ഭരിച്ചിരുന്നതിനാൽ പ്രസ്തുതഗോദവമ്മാവിൻെറ ജീവിതകാലമേതെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ടു്.

കൊല്ലം ൯൩൩ മുതൽ ൯൭൩ വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന കാർത്തിക തിരുനാൾ (ധമ്മരാജാ) രാമവമ്മമഹാരാജാവിൻെറ വിവിധാപദാനങ്ങളെ വിഷയീകരിച്ചു രചിച്ചിട്ടുള്ള ഒരു സമഗ്രമായ അലങ്കാരശാസ്ത്രഗ്രന്ഥമാകുന്നു സദാശിവ ദീക്ഷിതരുടെ ബാലരാമവമ്മയശോഭൂഷണം. പ്രതാപരുദ്രീയത്തിലെന്നപോലെ ഇതിലും ഒൻപതു പ്രകരണങ്ങളും പ്രതാപരുദ്രകല്യാണത്തിനു പകരം നാടകപ്രകരണത്തിൽ വസുലക്ഷ്മീകല്യാണം എന്നൊരു ദീർഘമായ നാടകവുമുണ്ടു്. സദാശിവദീക്ഷിതർ ചൊക്കനാഥമഖയുടേയും മീനാക്ഷ്യംബയുടേയും പുത്രനും ഭരദ്വാജഗോത്രജനുമായിരുന്നു.

"ലക്ഷ്മീംർവൃണോതിയദപാങ്ഗവിലാസപാത്രം
യച്ഛൂസ്ഥലക്ഷ്യകുലമാശ്രിതമപ്സരോഭിഃ
ശ്രീപദ്മനാഭശരണാഗതവഞ്ചിബാല-
ശ്രീരാമവമ്മകുലശേഖരരാഡ് സജീയാൽ."

"യദ്ദച്ഛാസല്ലാപൈസ്സമധിഗതഷട്തന്ത്രവിഭ [വൈ-
ശ്വമൽകുവൻ ധീരാൻ സദസി രസഭാവപ്രകട [നൈഃ
കവീൻ ധിമ്പൻ ഗാനക്രമവിവരണാദ് ഗായക [വരാൻ
പരിഷ്കുർവൻ വഞ്ചിക്ഷിതിപതിലകോയം [വിജയതേ."

"സഏവ ദേവോ ഭുവനേബ്ജനാഭ-
സ്സഏവദേശസ്സഭൂപാഹിതദ്ധിഃ
സാനന്ദപൂര്യേവ പുരീ; സവഞ്ചി-
ക്ഷിതീശഏവ ക്ഷിതിപാലകോഹി"

ഇത്യാദിപദ്യങ്ങൾ ആ ഗ്രന്ഥത്തിലുള്ളതാണു്. വസുലക്ഷ്മീകല്യാണത്തിലെ ഇതിവൃത്തം താഴെ കാണുന്നതാകുന്നു. സിന്ധുരാജാവിനു വസുലക്ഷ്മി എന്നൊരു പുത്രിയുണ്ടായിരുന്നു; ആ സ്ത്രീരത്നം രാമവമ്മമഹാരാജാവു ഭത്താവാകുവാൻ ആഗ്രഹിച്ചു; പക്ഷേ മാതാവിനു് കുമാരിയെ സിംഹളരാജാവിനെക്കൊണ്ടു വിവാഹം

ചെയ്യിക്കണമെന്നായിരുന്നു മോഹം. അതിലേക്കായി കന്യകയെ വഹിച്ചിരുന്ന കപ്പൽ സിംഹളദ്വീപു നോക്കി പ്രയാണം ചെയ്യുമ്പോൾ ദൈവഗത്യാ കൊടുങ്കാററിൽപ്പെട്ടു തിരുവിതാംകൂറിലെ തുറമുഖങ്ങളിൽ ഒന്നിൽ അടുത്തു. ആ തുറമുഖത്തിന്റെ പാലകനായ വസുമദ്രാജാവു രാമവർമ്മമഹാരാജാവിന്റെ പത്നിയായ വസുമതിയുടെ സഹോദരനായിരുന്നു. വസുലക്ഷ്മിയെ വസുമദ്രാജാവു മഹാരാജാവിന്റെ കൊട്ടാരത്തിലേക്കു് അയയ്ക്കുകയും അവിടെവച്ചു് മഹാരാജാവു് ആ സുന്ദരിയിൽ അനുരക്തനായിത്തീരുകയും ചെയ്യുന്നു. വസുമതി അവളെ തന്റെ ബന്ധുവായ പാണ്ഡ്യരാജാവിനെക്കൊണ്ടു വിവാഹം ചെയ്യിക്കുവാൻതുടങ്ങുന്നു. ഉദ്യമം വിദൂഷകൻ വിഫലമാക്കുന്നു. അതിനിടയ്ക്കു തന്റെ പുത്രിയുടെ വൃത്താന്തം സിന്ധുരാജാവു രാമവർമ്മമഹാരാജാവിന്റെ മന്ത്രിയായ നീതിസാഗരനിൽനിന്നു ഗ്രഹിക്കുകയും ഒരു വലിയ അനുചരസംഘത്തോടുകൂടി ഉടൻതന്നെ തിരുവനന്തപുരത്തെത്തി ആ കുമാരിയെ മഹാരാജാവിനെക്കൊണ്ടു വിവാഹം ചെയ്യിക്കുകയും ചെയ്യുന്നു. സിന്ധു (Sind) സംസ്ഥാനവും സിംഹളദ്വീപവും തമ്മിൽ പ്രചാരത്തിലിരുന്ന കച്ചവടത്തെ മഹാരാജാവു തന്റെ മന്ത്രിയുടെ സഹായത്തോടുകൂടി തിരുവിതാംകൂറിലേക്കു സംക്രമിപ്പിച്ചു എന്നുമാത്രമേ ഈ ഇതിവൃത്തത്തിൽ തത്ത്വശകലമുള്ളു. മന്ത്രി രാജാകേശവദാസനാണ്. വെങ്കടസുബ്രഹ്മണ്യദീക്ഷിതർ എന്ന മറെറാരു കവിയും കാർത്തികതിരുനാൾ മഹാരാജാവിനെ പ്രശംസിച്ചു വസുലക്ഷ്മീകല്യാണം എന്നൊരു നാടകം രചിച്ചിട്ടുണ്ടു്. അതു് കൊല്ലം ൯൯൪-ൽ നടന്ന തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്ത്യുത്സവത്തിന്റെ സ്മാരകമായി രചിച്ചതാണ്. ബാലരാമവർമ്മയശോഭൂഷണവും ആ അവസരത്തിൽ തന്നെ നിർമ്മിതമായിരിക്കണം. അന്നു കേശവദാസൻ ദിവാൻജിയായിക്കഴിഞ്ഞിരുന്നില്ലെങ്കിലും രാജ്യഭരണത്തിന്റെ മാർമ്മികങ്ങളായ എല്ലാ ചുമതലകളും അദ്ദേഹം തന്നെയാണ് വഹിച്ചിരുന്നതു്. ഈ വ്യതിയാനം ഇങ്ങനെ നില്ക്കട്ടെ.

രാജപ്രശസ്തിപരങ്ങളായ അലങ്കാരഗ്രന്ഥങ്ങൾ രചിക്കുന്നവരെ ധർമ്മസൂരി സാഹിത്യരത്നാകരത്തിൽ താഴെ ഉദ്ധരിക്കുന്ന പദ്യത്തിൽ മുക്തകണ്ഠമായി അധിക്ഷേപിക്കുന്നു.

"അലംക്രിയാഃ പൂർവതരൈഃ പ്രണീതാഃ
പ്രയോജിതാഃ കാശ്ചന നായകേന;
കൈശ്ചിത്തു കുക്ഷിംഭരിഭിർനിബദ്ധാഃ
ക്ഷോദീയസാ കാശ്ചന നായകേന"

കവികൾ അവരുടെ പുരസ്കർത്താക്കന്മാരായ രാജാക്കന്മാരുടെ പ്രശസ്തിയെ നിലനിറുത്തുന്നതിനായി ഗ്രന്ഥങ്ങൾനിർമ്മിച്ചു തദ്ദ്വാരാ തങ്ങളുടെ കൃതജ്ഞതയെ പ്രകടിപ്പിക്കുന്നതിൽ ആക്ഷേപാർഹന്മാരാണെന്നു പറവാൻ പാടുള്ളതല്ല. മഹർഷികല്പന്മാരായ മഹാകവിമൂർദ്ധന്യന്മാർ പോലും ക്ഷുദ്രപ്രഭുക്കളെ സ്തുതിച്ചിട്ടുണ്ടു്. അപ്പയ്യദീക്ഷിതർ എന്താണ് ചെയ്തതു്? പരമശിവന്റെ പുരുഷാവതാരമെന്നു സമകാലികന്മാരായ സംഖ്യാവാന്മാർ ഐകകണ്ഠ്യേന പ്രശംസിച്ചുവന്ന അദ്ദേഹം തന്നെ ദാരിദ്ര്യഗർത്തത്തിൽനിന്നു് ഉദ്ധരിക്കുകയും തന്നെക്കൊണ്ടു ശിവാർക്കമണിദീപിക രചിപ്പിക്കുകയും ചെയ്ത വെല്ലൂരിലെ സാമന്തരാജാവായ ചിന്നബൊമ്മനായക്കനെ

"ഭാഷ്യമേതദനഘം വിവൃണ്വതി
സ്വപ്നജാഗരണയോഃ സമം പ്രഭുഃ
ചിന്നബോമ്മനൃപരൂപഭൃൽ സ്വയം
മാം ന്യയുങ്ക്ത മഹിളാർദ്ധവിഗ്രഹഃ"

എന്ന പദ്യത്തിൽ ആ പരമശിവൻെറ മറെറാരവതാരമായി സ്തുതിച്ചിരിക്കുന്നു. ദ്രാവിഡകവിചക്രവർത്തിയായ കമ്പരെ അന്നവസ്ത്രാദികൾ നല്കി സമ്മാനിച്ചു മറെറാരു ക്ഷുദ്രപ്രഭുവായ വെണ്ണനല്ലൂർ ചടയപ്പനയിനാരായിരുന്നു. ലങ്കാനഗരത്തിൽ ചടയപ്പൻെറ കീർത്തിപോലെ ചന്ദ്രിക പ്രകാശിച്ചു എന്നും അദ്ദേഹം തൻെറ ആശ്രിതരെ താങ്ങിയതുപോലെ നളൻ പർവ്വതങ്ങൾ ചുമന്നു എന്നും വെണ്ണനല്ലൂരിൽ ചെല്ലുന്ന യാചകന്മാരുടെ വിശപ്പു നീങ്ങിയതുപോലെ നാഗപാശം വാനരന്മാരെ വിട്ടു നീങ്ങിയെന്നും വർണ്ണിക്കുവാൻ അദ്ദേഹത്തിനു യാതൊരു സങ്കോചവും തോന്നിയില്ല. ചോളരാജാവിനെ താൻ ഒരവസരത്തിൽ സന്ദർശിച്ചപ്പോൾ തന്നോടു കാണിച്ച അനാദരവിനെ ആസ്പദമാക്കി 'മന്നവനുനീയോ'(നീയുമൊരു രാജാവാണോ?) എന്നുചോദിച്ച ധീരാതിധീരനായ കമ്പനാട്ടാഴ്‌വാരാണു് ഈ വൈതാളികവൃത്തി അനുഷ്ഠിക്കുന്നതെന്നുകൂടി നാം ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതാകുന്നു. നാരായണീയകർത്താവും ആദിശേഷാംശസംഭൂതനെന്നു് ആസ്തികന്മാരാൽ അഭിഷ്ടുതനുമായ മേല്പുത്തൂർ നാരായണഭട്ടതിരി ചെമ്പകശ്ശേരിരാജാവിനോടു് എങ്ങനെ പെരുമാറി? പ്രക്രിയാസർവ്വസ്വം രചിക്കുവാൻ വേണ്ട സൌകര്യം രാജാവു നല്കിയ അവസരത്തിൽ ആ മഹാനുഭാവൻ അദ്ദേഹത്തെ

"തിഷ്ഠത്യേവാനലോപി പ്രചലതി ഗിരിരപ്യാജ്ഞയായസ്യ രാജ്യേ
ശത്രോസ്സർവ്വാഭിസാരേ സതി രചയതി യസ്തസ്യ സർവ്വാപഹാരം
സോയം നിശ്ശേഷശാസ്ത്രശ്രുതിനിവഹകലാനാടകേഷ്വദ്വിതീയോ
ഭാതി ശ്രീദേവനാരായണധരണിപതിർമ്മഗ്നചേതാ മുകുന്ദേ"

ഇത്യാദി പദ്യങ്ങളിൽ ഉപശ്ലോകനം ചെയ്തു. 'മഗ്നചേതാമുകുന്ദേ' എന്ന വിശേഷണം തൻെറ നരസ്തുതിക്കു് അല്പമൊരു പരിഹാരമായി സൂക്ഷ്മദൃക്കായ കവി കരുതിക്കൂട്ടി പ്രയോഗിച്ചതല്ലയോ എന്നും സംശയമുണ്ടു്. ഏതായാലും വിദ്യാധരനേയും വിദ്യാനാഥനേയും സംബന്ധിച്ചു പറയുകയാണെങ്കിൽ ആ മഹാകവികൾക്കു് യഥാക്രമം ഏകാവലിയുടേയും പ്രതാപരുദ്രീയത്തിൻേറയും നിർമ്മിതി യശസ്സിനെന്നപോലെ അർത്ഥത്തിനും കാരണമായി ഭവിച്ചിരിക്കണം. അത്തരത്തിലുള്ള വശ്യവാക്കുകളായ സരസ്വതീദാസന്മാരാലല്ലാതെ ഏകനായകാധിഷ്ഠിതങ്ങളായ ഉദാഹരണങ്ങൾ കൊണ്ടുമാത്രം ഏതാദൃശങ്ങളായ ഗ്രന്ഥങ്ങൾ പൂർത്തിയാക്കാവുന്നതുമല്ല. കാവ്യപ്രകരണത്തിൽ മഹാപുരുഷവർണ്ണനം കവിയുടെ ഉത്തമധർമ്മമാണെന്നു പല യുക്തികൾ പ്രപഞ്ചനം ചെയ്തു പ്രമാണവചനങ്ങൾ ഉദ്ധരിച്ചും വിദ്യാനാഥൻ ഇത്തരത്തിലുള്ള ഗ്രന്ഥനിർമ്മാണം അനാശാസ്യമല്ലെന്നു സ്ഥാപിച്ചിട്ടുണ്ടു്. സദാശിവദീക്ഷിതർ ഈ പങ്ക്തികൾ മുഴുവൻ പകർത്തുന്നതിനുപുറമേ

"പ്രബന്ധാനാം പ്രതിഷ്ഠാപി
നായകാഭ്യുദയാശ്രിതാ;
തസ്മാന്നായകമാഹാത്മ്യം
മാങ്ഗള്യം കാവ്യസമ്പദഃ.

യുവതീനാം പ്രബന്ധാനാം
ഭടാനാമപി സർവ്വഥാ
നായകാഭ്യുദയേനൈവ
രസവത്താ ന ചാന്യഥാ;

അതസ്സുനേത്രവിഷയ-
പ്രബന്ധഃ കല്പഭൂരുഹഃ
പ്രസൂതേ സകലാൻ കാമാൻ
സുമനോഭിരുപാസിതഃ

* * * *

പ്രാക്പുണ്യാർജിതമൂലയാ കവിമനഃ-
ക്ഷേത്രോത്തമേ ജാതയാ
സമ്യഗ് ഭാവുകചിത്തശാഖിതതയാ
വ്യങ്ഗ്യോക്തിപുഷ്പശ്രിയാ
നിത്യംസൽഫലയാഗുണാനുസരണാ-
ച്ഛ്രീ ശ്രീരാമവർമ്മപ്രഭോഃ
സ്വവർണ്ണ്യാലതയേവ സൽകലിതയാ
കിങ്കിന്നാസമ്ഭാവ്യതേ?

സേയംസദാശിവകൃതിർമ്മധുരോക്തിബന്ധാ
സാലങ്കൃതിസ്സുരസഭാവനിരൂപണോൽകാ
കാന്തംസമിച്ഛതി വധൂരിവവഞ്ചിബാല-
ശ്രീരാമവർമ്മകുലശേഖരസാർവ്വഭൌമം"

എന്നും പ്രസ്താവിക്കുന്നു.

പ്രതാപരുദ്രീയത്തിന് മററു അലങ്കാരകൃതികളെ അപേക്ഷിച്ച് ചില വിശിഷ്ടഗുണങ്ങളുണ്ടെന്നുള്ളതു് നാം വിസ്മരിച്ചുകൂടാത്തതാകുന്നു. ഒന്നാമതായി ഇത്ര സമഗ്രമായ ഒരലങ്കാരശാസ്ത്രഗ്രന്ഥം സംസ്കൃതഭാഷയിൽ ഒരു പ്രാമാണികന്റേതെന്നുപറവാൻ വേറെയില്ല. ഭരതമുനിയുടെ നാട്യശാസ്ത്രം ദൃശ്യകാവ്യങ്ങളേയും ഭാമഹന്റെ കാവ്യാലങ്കാരം, ദണ്ഡിയുടെ കാവ്യാദർശം മുതലായ ഗ്രന്ഥങ്ങൾ ശ്രവ്യകാവ്യങ്ങളേയും മാത്രം പരാമർശിക്കുന്നു. ഈ രണ്ടുതരം ലക്ഷ്യങ്ങൾക്കും പ്രത്യേകം ലക്ഷണഗ്രന്ഥങ്ങൾ വേണമെന്നായിരുന്നു പ്രാചീനന്മാരുടെ മതം. ശ്രവ്യകാവ്യങ്ങൾക്കുള്ള ലക്ഷണഗ്രന്ഥങ്ങളിൽ സർവ്വോത്തമമായ കാവ്യപ്രകാശം ദൃശ്യകാവ്യങ്ങളെ സ്മരിക്കുന്നതു പോലുമില്ല. അവയ്ക്കു ലക്ഷണഗ്രന്ഥങ്ങൾ ധനഞ്ജയന്റെ ദശരൂപകം ശാരദാതനയന്റെ ഭാവപ്രകാശനം മുതലായവയാണു്. വിദ്യാധരന്റെ കൃതിയും ശ്രവ്യകാവ്യങ്ങളെ മാത്രമേ പരാമർശിക്കുന്നുള്ളൂ. ഭിന്നപർവ്വതങ്ങളിൽനിന്നു ജനിച്ച ഈ ഗംഗായമുനകൾ ഇദംപ്രഥമമായി യോജിക്കുന്നതു വിദ്യാനാഥന്റെ ഗ്രന്ഥപ്രയാഗത്തിലാകുന്നു. നായകനാടകാദിപ്രകരണങ്ങൾക്ക് ഇതിൽ ഗുണാലങ്കാരാദിപ്രകരണങ്ങൾക്കൊപ്പം സ്ഥാനമുള്ളതുകൊണ്ടു് രണ്ടു ഗ്രന്ഥങ്ങൾ പഠിക്കേണ്ട ആവശ്യം ഈ ഒരു ഗ്രന്ഥംകൊണ്ടു നിർവ്വഹിക്കാവുന്നതാണു്. സാഹിത്യദർപ്പണത്തിൽ വിശ്വനാഥകവിരാജനും ആറാമത്തെ പരിച്ഛേദത്തിൽ ദൃശ്യകാവ്യലക്ഷണനിരൂപണത്തിന് ഒരുങ്ങുന്നുണ്ടു്. പക്ഷേ വിദ്യാനാഥനെപ്പോലെ പ്രത്യേകം ഒരു നാടകം നിബന്ധിച്ചു കാണിച്ചിട്ടില്ലാത്തതിനാൽ അത്രയ്ക്കുമാത്രം അദ്ദേഹത്തിന്റെ പ്രയത്നം ആ വിഷയത്തിൽ അപൂർണ്ണമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. കവിശിക്ഷ എന്ന ഒരു വിഷയം മാത്രമേ വിദ്യാനാഥൻ സ്പർശിക്കാതെയുള്ളൂ. അതു രാജശേഖരന്റെ കാവ്യമീമാംസ, ശ്രീകൃഷ്ണന്റെ മന്ദാരമരന്ദചമ്പു, ക്ഷേമേന്ദ്രന്റെ കവികണ്ഠാഭരണം മുതലായ ഗ്രന്ഥങ്ങൾ നോക്കി മനസ്സിലാക്കിക്കൊള്ളേണ്ടതാകുന്നു. സൌശബ്ദ്യജ്ഞാനം കവിക്കു് ആവശ്യകമാകയാൽ ഭാമഹൻ, വാമനൻ മുതലായ ചില പ്രാക്തനാചാര്യന്മാർ അതിനെപ്പററി പല തത്വങ്ങളും പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ ശബ്ദദോഷങ്ങളെല്ലാം ദോഷപ്രകരണത്തിൽ നിരൂപണീയങ്ങളാകയാൽ പിൻകാലത്തു

ള്ള ആലങ്കാരികന്മാർ ആ പദ്ധതി പാടേ പരിത്യജിക്കുകയാണ് ഉണ്ടായതു്.

പ്രതാപരുദ്രീയത്തിൽ കാരികകളിലും വൃത്തിയിലും പ്രയോഗിച്ചിരിക്കുന്ന ഭാഷ അത്യന്തം ലളിതമാകയാൽ വിദ്യാത്ഥികൾക്കു് ആ ഗ്രന്ഥം അഭിഗമ്യമാണെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കാവ്യപ്രകാശത്തിന്റെ അത്ഥം ചിലഭാഗങ്ങളിൽ നല്ലപോലെ മനസ്സിലാക്കണമെങ്കിൽ തക്കശാസ്ത്രത്തിന്റെ സാഹായ്യം ആവശ്യമുണ്ടു്. ആ ഗ്രന്ഥത്തിന്റെ വ്യാഖ്യാതാക്കന്മാരിൽ അഗ്രഗണ്യനെന്നു സവ്വസമ്മതനായ ഗോവിന്ദഠക്കുരൻ ഒരു വലിയ നൈയ്യായികനായിരുന്നു. ആ കാരണത്താൽ കേരളത്തിൽ ഇടക്കാലത്തിൽ അദ്ധ്യേതാക്കളുടെ ഇടയിൽ പ്രകാശത്തിന് അതഹിക്കുന്ന പ്രചാരമുണ്ടായിരുന്നില്ല എന്നാണ് അഭിജ്ഞന്മാർ പറഞ്ഞുകേട്ടിട്ടുള്ളതു്. രാജചൂഡാമണിദീക്ഷിതരുടെ കാവ്യദപ്പണത്തിന്റെ ആവിർഭാവത്തോടുകൂടി വിദ്യാത്ഥികൾക്കു പാഠ്യപുസ്തകം അതായിത്തീന്നു. ദപ്പണം പ്രകാശത്തെ ഉപജീവിച്ചു താരതമ്യേന ലളിതമായ ശൈലിയിൽ രചിച്ചിട്ടുള്ള ഒരു പ്രൌഢശാസ്ത്രഗ്രന്ഥമാകുന്നു. മമ്മടഭട്ടന്റെ കാരികകളെ രാജചൂഡാമണിദീക്ഷിതർ എങ്ങനെ ഭേദപ്പെടുത്തിയിരിക്കുന്നു എന്നു കാണിക്കുവാൻ രണ്ടു പദ്യങ്ങൾ ഉദ്ധരിക്കാം.

"നിയതികൃതനിയമരഹിതാം
ഹ്ലാദൈകമയീമനന്യപരതന്ത്രാം
നവരസരുചിരാം നിമ്മിതി-
മാദധതീ ഭാരതീ കവേർജയതി" (പ്രകാശം)

"നിയത്യനിയതാം ഹ്ളാദ-
മയീം നവരസോജ്ജ്വലാം
കൃതിം സ്വതന്ത്രാം കുർവാണാ
കവേർജയതി ഭാരതീ." (ദപ്പണം)

"കാവ്യം യശസേത്ഥകൃതേ
വ്യവഹാരവിദേ ശിവേതരക്ഷതയേ
സദ്യഃപരനിർവൃതയേ
"കാന്താസമ്മിതതയോപദേശയുജേ"
കാവ്യം ഹി യശസേത്ഥായ [(പ്രകാശം)
ശിവേതരനിവൃത്തയേ
കാന്താവദുപദേശായ
പരനിർവൃതയേ ക്ഷണാൽ (ദപ്പണം)

ക്രി. പി. പതിനെട്ടാം ശതകത്തിന്റെ ഉത്തരാദ്ധത്തിൽ ചില കേരളീയർ കാശിയിൽ പോയി ഗോവിന്ദഠക്കുരന്റെ കാവ്യപ്രദീപവും അതിനു നാഗേശഭട്ടൻ രചിച്ച ഉദ്യോതവ്യാഖ്യയും സമ്പ്രദായക്രമത്തിൽ അഭ്യസിച്ചു തിരിച്ചുവന്നതിനു മേലാണ് പ്രകാശത്തിനു കേരളത്തിൽ വീണ്ടും പ്രചാരം സിദ്ധിച്ചതു്. കാവ്യപ്രകാശത്തിൽ കാളിദാസസൂക്തികളെപ്പോലും നിസ്സങ്കോചം കാവ്യദോഷങ്ങൾക്കു് ഉദാഹരണങ്ങളാക്കീട്ടുള്ളതിനാൽ കേരളീയരുടെ ഇടയിൽ

"കാവ്യപ്രകാശോയവനഃ
കാവ്യാളീ ച വരാങ്ഗനാ
അനേന പ്രസഭാകൃഷ്ടാ
കഷ്ടാമേഷാശ്നുതേ ദശാം"

എന്നൊരു ഉപാലംഭപദ്യവും ഉത്ഭവിച്ചിട്ടുണ്ടു്. ഇതൊക്കെയായാലും കാവ്യപ്രകാശത്തെപ്പോലെ (ധ്വന്യാലോകത്തിന്റെ വ്യാപ്തി പരിമിതമാണല്ലോ) പ്രമാണഭൂതമായ ഒരലങ്കാരഗ്രന്ഥം സംസ്കൃതത്തിൽ ഇല്ല; അതു പഠിപ്പിക്കാൻ കഴിയാത്ത പണ്ഡിതനെ അലങ്കാരശാസ്ത്രജ്ഞൻ എന്നു പറയാവുമില്ല. ജഗന്നാഥപണ്ഡിതരുടെ കാലത്തിനു പിന്നീട് ഓരോ വിദ്വാനും തന്റെ അലങ്കാരവൈദുഷ്യം പ്രകടിപ്പിച്ചിരുന്നതു പ്രായേണ കാവ്യപ്രകാശത്തിനു വ്യാഖ്യാനം നിമ്മിച്ചു മാത്രമായിരു

ന്നു. പ്രകാശപിപഠിഷുക്കൾക്കു് ഒരു പ്രവേശകം എന്ന നിലയിൽ മാത്രമേ ദപ്പണത്തിന്ന സ്ഥാനമുള്ളൂ.

കാവ്യപ്രകാശത്തിൻെറ വ്യാഖ്യാതാക്കന്മാരിൽ അശേഷം പശ്ചിമനല്ലാത്ത ഒരു പണ്ഡിതനായിരുന്നു സാഹിത്യചൂഡാമണിയുടെ പ്രണേതാവായ ലൌഹിത്യഭട്ടഗോപാലൻ. അദ്ദേഹം ചില പ്രാചീനാലങ്കാരികന്മാരെപ്പററി താഴെകാണുന്ന പദ്യങ്ങൾ രചിച്ചിട്ടുള്ളതു വായിക്കുവാൻ രസമുണ്ടു്.

"ജയന്തി കൃതിനസ്സന്തോ
ദേശാന്തരമഹാദ്രുമാഃ
ചാരു സാരസ്വതം യേഷാം
കപ്പൂരമിവ പച്യതേ.

ശിക്ഷയന്നാദ്ഭുതാം രേഖാം
കാവ്യാദശ്ലിപിക്രമേ
മദ്ധ്യേമദ്ധ്യേ മഹാചാൎയ്യോ
ദണ്ഡീ ഭീഷയതേ കവീൻ.

വാമനസ്യ തദുത്തുങ്ഗം
പദമുന്നതിശാലിനഃ
പ്രസൂതേ പാവനീം വൃത്തിം
ഗങ്ഗാമിവ കവിപ്രിയാം.

വക്രാന്തരഞ്ജിനീമുക്തിം
ചഞ്ചുമിവ മുഖേ വഹൻ
കുന്തകഃ ക്രീഡതി സുഖം
കീൎത്തിസ്ഫടികപഞ്ജരേ.

ഉദ്ഭടേനാപി നമ്രേണ
നായകേനോപലാളിതഃ
ഹൃദ്യോഭാമഇവ സ്ത്രീണാ-
മല്ലാരംഭോപി ഭാമഹഃ.

അതിലോകമലങ്കാര-
മാബിഭ്രദമൃതസ്രുതം
ആഖ്യാനരാഗീ സൎവ്വജ്ഞ-
സ്സ്വയം രുദസ്സുരുദ്രടഃ.

ഭാരതസ്യ പ്രയോഗസ്യ
പ്രണേതാ ശിക്ഷിതോത്തരഃ
വസത്യജ്ഞാതമദ്യാപി
സ്ത്രീവ ശോചേ്യാധനഞ്ജയഃ.

പക്ഷപാതേന രമതേ
രാജഹംസോവിവേകവാൻ
മഹതാം മാനസാംഭോജേ
ഭോജഃ കീൎത്ത്യാ വിശുദ്ധയാ.

ലോചനേനൈവജാനന്തി
ലോകേ യേകേചന ധ്വനിം
ഭുജങ്ഗാഏവ തേ;കിന്തു
വമന്ത്യമൃതമാനനൈഃ.

രസാമൃതനദീമഗ്നേ
ധ്വനികാരേ മഹാഗുരൌ
അനുമായാപി മഹിമാ
കാവ്യഗോഷ്ഠീം നമുഞ്ചതി."

കവ്യാദശകാരനായ ദണ്ഡി, കാവ്യാലങ്കാരസൂത്രപ്രണേതാവായ വാമനൻ, വക്രോക്തിജീവിതരചയിതാവായ കുന്തകൻ, കാവ്യാലങ്കാരനിൎമ്മാതാവായ ഭാമഹൻ, ഭാമഹകൃതിക്കു വിവരണമെഴുതിയ ഉദ്ഭടൻ, കാവ്യാലങ്കാരനാമധേയമായ മറെറാരു ഗ്രന്ഥം നിബന്ധിച്ച രുദ്രടൻ, ദശരൂപകകാരനായ ധനഞ്ജയൻ, ധ്വന്യാലോകലോചനപ്രണേതാവായ അഭിനവഗുപ്തൻ, വ്യക്തിവിവേകരചയിതാവും അനുമാനസിദ്ധാന്തവാദിയുമായ മഹിമഭട്ടൻ ഈ പൂൎവ്വാചാൎയ്യന്മാരെ പ്രസ്തുത പദ്യങ്ങളിൽ എത്ര സമഞ്ജസമായി ഭട്ടഗോപാലൻ വർണ്ണിച്ചിരിക്കുന്നു! ക്രി. പി. പന്ത്രണ്ടാം ശതകത്തിൻെറ ആരംഭത്തിൽ ജീവിച്ചിരുന്ന ശാരദാതനയൻെറ പിതാവായ ഭട്ടഗോപാലനാണു സാഹിത്യചൂഡാമണികാരനെന്നു ചിലർ സങ്കല്പിക്കുന്നതു സോപപത്തികമല്ല. അതു പ്രാക്തന

നാണ് അദ്ദേഹമെന്നു ധനഞ്ജയൻ, ഭോജരാജാവു മുതലായവരെപ്പററിയുള്ള വർണ്ണനത്തിൽനിന്നു സിദ്ധിക്കുന്നില്ല. അദ്ദേഹത്തിൻെറ കാലത്തു ദശരൂപകത്തിന് ആ ഗ്രന്ഥം അർഹിക്കുന്ന പ്രചാരം സിദ്ധിച്ചിരുന്നില്ലെന്നും വെളിവാകുന്നു.

കാവ്യദർപ്പണത്തെ അപേക്ഷിച്ചുനോക്കുമ്പോഴും വളരെ സരളമാണ് പ്രതാപരുദ്രീയം. അതിലെ ഉദാഹരണശ്ലോകങ്ങൾ എല്ലാം ഒരു കവിയാൽ മാത്രം രചിതവും ഒരു നായകനെ മാത്രം പരാമർശിക്കുന്നതുമാണെങ്കിലും അവ അത്യന്തം ആസ്വാദ്യങ്ങളാണ്. വിദ്യാധരൻെറ പദ്യങ്ങൾക്ക് ഓജസ്സു കൂടുമെങ്കിൽ വിദ്യാനാഥൻെറ പദ്യങ്ങൾക്കു മാധുര്യം ഏറും. അതുകൊണ്ടു പ്രതാപരുദ്രീയത്തിലെ പദ്യങ്ങൾ വിദ്യാർത്ഥികൾക്കു മനഃപാഠമാക്കുന്നതിനും ഭാവുകന്മാർക്കു രസിക്കുന്നതിനും വളരെ സൌകര്യമുണ്ട്.

ഇനി ഈ ഗ്രന്ഥത്തിനുള്ള ഏതാനും ചില ന്യൂനതകളെപ്പററി പ്രസ്താവിക്കാം. കാവ്യസ്വരൂപനിരൂപണത്തിനായി ആരംഭിക്കുന്ന വിദ്യാനാഥൻ ദ്വിതീയപ്രകരണത്തിൽ

"ഗുണാലങ്കാരസഹിതൌ
ശബ്ദാർത്ഥൌ ദോഷവർജിതൌ
ഗദ്യപദ്യോഭയമയം
കാവ്യം കാവ്യവിദോ വിദുഃ"

എന്നാണ് കാവ്യത്തിനു ലക്ഷണം ചെയ്യുന്നത്. അത് അദ്ദേഹംതന്നെ

'ശബ്ദാർത്ഥൌ മൂർത്തിരാഖ്യാതൌ
ജീവിതം വ്യങ്ഗ്യവൈഭവം'

എന്ന് അതേ പ്രകരണത്തിലും "അഥ സർവേഷാം പ്രബന്ധാനാം ജീവിതഭൂതസ്യ രസസ്യ സ്വരൂപം നിരൂപ്യതേ" എന്നു ചതുർത്ഥപ്രകരണത്തിൻെറ ആരംഭത്തിലും ചെയ്യുന്ന പ്രസ്താവനകൾക്കു പ്രതിയോഗിത്വം വഹിക്കുന്നു. നിർവ്വചനത്തിൽ ആശയം മുഴുവൻ അടങ്ങീട്ടില്ല എന്നുപറഞ്ഞാൽ അതു സമാധാനമാകുകയില്ലല്ലോ. മമ്മടഭട്ടനാകട്ടെ

'തദദോഷൌ ശബ്ദാർത്ഥൌ സഗുണൌ'

എന്നു കാവ്യസ്വരൂപം കാണിച്ചിട്ട് "അനലങ്കൃതീ പുനഃ ക്വാപി" എന്നുകൂടി പ്രസ്താവിച്ച് സ്ഫുടമായ അലങ്കാരമില്ലാത്ത പദ്യത്തിനും കാവ്യത്വം ഉണ്ടാകാമെന്നു വ്യവസ്ഥാപനം ചെയ്തു

'ഇദമുത്തമമതിശയിനി
വ്യങ്ഗ്യേ വാച്യാദ് ധ്വനിർബ്ബുധൈഃ കഥിതഃ'

വ്യങ്ഗ്യാർത്ഥം വാച്യാർത്ഥത്തെ എവിടെ അതിശയിച്ചു നില്ക്കുന്നുവോ, ധ്വനി എന്നുപേരുള്ള ആ കാവ്യമാണ് ഉത്തമമെന്നു സമർത്ഥിക്കുന്നു. മമ്മടൻേറതിൽനിന്നു ഭിന്നമായി ഒരുമതം ഈ വിഷയത്തിൽ ഉപന്യസിക്കണമെന്നു വിദ്യാനാഥന് അഭിസന്ധിയുമില്ല.

"ന്യക്കാരോഹ്യയമേവമേ യദരയ-
സ്തത്രാപ്യസൌ താപസഃ
സോപ്യത്രൈവ നിഹന്തി രാക്ഷസകുലം
ജീവത്യഹോ രാവണഃ
ധിക്‌ധിക്‌ശക്രജിതം പ്രബോധിതവതാ
കിം കുംഭകർണ്ണേന വാ;
സ്വർഗഗ്രാമടികാവിലുണ്ഠനവൃഥോ-
ച്ഛൂനൈഃ കിമേഭിർഭുജൈഃ"?

("മാററാരുണ്ടെന്നതോമേ കുറവ,തിലുമവൻ
താപസൻ, കേറിവന്നി-
ങ്ങേററം കൊല്ലുന്നു രക്ഷോഗണമുയിരൊട
രാവണൻ വാണിടുന്നു; [ഹോ!

എന്തിനാണിന്ദ്രജിത്തി,ന്നണവൊട്ടമരുവു-
ന്നൊന്തിനക്കുംഭകർണ്ണൻ
വിൺകുഗ്രാമം തകർത്താവെറുമിട്ടതടിയൻ
കൈകളാലെന്തുസാധ്യം")

എന്ന പദ്യം ധ്വന്യാലോകത്തിൽ തൃതീയോദ്യോതത്തിൽ അലക്ഷ്യക്രമവ്യങ്ഗ്യത്തിന്ന മൂർദ്ധാഭിഷിക്തോദാഹരണമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇവിടെ 'അരയഃ' എന്ന ബഹുവചനവും 'താപസഃ' എന്ന ഏകവചനവും 'അത്രൈവ' എന്ന സർവ്വനാമവും 'നിഹന്തി' 'ജീവതി' എന്ന രണ്ടു തിങന്തങ്ങളും 'അഹോ' എന്ന അവ്യയവും 'ഗ്രാമടികാ' എന്ന കകാരരൂപമായ തദ്ധിതനും വിലുണ്ഠനശബ്ദത്തിലെ'വി' എന്ന ഉപസർഗ്ഗവും 'ഭുജൈഃ' എന്ന ബഹുവചനവും വ്യഞ്ജകങ്ങളാണെന്നു വിശ്വനാഥകവിരാജൻ സാഹിത്യദർപ്പണത്തിൻെറ ചതുൎത്ഥപരിച്ഛേദത്തിൽ പ്രതിപാദിക്കുന്നു. "തിലശസ്തിലശോപി വിഭജ്യമാനേത്ര ശ്ലോകേ സർവ്വ ഏവാംശോ വ്യഞ്ജകത്വേന ഭാതി'' അതായതു് പ്രസ്തുതശ്ലോകത്തെ എൺമണിപ്രായമായി വെട്ടിനുറുക്കിയാലും ഓരോ എൺമണിയും വ്യഞ്ജകമായി പരിലസിക്കുന്നു എന്നാണ് അഭിനവഗുപ്താചാൎയ്യൻെറ മതം. എന്നാൽ ഈ ശ്ലോകത്തെ സപ്തമോല്ലാസത്തിൽ കാവ്യപ്രകാശകാരൻ അവിമൃഷ്ടവിധേയാംശമെന്ന കാവ്യദോഷത്തിന് ഉദാഹരണമായി ഉദ്ധരിക്കുന്നു. പ്രസ്തുതദോഷംകൊണ്ടു് ഇതിന്നു കാവ്യത്വമില്ലെന്നു പറയാമോ? ഒരിക്കലും പാടില്ലല്ലോ. അതാണ് ദോഷരഹിതമായാൽ മാത്രമേ കാവ്യമാകൂ എന്നുള്ള മമ്മടവിദ്യാനാഥാദിമതത്തിനുള്ള വൈകല്യം. സഗുണമാകണം കാവ്യം എന്നു നിഷ്കൎഷിക്കുന്നതിലും കുഴപ്പമുണ്ടു്. ശബ്ദാൎത്ഥനിഷ്ഠമല്ല പ്രത്യുത രസനിഷ്ഠമാകുന്നു ഗുണം.

"യേരസ്യാങ്ഗിനോ ധൎമ്മാഃ
ശൌൎയ്യാദയ ഇവാത്മനഃ
ഉൽകൎഷഹേതവസ്തേസ്യു-
രചലസ്ഥിതയോഗുണാഃ"

എന്നു മമ്മടൻതന്നെ അഷ്ടമോല്ലാസത്തിൽ ഗുണങ്ങളുടെ സ്വരൂപത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. ശബ്ദാൎത്ഥങ്ങൾ കാവ്യശരീരം മാത്രമാകയാൽ അവയുടെ ധൎമ്മമല്ല ഗുണമെന്നു് ഇതിൽനിന്നു വ്യക്തമാകുന്നു.

"യഃകൌമാരഹരസ്സഏവഹി വര-
സ്താഏവ ചൈത്രക്ഷപാ-
സ്തേചോന്മീലിതമാലതീസുരഭയഃ
പ്രൌഢാഃ കദംബാനിലാഃ
സാ ചൈവാസ്മി; തഥാപി തത്ര സുരത-
വ്യാപാരലീലാവിധൌ
രേവാരോധസി വേതസീതരുതലേ
ചേതസ്സമുൽകണ്ഠതേ"

("എൻ കൌമാരം ഹരിച്ചോൻവര
[നിരവുകളും
ചൈത്രമാസത്തിലേ താൻ
ഫുല്ലശ്രീപിച്ചകപ്പൂമണമുടയകദം-
ബാനിലന്നില്ലഭേദം
ആ ഞാൻ താനെങ്കിലും നൎമ്മദയുടെ തടഭൂ
വിങ്കലങ്ങാററുവഞ്ചി-
ക്കീഴേ ചെയ്യാരതിക്കൈകളിൽ മനമധികോ-
ൽക്കണ്ഠയുൾക്കൊണ്ടിടുന്നു.")

എന്നു പദ്യത്തിൽ വിഭാവനാവിശേഷോക്തിമൂലമായ സന്ദേഹസങ്കരാലങ്കാരമുണ്ടെന്നു വിശ്വനാഥൻ വാദിക്കുന്നുണ്ടെങ്കിലും പ്രകടമായ അലങ്കാരമൊന്നുമില്ലെന്നുള്ള മമ്മടൻെറ മതത്തോടാണ് ഞാൻ യോജിക്കുന്നതു്. ആകെക്കൂടി

"വാക്യം രസാത്മകം കാവ്യം
ദോഷാസ്തസ്യാപകൎഷകാഃ
ഉൽകൎഷഹേതവഃ പ്രോക്താ-
ഗുണാലങ്കാരരീതയഃ"

എന്നു വിശ്വനാഥൻ സാഹിത്യദർപ്പണത്തിൽ കാവ്യത്തിനു ചെയ്തിട്ടുള്ള സാമാന്യനിർവ്വചനം എനിക്ക് അധികം സമഞ്ജസമായി തോന്നുന്നു. ഈ മതത്തിന്റെ ബീജാവസ്ഥ ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽതന്നെ കാണാവുന്നതുമാണ്. രസത്തിന്റെ വ്യാപ്തിയിൽ ഭാവവും രസാഭാസവും ഉൾപ്പെടും. ഇതിനെത്തന്നെ ഈഷൽഭിന്നമായി വ്യാഖ്യാനിച്ചു രസഗങ്ഗാധരത്തിൽ പണ്ഡിതരാജൻ രമണീയാർത്ഥപ്രതിപാദകമായ ശബ്ദമാണ് കാവ്യം എന്നു സ്ഥാപിക്കുവാൻ ചെയ്യുന്ന ഉദ്യമത്തേയും മററും ഇവിടെ നിരൂപണം ചെയ്യുന്നില്ല.

രസമെന്നാലെന്താണ്? 'രസ്യത ഇതി രസഃ' ആസ്വദിക്കപ്പെടുന്നതു രസം. "വിഭാവാനുഭാവവ്യഭിചാരിഭാവസംയോഗാദ്രസനിഷ്പത്തിഃ" എന്നാണ് രസസ്വരൂപനിരൂപണത്തിനു മൂലഭൂതമായ ഭരതസൂത്രം. ഭാവമാണ് രസത്തിന്റെ മൂലമെന്നും വാഗങ്ഗസത്വോപേതങ്ങളായ കാവ്യാർത്ഥങ്ങളെ ഭാവനം ചെയ്യിക്കുന്നതുകൊണ്ടാകുന്നു അതിന് ആ പേർ സിദ്ധിച്ചതെന്നും ഭരതൻ തുടന്നു പ്രസ്താവിക്കുന്നു. ഇവിടെ ദൃശ്യകാവ്യങ്ങളെ മാത്രമേ അദ്ദേഹം ഉൾപ്പെടുത്തുന്നുള്ളു. വിഭാവം വിജ്ഞാനാർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. യാതൊന്നിനാൽ രത്യാദിഭാവങ്ങൾ വിശേഷേണഭാവനം ചെയ്യപ്പെടുന്നുവോ, അതു വിഭാവം. ആ വിഭാവം ആലംബനം, ഉദ്ദീപനം എന്നിങ്ങനെ രണ്ടു പ്രകാരത്തിലുണ്ട്. ശൃങ്ഗാരരസത്തിൽ യൌവനോത്ഭിന്നമായ ചിത്തവൃത്തിയോടുകൂടിയ യുവാവിനു യുവതിയും യുവതിക്കു യുവാവും ആലംബനവിഭാവം. ആലംബനത്തിന്റെ ഗുണം, ചേഷ്ട, അലങ്കാരം ഇവയും ചന്ദ്രചന്ദനമന്ദാനിലാദിതടസ്ഥവസ്തുക്കളും ഉദ്ദീപനങ്ങൾ. ഉദ്ദീപനവിഭാവങ്ങളെക്കൊണ്ടു ശ്രവണത്താലോ ദർശനത്താലോ സഞ്ജാതമാകുന്ന പ്രീതി ഉൽക്കണ്ഠ അഥവാ അഭിലാഷമായി പരിണമിക്കുന്നു. ആ ഉൽകണ്ഠതന്നെയാണ് രതി. അതു തന്നെയാണ് സ്ഥായിയായ ഭാവവും. രത്യാദികളെ അനുഭാവനം അഥവാ അനുമാപനം ചെയ്യിക്കുന്ന കാര്യങ്ങളാകുന്നു അനുഭാവങ്ങൾ. അവ കടാക്ഷം, ഭുജവിക്ഷേപം, സ്തംഭം, പ്രളയം, രോമാഞ്ചം, മുതലായവയാകുന്നു. സ്തംഭം മുതലായ എട്ട് അനുഭാവങ്ങളെ സാത്വികങ്ങൾ എന്നു പറയും. സത്വം എന്നാൽ മനസ്സ്. മനഃപ്രഭവങ്ങളാകയാലാണ് അവയ്ക്കു ആ പേർ വന്നത്. ആലംബനവിഭാവങ്ങളാണ് വാസ്തവത്തിൽ രത്യാദിഭാവങ്ങൾക്കു കാരണമെങ്കിലും അവയെ ഉദ്ദീപിപ്പിച്ച് വിശേഷരൂപത്തിൽ പരിണമിപ്പിക്കുന്നതുകൊണ്ട് ഉദ്ദീപനവിഭാവത്തിനും വിഭാവസംജ്ഞ അന്വർത്ഥം തന്നെ. അനുഭാവങ്ങളെക്കൊണ്ടു രത്യാദിഭാവങ്ങൾ പ്രതീതിയോഗ്യങ്ങളാകുന്നു. വിവിധപ്രകാരത്തിൽ അഭിമുഖമായി സഞ്ചരിക്കുന്ന ഭാവങ്ങളാണ് വ്യഭിചാരികൾ; ഇവയെ സഞ്ചാരിഭാവങ്ങളെന്നും സഹകാരിഭാവങ്ങളെന്നും പറയും. രതിഭാവത്തിന് അധീനരായ നായികയും നായകനും മിഥസ്സമാഗമത്തിനുള്ള ഉപായങ്ങൾ അന്വേഷിക്കുന്നു; അപ്പോൾ ചിന്ത, ഗ്ലാനി, ശങ്ക, വിഷാദം മുതലായുള്ള ഭാവങ്ങൾ അവരെ ബാധിക്കുന്നു. അവയാണ് വ്യഭിചാരിഭാവങ്ങൾ. പക്ഷേ അവ രതിക്കു ഉപകാരകങ്ങളാകുകയല്ലാതെ ഭഞ്ജകങ്ങളാകുന്നില്ല. ഏവഞ്ച സ്ഥായിവിഭാവ

ങ്ങൾക്കു കാര്യകാരണഭാവവും, സ്ഥായ്യനുഭാവങ്ങൾക്കു ജ്ഞാപ്യജ്ഞാപകഭാവവും സ്ഥായിവ്യഭിചാരികൾക്കു പോഷ്യപോഷകഭാവവുമാണ് തമ്മിലുള്ള സംബന്ധം. ഈ സംബന്ധത്തെയാണ് സംയോഗം എന്ന പദംകൊണ്ടു ഭരതമുനി വ്യവഹരിക്കുന്നതു്.

"യഥാ നരാണാം നൃപതിഃ
ശിഷ്യാണാഞ്ചയഥാഗുരുഃ
ഏവഞ്ച സർവ്വഭാവാനാം
ഭാവഃ സ്ഥായീ മഹാനിഹ."
"യേത്തൂപകത്തുമായാന്തി
സ്ഥായിനം രസമുത്തമം
ഉപകൃത്യ ചഗച്ഛന്തി
തേ മതാ വ്യഭിചാരിണഃ."
വിരുദ്ധൈരവിരുദ്ധൈർവ്വാ
ഭാവൈർവ്വിച്ഛിദ്യതേ ന യഃ
ആത്മഭാവം നയത്യന്യാൻ
സസ്ഥായീ ലവണാകരഃ."

എന്നും മററും ഈ തത്വത്തെ വിശദീകരിക്കുന്ന കാരികകൾ പലതുമുണ്ട്. വ്യഭിചാരിഭാവങ്ങൾ വിരുദ്ധങ്ങളായാലും അവ സ്ഥായിഭാവത്തിനു കീഴ്പെട്ടു നിൽക്കുകയേ ഉള്ളു എന്നുമാത്രമല്ല, അതിനെ ഉപകരിക്കുകയും ചെയ്യും; ഉപകരിച്ചില്ലെങ്കിൽ സ്ഥായി അതിനെ ഉപകരിപ്പിക്കും; അത്രയ്ക്കുണ്ട് അതിൻെറ ശക്തി. അങ്ങനെ ക്രമേണ സമാഗമനോപായങ്ങൾ കണ്ടുപിടിക്കുന്നു. ഒടുവിൽ നായകനും നായികയ്ക്കും തമ്മിൽ ചിരകാംക്ഷിതമായ സമാഗമം സിദ്ധിക്കുന്നു; അപ്പോൾ രതി അതിൻെറ പരമകാഷ്ഠയെ പ്രാപിച്ചു പരിലസിക്കുകയും ചെയ്യുന്നു.

"വിഭാവാഅനുഭാവാശ്ച
കഥ്യന്തേ വ്യഭിചാരിണഃ
വ്യക്തസ്സതൈർവ്വിഭാവാദ്യൈഃ
സ്ഥായീ ഭാവോരസഃ സ്മൃതഃ"

എന്നു് ധ്വന്യധ്വനീനന്മാരായ ആചാര്യന്മാർ ഉപദേശിക്കുന്നു. നിഷ്പത്തി എന്ന ഭരതവചനത്തിനു് അഭിവ്യക്തി എന്ന അർത്ഥമാണ് ധ്വനികാരൻ കല്പിച്ചിരിക്കുന്നതു്.

"വിഭാവൈരനുഭാവൈശ്ച
സാത്വികൈർവ്യഭിചാരിഭിഃ
ആനീയമാനസ്സ്വാദുത്വം
സ്ഥായീഭാവോരസസ്മൃതഃ"

എന്നും പ്രമാണമുണ്ടു്.

ഈ രസം നായകനിഷ്ഠമല്ലേ എന്നും ശ്രോതാക്കൾക്കു് അല്ലെങ്കിൽ അനുവാചകന്മാക്കു് ഇതുമായുള്ള ബന്ധം എന്തെന്നും ഒരു ചോദ്യമുണ്ടാകാം. ദൃശ്യകാവ്യങ്ങളിൽ കവിയും നടനും ചെയ്യുന്നപ്രവൃത്തി ശ്രവ്യകാവ്യങ്ങളിൽ കവിതന്നെചെയ്യുന്നു. ഒന്നിൽ സമാജികന്മാരുടെ നിലയാണ് മറേറതിൽ വായനക്കാക്കും ശ്രോതാക്കൾക്കുമുള്ളതു്. ദൃശ്യകാവ്യങ്ങൾക്കും ശ്രവ്യകാവ്യങ്ങൾക്കും ആന്തരമായി ഭേദമില്ല. "കാവ്യേപി നാട്യമാനാ ഏവരസാഃ കാവ്യാത്ഥാഃ" എന്നാണ് അഭിനവഗുപ്തപാദൻ പറയുന്നതു്. വാസ്തവത്തിൽ സീതാദിഗോചരമായ രസം രാമാദികളിൽ തന്നെയാണു സ്ഥിതിചെയ്യുന്നതു്. എന്നാൽ ഒരു വലിയ ലോകതത്വം ഇവിടെ ഓർമ്മിക്കേണ്ടതുണ്ടു്. നാം പൂർവ്വജന്മസംസ്കാരങ്ങളുടെ ഫലമായി നൈസർഗ്ഗികങ്ങളായ ചില വാസനകളോടുകൂടി ജനിക്കുന്നു; ആ വാസനകളെ ഈ ജന്മത്തിൽ പരിപുഷ്ടങ്ങളാക്കുകയോ നൂതനസംസ്കാരജന്യങ്ങളായ വാസനകളെ സമാർജിക്കുകയോ ചെയ്യുന്നതിനു നമുക്കു കഴിയും; അങ്ങനെ ചെയ്യുന്നുമുണ്ടു്. ആ വാസനകളുടെ പ്രേരകശക്തിയാൽ ഉത്തമമായ ഒരു നാടകം കാണുമ്പോഴോ

ഒരു കാവ്യം വായിക്കുമ്പോഴോ നമ്മുടെ ഹൃദയം ചമൽക്കരിക്കുകയും തദ്വാരാ അതു് അനിർവ്വചനീയമായ ഏതോ ഒരു തരം ആനന്ദത്തിനു വിധേയമാകുകയും ചെയ്യുന്നു. ആ ആനന്ദത്തിന്റെ സ്വരൂപം വിശ്വനാഥകവിരാജൻ താഴെക്കാണുന്ന കാരികകളിൽ വിശ്വവിസ്മാപകമായ വിധത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്.

"സത്വോദ്രേകാദഖണ്ഡസ്വ-
പ്രകാശാനന്ദചിന്മയഃ
വേദ്യാന്തരസ്പർശശൂന്യോ
ബ്രഹ്മാസ്വാദസഹോദരഃ
ലോകോത്തരചമൽകാര-
പ്രാണഃ കൈശ്ചിൽ പ്രമാതൃഭിഃ
സ്വാകാരവദഭിന്നത്വേ-
നായമാസ്വാദ്യതേ രസഃ"

രജോഗുണത്തിലും തമോഗുണത്തിലും കവിഞ്ഞു നിൽക്കുന്ന ആന്തരധർമ്മമാകുന്നു സത്വാധിക്യം. സാധാരണീകരണമെന്നൊരു വ്യാപാരം വിഭാവാദികൾക്കുണ്ടു്; ആ സാധാരണ്യാഭിമാനം കൊണ്ടു് ശ്രോതാവും അനുവാചകനും നായകാഭിന്നരായിത്തീരുന്നു. "ഹനുമാനാണു് സമുദ്രലംഘനം ചെയ്തതു് ഞാനല്ല; അദ്ദേഹത്തിന്റെ അപദാനം ഞാൻ കേൾക്കുക അഥവാ വായിക്കുക മാത്രമാണു് ചെയ്യുന്നതു്." ഇത്തരത്തിലുള്ള വിഭാവാദിപരിച്ഛേദം രസാസ്വാദത്തിൽ വരുന്നതല്ല. കാവ്യത്തിൽ സീതാദിശബ്ദങ്ങൾ പരിത്യക്തജനകതനയാദിവിശേഷങ്ങളും സ്ത്രീമാത്രവാചികളുമാകുന്നു. അങ്ങനെ ലൌകികരസവിലക്ഷണവും വിഗളിതവേദ്യാന്തരവുമായ ഈ രസത്തെ എങ്ങനെ പരബ്രഹ്മത്തെ യോഗീശ്വരന്മാർ ആസ്വദിക്കുമോ അതുപോലെ സഹൃദയന്മാർ ആസ്വദിക്കുന്നു. 'ചർവ്വണ' തന്നെയാണു് ആസ്വാദനം. എല്ലാവരും സഹൃദയന്മാരല്ല. വിമലമായ പ്രതിഭാനത്തോടുകൂടിയ ഹൃദയമുള്ളവർ മാത്രമേ രസാസ്വാദത്തിനു് അധികാരികളാകുകയുള്ളു എന്നും "യേഷാം കാവ്യാനുശീലനാഭ്യാസവശാദ്വിശദീഭൂതേ മനോമുകുരേ വർണ്ണനീയതന്മയീഭവനയോഗ്യതാ തേ ഹൃദയസംവാദഭാജസ്സഹൃദയാഃ" എന്നും അഭിനവഗുപ്തപാദൻ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്." യാവചിലരുടെ കാവ്യാനുശീലനാഭ്യാസങ്ങൾ കൊണ്ടു വിശദമായ മനോദർപ്പണത്തിൽ വർണ്ണനീയവസ്തു തന്മയീഭവിക്കുന്നതിനു യോഗ്യമായിത്തീരുന്നുവോ അത്തരത്തിലുള്ള കവിസമാനഹൃദയന്മാരാകുന്നു സഹൃദയന്മാർ. കാവ്യത്തിലെ വാച്യാംശത്തെ അതിശയിച്ചുള്ള വ്യംഗ്യാംശത്തിന്റെ ചർവ്വണയാലാകുന്നു ഈ ആനന്ദവിശേഷം അവർക്കു ലഭിക്കുന്നതു്. അതുകൊണ്ടത്രേ ധ്വനികാവ്യത്തിനു് ഉത്തമത്വം സിദ്ധമാകുന്നതു്. സ്ഥായിഭാവങ്ങൾക്കു് ആ പേർ വന്നതുതന്നെ അന്തഃകരണപ്രവൃത്തിരൂപങ്ങളായ രത്യാദിഭാവങ്ങൾക്കു് ആശുവിനാശിത്വമുണ്ടാകാമെങ്കിലും സംസ്കൃതമായ ഹൃദയത്തിൽ അതിനു ചിരകാലസ്ഥിതിയും രസപ്രതീതിദശവരെ അനുസന്ധാനക്ഷമതയും വരാവുന്നതിനാലാണെന്നു ചില ആലങ്കാരികന്മാർ പറയുന്നുണ്ടു്. രസാസ്വാദത്തിന്റെ ഭേദമനുസരിച്ചാണു് രസഭേദമുണ്ടാകുന്നതു്.

"സ്വാദഃ കാവ്യാർത്ഥസംഭേദാ-
ദാത്മാനന്ദസമുദ്ഭവഃ
വികാസവിസ്തരക്ഷോഭ-
വിക്ഷേപൈസ്സ ചതുർവിധഃ
വികാസഃ കുസുമസ്യേവ
പാദപസ്യേവ വിസ്തരഃ

ക്ഷോഭോബ്ഭേരിവ വിക്ഷേപോ
മാരുതസ്യേവ ചാത്മനഃ.
ശൃങ്ഗാരവീരബീഭത്സ-
രൌദ്രേഷു മനസഃക്രമാൽ
ഹാസ്യാദ്ഭുതഭയോൽകഷ-
കരുണാനാം തഏവഹി"

സഹൃദയൻെറ മനസ്സു പുഷ്പംപോലെ വികസിക്കുകയോ വൃക്ഷംപോലെ പടരുകയോ സമുദ്രം പോലെ ക്ഷോഭിക്കുകയോ കാററുപോലെ ഭ്രമിക്കുകയോ ചെയ്യാം. ശൃങ്ഗാരത്തിൽ വികാസവും വീരത്തിൽ വിസ്തരവും ബീഭത്സത്തിൽ ക്ഷോഭവും രൌദ്രത്തിൽ വിക്ഷേപവുമുണ്ടാകുന്നു. ശൃങ്ഗാരത്തിൽ നിന്നു ഹാസ്യവും രൌദ്രത്തിൽ നിന്നു കരുണവും വീരത്തിൽ നിന്നു അത്ഭുതവും ബീഭത്സത്തിൽ നിന്നു ഭയാനകവും ജനിക്കുന്നതിനാൽ മുൻചൊന്ന ശൃങ്ഗാരാദികളായ നാലുരസങ്ങളും ജനകങ്ങളും ഹാസ്യാദികളായ നാലുരസങ്ങളും ജന്യങ്ങളുമാണ്.

അഭിധാമൂലധ്വനികോടിയിൽ അസംലക്ഷ്യക്രമവ്യംഗ്യമെന്ന വകഭേദത്തിൽപ്പെട്ടതാണ് രസധ്വനി; ലക്ഷ്യവ്യങ്ഗ്യക്രമത്തിൽ പെട്ടവയാണ് വസ്തുധ്വനിയും അലങ്കാരധ്വനിയും. ഇവയിൽ രസധ്വനിതന്നെയാണ് സവ്വോത്തമം. "രസ ഏവ വസ്തുത ആത്മാ; വസ്ത്വലങ്കാരധ്വനീതുരസ ഏവ പയ്യവസ്യതേ" എന്നു ലോചനകാരൻ വ്യവസ്ഥാപനം ചെയ്യുന്നുമുണ്ട്.

ഇതിൽനിന്നു ശബ്ദാത്ഥചിത്രകാവ്യങ്ങളുടെ നില എത്ര താഴെയാണെന്നു വിശദമാകുന്നുണ്ടല്ലോ. ചിത്രകാവ്യം കേവലം വാഗ്വികല്പമെന്നാകുന്നു ധ്വനിപ്രസ്ഥാനക്കാർ സമത്ഥിക്കുന്നതു്.

സച്ഛിന്നമൂലഃ ക്ഷതജേന രേണു-
സ്തസ്യോപരിഷ്ടാൽ പവമാനധൂതഃ
അങ്ഗാരശേഷസ്യ ഹുതാശനസ്യ
പൂവ്വോത്ഥിതോധൂമഇവാവിരാസീൽ"

എന്ന രഘുവംശപദ്യത്തിൽ അതിവിശിഷ്ടമായ ഉപമാലങ്കാരപ്രയോഗമുണ്ടെങ്കിലും ധ്വനിവിഹീനമാകയാൽ അതിനു കാവ്യത്വമില്ലെന്നു സിദ്ധാന്തിക്കുന്ന ആലങ്കാരികന്മാരുണ്ട്. പിന്നെ വേണ്ടേ അദ്ധ്ഭ്രമകഗോമൂത്രികാദിബന്ധങ്ങളെക്കൊണ്ടു സഹൃദയഹൃദയയോദ്വേജനം ചെയ്യുന്ന ശബ്ദചിത്രകാവ്യങ്ങൾക്കു കാവ്യത്വമുണ്ടാകുക! വെറുതെയല്ല നീലകണ്ഠദീക്ഷിതർ ശിവലീലാർണവത്തിൽ അദ്ദേഹത്തിൻെറ സ്വതസ്സിദ്ധമായ ഫലിതശൈലിയിൽ താഴെക്കാണുന്ന വിധത്തിൽ കവികളെ ഉപദേശിക്കുന്നതു്.

"വിദ്വൽപ്രിയം വ്യങ്ഗ്യപഥം വ്യതീത്യ
ശബ്ദാത്ഥചിത്രേഷു കലേർവിലാസാൽ
പ്രാപ്തോനുരാഗോ നിഗമാനപേക്ഷ്യ
ഭാഷാപ്രബന്ധേഷ്വിവപാമരാണാം.
കൃതേയുഗേവ്യഞ്ജനയാവതീർണാ;
ത്രേതായുഗേ സൈവഗുണീബഭൂവ ;
ആസീത്തൃതീയേതുയുഗേത്ഥചിത്രം;
യുഗേതുരീയേമകപ്രപഞ്ചഃ.
ദിഷ്ട്യാധിരൂഢഃഖകവിതാധിരാജ്യം
ധീരാരമന്തേനതു ശബ്ദചിത്രേ;
സ്വർഗേപിഗത്വാപ്സരസാംനിവാസേ
കാണൈവകിം കാപിഗവേഷണീയാ ?
അന്യോന്യസംസക്തവിശേഷരമ്യാ-
പ്യലംകൃതിഃപ്രത്യുതശോചനീയാ
നിവ്യങ്ഗ്യസാരേകവിസൂക്തിബന്ധേ
നിഷ്ക്രാന്തജീവേപപുഷീവദത്താ"

ഗുണപ്രകരണത്തിൽ വാമനൻെറ ദശഗുണഗണനം ശരിയല്ലെന്നും

"മാധുയ്യൌജഃപ്രസാദാഖ്യാ-
സ്ത്രയസ്തേ നപുനർദ്ദശ"

അതായതു് മാധുയ്യം, ഓജസ്സ് പ്രസാദം എന്നിങ്ങനെ ഗുണങ്ങൾ മൂന്നേയുള്ളു എന്നു മമ്മടഭട്ടൻ സ്ഥാപിച്ചിരിക്കേ തദനുയായിയായ വിദ്യാനാഥൻ ഭോജരാജാവിനെ

പിൻതുടൎന്നു് ഇരുപത്തിനാലു ഗുണങ്ങൾക്കു പ്രവേശം നല്കിയിരിക്കുന്നതു് ഉചിതമാണെന്നു പറവാൻ പാടുള്ളതല്ല. കവികൾ നായകോൽകൎഷാധായകങ്ങളായ പദ്യങ്ങൾ കുറെക്കൂടി നിൎമ്മിക്കുവാൻ അതൊരു മാൎഗ്ഗമായെന്നേയുള്ളു. ആലങ്കാരികപിതാമഹനായ ഭാമഹനും മുൻചൊന്ന മൂന്നുഗുണങ്ങളെ മാത്രമാകുന്നു അങ്ഗീകരിക്കുന്നതു്. മിശ്രാലങ്കാരങ്ങളെ അൎത്ഥാലങ്കാരപ്രകരണത്തിൽ ഉൾപ്പെടുത്താതെ അവയ്ക്കായി പ്രത്യേകം ഒരു പ്രകരണം വിനിയോഗിച്ചതും അനാവശ്യംതന്നെ. അൎത്ഥാലങ്കാരവിഷയത്തിൽ രാജാനകരുയ്യകനെ അനുകരിച്ചതു നന്നായി. ചന്ദ്രാലോകകാരനായ ജയദേവൻ വിദ്യാനാഥനു മുൻപു ജീവിച്ചിരുന്നതുകൊണ്ടു് വേണമെങ്കിൽ അദ്ദേഹത്തിന്റെ കാലടിപ്പാടുകൾ നമ്മുടെ ഗ്രന്ഥകാരനു പിൻതുടരാമായിരുന്നു. അതുചെയ്യാത്തതിനു് അദ്ദേഹത്തെ പ്രശംസിക്കേണ്ടിയിരിക്കുന്നു. ഇനിയും പലതും പറവാനുണ്ടു്. വിസ്തരഭയത്താൽ ഇവിടെ നിറുത്തുന്നു.

സംസ്കൃതം ആണേഴ്സ് വിദ്യാൎത്ഥികൾക്കു പ്രതാപരുദ്രീയം പഠിക്കുന്ന വിഷയത്തിൽ എന്റെ ഈ പ്രസങ്ഗം അല്പമെങ്കിലും പ്രരോചകമായി പരിണമിക്കുമെങ്കിൽ അതുതന്നെയായിരിക്കും എന്റെ പരിശ്രമത്തിന്റെ ഫലം.

---

ശ്രീ

# ഭക്തിപ്രഭാവശതകം.

(എം. രാജരാജവൎമ്മ തമ്പുരാൻ എം. ഏ., ബി. എൽ.)

൯൧

ലാവണ്യത്തിനു ഭേദമില്ല പരമജ്ഞാന-
ത്തിനും കാല്യമായ്
ദൈവത്തിൻ മഹിമാവു മന്ത്രവഴിയായ്
കണ്ടിട്ടു യോഗീശ്വരർ
സേവിപ്പോൎക്കു കൊടുത്ത വിദ്യമറവായ്
കാലക്രമത്തിൽ, പുന-
ന്നവ്യം തന്ത്രവിധിക്കധീനമുളവായ്
പാശ്ചാത്യശാസ്ത്രങ്ങളായ്.

൯൨

ദേശം കാലവുമെന്നിവയ്ക്കു ഗണനാ
ശൂന്യത്വമുണ്ടാക്കുവാൻ
വീശുന്നൂണ്ടശരീരവാക്കു, വിടെയും
ചെന്നെത്തിടാം തൽക്ഷണം
ആശയ്ക്കൊത്തു വിമാനമേറി, പുകളും
പാടുന്നു ഗാനങ്ങളി-
ന്നാശാസംഭൃതഭൃത്യസഞ്ചയമഹാതേ
ജോൎമ്മിപൂരം നൃണാം.

൯൩

പ്രാചീനാൎയ്യമഹൎഷിമാർ മനുജരിൽ
സൌഭാഗ്യമേററീടുവാൻ
സാചിവ്യത്തിനു തീൎത്ത വിദ്യകൾ പുന
ൎജ്ജന്മത്തിലല്പേതരം
നീചത്വം കലരുന്ന സംഗരമഹാതന്ത്ര
ങ്ങളായ് തീൎന്നഹോ!
വാചാം ഗോചരമററ കഷ്ടത പുലൎത്തീടു
ന്നു നാടൊക്കവേ.

൧൪

ഭ്രസ്വത്തേക കുടുംബമായനുഭവിച്ചവ്യാ-
ഹതാനന്ദമായ്
ഭാസ്വൽ ഭൂരിജനങ്ങളോടു ലകിനെപ്പാ
ലിച്ച രാജാ പുരാ;
അസ്വാസ്ഥ്യ സ്ഥിതി പൂണ്ട ദുഷ്ടരധുനാ ഭാ
ഗം പിരിച്ചത്ഭുതം
നിസ്സ്വന്മാർ കവരുന്നു സാധുവിന്നെഴും
സ്വത്തും ബലാൽകാരമായ്!

൧൫

മൂന്നാണുള്ളതു മൂലക പ്രകൃതിയെച്ചൂഴും
ഗുണം, സത്വവും
പിന്നെ തൈജസതാമസങ്ങളു,മതിങ്ങോ
തുന്നു രണ്ടായ് ചിലർ;
ഒന്നാണാത്മസുഖാനുഭൂതിയെ വളർത്തീടു-
ന്ന ദിവ്യം ഗുണം,
തന്നെത്താൻ ഞെളിയുന്ന വാറെഴ മഹ
ങ്കാരാത്മകം മററതും.

൧൬

വേറായിട്ടെഴുമീഹയങ്ങളെയിണച്ചോടിക്ക
വാൻ ജീവനാം
തേരാന്നിട്ടു ലഗാൻ പിടിച്ച മരുവും ബു
ദ്ധിക്കിതാ കൈതൊഴാം;
വീറിന്നല്പമിളപ്പമോ വലിവിലിങ്ങാലസ്യ
മോ പററിയാൽ
ചീറിപ്പാഞ്ഞു മറിഞ്ഞു കുണ്ടിനകമേ വീ
ഴും ശതാംഗം ക്ഷണം.

൧൭

സത്വത്തിൻഗുണമാന്ന വിത്തിഹജഗ
ത്താകും മഹോദ്യാനമാ-
ന്നാദ്യം വേരുകളൂന്നി, നല്ലമുളവന്നീടുന്നു
പിന്നീടതിൽ,
സദ്യോ വാസന യേററു ചുററുമിരതേടീട്ടും
വളന്നീടുവാ-
നുദ്യോഗിച്ചു, ചിരേണവന്മരവുമാ, യേകും
തണൽ പാന്ഥനും,

൧൮

എന്തെല്ലാം പ്രതിബന്ധമായ് വരികിലും
ക്രൂട്ടാക്കയില്ലൊന്നിലും
താന്താങ്ങൾക്കഭിവൃദ്ധി നേടുവതിനായ്
രന്ധ്രങ്ങൾനോക്കും മരം;
തന്തയ്ക്കുണ്ണികളോടു ഭൂരുഹഗണങ്ങൾ
ക്കില്ലക്രൂരല്പവും
സ്വന്തംവിത്തു മുളച്ചു മൂട്ടിൽവളരും
തൈയ്യും നശിപ്പിച്ചിടും.

൧൯

മാറീടുന്നു മൃഗങ്ങൾ പക്ഷികൾ തുടങ്ങീട്ടു
ള്ള ജന്തുക്കളിൽ
ചേരും വാസന; നോക്കണേ! കുരുവി
പോയ് കൊത്തീട്ടു ധാന്യങ്ങളെ
നേരായ്ചെന്നു കുലായമാന്നു മരുവും കുട്ടി
ക്ക വായിൽകൊടു-
ത്താരോഗ്യത്തെ വളത്തിടുന്നു നിതരാം പ
ക്ഷം മുളയ്ക്കുംവരെ.

൨൦

അവ്വണ്ണം മുലയും ചുരത്തി പശുവും പാ
ലേകിടും കുട്ടികളിൽ
നിവ്യാജപ്രിയമോടു നക്കി നലമായ് പോ
ററീടു മെന്നാകിലും,
മേയാൻ പ്രായമിയന്നിടുമ്പൊഴവയെ പ്പാ
യുന്നു മായംവിനാ;
തായുംമക്കളുമെന്ന ചാച്ച്യ യവയിൽ
കാണാനുമില്ലൊട്ടുമേ.

൨൧

നോക്കൂ, മാനുഷപോതമൊന്നിഹ പിറ
ന്നീടുമ്പൊഴേസ്തന്യവും
നക്കീടാൻ മുറയിട്ടിടുന്നു, ചെടികൾത്താ
യ് വേരുനീട്ടും വിധം
ആക്കം പൂണ്ടുപിടിച്ചിടുന്നു മുലയും വായും
തുറന്നേററവും,
ചക്കച്ചാക്ക നിറച്ചു നെല്ലുകവരാൻ ചീറു
ന്നമട്ടാണിതും.

൭൨

അല്പപ്രാണിയു മുത്ഭിദത്തിനുസമം സാധു
ക്കളെക്കൊന്നു തി-
ന്നല്പന്നം ജഠരാഗ്നി താപവു മടക്കീടുന്നു
കുംക്ഷിം ഭരി;
വമ്പൻ സിംഹവുമോദനം കവരുവാൻ
പാമ്പും പതുങ്ങിക്കിട-
ന്നമ്പിൽ പാർത്തിരയാക്കിടുന്നു കഠിനം!
പ്രാണിപ്രപഞ്ചത്തിനേ.

൭൩

സ്വാർത്ഥത്തിന്നു വരുന്നുവെങ്കിലുലകിൽ
സർവ്വാധിപത്യം മഹാ-
നർത്ഥത്തിന്നുനിദാനമായിവരുമേ വൻ-
വിപ്ലവം നിർണ്ണയം;
വർദ്ധിക്കും കലഹം, നശിക്കുമബലൻ,
തോന്ന്യാസവും ന്യായമാം;
ബുദ്ധിക്കീനിലനീചമെന്നുമനുജൻ ചി-
ന്തിച്ചടക്കീട്ട തം,

൭൪

പാരമ്പര്യവഴിക്കുകിട്ടിയ മഹാരോഗം
ശമിപ്പിക്കുവാൻ
വീരൻബുദ്ധിതെളിഞ്ഞിടുന്നു പുതുതായ്
ദിവ്യൌഷധം കണ്ടപോൽ;
നേരായ് നോക്കുകിലിപ്രപഞ്ചസൃജയിൽ
സർവ്വത്തിലും വിശ്വസൃ-
ക്കോരായപ്പണിചെയ്തതീർത്തുഗുണദോഷ
ങ്ങൾക്കു തുല്യംബലം. (യുഗ്മകം)

൭൫

ദുഷ്പ്രാണർക്കുംവഴിക്കെഴുന്നുവലുതാം വ്യാ
ധിക്കു സിദ്ധൌഷധം
സൃഷ്ടിക്കുന്നതവർക്കുചേർന്നവിഷവും
കൊണ്ടല്ലയോ വൈദ്യരും?
ഇഷ്ടംപോലലയുന്നതിൽപ്പലതരം കഷ്ട
ങ്ങൾ കൊണ്ടീടവേ
കൂട്ടംകൂടിനടക്കുവാൻ വിരുതെഴുന്നീടുന്നു
ചെന്നായ്ക്കളിൽ.

൭൬

കാണാം മുട്ടവിരിഞ്ഞകുട്ടികളുമായ് ചേ
ന്നപ്പിടക്കോഴികൾ
ത്രാണംചെയ്യതിനക്കിടാങ്ങളെ വിരിച്ചീ
ടുന്നു പക്ഷങ്ങളെ,
വാണംപോലഥ പാഞ്ഞുകൊത്തുമരിക
ത്താരാനുമേ ചെല്ലുകിൽ,
പ്രാണംപോകിലുമാത്മജങ്ങളെ യുപേ
ക്ഷിക്കില്ല രക്ഷിച്ചിടും.

൭൭

പൊണ്ണൻ വാരണയൂഥപൻെറ വിരുതും
നോക്കൂ! വനാന്തങ്ങളിൽ
പെണ്ണും മോഴയുമക്കിടാങ്ങളോടുമായ്
കൂട്ടം കലൎന്നീടവേ,
തൂർണ്ണംകാതുകളൊച്ചകേൾക്കുമുടനേ വട്ടം
പിടിച്ചൊററയായ്
തിണ്ണം നേർത്തുവിരോധിയോടുനിലയാം
രക്ഷിച്ചുതൻക്രൂരരെ.

൭൮

നിത്യംമുട്ടകളിട്ടുകോടികലരും സന്താന
മുണ്ടാക്കിടും
പ്രത്യേകംപല കീടവർഗ്ഗമുലകിൽ കാണാം
നിരീക്ഷിക്കുകിൽ,
വ്യത്യാസംകലരാതെ തമ്മിലവയും ചേ
ന്നപ്പനത്തിൽസുഖം
സ്തുത്യർഹംനിവസിച്ചു തായ് പുഴുവിനെ
കാത്തങ്ങുവാഴുന്നതും.

൭൯

ലോകത്തിൽ സകലത്തിലും വിശദമായ്
കാണുന്ന ശക്തിദ്വയം
പാകത്തിന്നിണ ചേർത്തുരുക്കിയുരകല്ലുണ്ടാ
ക്കി ലോകേശ്വരൻ
നാകത്തിൽ കയറീടുവാനുതകുമോ
ബുദ്ധിക്കുമാറെറന്നു ക
ണ്ടേകുന്നു വിലയും കണക്കിനുതുലാസിൽ
തൂക്കിനോക്കിക്കനം.

വ്വം

സാക്ഷാൽ നിസ്പൃഹമായ് തനിഗ്ഗുണമെ
ഴും സ്നേഹത്തിനച്ചെങ്ങുവാൻ
ഈക്ഷിക്കാമിതിപാക്കിൽ, മാതൃഹൃദയ
ത്തിന്നുള്ളിലായ് കാണലാം;
സൂക്ഷിച്ചാലതിനുള്ള തത്ത്വമറിയാം,
താൻ തന്നെയാണാത്മജൻ,
രക്ഷിക്കാനവനോനെ ചെറെറാരുവനും
വേണ്ടാ നിമിത്താന്തരം.

വ്വഫ

പണ്ടേതന്നെ വിരിഞ്ഞു വാസനയെഴും
പ്രേമപ്രസൂനം നൂണാം
പൂണ്ടീടുന്നഘ ധമ്മമെന്ന ഫലവും
ബുദ്ധിപ്രഭേദവത്തിനാൽ;
ഉണ്ടായാലുമുരുണ്ടുകൂടി വിളയാൻ
മണ്ടയ്ക്കുകായ്ക്കും പഴം
വീണ്ടും നാളുകളുണ്ടു താമസവുമെന്നാക്കും
മറക്കാവതോ?

വ്വവ

തള്ളയ്ക്കുള്ള വയററിൽ നിന്നു വെളിയിൽ
ചാടുന്ന പൊൻപൈതലി-
ന്നുള്ളത്തിൽ പ്രതിബിംബമാന്ന ജനനീ
ഹൃത്താമരത്താരൊളി
വെള്ളത്തിൽക്കളിയാടിടുന്ന നിഴലെ-
ന്നോണം വിളങ്ങും വിധൌ
തുള്ളിച്ചാടുമുടൻ നവീനനിധിയൊന്നേ
റെറന്നു പെററമ്മയും.

വ്വന്ദ

പ്രായം കുഞ്ഞിനു വന്നിടുന്ന വഴിയേ
തായയ്ക്കുമേറും പ്രിയം,
മായം വിട്ടതിനേളു ദാസ്യവുമിയന്നീടാൻ
മടിക്കില്ലവൾ,
കായംപോകിലു'മെൻെറ പൈതലിനു
ഞാനെന്താണുചെയ്യേണ്ടതെ-
ന്നായം പൂണ്ടു നടന്നിടുന്നു ജനനീതായം
പിടിച്ചെന്നുമേ.

വ്വർ

കേളിക്കുള്ളൊരു മേളമാൻ ചപലൻ
കൃഷ്ണൻ കളക്കൊഞ്ചലും
മേളിച്ചങ്ങു യശോദതൻെറ പിറകേ
ചെന്നിട്ടുകൺപൊത്തിടും,
മൂളിപ്പാട്ടിൽ മയങ്ങി യമ്മ മകനെ
ച്ചുംബിച്ചു ലാളിച്ചു തൻ-
തോളിൽ തൂക്കിയെടുത്തിടുന്ന പടവും
കാണ്മൂ മഹാതത്ത്വമായ്.

വ്വഠ

അശ്വത്ഥത്തിനു തുല്യമായ് പടരുമേ
ശാഖോപശാഖംപ്രിയ-
ശശ്വൽ പുത്രകളത്രസോദരസുഹൃത്തെ
ന്നായ്പ്പടന്നേററവും,
വിശ്വം വായ്ക്കുമഹോ ചരാചരമയം
സോദയ്യസാരാത്മകം
വിശ്വാസാമലമായ പട്ടുചരടാലൊന്നിച്ചു
ബന്ധിച്ചതായ്.

വ്വന്ദ

ഇത്ഥം സാവ്വജനീനമാകിയ സുഹൃൽ
ഭാവം വളന്നീടവേ,
പാത്ഥന്നേകി മുകന്ദനെന്നവിധമായ്,
സാരഭ്യമബ്ബുദ്ധിയും
സ്വസ്ഥാനത്തിലിരുന്നു മത്ത്യനരുളും
സവ്വാത്ഥതത്ത്വങ്ങളും
സംസ്ഥാപ്യാമല സത്യലോകമുലകിൽ
സൌന്ദയ്യസാരാത്മകം.

വ്വഌ

ഇത്തത്ത്വത്തെ മറന്നു മാനുഷനിതാ!
മത്തേഭനെന്നോ'ണമായ്
കുത്തും വെട്ടുമടുത്തുചേന്നവരിലങ്ങേ
ല്പിച്ചു വിത്താത്ഥിയായ്
സത്യാത്ഥം വെടിയുന്നവാറു വെടിയും
പൊട്ടിച്ചു പീരങ്കിയാൽ
കൃത്യത്താൽ വെടിയും പുകച്ചു സകലം
ഭസ്മീകരിക്കുന്നു, ഹാ!

൮൮

ലക്ഷംലക്ഷമെഴുന്ന മക്ഷികകളും
ക്രൂടൊന്നു വച്ചായതിൽ
നിക്ഷേപിച്ചഥ തള്ളയാം പുഴവിനെ
പ്പാലിച്ചു പാൎത്തീടുമേ.
സൂക്ഷിച്ചാലവ വാണിടുന്നു തറവാടൊ
ന്നായി വച്ചത്ഭുതം
ലക്ഷ്യം മൎത്ത്യനു കാട്ടിടുന്നു സമുദായ
ത്തിൻ മഹത്ത്വം പരം.

൮൯

കഷ്ടം! സാധു പിപീലികാ പ്രഭൃതികൾ-
ക്കൾബോധമില്ലായ്കിലും
ശിഷ്ടാചാരഗുണങ്ങളാൽ മനുജരെ
തോല്പിച്ചിടുന്നില്ലയോ ?
ഇഷ്ടംപോലെ നടപ്പതാണുലകിലിന്നൌ
ന്നത്യമെന്നോൎത്തിതാ !
നഷ്ടപ്പെട്ടു സമസ്തവുംബത! മഹാരാഷ്ട്ര
ങ്ങൾ കാടായിതേ!

൯൦

രാത്രിക്കൊട്ടു കിടന്നുറങ്ങി പലതും
സ്വപ്നങ്ങൾ കണ്ടത്ഭുതം
നേത്രം ചിമ്മിയുണൎന്നിടുന്ന സമയം
തോന്നുംവിധം സംഭ്രമം.
ഇത്ത്രൈലോക്യ ചരാചരപ്രകൃതികണ്ടേ
ററം മിഴിക്കുന്നധീ
തത്രൈവ ഭ്രമമാൎന്നിടുന്നു കണികണ്ടീ
ടാതെ ദൈവപ്രഭ.

൯൧

നാടെല്ലാം നടമാടിടുന്നപുകഴാംപൂവേണി
യെപ്പുൽകിടാ-
നാടുന്നൂസമരം സഹോദര ജനത്തോടും
മനുഷ്യൻ ഭുവി;
കഷ്ടം! ദേവനുമപ്രകാരമപരാധാരോപ
ണം ചെയ്യുവാ-
നിഷ്ടപ്പെട്ടു ചമയ്ച്ചുവച്ചുവലുതാം ദേവാ
സുരായോധനം!

൯൨

ഇഷ്ടാശക്തി മുതിൎന്നിടുന്നു നരനിൽ
പഞ്ചേന്ദ്രിയദ്വാരമായ്
മെച്ചം വായ്ച്ചൊരു ലോകമോഹിനിയെ
ഴും ഭ്രൂവിഭ്രമം കാണവേ;
സ്വച്ഛജ്ഞാനമിയന്നു ബുദ്ധിയുടനേ
നേൎത്തിട്ടുമോഹങ്ങളെ
പ്പുഷ്ടിച്ചിട്ടവയോടു പോർ പൊരുതിടും
സത്യാഗ്രഹം ചെയ്തിടും.

൯൩

'ഞാനാണിന്നുമഹത്ത്വമേറുമുലകിൽ ഭോ
ക്താവതൊ'ന്നിച്ഛയും
ഞാനാണിന്നിഹസത്യമോൎക്കിലുലകിൻ
ഭൎത്താവിനിജ്ഞാനവും
സ്ഥാനം കൊള്ളുവതിന്നുമാനസകുരുക്ഷേ
ത്രത്തിലവ്യാഹതം
മാനം നേടിടുമാറുഭാരതമഹായുദ്ധം നട
ത്തും സദാ

൯൪

ഞായം തമ്മിലുരച്ചുലോകമുറയെപ്പാലി
ക്കുവാൻ കേശവൻ
പ്രേയാനേകിമനോജ്ഞമാക്കിയമഹാഗീ
താൎത്ഥ തത്ത്വം പരാ
പായം പായമഖണ്ഡസൌഖ്യമിയലാൻ-
ബുദ്ധീച്ഛുകൾക്കും തഥാ
ശ്രേയോമാൎഗ്ഗമുരച്ചു ഭക്തിവെളിവാക്കീടു
ന്നു സത്യം പരം.

൯൫

ഭക്തിക്കുള്ള പതാകയാണുകലകൾ, ബു
ദ്ധിക്കു കണ്ണാടിയാം
ശക്തിക്കൊത്തൊരു മോഹകല്പതരുവിൽ
പൂക്കുന്ന സന്താനമാം
വ്യക്തിക്കുള്ള വിശേഷമോടു വിലസും
ബ്രഹ്മാണ്ഡഭണ്ഡാരമാം,
മുക്തിക്കേറുവതിന്നു തീൎത്ഥ വിമലം
ഗാംഗേയസോപാനമാം.

൯൬

ഇച്ഛാജ്ഞാനക്രിയാശക്തികൾ പലവി
ധമായ് തീൎന്നീലോകമാകെ
സ്പൃഷ്ടായം പൂശിവിശേഷശ്വരമഹിമയി
ലങ്ങേകമായിട്ടഴിഞ്ഞും,
വാഞ്ഛിക്കും കാമമെല്ലാമരുളിന മുരളീനാദ
മായിച്ചമഞ്ഞും,
തഞ്ചത്താൽ മൂന്നു ലോകങ്ങളുമൊരടിയ
താൽ സ്വന്തമാക്കുന്നു ഭക്തി.

൯൭

പച്ചപ്പത്രങ്ങൾ തിന്നപ്പുഴ പലദിവസം
ചെന്നിട്ടുമ്പോൾ വിളങ്ങും
പച്ചക്കൽവച്ച ഞാത്തായ് പുനരതുപക
രും ചിത്രപത്രാഭയോടെ;
മെച്ചത്തിൽബ്ബുദ്ധിയാകും കൃമിയുമതുവിധം
തിന്നുലോകങ്ങളേഴും
വായ്ച്ചീടും ഭക്തിയായി ത്തദനുകലകളാ
യ്തീൎന്നു പാരിൽപ്പറക്കും.

൯൮

ചൊല്ലുന്നു ബുദ്ധിമാന്മാർ സകലവുമുല
കിൽ സ്ഥൂലസൂക്ഷ്മങ്ങളാണെ
ന്നല്ലോ, സ്ഥൂലം നശിക്കും, സ്ഥിരമഥമ
രുവും സൂക്ഷ്മമെന്നും കഥിപ്പൂ.
കൊല്ലാൻ മേലാത്തതേതെന്താണുലകിലി
തിനിനച്ചീടവേ ഭക്തിയൊന്നേ
നില്പൂസൂക്ഷ്മസ്വരൂപം പ്രകൃതിപുരുഷസ
മ്മേളനത്തിൻ പ്രസൂനം.

൯൯

ഈടേറും ദ്വന്ദ്വഭാവം സകലവുമൊരുമി
ച്ചാക്കിടും സ്നേഹമായും,
മൂടാകും പുണ്യപാപങ്ങളുമടിപണിയും മൂ
ലചൈതന്യമായും
വീടായും വീരലക്ഷ്മിക്കുടജമധിവസിച്ചീടു
വാൻ ശാന്തതയ്ക്കും,
നേടാനാനന്ദമാകും നിലയനമമലം, ഭ
ക്തിയൊന്നേജയിപ്പൂ.

൧൦൦

സ്ഥൂലത്തിൽ പാദപത്മം, തിരുവുടലുല
കിൽ, സൂക്ഷ്മഗന്ധോത്തമാംഗം,
കാലത്തിൽ കയ്യിരണ്ടും, കലകളിലുഴി
യും ലോചനം, ശ്രോത്രരംഗേ
മേളിക്കും നാദതത്ത്വം, മുഖകമലമണി
ഞ്ഞീടുമേ വാണിമാതും,
വ്യാളാഗേ പള്ളികൊള്ളും ഭവഭജന
മഹാഭാഗധേയം ജയിപ്പൂ.

# മലേഷ്യയിലും ഇൻഡോചൈനയിലും ഉണ്ടായിരുന്ന ഹിന്ദുസംസ്കാരം.

കെ. മാമൻ എം. എ.

മലേഷ്യയിലേയും ഇൻഡോ ചൈനായിലേയും ചരിത്രകാലത്തേ നാഗരികത്വം ദക്ഷിണേൻഡ്യയിലേതുമായി സംബന്ധിക്കപ്പെട്ടിരുന്നു. ക്രിസ്തുവിനു ആയിരം വർഷങ്ങൾക്കുമുൻപു തുടങ്ങി മുസ്സൽമാൻ ആക്രമണംവരെ ദക്ഷിണേൻഡ്യൻ ചരിത്രം മൂന്നുപ്രധാന രാജവംശങ്ങൾ (മൂവരശർ) ആയ പാണ്ഡ്യ, ചോള, ചേരങ്ങളെ ആശ്രയിച്ചുള്ളതായിരുന്നു. എന്നാൽ മലയ ചരിത്രം മൂവരശരുമായല്ല, പല്ലവരാജാക്കന്മാരുമായത്രെ സംഘടിതമായിരുന്നതു്. ഇൻഡ്യൻ സംസ്കാരപ്രവാഹത്തിൻെറ ഫലമായിട്ടായിരിക്കാം മലയ പ്രദേശങ്ങൾക്കു 'നൂതനഇൻഡ്യ' എന്നു പേർ വന്നുകൂടിയതു്.

പല്ലവർ ദക്ഷിണ ഇൻഡ്യയിൽ ഉന്നതസ്ഥാനം പ്രാപിച്ചിരുന്നതു് ഏകദേശം ക്രിസ്താബ്ദം 550 നും 750 നും മദ്ധ്യേ ആയിരുന്നു. ഏഴാം ശതാബ്ദത്തിൽ ഈ രാജവംശത്തിലെ രണ്ടു പ്രധാനരാജാക്കന്മാർ മഹേന്ദ്രവർമ്മനും (600—624) നരസിംഹവർമ്മൻ കാഞ്ചിയും (625—645) ആയിരുന്നു. ഇവരിൽ ഒന്നാമൻെറ കാലത്തു് പാറയിൽ നിന്നു് വെട്ടിയുണ്ടാക്കപ്പെട്ട ക്ഷേത്രങ്ങൾ, ഗുഹകൾ, മനോഹരങ്ങളായ കെട്ടിടങ്ങൾ, വലിപ്പമുള്ള ഒരു സരസ്സ് മുതലായ അനവധി പൊതു മരാമത്തു പണികൾ ചെയ്യപ്പെട്ടിട്ടുണ്ടു്. രണ്ടാമത്തെ രാജാവിൻെറ കാലത്തു് ചലൂക്കിയരെ യുദ്ധത്തിൽ പരാജിതരാക്കി തമിഴ് നാട്ടിൽ മാത്രമല്ല ദക്ഷിണേൻഡ്യ മുഴുവനും പല്ലവരുടെ അധികാരം സ്ഥാപിതമായി. ഇദ്ദേഹത്തിൻെറ ഭരണകാലത്തായിരുന്നു ചീനസഞ്ചാരിയായ ഹയൻസാങ്ങ് (Hiuen Tsang) എന്ന തീർത്ഥയാത്രക്കാരൻ പല്ലവരാജ്യത്തു വന്നതും ആ രാജ്യത്തെ സംബന്ധിച്ച പല വിവരങ്ങളും തൻെറ കൃതിയിൽ ചേർത്തെഴുതിയതും.

അചിരേണ പല്ലവശക്തി അധോഗതിയെ പ്രാപിച്ചു. ഇതിൻെറ പ്രധാനകാരണം ചലൂക്കിയരുടേ ശക്തി വർദ്ധിച്ചതും, അവർ പല്ലവരെ ഒരു യുദ്ധത്തിൽ സാരതരമായി തോല്പിച്ചതും, അതിനെ തുടർന്നു ചോളന്മാരുടെ നായകത്വത്തിൽ മററു പല രാജാക്കന്മാരും ഒന്നിച്ചുചേർന്നു ആക്രമിച്ചതും ആയിരുന്നു. ഈ പരാജയത്തിനു ശേഷം 900-നോടുകൂടി പല്ലവരുടെ ശക്തി അസ്തമിക്കുകയും അവർ പതിമൂന്നാം ശതാബ്ദം വരെ കേവലം ഇടപ്രഭുക്കന്മാരായിരിക്കുകയും ചെയ്തു.

മലേഷ്യയിലും ഇൻഡൊചൈനാ ഉപദ്വീപിലും ഇൻഡ്യാക്കാർക്കു ഒരു സ്ഥാനം ഉണ്ടാക്കിയതും, അവിടങ്ങളിൽ ഹൈന്ദവ നാഗരികത്വം സ്ഥാപിച്ചതും പല്ലവരാജാക്കന്മാരത്രെ. ഈ രാജ്യങ്ങളുടെ തീരപ്രദേശങ്ങളിലേക്കു പല്ലവരുടെ ഭരണാരംഭകാലത്തുതന്നെ കപ്പൽക്കാരും കച്ചവടക്കാരും സഞ്ചരിച്ചിരുന്നു. ഈ യാത്രകളെ സംബന്ധിച്ച ബുദ്ധമതഗ്രന്ഥങ്ങളായ ''ജാതക''ങ്ങളിലും ''പിടക''ങ്ങളിലും തമിഴരുടെ പുരാതന സാഹിത്യ

ഗ്രന്ഥങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്. ക്രിസ്താബ്ദം രണ്ടാംനൂററാണ്ടിൽ ആന്ധ്രദേശത്തു പ്രചാരത്തിൽ ഇരുന്ന ചില നാണയങ്ങളിൽ കപ്പലുകളുടെ രൂപങ്ങൾ കാണുന്നതുകൊണ്ട് കപ്പൽ സഞ്ചാരത്തിൽ ആ നാട്ടുകാർക്ക് വേണ്ട പാടവം അന്നുതന്നെ സിദ്ധിച്ചിരുന്നു എന്നു അനുമാനിക്കാം. ഇവരുടെ അധികാരം മലേഷ്യയിൽ പ്രാബല്യത്തിൽ എത്തിയപ്പോൾ ആ ഭൂഭാഗങ്ങളുടെ വിസ്താരം, സമ്പത്ത്, എന്നിവയെ സംബന്ധിച്ച് ഇവക്ക് നല്ല പരിജ്ഞാനം സിദ്ധിച്ചിരിക്കാനിടയുണ്ട്. ക്രിസ്തുവിനു മുൻപ് ഒന്നാം ശതാബ്ദം മുതൽക്കേ സ്ഥാപിക്കപ്പെട്ടിരുന്ന പല്ലവാധിനിവേശങ്ങൾ (Colonies) ഉത്തരോത്തരം അഭിവൃദ്ധിപ്പെടുകയും അവിടങ്ങളിൽ പല്ലവനാഗരികത്വം എല്ലാവിധത്തിലും പ്രശസ്തിയെ പ്രാപിക്കുകയും ചെയ്തു.

ക്രി. അ. അഞ്ചും ആറും നൂററാണ്ടുകളിൽ പല്ലവരുടെ കുടിയേറിപ്പാപ്പുരീതിയിൽ സാരതരമായ ഒരു വ്യത്യാസം വരുവാൻ തുടങ്ങി. ഇക്കാലത്ത് ഉത്തരേൻഡ്യയിലെ ഭരണ കർത്താക്കളുടെ അധികാരശക്തി വർദ്ധിക്കുകയും, അവരുടെ രാജ്യ സീമകൾ ക്രമേണ ദക്ഷിണേൻഡ്യയിലേക്കു വ്യാപിക്കുകയും ചെയ്തതിൻെറ ഫലമായി പല്ലവർ ആ പ്രദേശങ്ങളിൽനിന്നും ഇൻഡ്യൻ ഉപദ്വീപിൻെറ ദക്ഷിണഭാഗത്തേക്കു പിൻമാറുവാൻ നിർബ്ബന്ധിതരായി. തൽഫലമായി സംഖ്യയിൽ വർദ്ധിച്ചുവന്ന ജനങ്ങൾക്ക് അധിവസിക്കുവാൻ ഭൂമി കുറവായിത്തീരുകയും, ഭരണാധികാരികൾ കാളനികൾ സൃഷ്ടിക്കുന്നതിൽ ഉത്സുകരാകയും ചെയ്തു. ഇങ്ങനെ മലേഷ്യയിലും ഇൻഡോചൈനായിലും അവിടവിടെ അനവധി പുതികാരാജ്യസ്ഥാപനങ്ങൾ ഉണ്ടായതു കേവലം കച്ചവട സംഘക്കാരുടെ താവളങ്ങൾ മാത്രമല്ലെന്നും പിന്നെയൊ, പല്ലവരാജാക്കന്മാർക്കു കാളനികൾ സ്ഥാപിക്കണമെന്നുള്ള നിശ്ചിതമായ ഒരു കാര്യപരിപാടിയുടെ ഫലമായി ആരംഭിക്കപ്പെട്ടതാണെന്നും പ്രത്യക്ഷപ്പെടും.

മലേഷ്യയിൽ പല്ലവർ ആദ്യമായി കുടിയേറിപ്പാർത്ത സ്ഥലം ഏതെന്ന് ഇതുവരയും നിശ്ചയിക്കപ്പെട്ടിട്ടില്ലെങ്കിലും, ക്രി. മുൻപു ഒന്നാം ശതാബ്ദത്തിനും, ക്രിസ്താബ്ദം രണ്ടാം ശതാബ്ദത്തിനും മദ്ധ്യേ പല്ലവരുടെവക * അഞ്ചു കാളനികൾ അവിടെ സ്ഥാപിക്കപ്പെട്ടിരുന്നു എന്നു നിശ്ചയമായി പറയാം. അവ കംബോഡിയയിലും, മലയ ഉപദ്വീപിൻെറ ദക്ഷിണഭാഗത്തും, സുമാത്രായിലെ പാലംബാങ് നദീസാനുക്കളിലും, മദ്ധ്യ ജാവായിലും, കിഴക്കെ ബോർണ്ണ്യോയിലും ആയിരുന്നു. ആറാമതായി മലയ ഉപദ്വീപിൻെറ മദ്ധ്യത്തിൽ ഇന്നത്തെ കേഡാ (Kedah) നഗരത്തിൻെറ സമീപത്തായി ഒരു കാളനിയും ഈ കാലത്തുതന്നെ സ്ഥാപിതമായിരുന്നു എന്നു വിചാരിക്കുവാനുള്ള കാരണങ്ങളും ഇല്ലാതില്ല. ഈ കുടിയേറിപ്പാപ്പുസ്ഥലങ്ങൾ എല്ലാം പല്ലവ നാമധാരികളായ ബ്രാഹ്മണപ്രഭുക്കന്മാരാൽ ഭരിക്കപ്പെട്ടിരുന്നു. എന്നാൽ ചില കാളനികളിലെ ഭരണകർത്താക്കൾ അവിടുത്തെ ആദ്യനിവാസികളുടെ നായകന്മാരും, പിന്നീടു പല്ലവ നാമങ്ങളും സ്ഥാനപ്പേരുകളും പദവികളും സ്വീകരിച്ചവരും ആയി വന്നേക്കാം.

* കാളനിയുടെ സ്ഥാനം നിർണ്ണയിക്കാൻ ഇതോടനുബന്ധിച്ചിരിക്കുന്ന പടംനോക്കുക.

അകലെയുള്ള ഈ നൂതന ഇൻഡ്യയിൽ സ്ഥാപിതമായ പല്ലവ കാളനികളുടെ ആദ്യ ചരിത്രം ഇപ്പോഴും അവ്യക്തമായിത്തന്നെ ഇരിക്കുന്നു. ഇവ സ്ഥാപിതമായ സമയം മുതൽ ഏഴാം ശതാബ്ദത്തിന്റെ ആരംഭം വരെയുള്ള കാലത്തിനിടയിൽ ഇവ ഓരോന്നും ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചുവരികയും, അതാതിന്റെ സമീപപ്രദേശങ്ങളെ അധീനതയിൽ കൊണ്ടുവരികയും ചെയ്തു. ഇവയിൽ ഒന്നുപോലും വിസ്താരവും പ്രാബല്യവും ഉള്ളതായ ഒരു സാമ്രാജ്യം സ്ഥാപിച്ചതിനു രേഖകളില്ല. ക്രിസ്താബ്ദം നാലും ഏഴും ശതാബ്ദങ്ങൾക്കിടയിൽ സുമാത്രായിലും മലയഉപദ്വീപിലും ഉണ്ടായിരുന്ന കാളനികൾ ബ്രാഹ്മണാധികാരികളിൽ നിന്നും ബുദ്ധമതാനുയായികളുടെ ഭരണത്തിന്നധീനമായി ഭവിച്ചു. സുമാത്രാ താമസം വിനാ ബുദ്ധമതത്തിന്റെ ഒരു കേന്ദ്രസ്ഥാനമാകയും, അവിടെ നിന്നും ബുദ്ധമതക്കാർ അടുത്ത പ്രദേശങ്ങളിൽ തങ്ങളുടെ മതം പ്രചരിപ്പിക്കുവാൻ ഭഗീരഥപ്രയത്നം ചെയ്യുകയും, ഇവരുടെ പരിശ്രമത്തിന്റെ ഫലമായി ഹൈന്ദവമലേഷ്യ മുഴുവനും ബുദ്ധമതം സ്വീകരിക്കുകയും ചെയ്തു.

ക്രി. അ. ഏഴാം നൂററാണ്ടിന്റെ മദ്ധ്യകാലം മുതൽ സ്വദേശചരിത്രകാരന്മാരിൽ നിന്നും വിദേശസഞ്ചാരികളിൽ നിന്നും ഏറെക്കുറെ പൂർണ്ണമായ വിവരങ്ങൾ ലഭിക്കുന്നതുകൊണ്ട് ഇവിടങ്ങളിൽ പിന്നീടു നടന്ന പ്രധാന സംഭവങ്ങളെ ഏകദേശം ശരിയായി പുനർന്നിർമ്മാണം ചെയ്യാം.

ചീനക്കാർ ക്രിസ്തുവിനു 12- നൂററാണ്ടുകൾക്കു മുൻപു കംബോഡിയയിൽ വന്നിരുന്നതായും, ക്രി. മു. മൂന്നാം ശതാബ്ദംമുതൽ റേറാങ്കിങ്ങ്, ആനാം, എന്ന സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തിരുന്നതായും പുരാതന ചീനരേഖകൾ സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാൽ ഈ പ്രദേശങ്ങളിലെ യഥാർത്ഥ ചരിത്രം ഹൈന്ദവർ (പക്ഷെ ഇവർ പല്ലവരായേക്കാം) ക്രിസ്താബ്ദം ഒന്നും രണ്ടും ശതാബ്ദങ്ങളിൽ അവിടെ കുടിയേറിപാർക്കുന്നതുവരെ ആരംഭിക്കുന്നില്ല. ഹൈന്ദവരുടെയും ആദിചരിത്രം അത്ര വ്യക്തമാകാതെതന്നെയാണ് ഇരിക്കുന്നതു എന്നു മുൻപെ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ഇവരുടെ ആദ്യ കുടിയേറിപ്പാർപ്പുസ്ഥലം ഇപ്പോൾ അന്നാം (Annam) എന്നു പറഞ്ഞുവരുന്നതും, മുൻപു ചംബാ എന്നു വിളിച്ചുവന്നിരുന്നതുമായ സ്ഥലത്തായിരിക്കുവാനാണെളുപ്പം. എന്നാൽ ഈ പ്രദേശത്തു് പാണ്ഡുരംഗം (Pandurangan) എന്ന നഗരം ക്രി. ആ 250-ൽ സ്ഥാപിതമായി എന്നു നിർണ്ണയിക്കുന്നതിനു വിശ്വാസയോഗ്യമായ ലക്ഷ്യങ്ങളുണ്ട്. പാണ്ഡുരംഗശബ്ദംകൊണ്ട്, മഹാഭാരതപ്രസിദ്ധിയുള്ള പാണ്ഡവന്മാർക്കു് ആ പ്രാചീന പരിഷ്കാരവുമായി ഏതെങ്കിലും ബന്ധം ഉണ്ടായിരിക്കാമെന്നു അനുമാനിക്കുന്നതിൽ അപാകം ഇല്ലെന്നു തോന്നുന്നു.

ഹൈന്ദവ നാഗരികത്വത്തിന്റെ ഇരിപ്പിടമായ കാംബോജം, (ഇപ്പോളത്തെ കാബോഡിയാ) സ്ഥാപിക്കപ്പെട്ടതു് എ. ഡി. 435-ൽ അത്രെ. ചംബാ നഗരം വാണിജ്യകേന്ദ്രമായിരുന്നുവെങ്കിൽ കാംബോജം മതസങ്കേതവും ആയിരുന്നു. ഇവിടെ ശിലാനിർമ്മിതമായ അനവധി മന്ദിരങ്ങളും ദേവാലയങ്ങളും ഉണ്ടായിരുന്നു. പുത്രികാ രാജ്യങ്ങളായ കാംബോജ

ത്തിലും, ജാവായിലും ഓരോരോ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിൽ ബ്രാഹ്മണമതവും ബുദ്ധമതവും തമ്മിൽ ശക്തിയായ മാത്സര്യം ഉണ്ടായിരുന്നതായി തോന്നുന്നു. ഈ പ്രദേശങ്ങളെല്ലാം ഉൽകൃഷ്ടരീതിയിലുള്ള ശില്പവേലകളോടുകൂടിയ അനവധി നഗരങ്ങളാലും, ശിലാനിർമ്മിതമായ ആരാധനസ്ഥലങ്ങളാലും നിബിഡമായിരുന്നു.

ഈ മന്ദിര നിർമ്മാണ പദ്ധതി ഇൻഡോചൈനയിൽ എട്ടാംനൂററാണ്ടിന്റെ ആരംഭം മുതൽ പന്ത്രണ്ടാം നൂററാണ്ടിന്റെ അവസാനം വരെയും, ജാവായിൽ എട്ടുമുതൽ പത്താം നൂററാണ്ടുവരെയും നീണ്ടുനിന്നുഎന്നുവിചാരിപ്പാൻ തക്ക കാരണങ്ങളുണ്ടു്. നഗരനിർമ്മാതാക്കൾ ഏതദ്ദേശീയരല്ലെന്നും അവിടങ്ങളിലേക്കു ഇൻഡ്യയിൽനിന്നു നേരെ കപ്പലുകളിൽ സഞ്ചാരം ചെയ്തുവന്നവരോ, അതോ പല്ലവർ കുടിയേറിപ്പാർത്ത സുമാത്രായിൽ നിന്നു വന്ന ഇൻഡ്യാക്കാരോ ആണെന്നും ഊഹിക്കേണ്ടിയിരിക്കുന്നു.

ഇൻഡോചൈനയിൽ ഇദംപ്രഥമമായി പല്ലവ നാമധേയധാരിയായ ഒരു രാജാവു രാജ്യം ഭരിക്കുവാൻ തുടങ്ങിയതു് ക്രിസ്ത്വാബ്ദം നാലാം നൂററാണ്ടിലാകുന്നു. പല്ലവരുടെ മാതൃരാജ്യത്തുള്ള 'കാഞ്ചി' നഗരത്തിൽനിന്നും കൌണ്ഡിന്ന്യൻ (kaundinya) എന്നൊരു ബ്രാഹ്മണൻ ചംബയിൽ വരികയും അവിടുത്തെ രാജാവാകയും ചെയ്തു. താമസം വിനാ ഈ രാജാവ് പല്ലവരാജാക്കന്മാർക്കുണ്ടായിരുന്ന "വർമ്മൻ" എന്ന സ്ഥാനപ്പേരുകൂടെ സ്വീകരിച്ചു. അനന്തരകാലങ്ങളിൽ ഇവിടം ഭരിച്ചിരുന്ന ഹൈന്ദവരും ചീനരുമായ രാജാക്കന്മാരെല്ലാം ഈ ബ്രാഹ്മണ രാജാവിന്റെ പിൻഗാമികളായി സ്വയം ഗണിച്ചുപോന്നു.

കാംബോജം, കംബുപുരം, വ്യാധപുരം എന്ന മൂന്നു ഹിന്ദുരാഷ്ട്രങ്ങൾ ഇൻഡൊചൈനായിൽ അഞ്ചും എട്ടും നൂററാണ്ടുകൾക്കിടയിൽ ഉണ്ടായിരുന്നതായി തോന്നുന്നു. ഒൻപതാം നൂററാണ്ടിൽ ഈ രാഷ്ട്രങ്ങൾ എല്ലാം ജയവർമ്മൻ എന്ന മഹാരാജാവിന്റെ ഏക ഛത്രാധിപത്യം സ്വീകരിച്ചു. ഈ സമ്രാട്ട് ഒരു ബുദ്ധമതാനുസാരിയെന്നും, സുമാത്രായിലെ ശ്രീവിഷയ (Sri-Vishaya) രാജകുടുംബത്തിലെ (ശ്രീവൈശ്യരാജ്യം ആയിക്കൂടയോ?) ഒരംഗമായിരുന്നെന്നും ചിലർ അഭിപ്രായപ്പെടുന്നു. ജയവർമ്മന്റെ കാലത്തു് കംബോഡിയായുടെ തലസ്ഥാനമായ "അംഗാരം"- (Angor) പണിതുടങ്ങുകയും അദ്ദേഹത്തിന്റെ പിൻഗാമിയായ യശോവർമ്മന്റെ ഭരണകാലത്തു ഈ പണി പൂർത്തിയാകയും ചെയ്തു. ഈ കാലം മുതൽ പന്ത്രണ്ടാം ശതാബ്ദത്തിന്റെ അവസാനഘട്ടം വരെ ഒരു മഹാസാമ്രാജ്യം ഇൻഡൊചൈനയിൽ നിലനിന്നിരുന്നു. ഈ സാമ്രാജ്യം പരമോന്നതിയെ പ്രാപിച്ചതു് അവിടെ വാണിരുന്ന പ്രധാന രാജാക്കന്മാരിൽ ഒടുവിലത്തെ രാജാവായ ജയവർമ്മൻ അഷ്ടമന്റെ ഭരണകാലത്തായിരുന്നു. ചംബയും കംബോഡിയയും അടുത്തുള്ള ദ്വീപ സമൂഹങ്ങളെ സ്വാധീനപ്പെടുത്തിയതു രാഷ്ട്രീയ ശക്തികൊണ്ടല്ല, പിന്നെയൊ സമാധാനപരമായ വാണിജ്യ നയത്താലായിരുന്നു.

സുമാത്രയുടേയും മലയ ഉപദ്വീപിന്റെയും ചരിത്രം പരസ്പര സംബന്ധം ആയിരുന്നു. മലയഉപദ്വീപിൽ ഹൈന്ദവ പ്രാ

ബല്യം ഉണ്ടായിരുന്ന സ്ഥലങ്ങൾ സുമാത്രായിലെ ഹിന്ദുരാജാക്കന്മാരുടെ അധീനതയിലും സംരക്ഷണയിലും ആയിരുന്നതായിതോന്നുന്നു. സുമാത്രായിൽ റബർ കൃഷി ചെയ്യുന്നതിനു പാശ്ചാത്യന്മാർ വനം തെളിച്ച സമയത്താണ് അവിടുത്തെ പുരാതന തലസ്ഥാനത്തിൻെറ അവശിഷ്ടങ്ങൾ കാണ്മാൻ സംഗതി ആയതു്. അവിടുത്തെ ആദ്യ ഹിന്ദു തലസ്ഥാനം വടക്കു കിഴക്കേ കടൽത്തീരത്തു നദീമുഖത്തായിരുന്നെങ്കിലും പിന്നീടു സ്ഥിരമായ തലസ്ഥാനം പണിചെയ്തിരുന്നതു് ഉൾപ്രദേശത്തുള്ള മലമേടുകളുടെ സമീപത്തായിരുന്നു. കടൽക്കരയിൽനിന്നും ഏകദേശം 180 നാഴിക ഉള്ളിലായി എട്ടൊൻപതു നഗരങ്ങൾ ഉണ്ടായിരുന്നു. അവയിൽ പ്രധാനമായ ശ്രീ വൈശ്യ നഗരം പാലംബാംഗ് നദിയുടെ ശാഖകൾ എല്ലാം ഒന്നിച്ചുചേരുന്ന വിസ്താരമേറിയ പ്രദേശത്തും, അതിൻെറ തുറമുഖം ഈ നദി കടലിൽ ചേരുന്ന ചതുപ്പു പ്രദേശത്തും സ്ഥാപിക്കപ്പെട്ടിരുന്നു.

പത്താംനൂററാണ്ടു മുതൽക്കുള്ള പല ചീനവൃത്താന്തങ്ങളിലും ഈ തലസ്ഥാനം കോട്ടകൊത്തളങ്ങളുള്ളതും, അനവധി ലീ ദൂരത്തിൽ (1ലി=120 Yds) വൃത്താകാരമായി ഇഷ്ടികകൊണ്ടു കെട്ടിയ മതിലുള്ളതും ആയിരുന്നതായി വിവരിച്ചിരിക്കുന്നു. ഈ നഗരത്തിലുണ്ടായിരുന്ന പ്രധാന കെട്ടിടങ്ങളും ക്ഷേത്രങ്ങളും ഇഷ്ടികകൊണ്ടൊ കല്ലുകൊണ്ടൊ നിർമ്മിക്കപ്പെട്ടിരുന്നു. പതിനൊന്നാം ശതാബ്ദത്തിൻെറ ആദ്യ ദശയിൽ ചീനത്തെ സമ്രാട്ടു വെള്ളോടിൽ നിർമ്മിതമായ അനവധി മണികൾ സുമാത്രായിലെ രാജാവിനു സമ്മാനമായി കൊടുത്തയക്കുകയും, അദ്ദേഹം അവയെ ബുദ്ധമതക്കാരുടെ ആരാധനസ്ഥലത്തു സ്ഥാപിക്കുകയും ചെയ്തു. സുമാത്രായിൽ നിന്നു ചീനത്തേക്കു് അയച്ച സമ്മാനങ്ങളായ മുത്തു്, പവിഴം, ദന്തം, സംസ്കൃതഗ്രന്ഥങ്ങൾ, ഇൻഡ്യൻ അക്ഷരങ്ങൾ എഴുതിയിട്ടുള്ള ഒരുപൊൻതാലം, അവയെ കൊണ്ടുപോകുന്നതിനുള്ള ദാസന്മാർ എന്നിവയിൽ നിന്നും അപ്പോൾ അവിടെ നിലവിലിരുന്ന നാഗരികതയെ സംബന്ധിച്ച ചിലതെല്ലാം ചിന്തിപ്പാൻ സാധിക്കുന്നു.

സുമാത്രായുടെ തലസ്ഥാനമായ ശ്രീവൈശ്യയുടെ അധികാരം അയൽ പ്രദേശങ്ങളിലും മലേഷ്യയിലെ ദ്വീപുകളിലും പ്രചരിച്ചിരുന്നു എന്നതു് ഏററവും രസാവഹമായ ഒരു സംഭവം ആകുന്നു. ആരംഭത്തിൽ തന്നെ ഹിന്ദുമലയൻ കാളണികളുടെ ചരിത്രത്തിൽ കപ്പലോട്ടം, കപ്പലിൽ സാമാനങ്ങൾ കയററുമതി ഇറക്കുമതി ചെയ്യു, കച്ചവടം എന്നിവ സർവ്വപ്രധാനമായിരുന്നു. ചൈനായിലും അറേബിയയിലും ഏഴും പന്ത്രണ്ടും നൂററാണ്ടിനു മദ്ധ്യേ ഉള്ള പല ചരിത്രകാരന്മാരും സുമാത്രയുടെ അധികാര സീമയിൽ പെട്ട തുറമുഖങ്ങളുടെയും, കാളനികളുടേയും പേരു വിവരങ്ങൾ കൊടുത്തിട്ടുണ്ടു്. ഇക്കാലത്തു് അവരുടെ അധികാരം പ്രചരിച്ചിരുന്ന പ്രദേശങ്ങളെ പടത്തിൽ നോക്കി ഗ്രഹിക്കാവുന്നതാണ്.

സുമാത്രായിൽ നിന്നും ഹിന്ദുക്കൾ കുടിയേറിപ്പാർത്തിരുന്ന ഓരോപ്രദേശങ്ങളിലും അവർ സ്ഥാപിച്ച കാളനികൾ ജോടി ചേർന്നിരുന്നു എന്നതു് എത്രയും ശ്രദ്ധേയമായ ഒരു സംഗതിയത്രെ. കടലിടുക്കുകളുടേയും പല ദ്വീപുകളുടെ ഇടയിലുള്ള ജലാശയങ്ങളുടേയും യുദ്ധസൌകര്യം നോക്കി കാളനികൾ സ്ഥാപിക്കുന്നതിൽ ഹൈന്ദ

വർ അനിതരസാധാരണമായ വിവേക ശക്തി പ്രദർശിപ്പിച്ചിരുന്നു. മുഖ്യമായ കടലിടുക്കുകളുടെ—സുമാത്രായ്ക്കും മലയ ഉപദ്വീപിനും ഇടയ്ക്കുള്ള മലാക്കാ കടലിടുക്കും സുമാത്രായ്ക്കും ജാവായ്ക്കും ഇടയിലുള്ള സുന്ദരകടലിടുക്കും, സെലിബിസിനു കിഴക്കുള്ള മൊലൂക്കാ കടലിടുക്കും—ഇരുകരകളിലും അവർ ഓരോകാളനികൾ സ്ഥാപിച്ചു. ഈ കടലിടുക്കുകളിൽ നീളവും വിസ്താരവും കൂടിയസ്ഥലങ്ങളിലും പ്രധാനനദികളുടെ സംഗമസ്ഥലത്തും മററു തുറമുഖങ്ങൾ ഉള്ളിടത്തും അനവധി കാളനികൾ ജോടി ചേർന്നിരിക്കുന്നതായി ക്കാണാം. അധികം വിസ്താരമുള്ള നദീമുഖങ്ങളിൽ അതുവഴിസഞ്ചരിക്കുന്ന കപ്പലുകളെ സംരക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ഒരോ കരയിലും ഓരോ നഗരം വീതം സ്ഥാപിച്ചിരുന്നു.

ചീനക്കാർ ഇൻഡ്യയുമായി ക്രമമായി കച്ചവടം തുടങ്ങിയപ്പോൾ അവർ സാധാരണ കപ്പൽ സഞ്ചാരം ചെയ്തിരുന്നതു് സിംഗപോർ ദ്വീപിൻേറയും മലയ ഉപദ്വീപിൻേറയും മദ്ധ്യേയുള്ള ഒരു ചെറിയ കടലിടുക്കിൽ കൂടി ആയിരുന്നു. അപ്പോൾ സിംഹപുരം എന്നു അറിയപ്പെട്ടിരുന്ന സിങ്ങാപോർ, ഏററവും പ്രധാനപ്പെട്ട ഒരു കച്ചവടസ്ഥലമായിരുന്നു. ഇതിൻെറ എതിർ കരയിലുള്ള വേറൊരു നഗരവുമായി(ഇന്നത്തെ ജോഹോർ) ഒരു ഇരുമ്പുചങ്ങലകെട്ടി അതുവഴിഗതാഗതം ചെയ്തിരുന്ന കപ്പലുകളിൽനിന്നും ഒരു തീരുവ വസൂലാക്കിയിരുന്നതിനാൽ സുമാത്രായിലെ രാജാവിന് ഇതിൽനിന്നും ഒരു നല്ല സംഖ്യ ലഭിച്ചിരുന്നു.

ജാവയിൽ * (യവദ്വീപം) ഉണ്ടായിരുന്ന ബ്രാഹ്മണരാഷ്ട്രം ത്വരിതഗതിയിൽ പ്രാബല്യത്തിൽ വരികയും, സുമാത്രായുമായി മത്സരിക്കയും പന്ത്രണ്ടാം നൂററാണ്ടിൽ സുമാത്രായുടെ മേൽകോയ്മയെ സ്വീകരിച്ചിരുന്നരാജ്യങ്ങളെ ഒരോന്നായി അധീനപ്പെടുത്തുകയും ചെയ്തതിനോടുകൂടി സുമാത്രായുടെശക്തി ക്ഷയിച്ചുതുടങ്ങി. 1377 ൻെറ അവസാനത്തിൽ ജാവാക്കാർ സുമാത്രയേയും ആക്രമിച്ചധീനപ്പെടുത്തുകയും അതിൻെറ തലസ്ഥാനമായ ശ്രീവൈശ്യയെ കൈവശപ്പെടുത്തുകയും ചെയ്തു. സിങ്ങാപോർ ദ്വീപിൽ ഇവർ ചെയ്ത നാശങ്ങൾ യഥാൎത്ഥത്തിൽ പൂൎണ്ണമായിരുന്നു എന്നു നിസ്സംശയം പറയാം. അവിടെ കുടിയേറിപ്പാൎത്തിരുന്നവരേയും അവിടെയുള്ള ആദിമനിവാസികളെയും യാതൊരു കാരുണ്യവും കാണിക്കാതെ അശേഷം സംഹരിച്ചു. ഈ സംഭവത്തിൽ പിന്നീടു പല നൂററാണ്ടുകളോളം മലയവൎഗ്ഗക്കാരിൽ ആരും തന്നെ ആ ദ്വീപിൽ ഒരൊററ ഭവനം പോലും നിൎമ്മിക്കാതെ ഇരുന്നു. ഈ സൎവ്വസംഹാരത്തിൽ നിന്നു്, സുമാത്ര ജാവ രാജ്യങ്ങൾ തമ്മിലുള്ള യഥാൎത്ഥ വൈരത്തിനു കാരണം കച്ചവടമാത്സര്യവും മതവിദ്വേഷവും ആണെന്നു് ഏററവും സ്പഷ്ടമാകുന്നു. സിങ്ങാപോർ സുമാത്രസാമ്രാജ്യത്തിലെ പ്രധാന കച്ചവടസ്ഥലമായിരുന്നതുകൊണ്ടും, അപ്പോൾ ഇൻഡ്യയുമായുള്ള കച്ചവടം അതുവഴി നിൎവ്വഹിക്കപ്പെട്ടിരുന്നതുകൊണ്ടും ജാവാക്കാരുടെ കച്ചവടനയത്തിനു ശക്തിമത്തായ ഒരു പ്രതിബന്ധം വന്നുകൂടി. അതുകൊണ്ടു് സിങ്ങാപോർ പൂൎണ്ണമായി നശിപ്പിക്കുന്നതുവരെ ജാവായ്ക്കു വാണിജ്യലോകത്തിൽ യാതൊരുസ്ഥാനത്തിനും വകയില്ലെന്നു്

* യവദ്വീപത്തെപ്പററി "സഹൃദയ"യിൽ ശ്രീമാൻ പി. അനന്തൻപിള്ള അവർകൾ എം. ഏ എഴുതിയിട്ടുള്ള ലേഖന പരമ്പരനോക്കുക.

അവർ അറിഞ്ഞിരുന്നു. അതിനാലായിരുന്നു ഈ കഠോരകൃത്യത്തിന് അവർ സന്നദ്ധരായത്.

ശ്രീ വൈശ്യയിലെ നാഗരികത്വം വടക്കോട്ട് ബോർണ്യോ, ഫിലിപ്പയിൻ, മൊലൂക്കസ് മുതലായ ദ്വീപുകളിലും പ്രചരിച്ചിരുന്നു എന്നതിനു പല ലക്ഷ്യങ്ങളുമുണ്ട്. ഇപ്പോൾ ജപ്പാൻസാമ്രാജ്യത്തിലിരിക്കുന്ന ഫോർമോസാവരെ വടക്കോട്ട് ഹന്ദുനാഗരികത്വം വികസിച്ചിരുന്നു.

ഈ ഓരോ ദ്വീപുകളിലും അവിടവിടെ കാണുന്ന നാണയങ്ങൾ, സ്വർണ്ണഖചിതമായ രുദ്രാക്ഷങ്ങൾ, മുത്തുകൾ, ആഭരണങ്ങൾ, മററു ലോഹ നിർമ്മിതങ്ങളായ സ്വരൂപങ്ങൾ എന്നിവയെല്ലാം ഇൻഡൊചൈനയിൽ ആരംഭിച്ചു വികസിച്ച് പ്രചാരത്തിൽവന്ന ഹൈന്ദവ സംസ്കാരത്തിൻെറ ഫലങ്ങളാണെന്നു പ്രത്യക്ഷമാകുന്നു. ബോർണ്യൊ ദ്വീപിൽ ഇപ്പോഴും മൂന്നുലക്ഷത്തിൽപരം വൈശ്യ (Visayans) വർഗ്ഗക്കാർ? കൃഷീവലന്മാരും ഹിന്ദുമത വിശ്വാസികളും ആയി വർത്തിക്കുന്ന കാര്യം പ്രസ്താവയോഗ്യമാകുന്നു.

ദക്ഷിണേൻഡ്യയിൽ ഉത്ഭവിച്ചതും, ഏകമാത്രോച്ചാരണപ്രധാനവും ആയ ലിപി ബോർണ്യോയിലും ഫിലിപ്പയിൻ ദ്വീപുകളിലും ഇസ്ലാം ആക്രമണത്തിനു മുൻപുവരെ പ്രചരിച്ചിരുന്നതായി ചീന ചരിത്രകാരന്മാരും ഫ്രാൻസിസ്കൻ മിഷനറിമാരും പറയുന്നു. ഫിലിപ്പയിൻ ദ്വീപുകളിലെ പുരാതന ഗ്രന്ഥങ്ങളെ ശരിയായി പരിശോധിക്കുമ്പോൾ അവിടത്തെ ലിപികൾ സുമാത്രായിൽനിന്നു നേരിട്ടോ, അഥവാ സുമാത്രായിൽനിന്നും ബോർണ്യോയിൽ പ്രചരിച്ചതിനുശേഷമോ ഫിലിപ്പയിനിൽ ചെന്നതായി അനുമാനിക്കാം. എന്നാൽ സുമാത്രായിലെ ലിപി(അക്ഷരങ്ങൾ)കളാകട്ടെ, അശോകൻെറ പിൽക്കാലംദക്ഷിണേൻഡ്യയിൽ നടപ്പിലിരുന്നതിൽനിന്നും ഉത്ഭവിച്ചതാണെന്നു വിചാരിക്കപ്പെടുന്നു. അങ്ങിനെ ആണെങ്കിൽ ഈ ലിപികൾ സുമാത്രായിലെ ഹിന്ദുപല്ലവ കാളനികളിലേക്കു പോയവർ അവിടെ കൊണ്ടുപോകയും നടപ്പിൽ വരുത്തുകയും ചെയ്തതായിരിക്കണം.

ചുരുക്കിപ്പറഞ്ഞാൽ, പുരാതന ഹിന്ദുസംസ്കാരം ഇൻഡ്യൻ പരിധികളെ അതിക്രമിച്ചു ജപ്പാൻെറ പ്രാന്തപ്രദേശങ്ങൾവരെ വ്യാപിച്ച് അത്യുൽകൃഷ്ടനിലയെ പ്രാപിച്ച് ദീർഘകാലം നിലനിന്നിരുന്നു എന്നും, ബുദ്ധമതത്തിൻെറ സാർവ്വത്രിക പ്രചാരവും, ഇസ്ലാംമതത്തിൻെറ ശക്തിയുക്തമായ ആഘാതവും നിമിത്തം കാലാന്തരത്തിൽ ശിഥിലീഭവിച്ചുപോയതാണെന്നും മനസ്സിലാക്കാം.




LITHO, THE ART PRINTING WORKS, TRIVANDRUM.

# കോവിലകവും കുപ്പമാടവും.

[ഡാക്ടർ കെ. ഗോദവമ്മ.]

"ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-
ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ"

എന്നു് കവിയുടെ വീക്ഷണത്തെന്നു് വിഷയീഭൂതമായ തത്ത്വത്തിന്റെ സാർവ്വത്രികത്വം സുസ്പഷ്ടമാകുന്നു. 'അഹം ബ്രഹ്മാസ്മി; തത്ത്വമസി' മുതലായ വാക്യങ്ങളെക്കൊണ്ടു് കോലാഹലം കൂട്ടുന്ന വേദാന്തികളുടെ നില എന്തുമാകട്ടെ, സൂര്യമണ്ഡലത്തിനു കീഴിൽ വ്യാപരിയ്ക്കുന്ന ചരങ്ങളിലോ അചരങ്ങളിലോ ഒന്നു് വേറൊന്നിനോടു് സർവ്വപ്രകാരേണ തുല്യമായി മനുഷ്യസമുദായത്താൽ ഒരു കാലത്തും പരിഗണിയ്ക്കപ്പെട്ടിട്ടില്ല. ഇങ്ങനെ വന്നതിനു കാരണം ഏറെക്കുറെ നേരായിട്ടല്ലാത്ത കല്പനയാണെന്നുള്ളതു് സമ്മതിച്ചേ കഴിയൂ. കുന്നിന്റെ ഉയർച്ചയെന്നപോലെ കുഴിയുടെ താഴ്ചയും ശ്രദ്ധാവിഷയമാകുന്നുണ്ടെങ്കിലും അതു് മറേറതിനോടൊപ്പം ശ്ലാഘ്യമാകാതിരിയ്ക്കുന്നതെന്താണു്? ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ ഓരോന്നും വിദൂരവീക്ഷണത്തിൽ അല്പപ്രഭങ്ങളായി തോന്നുന്നുവെങ്കിലും പരമാർത്ഥം മനസ്സിലാക്കുമ്പോൾ ആകൃതിയിലും പ്രകൃതിയിലും അവയ്ക്കുള്ള മഹത്വം നക്ഷത്രനാഥനെന്നും അന്ധകാരധ്വംസകനെന്നും വ്യവഹരിയ്ക്കപ്പെടാറുള്ള ചന്ദ്രനിൽ നിന്നും ഒരു തരത്തിലും കുറവുള്ളതല്ലെന്നു് വ്യക്തമാകുന്നതാണു്. മനുഷ്യരുടെ ഇടയ്ക്കുള്ള അസമത്വം പാടെ അകന്നു് എല്ലാവരും കതിരോന്റെ കിരണങ്ങൾ പോലെയോ കടലിലെ വെള്ളത്തുള്ളികൾ പോലെയോ ഒന്നുപോലെ വ്യാപരിച്ചും ഒന്നായിത്തീർന്നും കാൺവാനാണല്ലോ ലോകസ്നേഹികളെല്ലാം സ്വാത്മനാ ആഗ്രഹിയ്ക്കുന്നതു്. എന്നാൽ അവരാൽ സമാരംഭിയ്ക്കപ്പെട്ടിട്ടുള്ള പ്രയത്നത്തിന്റെ പ്രായോഗികതയെ പരീക്ഷിയ്ക്കത്തക്കവണ്ണം, കണക്കററ കാലമായി നില നിന്നുപോരുന്ന ആശ്രയാശ്രയിഭാവത്തിന്റെ ദാർഢ്യം അഭേദ്യമായി നിലകൊള്ളുന്നുവെന്നുള്ളതിനു് ഓരോ ദേശത്തേന്റേയും ചരിത്രത്തിൽ ധാരാളം ലക്ഷ്യങ്ങളുണ്ടു്.

ഏകനായകത്വത്തിന്റെ ആഗമികപ്രസ്ഥാനത്തിലുള്ള ഒരു ചിത്രമെഴുതുവാൻ ആക്കെങ്കിലും കഴിയുമോ എന്നു് സംശയമാണു്. കായബലംകൊണ്ടും ബുദ്ധിബലംകൊണ്ടും മനുഷ്യസമുദായത്തിലെ എല്ലാ വ്യക്തികൾക്കും സമത്വം ഒരു കാലത്തും സംഭാവ്യമല്ലാത്തതിനാൽ, ചില കൂട്ടർ കീഴ്‌വണങ്ങി നില്ക്കേണ്ടതായി വരുമ്പോൾ, മററൊരുകൂട്ടർക്കു് മേന്മയുണ്ടായിത്തീരുന്നതിൽ ഒട്ടും അൽഭുതപ്പെടാനില്ല. ജീവസന്ധാരണത്തിൽ ലോകർ തങ്ങൾക്കു് ആശ്രയമായുള്ളവരെ ആദരിയ്ക്കുന്നതിനെ ദാസ്യമനോഭാവമാണെന്നു പറയുവാൻ എങ്ങനെ സാധിയ്ക്കും? ആ ആദരം ഉപകർത്താവിന്റെ നിസ്സ്വാർത്ഥതയാൽ നാൾക്കുനാൾ പ്രവൃദ്ധമാകുന്നതും സാധാരണമാണു്. സ്വാർത്ഥസിദ്ധിയ്ക്കു വേണ്ടിയുള്ള വിനയനാട്യമോ സ്വാർത്ഥതാപൂർത്തികൊണ്ടുള്ള ഔന്നത്യഭാവമോ ഏതായാലും ഏററവും വെറുക്കത്തക്കതാണു്.

ലോകത്തിലെ എല്ലാഭാഷകളിലും വ്യക്തികൾക്ക് പ്രാചീനകാലം മുതൽ അന്യോന്യം ഉണ്ടായിട്ടുള്ള വ നാഭാവത്തേയും പെരുമാററത്തേയും പ്രകടമാക്കുന്ന ധാരാളം പദങ്ങളെ നമുക്ക് നിർദ്ധാരണം ചെയ്തുകാണിപ്പാൻ കഴിയുന്നതാണ്. സ്വാമിയെന്നും ഭൃത്യനെന്നും ഉള്ള നിലകൾക്ക് കാലം ചെല്ലുന്തോറും പലതരം വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും മേലും സംഭവിച്ചുകൊണ്ടേ ഇരിയ്ക്കുമെന്നും ഉള്ള പരമാർത്ഥം അഗണ്യകോടിയിൽ തള്ളപ്പെടത്തക്കതല്ല. സാമ്രാജ്യങ്ങളുടെ ചരിത്രം നോക്കിയാൽ, ഭരണാധികാരത്തിന് എത്രയോ തകടം മറിച്ചിലുകൾ വന്നിട്ടുള്ളതായി കാണാം. ഇങ്ങനെയൊക്കെയാണെങ്കിലും ഉത്കർഷാപകർഷങ്ങൾ മനുഷ്യസമുദായത്തിൽ നിന്നും തീരെ തിരോഭവിച്ചിട്ടില്ല. അതിനാൽ കോവിലകത്തിൽ വാഴ്ചകൊള്ളുന്ന വ്യക്തിയും, കുപ്പമാടത്തിൽ കുടിപാർക്കുന്ന വ്യക്തിയും തമ്മിലുള്ള അകല്ച്ച, ഭാഷയിലെ പദപ്രയോഗഭങ്ഗികളിൽ, ആരുടെ ജീവിതമാണോ പരാവലംബത്താൽ നിർവ്വഹിയ്ക്കപ്പെടുന്നത് അവൻെറ വാക്കിൽ, അശാസിതമായിത്തന്നെ ഏതൊരവസരത്തിലും പ്രത്യക്ഷീഭവിച്ചുകൊണ്ടിരിയ്ക്കും.

കേരളത്തിലെ നിലയെക്കുറിച്ചു പറയുകയാണെങ്കിൽ, ചെറുതുചെറുതായി കണക്കില്ലാത്ത പ്രഭുശക്തി പുരാതനകാലം മുതൽ അവിടവിടെ ഒന്നിനോടൊന്നു ബന്ധിയ്ക്കാതെ നിരങ്കുശമായി പുലർന്നു വന്നിരുന്നതിനാൽ, ഒരററം മുതൽ മറെറ അററം വരെ സകലവിധമായ വ്യവഹാരത്തിലും ആശ്രിതവർഗം, വിനയദ്യോതകമായി ആചാരവാക്കുകളെ സംഘടിപ്പിച്ച് പ്രഭുവിനേയും പ്രഭുവിൻെറ പ്രവൃത്തികളേയും പ്രഭുവിനോടു ബന്ധപ്പെട്ടിട്ടുള്ള പദാർത്ഥങ്ങളേയും എല്ലാം അവരുടേതിൽ നിന്നും എത്രയു വിശേഷിപ്പിച്ചു പറയുവാൻ വേണ്ടി മറെറാരു നാട്ടിലും ഇല്ലാത്തവണ്ണം അസംഖ്യങ്ങളായ ആചാരവാക്കുകൾക്ക് ഏതദ്ദേശ്യഭാഷയായ മലയാളത്തിൽ സ്ഥാനം നേടിക്കൊടുക്കുവാനിടയായിത്തീർന്നു. ജാതിഭേദവും, സമുദായഭേദവും, ജാതികളുടേയും സമുദായങ്ങളുടേയും തന്നെ ഉച്ചതയും നീചതയും-ഇവയെല്ലാം നിദാനം സംസ്കാരമോ സമ്പത്തോ അതല്ല, രണ്ടുമോ, ഏതുമായിരിയ്ക്കട്ടെ—ഭാഷയിൽ ഓരോ നിലയ്ക്കും ഒത്തവണ്ണമുള്ള വാക്കുകൾ പ്രത്യേകം പ്രത്യേകമായി ആശ്രിതവർഗ്ഗത്താൽ പ്രയോഗിയ്ക്കപ്പെടത്തക്കവണ്ണം ഉണ്ടായിത്തീർന്നു വെന്നുള്ളതും വിശിഷ്യ പ്രസ്താവ്യമാണ്.

കോവിലകത്തിൽ ഒരു സ്ത്രീ പ്രസവിച്ചാൽ തിരുവയറൊഴിയുകയാകും. അവിടെ ആരെങ്കിലും അന്ത്യശ്വാസം വലിച്ചാലോ തീപ്പെട്ടുകഴിയുകയും ചെയ്തു. കുപ്പമാടത്തിലെ കഥയോ! എത്ര നല്ല പ്രവൃത്തിയായാലും കൈയ്ക്കുററപ്പാടേ ആവുകയുള്ളു. അതിനാൽ കോവിലകത്തിനും കുപ്പമാടത്തിനും തമ്മിൽ മലയാളത്തിലുള്ള ആചാരവാക്കുകളിൽ പണ്ടേക്കാലം മുതൽ ഉണ്ടായിരുന്ന സ്ഥിതിഭേദം ഏതാണ്ട് നമുക്കു ദർശിയ്ക്കുവാൻകഴിയുന്നതാണ്.

കേരളത്തിൽ ഹിന്ദുമതസ്ഥരായ സമുദായങ്ങളുടെ ഇടയ്ക്കാണ് ആദരവും വിനയവും വ്യക്തമാക്കുവാൻവേണ്ടി ആചാരപദങ്ങൾ ആവിർഭവിച്ചിട്ടുള്ളതു്. മററുമതക്കാരാകട്ടെ, ആ ആചാരവാക്കുകളിൽ ചിലതു്

യഥായോഗ്യം സ്വീകരിച്ചുവെന്നേയുള്ളൂ. ഹിന്ദുമതസ്ഥരായ കേരളീയരുടെ സംഭാഷണത്തിലാണ് ആചാരവാക്കുകൾ പ്രത്യക്ഷപ്പെട്ടതെന്നു പറയുമ്പോൾ, ചാതുർവ്വർണ്ണ്യത്തിന്റെ അതുല്യസ്വഭാവം ഈ വിഷയത്തിൽ എത്രത്തോളം അടിസ്ഥാനമായിരുന്നുവെന്നുള്ള സംശയം ഉദിയ്ക്കാവുന്നതാണ്. കേരളീയബ്രാഹ്മണർ സേവകവർഗ്ഗത്താൽ ആചാരവാക്കുകളുടെ പ്രയോഗംകൊണ്ട് ബഹുമാനിയ്ക്കപ്പെടാറുള്ളതുപോലെതന്നെ, അവർ നാടുവാഴികളായ ക്ഷത്രിയരോട് അത്രതന്നെ ഇല്ലെങ്കിലും പല ആചാരവാക്കുകളും പ്രയോഗിയ്ക്കുക പതിവായിരിയ്ക്കുന്നു. അതിനാൽ ആചാരവാക്കുകളുടെ പ്രധാനാവലംബം ബ്രാഹ്മണാദിവർണ്ണങ്ങളുടെ സ്മൃതിപ്രോക്തമായ അതുല്യതയല്ലെന്നും സമുദായങ്ങളുടെ പ്രത്യക്ഷദൃഷ്ടമായ സേവ്യസേവകഭാവമാണെന്നും നമുക്ക് ഊഹിയ്ക്കേണ്ടിയിരിയ്ക്കുന്നു.

ഏതൊരു സമുദായവും മററു സമുദായങ്ങളോട് പലവിധത്തിലും ബന്ധപ്പെട്ടതായിരിയ്ക്കും. അതിനാൽ സമുദായങ്ങളുടെ സേവ്യസേവകഭാവമോ അഥവാ, ഉപജീവ്യോപജീവകഭാവമോ ഇന്ന പ്രകാരത്തിലാണെന്ന് പരിച്ഛേദിയ്ക്കാവുന്നതല്ല. എങ്കിലും പഴയകാലം മുതല്ക്കുള്ള പാരമ്പര്യം പരിഗണിച്ചിട്ടാണ്, ഇന്നും ആചാരവാക്കുകൾ പ്രയോഗിച്ചു പോരുന്നത്. നാടുവാഴികളോട്, അവരുടെ കീഴിൽ ഉപജീവനം നിർവ്വഹിച്ചിരുന്ന പ്രജാവർഗ്ഗങ്ങൾ അവരുടെ താഴ്മയും നാടുവാഴികളുടെ മേന്മയും വെളിപ്പെടുത്തുവാൻ വേണ്ടി ആചാരവാക്കുകൾ പ്രയോഗിയ്ക്കുവാൻ ഇടവന്നുവെന്നാണല്ലോ പറഞ്ഞത്. കേരളത്തിലെ നാടുവാഴികളാകട്ടെ, ആര്യന്മാരുടെ അധിനിവേശകാലത്തിനിപ്പുറം നോക്കുകയാണെങ്കിൽ നമ്പൂതിരിമാരും ക്ഷത്രിയരും തന്നെ ആയിരുന്നുവെന്നു കാണാം. കൈയ്യൂക്കു കൊണ്ടോ ബുദ്ധികൊണ്ടോ പണം കൊണ്ടോ പ്രബലന്മാരായിരുന്ന ഇതരസമുദായാംഗങ്ങൾ പോലും മേല്പറഞ്ഞവക്ക് നാടുവാഴികളുടെ സ്ഥാനം അനുവദിച്ചുകൊടുത്ത് അവരുടെ ആശ്രയത്തിൽ കഴിയുവാനേ സന്നദ്ധരായുള്ളൂ. പില്ക്കാലത്ത് ഇവിടെ പ്രവേശവും സമുദായത്തിൽ ബഹുമതിയും സിദ്ധിയ്ക്കുവാനിടവന്നിട്ടും പരദേശബ്രാഹ്മണക്കും മററും ഒരു പ്രകാരത്തിലും ആര്യബ്രാഹ്മണക്കും ആര്യക്ഷത്രിയക്കും ആദിമദശയിൽ കേരളത്തിൽ സിദ്ധിച്ചതുപോലുള്ള, പ്രഭുപദവി സ്വായത്തമായില്ല. ഇതുകൊണ്ടെല്ലാം കേരളഭാഷയിലെ ആചാരവാക്കുകൾ അതിപുരാതനമായ സമുദായസ്ഥിതിയെ പ്രതിഫലിപ്പിയ്ക്കുന്നവയാണെന്നും അതുപോലെ തന്നെ അവ അതിപ്രാചീനങ്ങളാണെന്നും വിശദമാകുമെന്നു വിചാരിയ്ക്കുന്നു. നാം ചെല്ലുംതോറും കുഗ്രാമപ്രദേശങ്ങൾ പോലും വ്യക്തിസ്വാതന്ത്ര്യകാഹളം കൊണ്ട് മുഖരിതമായിത്തീർന്നു കൊണ്ടിരിയ്ക്കുന്നതിനാൽ ഇനി, ഒരു സമുദായത്തിനു മറെറാരു സമുദായത്തിൽ നിന്നോ ഒരു വ്യക്തിയ്ക്കു മറെറാരു വ്യക്തിയിൽ നിന്നോ താഴ്മയുണ്ടെന്നുള്ള ഭാവനയ്ക്കു ഭംഗം സംഭവിച്ച്, കൂടുതലായി ഒരൊററ ആചാരവാക്കുപോലും ഉണ്ടാകുവാൻ ഇടയാവുകയില്ലെന്നു മാത്രമല്ല, മുൻപിൽ ഉണ്ടായിട്ടുള്ളവയും ഇപ്പോഴും നടപ്പിലിരിയ്ക്കുന്നവയും ആയ ആചാരവാക്കുകൾ തന്നെ അപ്രത്യക്ഷങ്ങളാകുവാൻ ഒരു ഭാഗത്തിൽ നിന്നും വരുന്ന ശക്തി പ്രയത്നിച്ചു കൊണ്ടേ ഇരിയ്ക്കും. നമുക്ക് ഇന്നത്തെ നിലയ്ക്ക് കഴി

വുള്ളിടത്തോളം കേരളീയസമുദായങ്ങളു ടെ ഇടയ്ക്കു് നടപ്പിലിരുന്നിരുന്ന ആചാരവാക്കുകളെ പരിഗണിച്ച്, അവയിലെ കല്പനാവിശേഷങ്ങളെ നിർദ്ധാരണം ചെയ്യാം.

ആചാരവാക്കുകളുടെ പ്രയോഗം സംഭാഷണഭാഷയിൽ അഥവാ, വായ്മൊഴിയിലാണ് ധാരാളമായി ശീലിയ്ക്കപ്പെട്ടുവുന്നതു്. എന്നാൽ പ്രാചീനങ്ങളായ സാഹിത്യഗ്രന്ഥങ്ങളിലും തത്തത് കർത്താക്കന്മാർ, സന്ദർഭം അനുവദിയ്ക്കുന്നിടത്തോളം, ചുരുക്കമായിട്ടാണെങ്കിലും, ആചാരവാക്കുകളെ പ്രയോഗിയ്ക്കാതിരുന്നിട്ടില്ല. എപ്പോഴുമേ താഴ്ന്നതരക്കാരാണ്, അതായതു് ആശ്രിതവർഗ്ഗത്തിൽപെട്ടവരാണ്, ആചാരവാക്കുകൾ പ്രയോഗിയ്ക്കുന്നതെന്നുള്ളതിനാൽ അവരുടെ വീക്ഷണകോണത്തിൽ നിന്നുകൊണ്ടേ അപ്രകാരമുള്ള പ്രയോഗങ്ങളുടെ പരിഗണനവും ഉപാധിഭേദത്തെ പുരസ്കരിച്ചുള്ള വിഭജനവും സാധ്യമാവുകയുള്ളൂ. സ്വപ്രഭുവർഗ്ഗത്തിന്റെ നിലയെ ഉയർത്തിപ്പറയുവാനും തങ്ങളുടെ നിലയെ അവരുടേതിൽ നിന്നും എത്രയും താഴ്ത്തിപ്പറയുവാനും ഭൃത്യവർഗ്ഗം സന്നദ്ധമായിരിയ്ക്കുന്നതോടുകൂടി, പ്രഭുവർഗ്ഗം അവരോടു് എപ്പോഴും തങ്ങളും അവരും സമാനരാണെന്നുള്ള നിലയിൽ, വ്യവഹരിയ്ക്കുവാൻ ഒട്ടും മടിയ്ക്കാതെയാണ് ഇരുന്നിട്ടുള്ളതെന്നുള്ളതു് ഇരുകൂട്ടരുടേയും ഉത്കൃഷ്ടമായ മനോഭാവത്തിന് നിദർശനമാകുന്നു.

ആദ്യമായി പ്രഭുവർഗ്ഗത്തിൽപ്പെട്ടവരുടെ ഉത്കൃഷ്ടമായ വ്യക്തിത്വത്തെ പുരസ്കരിച്ച് പ്രയോഗിയ്ക്കപ്പെടുന്ന ആചാരവാക്കുകളുടെ നില എന്താണെന്നു നോക്കാം. തിരുമേനി, തിരുമനസ്സുകൊണ്ടു്, കല്പിച്ച്, തൃപ്പാദം, തിരുമുൻപ്—മുതലായ പ്രയോഗങ്ങൾ സേവകജനങ്ങൾ നേരിട്ട് സംബോധനം ചെയ്യുമ്പോൾ മാത്രമല്ല, പ്രഭുവർഗ്ഗത്തെ പരാമർശിച്ച് മററുള്ളവരോടു പറയുമ്പോഴും സ്വീകരിയ്ക്കുന്നവയാണ്. താൻ, നീ എന്നും മററും എതിരാളിയെ നിർദ്ദേശിയ്ക്കുമ്പോൾ അയാളോട് നേരിട്ട് വക്താവിനുള്ള സ്വാതന്ത്ര്യമോ അധികാരമോ അവകാശമോ ആണ് വ്യക്തമാകുന്നതു്. എന്നാൽ ആചാരവാക്കുകളുടെ പ്രയോഗത്തിലാകട്ടെ, നേരേ മറിച്ച്, വക്താവിനു പ്രഭുവർഗ്ഗത്തോടു് ഏതൊരു നിലയിലുമുള്ള അകല്ച്ച വിനയപൂർവം പ്രകാശിതമായിത്തീരുന്നു. പ്രഭുവിന്റെ ശരീരത്തോടും മനസ്സിനോടും വിചാരത്തോടുമല്ലാതെ പരിചാരകനായ തനിയ്ക്കു് നേരിട്ട് പ്രഭുവിനോടായി എന്തെങ്കിലും പറയുവാനോ പ്രവർത്തിയ്ക്കുവാനോ നിലയില്ലെന്നുള്ള ഒരു ഭാവമേ അവന് എല്ലായ്പോഴും ഉണ്ടായിരിയ്ക്കുകയുള്ളൂ. തിരുമനസ്സിനെ മുഖം കാണിയ്ക്കുമ്പോൾ അവൻ തൃപ്പാദം കാണുകയേ ചെയ്യാറുള്ളൂ. പ്രഭുവർഗ്ഗത്തിന്റെ ഹൃദയം ദയാസംപൂർണ്ണമാണെന്ന് ഏതു വിഷയത്തിലും തീർച്ചപ്പെടുത്തിക്കൊണ്ടുതന്നെയാണ് അവൻ തിരുവുള്ളം പ്രാർത്ഥിയ്ക്കുന്നതു്. പ്രഭുകുടുംബത്തിലെ കുട്ടികൾക്കുപോലും ബഹുമാനം അർപ്പിയ്ക്കുവാൻ തനിയ്ക്കു് കടപ്പാടുണ്ടെന്നാണ് പരിചാരകന്റെ മനോഭാവം. പൊന്നിൻകുടമെന്ന് ചില രാജകുടുംബങ്ങളിലെ പെൺകുട്ടികളെ ആശ്രിതവർഗ്ഗക്കാർ നിർദ്ദേശിയ്ക്കാറുള്ളതു് അവരുടെ വിനീതമായ ഭാവനയെ വെളിപ്പെടുത്തുന്നു.

പദാർത്ഥങ്ങളെ നല്ലതെന്നും തീയതെന്നും വേർതിരിയ്ക്കാവുന്നതാണെങ്കിലും

ഒരേ പദാത്ഥം തന്നെ ഉപയോക്താവിൻെറ സ്ഥിതിഭേദമനുസരിച്ച് എത്രയും ഉയന്ന നിലയിലും തീരെ താഴ്ന്ന നിലയിലും സാധാരണമായി നിർദ്ദേശിയ്ക്കപ്പെടാറുള്ളതു് സുസ്ഥിരമായ സേവ്യസേവകഭാവത്തിൻെറ ഒരു പ്രകടനവിശേഷമാകുന്നു. പ്രഭുവൎഗ്ഗത്തിൻെറ നില സാധാരണജനങ്ങളുടേതിൽ നിന്നും ഉയന്നും തങ്ങളുടെ നില സാധാരണ ജനങ്ങളുടേതിൽ നിന്നും താഴ്ന്നും ആണെന്നത്രേ പരിചാരികവൎഗ്ഗത്തിൻെറ ഭാവന. അതിനാൽ അവർ ആ അവസ്ഥാഭേദത്തെ വ്യക്തമാക്കേണ്ടിവരുമ്പോഴെല്ലാം പദാർത്ഥങ്ങളുടെ സാധാരണമായ വാചകപദം പ്രയോഗിയ്ക്കാതെ കഴിയ്ക്കുന്നു. ഒരേ നിലത്തിലുണ്ടാകുന്ന നെല്ല് ഒരേ മാതിരി പാകപ്പെടുത്തി ഭക്ഷണയോഗ്യമാക്കിത്തീത്തതായിരുന്നാലും, പ്രഭുവിൻെറ ഭക്ഷണം അമൃതേത്തും പരിചാരകൻെറ ഭക്ഷണം കരിയ്ക്കാടിയും ആയിപ്പോകും. അതുപോലെതന്നെ അടിയിക്കലം, പരിവട്ടം, ഉറുപ്പാത്തു്, പള്ളിയറ, തിരുവാഴി, ഓലപ്പെണ്ണ, നീക്കാപ്പ് മുതലായ ആചാരവാക്കുകളും പ്രഭുജനങ്ങളുടെ നിത്യോപയോഗത്തിലുള്ള പദാത്ഥങ്ങളുടെ വൈശിഷ്ട്യത്തെ കീത്തിയ്ക്കുന്നവയാണു്. പ്രഭുകുടുംബക്കാരുടെ പ്രവൃത്തികളേയും അവസ്ഥകളേയും നിർദ്ദേശിയ്ക്കുവാനാണു് ഇതരാപേക്ഷയാ കൂടുതൽ ആചാരവാക്കുകൾ പ്രയോഗിയ്ക്കപ്പെടുന്നതെന്നുള്ളതിനാൽ അങ്ങനെയുള്ളവയിൽ പ്രധാനപ്പെട്ടവയെ ഒരു മുറയനുസരിച്ച് അത്ഥത്തോടുകൂടി ചുവടെ സമാഹരിച്ചുകൊള്ളുന്നു.

൧. തൃക്കൺ പാക്കുക=നോക്കുക Or കാണുക.

൨. തൃല്യം ചാത്തുക=ഒപ്പിടുക.

൩. അരുളിച്ചെയ്യുക=പറയുക.

൪. എഴുന്നള്ളുക=വരുക, പോവുക നടക്കുക.

൫. അന്തിചാത്തുക=ഉറുക്കു കഴിയ്ക്കുക.

൬. പള്ളികൊള്ളുക=കിടക്കുക.

൭. തൃക്കൈയ് വിളയാടുക=എഴുതുക, അടിയ്ക്കുക.

൮. അങ്കം ചാത്തുക=ക്ഷൗരം ചെയ്യിയ്ക്കുക.

൯. തിരുമുത്തു വിളക്കുക=പല്ലുതേയ്ക്കുക.

൧൦. അമൃതു പൊലിയുക*=ഊണു കഴിയ്ക്കുക.

൧൧. കല്പിയ്ക്കുക=ആജ്ഞാപിയ്ക്കുക.

൧൨. കടവിലെഴുന്നള്ളുക=കുളിയ്ക്കുക.

൧൩. പള്ളിക്കുറുപ്പ്=ഉറക്കം.

൧൪. ആലസ്യം=സുഖക്കേടു്.

൧൫. പള്ളിക്കെട്ടു്=വിവാഹം.

൧൬. തിരുമാടമ്പു്=ഉപനയനം.

൧൭. തൃപ്പുത്തു്=തീണ്ടാരി.

൧൮. തിരുവയർ വാഴുക=ഗർഭം ധരിച്ചിരിയ്ക്കുക.

൧൯. തിരുവയറൊഴിയുക=പ്രസവിയ്ക്കുക.

൨൦. നാടുനീങ്ങുക=മരിയ്ക്കുക.

ഇങ്ങനെയുള്ള ആചാരവാക്കുകളിൽ മിയ്ക്കതും കുറഞ്ഞൊരു കല്പനാചാതുരിയോടുകൂടി ഗുംഫനം ചെയ്തിട്ടുള്ളവയാണെന്നു് സുസ്പഷ്ടമാണല്ലോ! തൃക്കൈയ് വിളയാടുക, തിരുമുത്തു വിളക്കുക, അമൃതുപൊലിയുക, തിരുവയർ വാഴുക—എന്നിങ്ങനെ

* 'അപ്പോൾ വന്നിട്ടമൃതുപൊലിവാൻ കാലമാവേദയേയു:' (ഉണ്ണുനീലി സന്ദേശം).

നൈസർഗ്ഗികമായ അലങ്കാരസമ്പത്തോടു കൂടി സരസങ്ങളായ പ്രയോഗങ്ങൾ സംഭാഷണഭാഷയിലും കവനകലയുടെ സ്വച്ഛന്ദനിസ്സരണത്തിന് മൗലികദൃഷ്ടാന്തങ്ങളാകുന്നു.

ഇനി പരിചാരകവർഗ്ഗക്കാർ തങ്ങളുടെ നിലയെ താഴ്ത്തി പറയുവാൻ ഉപയോഗിയ്ക്കുന്ന ആചാരവാക്കുകളിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ തിരിച്ചു വിടാം. ഈ വിധത്തിലുള്ള ആചാരവാക്കുകൾ അവർ പ്രഭുവർഗ്ഗത്തോടു നേരിട്ടു പറയുമ്പോഴല്ലാതെ പ്രയോഗിയ്ക്കാറില്ലെന്നുള്ളതു് മുൻപിലത്തേതിൽ നിന്നും ഗണ്യമായ ഒരു ഭേദമത്രെ. പ്രഭുവിന്റെ വിളിയ്ക്കു വിളികേൾക്കുന്നതും, ആജ്ഞ കൈക്കൊള്ളുന്നതും, പറയുന്നതോരോന്നും വഴിപോലെ കേൾക്കുന്നുവെന്ന് ഓരോരോ വിരാമത്തിലും വെളിപ്പെടുത്തുന്നതും, എല്ലാം 'അടിയൻ' എന്നുള്ള ആചാരവാക്കുകൊണ്ടാകുന്നു. 'തിരുവായ്ക്കെതിർ വായില്ല' എന്നു പറഞ്ഞ മട്ടിൽ പരിചാരകന്റെ പദപ്രയോഗത്തിൽ അധികം ഭാഗവും 'അടിയൻ' ആക്രമിച്ചുകളയുന്നതിൽ ഒട്ടും അദ്ഭുതപ്പെടുവാനില്ല. എന്നാൽ അതുപോലെ തന്നെ പ്രാധാന്യം അർഹിയ്ക്കുന്നവയായ പല ആചാരവാക്കുകളും പരിഗണനാർഹങ്ങളായിട്ടു് അവശേഷിയ്ക്കുന്നുണ്ടു്. അവയേയും വ്യക്തിപരം, പദാർത്ഥപരം, പ്രവൃത്തിപരം, അവസ്ഥാപരം എന്നീനിലകളിൽ ഉൾപ്പെടുത്തുവാൻ യാതൊരു വിഷമവുമില്ല. ചുവടേ ചേർക്കുന്ന ഉദാഹരണങ്ങൾ നോക്കുക.

൧. പഴവൻ=പൂർവ്വികൻ.

൨. പഴന്തള്ള=അമ്മ.

൩. കിടാത്തൻ=പുത്രൻ, അനുജൻ, അനന്തരവൻ.

൪. പഴമനസ്സ്=ഉള്ള്.

൫. നിലം പൊത്തുക=ഇരിയ്ക്കുക, കിടക്കുക.

൬. മുഖം കാണിയ്ക്കുക=പ്രഭുവിനെ കാണുക.

൭. കൈയ്ക്കുററപ്പാട്=പ്രവൃത്തി, ജോലി.

൮. അടിയറ വെയ്ക്കുക=കാഴ്ചദ്രവ്യം കൊണ്ടുകൊടുക്കുക.

൯. ചേറു നനയുക / നീരു നനയുക } =കുളിയ്ക്കുക.

൧൦. ആഹരിയ്ക്കുക=ഭക്ഷണം കഴിയ്ക്കുക.

൧൧. വിടകൊള്ളുക = പോവുക, വരുക പറയുക.

൧൨. കാററടിയ്ക്കുക=വെററിലമുറുക്കുക.

൧൩. പടുകാലം=രോഗം.

൧൪. കാടു മറിയുക / കുററംപിഴയ്ക്കുക } =മരിയ്ക്കുക.

൧൫. കുപ്പമാടം=വീട്.

൧൬. നെല്ലതിരു്=നെല്ല്.

൧൭. കല്ലരി=അരി.

൧൮. അടിതോൽ=മുണ്ടു്.

൧൯. വിടലച്ചകരി=തേങ്ങ.

൨൦. കരിയ്ക്കാടി=ചോറു്.

൨൧. കുപ്പപ്പാട്ട്=വീട്.

൨൨. പഴുത്തിലക്കാററു്=വെററില.

൨൩. ചെമ്പുകാശ്ശ്=ചക്രം.

൨൪. തിരുമുല്ക്കാഴ്ച / മുഖം കാട്ട് } =കാഴ്ചദ്രവ്യം.

തിരു, തൃ, പള്ളി—എന്നിവയിൽ ഏതെങ്കിലും ഒന്ന് വൈശിഷ്ട്യദ്യോതകമായി യഥായോഗ്യം സാധാരണമായ വാ

ചകപദത്തിൻെറ മുൻപിൽ ചേൎന്നു വരുന്നവയായുള്ള ആചാരവാക്കുകളെ പ്രത്യേകം വകുപ്പുകളായി നമുക്കു തരം തിരിയ്ക്കാവുന്നതാണു്. അതുപോലെ ചില വാക്കുകളിൽ കാപ്പു്, ചാൎത്തു്—തുടങ്ങിയവ പിൻപിൽ ചേൎന്നു് പൂജാൎത്ഥത്തെ നിൎദ്ദേശിയ്ക്കുന്നവയായി കാണുന്നുണ്ടു്. അങ്ങനെയുള്ളവയുടെ ഉപലക്ഷണങ്ങളായി ചില ഉദാഹരണങ്ങൾ ചുവടേ പ്രദൎശിപ്പിയ്ക്കാം.

| മുൻപിൽ വരുന്നവ | | | പിൻപിൽ വരുന്നവ | |
|---|---|---|---|---|
| തിരു– | തൃ– | പള്ളി– | –കാപ്പു് | –ചാൎത്തു് |
| തിരുനാൾ | തൃക്കൈ | പള്ളിയറ | എണ്ണക്കാപ്പു് | ഉൾച്ചാൎത്തു്§ |
| തിരുവാഴി | തൃത്താലിചാൎത്തു് | പള്ളിവേട്ട | ഇഞ്ചക്കാപ്പു് | അങ്കംചാൎത്തു് |
| തിരുമുൽത്തു് | തൃക്കൺപാൎക്കുക | പള്ളിവായന | താളിക്കാപ്പു് | തുല്യംചാൎത്തു് |
| തിരുവുള്ളം | തൃപ്പുത്തു് | പള്ളിയടക്കൽ* | നീർക്കാപ്പു്‡ | അന്തിചാൎത്തു് |
| തിരുവെഴുത്തു് | തൃപ്പാദം | പള്ളിയോടം | | |
| | | പള്ളിമാടമ്പു്† | | |
| | | പള്ളിക്കുറുപ്പു് | | |

ഇങ്ങനെ ഏതെങ്കിലും ഉപാധിയെ പുരസ്കരിച്ചു് ആചാരവാക്കുകളെ പല വകുപ്പുകളായി തിരിയ്ക്കുന്നതും ഭാഷാസംബന്ധമായ പഠനത്തിൽ അപരിഹാൎയ്യമാണു്.

ദേശഭേദംകൊണ്ടു് സമാനാൎത്ഥകങ്ങളായിത്തന്നെ വ്യത്യസ്തരൂപകങ്ങളായ ആചാരവാക്കുകൾ ഉണ്ടായിത്തീൎന്നിട്ടുള്ളതിനും ചില ഉദാഹരണങ്ങൾ ഇതേ പ്രകൃതത്തിൽ നിൎദ്ദേശിയ്ക്കുന്നതു് ഉചിതമായിരിയ്ക്കുമല്ലോ?

* ശ്മശാനം. † ഉപനയനം. ‡ വെള്ളം. § കൌപീനം

| | തെക്കൻ രൂപം | വടക്കൻ രൂപം | അർത്ഥം |
|---|---|---|---|
| 1 | അങ്കം ചാർത്തുക | ചന്തം ചാർത്തുക | ക്ഷൗരം ചെയ്യിയ്ക്കുക |
| 2 | നീരാട്ടുകുളി | നീരാട്ടുപള്ളി | കുളി |
| 3 | തൃപ്പൂത്തിരിയ്ക്കുക | പള്ളിതിരിയുക<br>പള്ളിയിരിയ്ക്കുക | തീണ്ടായിരിയ്ക്കുക |
| 4 | ആലസ്യം | ശീലായ്മ | രോഗം |
| 5 | തിരുമാടമ്പ് | പള്ളിമാടമ്പ് | ഉപനയനം |
| 6 | നാടുനീങ്ങുക | തീപ്പെട്ടുക<br>മുടിഞ്ഞെഴുന്നള്ളുക | മരിയ്ക്കുക |
| 7 | എണ്ണക്കാപ്പ് | ഓലപ്പെണ്ണ | എണ്ണ |
| 8 | അടീക്കലം | അവുണ്ടില | ഇല |
| 9 | കൈയ്ക്കുററപ്പാട്ട് | കൈയ്ക്കുററൽ | ജോലി |
| 10 | കുററം പിഴയ്ക്കുക | കാട്ടുമറിയുക | മരിയ്ക്കുക |
| 11 | അടിതോലുകൊട്ടുക്കുക | കരിയ്ക്കുലംവാട്ടുക | വിവാഹം കഴിയ്ക്കുക |
| 12 | പള്ളിക്കെട്ട് | തൃത്താലി ചാർത്ത് | വിവാഹം |
| 13 | പള്ളിയടക്കൽ | പള്ളിമാററാട്ട് | ശ്മശാനം |

ഉപരിഗവേഷണങ്ങളാൽ കേരളത്തിൽ നടപ്പുള്ള എത്രയോ ആചാരവാക്കുകളേയും അവയിൽ തന്നെ പ്രദേശികപ്രയുക്തമായ വൈജാത്യങ്ങളേയും ഇതിലും കൂടുതലായി നിർദ്ധാരണം ചെയ്യുവാൻ കഴിയുന്നതാണ്. ആചാരവാക്കുകൾ പ്രാധാന്യേന സമുദായസംബന്ധികളാണെങ്കിലും അവയ്ക്കു് നമ്മുടെ ഭാഷയോടും അതിലെ സാഹിത്യത്തോടും അഭേദ്യമായ ബന്ധമുണ്ടെന്നുള്ളതു് അവിതർക്കമാണ്. സംസ്കൃതത്തിൽ നിന്നും പ്രാകൃതത്തിൽ നിന്നും കടന്നുകൂടിയിട്ടുള്ള തത്സമങ്ങളും തദ്ഭവങ്ങളും പോലെതന്നെ ശ്രവണമധുരങ്ങളും, പ്രപുഷ്ടാർത്ഥങ്ങളും, സമുചിതമായ മേളനത്താൽ ഹൃദയോല്ലാസകങ്ങളും ആയ തനിമലയാളവാക്കുകളും സന്ദർഭോചിതമായി പ്രയോഗിയ്ക്കപ്പെട്ടിട്ടുള്ളവയാണ് ആചാരവാക്കുകൾ എന്നതു് അവയ്ക്കു് ഭാഷാപരമായും സാഹിത്യപരമായും ഉള്ള മഹിമയെ വ്യക്തമാക്കുവാൻ പര്യാപ്തമത്രെ.

# മേല്പുത്തൂർ നാരായണഭട്ടതിരി.

(എം. ആർ. ബാലകൃഷ്ണവാര്യർ എം. എ.)

സംസ്കൃതസാഹിത്യത്തിന്റേയും സംസ്കാരത്തിന്റേയും അഭ്യുന്നതിയിലും പുരോഗമനത്തിലും കേരളീയമഹാന്മാർ പുരാതനകാലത്ത് അഭിമാനകരമായ പങ്കെടുത്തിട്ടുണ്ടെന്നുള്ളത് അവിതക്കിതമാണല്ലൊ. ഭാരതീയ നാഗരികതചത്തിന്റെ വികാസത്തിനും പരിപോഷണത്തിനും കേരളകവികളും പണ്ഡിതന്മാരും ചെയ്തിട്ടുള്ള സന്നാഹങ്ങൾ അവക്കു വിശേഷാത്തരമായ യശോധനം സമാജ്ജിച്ചിട്ടുണ്ട്. സംസ്കൃതസാഹിത്യത്തിനും ഭാരതീയശാസ്ത്രങ്ങൾക്കും കേരളത്തിലുണ്ടായതുപോലുള്ള പുരോഗതി ഭാരതത്തിന്റെ ഇതരഖണ്ഡങ്ങളിലുണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. സാഹിത്യപരമായ അഭിവൃദ്ധിയുക്കു ഹേതുഭൂതന്മാരായവരിൽ മേല്പത്തൂർ നാരായണഭട്ടപാദക്കുള്ള സ്ഥാനം അത്യുന്നതമാണ്. ശ്രീശങ്കരാചാൎയ്യരെ ഒഴിച്ചാൽ പാണ്ഡിത്യവൈഭവം കൊണ്ടും കവിതാചാതുൎയ്യംകൊണ്ടും ശാസ്ത്രവൈചക്ഷണ്യംകൊണ്ടും പ്രഥമസ്ഥാനത്തിനു സവ്വഥാ അഹ്ൻ നാരായണഭട്ടപാദരാണെന്നുള്ളത് നിരാക്ഷേപമായ സംഗതിയാണ്.

ഈ മഹാത്മാവ്, നിരവധി പണ്ഡിതന്മാരുടെ അവതാരംകൊണ്ട് അനചത്ഥമാക്കിയ 'വെട്ടത്ത്' നാട്ടിൽ 'ചന്ദനക്കാവ്' എന്ന ഭഗവതീക്ഷേത്രത്തിന് സമീപമുള്ള മേല്പത്തൂരില്ലത്തിൽ കൊല്ലം ൭൩൦-ൽ ഭൂലോകജാതനായി. മേല്പത്തൂരില്ലം പരമ്പരയായി പണ്ഡിതന്മാരുടെ വിളനിലമായിരുന്നുവെന്നും ഐശചൎയ്യമഹിമയോടു വത്തിച്ചിരുന്ന ഒരു പ്രധാന കുടുംബമായിരുന്നുവെന്നും കേട്ടിട്ടുണ്ട്. അടുത്തുള്ള ചന്ദനക്കാവുക്ഷേത്രത്തിലെ ഊരാണ്മസ്ഥാനം മേല്പത്തൂരില്ലത്തേക്കുമുണ്ടായിരുന്നുവെന്നും കാലക്രമത്തിൽ ആ പ്രശസ്തകുടുംബം അന്യം നിൽക്കയാൽ അവകാശക്രമമനുസരിച്ച് ഊരാണ്മയധികാരം മറവഞ്ചേരി തെക്കേടത്തു മനയ്ക്കലേക്കു ഒതുങ്ങിയെന്നും അറിയുന്നു. നാരായണഭട്ടതിരിയുടെ ജനനകാലത്ത് മേല്പത്തൂർ കുടുംബം പ്രാബല്യത്തിലും പാണ്ഡിത്യപ്രകഷത്തിലും മികച്ചു നിന്നിരുന്നുവെന്ന് വെളിവാകുന്നു. അദ്ദേഹത്തിന്റെ പിതാവ് മീമാംസാപണ്ഡിതനും വേദവിത്തുമായിരുന്ന മാതൃദത്ത ഭട്ടതിരിയായിരുന്നു. ഇദ്ദേഹത്തെപ്പററി:—

'ഭൂഖണ്ഡേ കേരളാഖ്യേ സരിതമിഹ നിളാ
മുത്തരേണൈവ നാവാ
ക്ഷേത്രേ ഗവ്യൂതിമാത്രേ പുനരുപരിനവ
ഗ്രാമനാമ്നി സ്വധാമ്നി
ധമ്മിഷ്ഠാദ് ഭട്ടതന്ത്രാദ്യഖില മതപടോ
മ്മാതൃദത്തദചിജേന്ദ്രാ—
ജ്ജാതോ നാരായണാഖ്യോ നിരവഹദതുലാം
ദേവനാരായണാജ്ഞാം'

എന്ന് 'പ്രക്രിയാസവ്വസച'ത്തിൽ ഭട്ടപാദർതന്നെ സ്മരിക്കുന്നുണ്ട്. അക്കാലത്തുണ്ടായ ഭ്രമരസന്ദേശകാവ്യത്തിൽ, മാതൃദത്തഭട്ടതിരിയുടെ ശിഷ്യന്മാരായി അനവധിയാളുകൾ ശാസ്ത്രമഭ്യസിച്ചിരുന്നുവെന്ന്:-

ഹേരംബേണ പ്രഥിതവിഭവാം
മാതൃദത്തദ്വിജേന്ദ്ര
ശ്രീമച്ഛിഷ്യോൽകരമുഖരിതൈ രാസ്തൃതാം
ശാസ്ത്രഘോഷൈഃ'

എന്നതിൽ പ്രസ്താവിച്ചുകാണുന്നു. പരമധാർമ്മികനും മീമാംസക ശിരോമണിയുമായിരുന്ന സ്വപിതാവിൻെറ അടുക്കൽ നിന്നുമാണ് ഭട്ടപാദർ മീമാംസാദി ശാസ്ത്രങ്ങൾ അഭ്യസിച്ചതെന്നു കാണുന്നു. ഭട്ടപാദരുടെ മാതാവ് കുന്നങ്കുളത്തിനു സമീപമുള്ള 'പോക്കളം' ദേശത്തിൽ പൈയ്യൂർ മനയ്ക്കലെ വിദുഷിയായിരുന്ന ഒരന്തർജ്ജനമായിരുന്നു. പൈയ്യൂർ മനയും ഏറിയകാലമായി പണ്ഡിതന്മാരുടെ പാരമ്പര്യമുള്ള ഒരു പ്രശസ്തകുടുംബമായിരുന്നുവെന്ന് സുപ്രസിദ്ധമാണല്ലൊ. കൊല്ലം ഏഴാം ശതവർഷത്തിൻെറ പൂർവ്വഘട്ടത്തിൽ ശക്തൻ സാമൂതിരിപ്പാട്ടിലെ വിദ്വത്സദസ്സിൽ അദ്ധ്യക്ഷനും സർവ്വശാസ്ത്രപാരംഗതനുമായിരുന്ന മഹർഷിയുടെ കാലം മുതൽക്കു പൈയ്യൂർ മന ഒരു ശതാബ്ദത്തോളം പണ്ഡിതന്മാരുടെ അധിവാസകേന്ദ്രമായിരുന്നുവെന്ന് സർവ്വസമ്മതമാണ്. അക്കാലത്തു് പൈയ്യൂർ ഭാട്ടമനയെപ്പോലെ പാണ്ഡിത്യ വൈഭവമുണ്ടായിരുന്ന മററൊരു പ്രശസ്ത കുടുംബം കേരളത്തിൽ ഉണ്ടായിരുന്നോ യെന്ന് സംശയമാണ്. ആർഭാടവുംകൊണ്ടു് പരദേശത്തു നിന്നും വന്ന ഉദ്ദണ്ഡ പണ്ഡിതനാൽ:—

ഭാനേ ച കല്പവൃക്ഷം
സർവ്വജ്ഞതേ ച ചന്ദ്രഖണ്ഡധരം
പൈയ്യൂരാഢ്യ! മഹർഷേ!
കവിതാ മാർഗ്ഗേ ച കാളിദാസ! ത്വാം'

എന്ന് അനുകീർത്തിതനായ മഹർഷിയുടെ അനന്തരഗാമികളായി അവിടെ പരിലസിച്ചിരുന്ന ഏഴു മീമാംസകന്മാരുടെ ഏകസഹോദരിയായിരുന്നു നാരായണ ഭട്ടപാദരുടെ മാതാവെന്ന് ഐതിഹ്യം ഘോഷിക്കുന്നതു് അവിശ്വസിക്കേണ്ട കാര്യം കാണുന്നില്ല. ശാസ്ത്രങ്ങളിൽ ശാന്തമതികളായും കലകളിൽ കുശലന്മാരായുമിരുന്ന പൂർവികന്മാർ മാതൃഗൃഹത്തിലും പിതൃഗൃഹത്തിലും ഒരുപോലെ ഉണ്ടായിരിക്കുക എന്നത് പാരമ്പര്യം പരിപാലിക്കുന്നതിൽ എത്രമാത്രം ഉത്തേജകമായ പ്രചോദനയായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. പാണ്ഡിത്യപരിപൂർണ്ണമായ ഒരന്തരീക്ഷത്തിൽ ജനിക്കുകയും വളരുകയും ചെയ്യുന്ന ഒരാൾക്ക് അതിൻെറ സൌരഭ്യം ഏറെക്കുറെയെങ്കിലും അനുഭവിക്കാതിരിക്കാൻ കഴികയില്ല. പൈയ്യൂർ മനയ്ക്കലെ കിളികൾക്കു പോലും സാഹചാര്യം കൊണ്ടു് ശാസ്ത്ര വാദത്തിൽ വൈദഗ്ദ്ധ്യം സമ്പാദിക്കാമെങ്കിൽ അവിടത്തെ അനന്തരവൻെറ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ.

പാരമ്പര്യം മാത്രമല്ല, അവധാനപൂർവ്വമായ അഭ്യാസവും ഭട്ടപാദരുടെ പാണ്ഡിത്യോല്ക്കർഷത്തിനു വഴി തെളിച്ചുവെന്നു് സ്പഷ്ടമാണല്ലൊ. എന്നാൽ ആദികാലത്തു് കുലാചാരപ്രകാരമുള്ള വിദ്യാഭ്യാസത്തിലും വേദാദ്ധ്യയനത്തിലും അഭിരുചിയില്ലാതെ ആഹാരനീഹാരാദികളിൽ മാത്രം ബദ്ധശ്രദ്ധനായി കഴിഞ്ഞുകൂടിയതു് അക്കാലത്തെ നമ്പൂതിരികുടുംബങ്ങളിലെ ഇളമുറക്കാർക്കു സഹജമായിരുന്ന അനാസ്ഥയും ചുമതലബോധമില്ലായ്മയും കൊണ്ടായിരിക്കണം. കുടുംബ പാരമ്പര്യങ്ങളെ നിലനിർത്തുന്നതിൽ ഔത്സുക്യം ജ്യേഷ്ഠപുത്രനല്ലാതെ മററു സഹോദരന്മാർക്കുണ്ടാകുന്നതു് അത്ര സാധാരണമല്ല.

ചെറുപ്പത്തിലെതന്നെ തിരൂരിനടുത്തുള്ള തൃക്കണ്ടിയൂരിൽ താമസമാക്കിയതും അവിടെയുള്ള പിഷാരത്ത് സംബന്ധമായിക്കൂടിയതും ഒരുവിധത്തിൽ വിദ്യാഭ്യാസത്തിനു തടസ്സമായിയെങ്കിൽ മറെറാരു തരത്തിൽ ഗുണപ്രദമാകാതെയിരുന്നില്ല. തൃക്കണ്ടിയൂർ പിഷാരം പുരാതനകാലം മുതൽക്കു വിദ്യാസമ്പന്നന്മാരെക്കൊണ്ട് പ്രസിദ്ധി പ്രാപിച്ച ഒരു കുലീനകുടുംബമായിരുന്നു. ഉദ്ദണ്ഡപണ്ഡിതൻെറ കാലത്തു്:—

'ധന്യദ്ധാന്യദ്ധാനീനാം ഫണിപതി
ഭണിതാം ഭോധികുംഭികുമാരാഃ
പ്രൌഢാ കേചിൽ പ്രഥന്തേ പരഗുണ
കണികാ ശ്ലാഘിനസ്താൻ നമാമഃ
പ്രത്യാഹാര ഗൃഹേപിഭ്രമിതമതിരസൌ
കോപി സാഹിത്യവിദ്യാ
കാണോ നാണപ്പനാമാ പ്രലപതു ജരസാ
താവതാകിംനു ഹാനിഃ

എന്ന പ്രശംസയെ അർഹിച്ച പണ്ഡിതശിരോമണി നാണപ്പപ്പിഷാരടി സുപ്രസിദ്ധനാണല്ലൊ. നാരായണ ഭട്ടതിരി അവിടെ താമസമാക്കിയിരുന്ന കാലത്തു് തക്കം, വ്യാകരണം, ജ്യൌതിഷം, വൈദ്യം എന്നീ വിഷയങ്ങളിൽ അഗാധപണ്ഡിതനായിരുന്ന അച്യുതപ്പിഷാരടി ഭട്ടതിരിയുടെ ജീവിതത്തിൽ ശുഭോദക്കമായ ഒരു പരിവത്തനം സംഭവിക്കുവാൻ ഹേതുഭൂതനായിത്തീർന്നു. നിത്യകമ്മാനുഷ്ഠാനങ്ങളിൽ പോലും അശ്രദ്ധനായി കഴിഞ്ഞുകൂടിയ ഭട്ടതിരിയുടെ അനാസ്ഥ സദാചാരനിരതനും സാത്വികബുദ്ധിയുമായിരുന്ന പിഷാരടിയുടെ നിശിതശകാരത്തിനു ഒരിക്കൽ പാത്രമായതു് അത്ഭുതപൂർവ്വമായ ഒരു മാററത്തിനു കാരണമായി. വെറും ഭൌതിക സുഖങ്ങളിൽ മാത്രം കളിയാടിക്കൊണ്ടിരുന്ന ഭട്ടതിരിയിൽ ഈ സംഭവം ലീലാശുകൻെറ ജീവിതത്തിലെന്നപോലെ ഒരു മാനസാന്തരത്തെ ഉളവാക്കി. അന്നുമുതൽ പിഷാരടിയുടെ ശിഷ്യനായിത്തീർന്ന ഭട്ടതിരി അല്പകാലത്തിനുള്ളിൽ മുജ്ജന്മവാസനകൊണ്ടും പാരമ്പര്യംകൊണ്ടും ഏററെക്കുറെ വികസിതമായിരുന്ന ബുദ്ധിശക്തിയാൽ ഗുരുവിനെ അത്ഭുത പരതന്ത്രനാക്കി. വിഭക്തികൾ ഉറച്ചുവോ എന്നു് ഒരിക്കൽ ഗുരു ഭട്ടതിരിയോടു ചോദിച്ചതിനു്:—

'കൃഷ്ണോ രക്ഷതു മാം ചരാചരഗുരുഃ
കൃഷ്ണം നമസ്യേ സദാ
കൃഷ്ണേനൈവ സുരക്ഷിതോഹമസകൃൽ
കൃഷ്ണായ ദത്തംമനഃ
കൃഷ്ണാദേവ സമുത്ഭവോ മമ വിഭോഃ
കൃഷ്ണസ്യദാസോസ്മ്യഹം,
കൃഷ്ണേ ഭക്തിരചഞ്ചലാസ്തു, ഭഗവൻ
ഹേ കൃഷ്ണ! തുഭ്യം നമഃ'

എന്ന പദ്യംചൊല്ലിയതു് അദ്ദേഹത്തിൻെറ 'ഭാവിശ്രേയഃപിശുന ശകുന' മായി കരുതേണ്ടിയിരിക്കുന്നു. മേല്പത്തൂർ ഭട്ടപാദരുടെ ഗുരുക്കന്മാരെക്കുറിച്ചുള്ള ഗണനാപ്രസംഗത്തിൽ അച്യുതപിഷാരടിയ്ക്കു പ്രഥമസ്ഥാനത്തിനു് അവകാശമുണ്ടു്. ഭ്രമരസന്ദേശത്തിൽ:—

'തസ്മാൽ പ്രത്യക്ക് പ്രഹിതനയനഃ
കുണ്ഡ ഗേഹാധിനാഥം
സർവജ്ഞം തം പ്രണമ ഗിരിശം
ഭക്തിമാനച്യുതം ച;
ഏകസ്താവദ്വഹതി ശിരസി
ജ്യോതിഷാമേകമിന്ദും
ജ്യോതിശ്ചക്രം നിഖിലമപരോ
ധാരയത്യന്തരംഗേ'

എന്നു് പിഷാരടിയുടെ ജ്യൌതിഷ പാണ്ഡിത്യത്തെ പ്രശംസിച്ചിരിക്കുന്നു. പിഷാരടി 'പ്രവേശകം' എന്ന സംസ്കൃത വ്യാകരണം നിർമ്മിച്ചതു് ഭട്ടതിരിയെ വ്യാകരണം പഠിപ്പിക്കുന്നതിനായിട്ടാണെന്നാണു് ഐതിഹ്യം. ഭട്ടതിരിക്കു തന്റെ സകല അഭ്യുദയങ്ങൾക്കും കാരണഭൂതനായിരുന്നപിഷാരടിയോടു വലിയ പ്രതിപത്തിയും ഭക്തിയും ഉണ്ടായിരുന്നു. കൊല്ലം 0ൻൻ-ൽ അച്യുതപ്പിഷാരടി കാലയവനികയ്ക്കുള്ളിൽ മറഞ്ഞപ്പോൾ ഭട്ടതിരി അദ്ദേഹത്തെപ്പററി:—

'ഹേ ശബ്ദാഗമ! നിർഭയം വിബുധതാ
ലുബ്ധൈർന്നിപീഡിഷ്യസേ
ഹന്തജ്യൌതിഷതന്ത്ര! പര്യവസിതാ
തിഥ്യർക്ഷയോസ്തേകഥാ
ഹാ ധാർഷ്ട്യ പ്രവണാസി വൈദ്യസരണേ
നഷ്ടോഹ്യലങ്കാര!ഭോ
വിദ്യാത്മാസ്വരസ്സ ദ്യഭവതാ
മാധാരഭൂരച്യുതഃ'

എന്ന പദ്യം ചൊല്ലിയതായി ഐതിഹ്യമുണ്ടു്. 'പ്രക്രിയാസർവ്വസ്വ'ത്തിൽ ഈ ഗുരുവരനെ:—

'അയമച്യുത ഗുരുകൃപയാ
പാണിനി കാത്യായനാദി കാരുണ്യാൽ
യത്നഫല പ്രസൂസ്യാൽ
കൃതരാഗരസോദ്യ ശബ്ദമാർഗ്ഗജുഷാം'

എന്നും,

'മീമാംസാദി സ്വതാതാന്നിഗമ മവികലം
മാധവാചാര്യവര്യാ-
ത്തർക്കം ദാമോദരാര്യാദപി പദപദവീ
മച്യുതാര്യാൽ ബുധേന്ദ്രാൽ,
തേഷാം കാരുണ്യയോഗാൽ കിമപിച
കവിതാമാപ്നുവം കർമ്മമേതദ്
ഭൂയാൽ കൃഷ്ണാർപ്പണം മേ ഭവതു ച സതതം
ധീരഘാരോഃ കഥായാം'

എന്നും പ്രകടമായി അനുസ്മരിക്കുന്നു. തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയെക്കൂടാതെ, മാധവാചാര്യൻ, ദാമോദരാചാര്യൻ, സ്വപിതാവ് എന്നിവർ പില്ക്കാലത്തു് ഭട്ടതിരിയുടെ ഗുരുക്കന്മാരായിരുന്നുവെന്നു വെളിവാകുന്നുണ്ടു്. മുൻപദ്യത്തിൽ പ്രസ്താവിച്ചിരിക്കുന്ന മാധവാചാര്യനും ദാമോദരാചാര്യനും എവിടെയുള്ളവരായിരുന്നുവെന്നു് അറിയുന്നതിനുപോലും വേണ്ട ലക്ഷ്യങ്ങൾ ലഭിച്ചിട്ടില്ല. മാധവാചാര്യർ ഒരു പിഷാരടിയായിരിക്കാമെന്നു് അണ്ണാമലയൂണിവേർസിററി സംസ്കൃതപ്രൊഫസർ രാമപ്പിഷാരടി അവർകൾ സന്ദേഹിക്കുന്നതു് ശരിയായിരിക്കാൻ നിവൃത്തിയില്ല. ആ ആചാര്യന്റെ അടുക്കൽ അഭ്യസിച്ചതു് രാമപ്പിഷാരടി പറയുന്നതുപോലെ തർക്കമല്ല, വേദമാണെന്നു മുമ്പുദ്ധരിച്ചപദ്യത്തിൽ നിന്നു വ്യക്തമാകയാൽ, മാധവാചാര്യർ ഒരു വേദജ്ഞോത്തമനായ ബ്രാഹ്മണനൊണെന്നു തെളിയുന്നുണ്ടു്. ഇവരെപ്പററിക്കൂടുതൽ ഗവേഷണം നടത്തേണ്ടതായിട്ടാണിരിക്കുന്നതു്. വേദജ്ഞനായ ഒരു ബ്രാഹ്മണനെ അന്തരാളത്തിൽനിർത്തി അദ്ദേഹത്തിനെകൊണ്ടു് പറയിച്ചാണു് മഹാഗുരുവായ അച്യുതപ്പിഷാരടിയുടെ പക്കൽനിന്നും വേദാദ്ധ്യയനം നടത്തിയതെന്നും അനർഹമായ വിധം പിഷാരടി വേദോപദേശം ചെയ്കയാൽ അതിന്റെ ഫലമായി ലഭിച്ച വാതരോഗത്തെ നാരായണഭട്ടപാദർ ഉഴിഞ്ഞുവാങ്ങിയെന്നും പിതൃഭക്തനായ പൂരുമഹാരാജാവു് പിതാവിനെ ബാധിച്ചതായ ജരയെ ഏററുവാങ്ങിയതുപോലെ ശിഷ്യൻ പിഷാരടിയുടെ വാതരോഗം ഏററുവാങ്ങുകയാൽ രോഗബാധിതനായിത്തീർന്നുവെന്നും മററുമുള്ള കഥകൾ ഒട്ടും തന്നെ വിശ്വാസയോഗ്യമായിരിക്കുന്നി

ല്ല. നാരായണഭട്ടതിരിക്ക അച്യുതപ്പിഷാരടിയല്ലാതെ വേറെ ഗുരുക്കന്മാരില്ലായിരുന്നു വെന്ന് കെ. വി. എം. എഴുതിയ ജീവചരിത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് അടിസ്ഥാനരഹിതമാണെന്ന് സ്പഷ്ടമാണല്ലോ. അതാതുവിഷയങ്ങളിൽ അതിവൈദഗ്ദ്ധ്യമുണ്ടായിരുന്ന നാലു ഗുരുക്കന്മാരുടെ പക്കൽനിന്നുമാണ് മീമാംസ, വേദം, തർക്കം, വ്യാകരണം എന്നീ വിഷയങ്ങൾ അഭ്യസിച്ചതെന്ന് ഭട്ടപാദർ തന്നെ പ്രക്രിയാ സർവ്വസ്വത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൽ കൂടുതൽ തെളിവ് ഇതിനാവശ്യമില്ലല്ലൊ.

നാരായണഭട്ടപാദർ കുടുംബത്തിലെ ഇളമുറക്കാരനായിരുന്നതിനാൽ കുടുംബഭരണഭാരംകൊണ്ടു് വ്യാകുലപ്പെടേണ്ടിയിരുന്നില്ല. തൃക്കണ്ടിയൂരിൽ ഭാര്യാഗൃഹമായ പിഷാരത്തുതന്നെ മിക്കവാറും താമസിച്ചിരുന്നു. അച്യുതപ്പിഷാരടിയുമായുണ്ടായ നിത്യസഹവാസം അദ്ദേഹത്തിൻെറ ജ്ഞാനതൃഷ്ണയെ നല്ലപോലെ ഉജ്ജ്വലിപ്പിച്ചിരിക്കണം. ഏതായാലും കാവ്യനാടകാലങ്കാരാദികളിലും ന്യായവ്യാകരണ മീമാംസാദി ശാസ്ത്രങ്ങളിലും മററും സുദൃഢമായ വ്യുല്പത്തി അദ്ദേഹം സമ്പാദിച്ച് മഹത്തരമായ സാഹിത്യവ്യവസായത്തിന് കാലക്രമത്തിൽ പൂർണ്ണാധികാരിയായിത്തീർന്നു. ഉത്തമമായ ഗുരുകുലവാസംകൊണ്ടും ഗ്രന്ഥപരിചയംകൊണ്ടും സർവ്വതോമുഖമായ പാണ്ഡിത്യവിലാസം നല്ലപോലെ വികസിതമായ ശേഷമാണ് അദ്ദേഹം സാഹിത്യക്കളരിയിൽ പയററുവാൻ ആരംഭിച്ചതു്. നൈസർഗ്ഗികമായി വാസനാരൂപേണ അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിലീനമായിരുന്ന കവിത്വം വിദ്യാസംസ്കാരത്താൽ പ്രത്യേകം ഉന്മിഷിതമായി. ഭട്ടതിരിക്ക ചെറുപ്പത്തിലെ വാതരോഗം പിടിപെട്ടതും അതിൻെറ ശമനത്തിനായി വിശ്രുതിയേറിയ ഗുരുവായൂർക്ഷേത്രത്തിൽ ഭജനത്തിനു പോയതും അദ്ദേഹത്തിൻെറ കൃതികളിൽ ഏററവും പ്രസിദ്ധമായ 'നാരായണീയത്തിൻെറ' ആവിർഭാവത്തിനു കാരണമായിത്തീർന്നു. ഗുരുവായൂർ ഭജനത്തിനു പോകുവാനിടയായതു് തുഞ്ചത്തു് രാമാനുജനെഴുത്തച്ഛൻെറ 'മീൻ കൂട്ടിത്തുടങ്ങട്ടെ' എന്ന ഉപദേശമനുസരിച്ചാണെന്നുള്ള ഐതിഹ്യം പ്രഥമദൃഷ്ടിയിൽ തന്നെ തിരസ്കരിക്കേണ്ടതാണെന്ന് വ്യക്തമാണ്. എഴുത്തച്ഛനും ഭട്ടതിരിയും സമകാലികന്മാരാണെന്നുള്ള വിശ്വാസവും അടിസ്ഥാനരഹിതമാണ്. എഴുത്തച്ഛൻെറ മരണം കൊല്ലവർഷം ൭൦൨ ധനു ൨൮-ാംനു- ആയിരുന്നുവെന്ന്:—

> 'ഭാസ്വത്തുഞ്ചാഖ്യ സത്മന്യഖില ഗുണഗണ
> ശ്രേണി പൂർണ്ണോവതീർണ്ണ
> ശ്രീമന്നീവാദ്യകണ്ഠാദ്വിദിതബഹുപഥ
> സ്സർവ്വശാസ്ത്രാഗമാനാം
> യേന്തേ ത്യക്ത്വാ ച ചിററൂർപ്പുരവരസവിധേ
> സൂര്യനാരായണം മാം
> ഹംസപ്രാപ്യന്നസൌമ്യം പദമഗമദഹോ
> മദ്ഗുരു രാമനാമാ'

എന്ന ശ്ലോകത്തിൽ നിന്നും വെളിവാകുന്നു. ഭട്ടപാദരുടെ ജനനം കൊല്ലം ൭൩൦ൽ മാത്രമാണ്. 'മീൻകൂട്ടിത്തുടങ്ങട്ടെ' എന്ന ഐതിഹ്യം ജനതാമദ്ധ്യത്തിൽ പ്രചാരത്തിലിരിക്കുന്ന നിരവധി കെട്ടുകഥകളിലൊന്നാണെന്നു പരിഗണിക്കുവാനെ തരമുള്ളു. എഴുത്തച്ഛൻെറ വീട്ടിലേക്ക ഭട്ടതിരി അക്കാലത്തു താമസിച്ചിരുന്ന തൃക്കണ്ടിയൂരിൽനിന്ന് രണ്ടുനാഴികയിൽ കൂടുതൽ ദൂരമില്ല. അതിനാൽ അവർ രണ്ടുപേരും പരിചിതന്മാരും വലിയ സ്നേഹിതന്മാരും

ആയിരിക്കണമെന്ന് സങ്കല്പിച്ച് പിൽക്കാലത്താരെങ്കിലും ചമച്ചതായിരിക്കണം ഈ ഐതിഹ്യത്തിന് ബീജാവാപം ചെയ്തതു്. നാരായണീയത്തിലെ അവസാന പദ്യത്തിലുള്ള 'ആയുരാരോഗ്യസൌഖ്യം' എന്നതു് ഗ്രന്ഥസമാപ്തി ദിനസംഖ്യയെ നിർദ്ദേശിക്കുന്നുവെന്നതിനാൽ കൊല്ലം 762-മാണ്ട് വൃശ്ചികം 28-ാനു-യാണ് അതു് എഴുതിത്തീർത്തതെന്നു് സുസ്പഷ്ടമാണല്ലോ.

ഭക്തിരസസർവ്വസ്വസന്നിധാനമായ നാരായണീയം സ്തോത്രരത്നത്തിന്റെ നിർമ്മാണത്തിനു ശേഷമായിരിക്കണം ഭട്ടതിരിയുടെ വിഖ്യാതി വ്യാപരിച്ചതും കൊച്ചി മഹാരാജാവിന്റെ ആശ്രിതനായിത്തീർന്നതും. 'പാവനാനാമാതങ്കാനാമുപശമയിതാ' എന്ന് ഭ്രമരസന്ദേശകാലത്തു് തന്നെ പ്രസിദ്ധനായ ഗുരുവായൂർ വാസുദേവന്റെ കടാക്ഷംകൊണ്ടു് അതിൽനിന്നു് വിമുക്തനായ ശേഷമാണ് ഭട്ടതിരി ദേവനാരായണ രാജാവിന്റേയും മാടഭൂപതി വീരകേരളവർമ്മയുടേയും വടക്കുംകൂർ ഗോദവർമ്മയുടേയും മററും പരിചിതനും ആശ്രിതനുമായിത്തീർന്നതു്. അന്നത്തെ കൊച്ചീ രാജാവായിരുന്ന വീരകേരളവർമ്മരാജാവിനേയും മാടഭൂപന്മാരുടെ കുലപുരിയായ കൊച്ചിനഗരത്തേയും 'മാടമഹാരാജപ്രശസ്തി' എന്ന ഗദ്യപദ്യാത്മകമായ കൃതിയിൽ പ്രശംസിച്ചിട്ടുണ്ടു്.

'ലവണാംബുരാശിരിവ നിരവധിലാവണ്യമയിസ്വരൂപഃ യദുവംശഇവ ശൌര്യാലംബനോഗ്രസേനാശ്രിതഃ, ഹേഹയഇവ കൃതവീര്യസംഭവാർജ്ജുനയശോവിഭൂഷിതഃ, ജനാർദ്ദന ഇവ നയനമിതം ദ്വാദശാത്മമണ്ഡലമുദ്വഹൻ, മുനിസംഘഇവ സംഗീതരസമാശ്രിതഃ, ധനുജസംഘഇവ കാവ്യദർശനോത്സുകഃ, സുരസംഘഇവ സ്വവശസ്ഥിതധിഷണഃ, ധൃതരാഷ്ട്രോപി നിരാകൃതദുര്യോധന ദുശ്ശാസനഃ, യുധിഷ്ഠിരോപ്യക്ഷവിജയശാലീ, ഭീമസേനോപ്യഗദോല്ലസിതവിഗ്രഹഃ, ജിഷ്ണുരപ്യഭിമന്യുനിരോധീ, സകലകുലഗിരിഫണിരാജദിഗന്തസിന്ധുരധുരന്ധര നിജഭുജ, സമ്പദുഢക്ഷിതിഭരോ മാടക്ഷിതിപവരോ വീരകേരളനാമാ വിജയതേ'

എന്നും,

വീക്ഷന്തേ ലളിതം യദേണ മഹിളാ
യൽ കോകിലാഃ കോമളാ-
നാലാപാൻ കലയന്തി മന്ഥരതരം
ഗച്ഛന്തിയൽ സിന്ധുരാഃ
തൽസർവ്വം നനു വീരകേരള! വിഭോ!
ത്വദ്വൈരി കാന്താജനൈഃ
കാന്താരാന്തപരൈശ്ചിരേണ ജനിതം
ശിക്ഷാബലം മന്മഹേ.

ഗുണപുരസീമ്നി വസന്തം
ശൃണുമോ മാടേശ്വരം പുരൈവ വയം
അദ്യതു വിലോകയാമ
സ്തമിമം ഗുണപൂര സീമ്നി വിലസന്തം

എന്നുംമററും ഇരുപതു പദ്യങ്ങളിൽ ആ നൃപസത്തമന്റെ നിരതിശായിയായ ഗുണപൌഷ്കല്യം വർണ്ണിതമായിരിക്കുന്നു. അദ്ദേഹത്തിന്റേക്കൂടെ തൃക്കാണാമതിലകത്തു് യുദ്ധസന്നാഹങ്ങൾക്കായി താമസിച്ചിരുന്ന യുവ രാജാവിനേയും:—

'ശ്രീമൻ! ബാലക്ഷിതിവര! നനു
ത്വദ്ഗുണേ വിദ്രുതാനാ
മുൽകൃത്താനാമപി പരിണതി
ർദൃശ്യതേ നാതിഭിന്നാ'

എന്നും,

'യുവരാജ! വരാജിഖണ്ഡിത
പ്രതിപക്ഷ ക്ഷിതിരക്ഷിശോണിതൈഃ
പ്രതിപക്ഷി രസാവഹോ ഭവേ
ത്യതിചിത്രാമഹമാശിഷംബ്രുവേ'

എന്നും അനുകീൎത്തനം ചെയ്യുിരിക്കുന്നു. ത്രിക്കാണാമതിലകത്തു് താമസമാക്കേണ്ടിവന്ന വസ്തുതയെപ്പററി ഭ്രമരസന്ദേശത്തിലും:—

'താന്താമുദ്ധിം ജനപദഗതാം
നിവിശൻ മാൎഗ്ഗവേഗ-
ശ്രാന്താം കാന്താമതിമൃദുലയാ
വീജയൻ പക്ഷപാള്യാ
മാദ്ധ്വീംകുഞ്ജേഷ്വതി മൃദുപിബൻ
പായയൻഗാഹിതാസേ
യുദ്ധോൽഘുഷ്ടാം സപദിഗുണികാം
മാട്ടധാത്രീന്ദ്ര ഗുപ്താം'

എന്നപദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്നു. ഭട്ടതിരി പ്രശംസിക്കുന്ന വീരകേരളവൎമ്മയും യുവരാജാവും കൊല്ലം ൬൫൭ മുതൽ ൬൮൦വരെ ഭരിച്ചതായി കേ. പി. പത്മനാഭമേനവൻെറ കൊച്ചിരാജ്യചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വീരകേരളവൎമ്മയും അദ്ദേഹത്തിൻെറ പിൻഗാമിയായി കൊല്ലം ൮൦൦ വരെ ഭരിച്ചിരുന്ന രവിവൎമ്മയുമാണെന്നു് മിക്കതും തീൎച്ചപ്പെടുത്താവുന്നതാണു്. എന്നാൽ കൊച്ചിസ്റ്റേററുമാനുവലിൽ ഈ വീരകേരളവൎമ്മ കൊല്ലം ൭൪൭ മുതൽ ൭൫൫ വരെ ഭരിച്ചിരുന്നതായി പ്രസ്താവിച്ചിട്ടുള്ളതു് അത്ര ശരിയായിരിക്കുമോയെന്നു് സംശയമാണു്. ഭട്ടതിരിയുടെ ഗോശ്രീനഗരവൎണ്ണനയിൽ സ്തുതനായ വീരകേരളവൎമ്മയെപ്പററിത്തന്നെയാണു് ചെല്ലൂർ നാഥോദയം, നാരായണീയം, തെക്കൈലാസനാഥോദയം എന്നീ വിശിഷ്ടചമ്പുക്കളുടെ പ്രണേതാവായ മ. ക്കോല നീലകണ്ഠൻ നമ്പൂതിരി തെക്കൈലാസനാഥോദയത്തിൻെറ ഉപോദ്ഘാതത്തിൽ:—

അനന്തരമനന്തരായ രമണീയനാനാഗുണ
പ്രഭാവജിതരാഘവോ വിഹിതലാഘവോ
[വൈരിണാം
ശശാസ വിധിവന്മഹീം ഗുണമഹീയസീം
[പൂരയൻ
യശോ ജഗതി വീരകേരള ഇതിപ്രതീതോ
[നൃപഃ

നീത്യാദീപാന്തരേഭ്യഃ പ്രവഹണപുരുഷൈ
രാഹൃതൈ സ്തൎപ്പയന്നേ
വാതൈരൎത്ഥൈരുത്സാൎയ്യദൂരം ക്ഷിതിസുരവര
ദൌൎഗ്ഗത്യമുദ്രാപിശാചീം
യോദ്ധും നവ്യാധികാരാദരിഭിരധിക നി-
ൎവ്വ്യൂഢ സൎവ്വാഭിസാരൈ
സ്സാദ്ധം സൎവ്വത്ര യുദ്ധോത്സവമഹഹ
ചിരാദന്വഭൂദുന്നതാത്മാ.

വീരാണാമ്മണി വീരകേരളനൃപൻ
ദിവ്യോത്സവേ ചെന്നസൌ
നേരെ ശ്ശൂരഭടാവലീ കളകള
വ്യാലോളിതാശാന്തരം
ഗൌരീനേത്ര ചകോര പാൎവ്വണശര
ച്ചന്ദ്രം പ്രണമ്യപ്രഭും
വാരാളും വൃഷഭാലയേ സഹൃദയെ
രുംച്ചേൎന്നിരുന്നീടിനാൻ.

എന്നും മററും ഉള്ളഴിഞ്ഞു് പ്രശംസിച്ചിട്ടുള്ളതു്.

മേല്പുത്തൂർ ഭട്ടപാദരും ഈ നീലകണ്ഠകവിയും ചെമ്പകശ്ശേരി രാജാവിൻെറ വിദ്വത്സദസ്സിൽ അംഗങ്ങളായിരുന്നു വെന്നു് കരുതുന്നതിനു് ഏതാനും ലക്ഷ്യങ്ങളില്ലാതില്ല. അമ്പലപ്പുഴരാജാവിൻെറ മന്ത്രിയും ഉപദേശകനുമായിരുന്ന തെക്കേടത്തു

ഭട്ടതിരിയുടെ ചാച്ച്ക്കാരനായിരുന്ന മേല്പത്തൂർ ഭട്ടതിരിയെന്നുള്ളതും അന്നത്തെ ചെമ്പകശ്ശേരി രാജാവ് മഹാവിദ്വാനും പണ്ഡിത പക്ഷപാതിയുമായിരുന്ന വെന്നുള്ളതും അമ്പലപ്പുഴയിലേക്ക ഭട്ടപാദരെ ആകഷിച്ചിരിക്കണം. ദേവനാരായണ രാജാവിൻെറ ആശ്രിതനായി ഭട്ടതിരി ഏതാനും വഷം അമ്പലപ്പുഴയും കുടമാളൂരും താമസിച്ചിരുന്നുവെന്നതിന് സംശയമില്ല. പണ്ഡിതപ്രകാണ്ഡവും കമ്മപടുവുമായിരുന്ന ഈ ദേവനാരായണ രാജാവിനെപ്പററിയായിരിക്കണം അധോലിഖിതങ്ങളായ പ്രശസ്തിപദ്യങ്ങളെന്ന് കരുതേണ്ടിയിരിക്കുന്നു:—

'ചൊല്ലൊണ്ടിടിൻെറ മയ്യക്കണ്ണികൾ മദന!
മണ്ഡലേ ദുഃഖഭാജാം [മഹി
ദുഃഖംപേരായ വേനല്ക്കൊരു ജലധരമേ!
പൂണ്ണ വിദ്യാംബുരാശേ!
ദിക്കെങ്ങും കീത്തിപൂരെരെഴകിനൊടു നിറച്ചായിരത്താണ്ടു വാണീ
ടിക്ഷോണ്യാം ഭൂസുരാണാം നികരതിലകമേ!
തേവനാരായണാ! നി.

നീയത്രേ പൂണ്ണചന്ദ്രൻ ബുധജനകുമുദാളിക്കു, തന്വീജനാനാം
നീയത്രേ പഞ്ചബാണൻ, മരുവലർ കുലകാട്ടിന്നു തീയായതും നീ
നീയത്രേ വൃത്രഹന്താവവനിയിലവനീ
ദേവചൂഡാമണേ! കേൾ
നീയത്രേ തേവനാരായണ! ഗുണഗൃഹമാ
കിൻെറതിങ്ങെൻറ മന്യേ.

ഗാത്രം കന്ദപ്പദപ്പം വിരവൊടുകളയും
വാക്കു പീയൂഷവേണി,
വൃത്രാരാതിക്കു മച്ചോ! 'മനസിഖേത! ഭയം
വാഴ്ത്തുവൊൻറിപ്രതാപം
ചിത്തം സൌജന്യ പാത്രം നയമപിധിഷ
തിക്കരിപ്പൊൻറ പാത്താ- [ണം

ലത്യന്തം ചിത്രമല്ലോ ഗുണമിതു സകലം
തേവനാരായണാ! തേ.

ചേലമ്പും നിൻനിഷേവാ പരിചിതി കരുട്ടും നമുക്കന്യമന്നോർ [തീ-
പാളീസംസക്തലീലാകലവിയിലിയലാ
കൌതുകം നീതിസിന്ധോ!
മേളം കൈക്കൊണ്ടു കല്പദ്രുമമലരിണ തണ്ടിൻെറ കാവ്ണ്ടിനെൻവം
കേളുണ്ടോ, തേവനാരായണ! വനകുസുമാകാങ്ക്ഷ ചെറെറൻറപോലെ!

അമ്പലപ്പുഴെയുണ്ടായിരുന്ന താമസക്കാലം ഭട്ടതിരിയുടെ സാഹിത്യജീവിതത്തിൽ അതിപ്രധാനമായ ഒരു ഘട്ടമായിരുന്നുവെന്ന് തീച്ച്യയാണ്. 'പട്ടേരിപ്രബന്ധങ്ങൾ' എന്നു പേരിലറിയപ്പെടുന്ന പതിനെട്ടു പ്രബന്ധങ്ങളോളം ഇക്കാലത്താണ് രചിതങ്ങളായത്. എന്നുതന്നെയുമല്ല, അദ്ദേഹത്തിൻെറ സുപ്രസിദ്ധമായ 'പ്രക്രിയാസവ്വസ്വ'വും 'ധാതുകാവ്യ'വും ദേവനാരായണ രാജാവിൻെറ ആവശ്യപ്രകാരം നിമ്മിച്ചിട്ടുള്ളതാണ്.

പ്രക്രിയാസവ്വസ്വത്തിലുള്ള:—

തിഷ്ഠത്യേവാനിലോപി പ്രചലതി ഗിരിര
പ്യാജ്ഞയാ യസ്യരാജ്യേ
ശ്ലത്രോസ്സവ്വാഭിസാരേ സതിരചയതിയ
സ്തസ്യസവ്വാപഹാരം
സോയം നിശ്ശേഷശാസ്ത്രശ്രുതിനിവഹകലാ
നാടകേഷ്വദ്വിതീയോ
ഭാതിശ്രീദേവനാരായണ ധരണിപതി
മ്മഗാചേതാ മുകുന്ദേ

യോ വൃന്ദാവനവാസിനോ നിയമിനസ്സാ
ക്ഷാൽ കൃതാധോക്ഷജാൽ
ദുഷ്പ്രാപം ഖലു നാരദാൽ ധ്രുവ ഇവ
പ്രാപോപദേശം പരം

യസ്യാപാസ്ത സമസ്ത വസ്തു കുതുകം
കൃഷ്ണാവലോകോത്സവ
ക്രീഡാകൌതുകിമാനസം വിജയതേ
സോയം മഹാത്മാനൃപഃ

സോഥ കദാചന രാജാ
സ്വഗുണൈരാകൃഷ്യ സന്നിധിന്നീതം
ശ്രീമാതൃദത്തസൂനം
നാരായണ സംജ്ഞമശിഷദവനിസുരം

എന്നിവയും മുമ്പു് ഉദ്ധരിച്ചിട്ടുള്ള 'ഭൃഖണ്ഡകേരളാഖ്യേ' എന്നിത്യാദിപദ്യവും ഇതിനു അനിഷേധ്യമായ തെളിവാണു്. ഇതിലെ അവസാനപദ്യമായ:—

'അയമച്യുത ഗുരുകൃപയാ
പാണിനി കാത്യായനാദികാരുണ്യാൽ
യത്നഃഫലപ്രസൂസ്സ്യാൽ
കൃതരാഗരസോദ്യാ ശബ്ദമാഗ്ഗജ്ജുഷാം'

എന്നതിലെ 'യത്നഃ ഫലപ്രസൂസ്സ്യാൽ, എന്നതു് ഗ്രന്ഥാരംഭദിവസത്തേയും 'കൃതരാഗരസോദ്യ' എന്നതു് ഗ്രന്ഥസമാപ്തിദിവസത്തേയും കലിദിനസംഖ്യകളെ കുറിക്കുന്നുവെന്നു് വിചാരിക്കാം. ഇതിൽനിന്നു് കൊല്ലം ൬൪൨ മകരം ൨-ാംനു-തുടങ്ങി മീനം ൩-ാംനു- അവസാനിച്ചതായി തെളിയുന്നു. കഷ്ടിച്ചു് രണ്ടുമാസം കൊണ്ടാണു് പ്രൌഢമായ വ്യാകരണകാന്താരത്തിൽ ഈ ശാസ്ത്രപഞ്ചാനനൻ സഞ്ചരിച്ചു് അതിപ്രശസ്തമായ പ്രക്രിയാസർവ്വസ്വം നിമ്മിച്ചതെന്നുള്ളതു് അദ്ദേഹത്തിന്റെ നിസ്തുലവൈദുഷ്യത്തിനും ശാസ്ത്രനൈപുണ്യത്തിനും മാനദണ്ഡമായി പരിലസിക്കുന്നു.

പ്രക്രിയാസർവ്വസ്വത്തിന്റെ നിമ്മാണത്തിനു കാരണഭൂതനായ ദേവനാരായണരാജാവിനേയും ഭട്ടതിരിയേയും സംബന്ധിച്ചു് പല ഐതിഹ്യങ്ങളും ജനതാമദ്ധ്യത്തിൽ പ്രചുരപ്രചാരമായിട്ടുണ്ടു്. അവയെല്ലാം സ്വീകാരയോഗ്യങ്ങളെന്നൊ തീരെ പരിത്യാജ്യങ്ങളെന്നൊ പരിച്ഛേദിക്കുവാൻ വയ്യാത്തവിധം വാസ്തവകണികകളും അതിശയോക്തികളും അവയിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. നാരായണഭട്ടതിരി അമ്പലപ്പുഴപ്രദേശത്തു് ആദ്യമായിവന്നു് രാജാവിനെ സന്ദശിച്ചപ്പോൾ ഇന്നാരാണെന്നറിയിക്കാതെയായിരുന്നതിനാൽ ക്ഷേത്രത്തിൽ ഏതാനും ദിവസം കഴിച്ചുക്രൂട്ടേണ്ട ആവശ്യം നേരിട്ടു. എന്നാൽ ആയിടയ്ക്കു ഒരു ദിവസം പുരാണവായനക്കാരനായ ശാസ്ത്രികൾ എന്തോ കാരണവശാൽ സന്നിഹിതനായില്ല. പതിവുപോലെ വായനകേൾക്കുവാനായി രാജാവു് എഴുന്നള്ളുകയും ശാസ്ത്രിയെക്കാണാതെ അല്പം പരിഭ്രമിക്കുകയും ചെയ്തു. പതിവിനു മുടക്കം വരാതിരിക്കണമെന്നു് നിർബന്ധമുണ്ടായ രാജാവു് ക്രുട്ടിവായന അറിയാവുന്ന ആരെയെങ്കിലും വിളിച്ചു കൊണ്ടുവരുവാൻ ഹരിക്കാരനെ അയക്കുകയും നാരായണഭട്ടതിരിയെ ക്രുട്ടിച്ചുകൊണ്ടുവരികയും ചെയ്തപ്പോൾ അന്നത്തെ വായന പേരിനു് കഴിച്ചാൽ മതിയെന്നു് നിശ്ചയിച്ചു് അദ്ദേഹത്തോടു് വായിക്കുവാൻ ആജ്ഞാപിച്ചു. അതനുസരിച്ചു് ഭട്ടതിരി വായനആരംഭിച്ചു് കുറെക്കഴിഞ്ഞപ്പോൾ സന്ദർഭാനുസാരേണ ഇങ്ങനെ ഒരു ശ്ലോകം:—

'ഭീമസേന പരിത്രസ്താ
ദുര്യ്യോധനവരൂഥിനീ
ശിഖാഖാവ്ാടകസ്യേവ
കണ്ണമൂലമുപാശ്രിതാ'

ചൊല്ലി. ഭാരതത്തിലില്ലാത്ത പദ്യമാണെന്നു് രാജാവിനു് മനസ്സിലായെങ്കി

ലും ചമൽക്കാരം നിറഞ്ഞ ശ്ലേഷപ്രയോഗത്തിൻെറ ചാതുര്യം അദ്ദേഹത്തെ സന്തോഷിപ്പിച്ചു. വശ്യവചസ്സായ ഒരു അനുഗൃഹീത കവിയ്ക്കേ ഇത് സാധിക്കുകയുള്ളുവെന്നറിയാമായിരുന്ന രാജാവും ഭട്ടതിരിയും ഇക്കാരണത്താൽ സ്നേഹബന്ധത്തിലായി.

'അവ്യഞ്ജനസ്തോർക്ഷ്യകേതു
ര്യൽപദം ഘടയിഷ്യതി
തത്തേ ഭവതു കല്പാന്തം
ദേവനാരായണപ്രഭോ

എന്ന രണ്ടർത്ഥത്തിലാണ് രാജാവിന് ഭട്ടതിരി ആശിസ്സ് നൽകിയത്. പിന്നീടൊരിക്കൽ ഒരു വിദ്വാൻ രാജാവിനെക്കാണുവാൻ സമയമാണോ എന്ന് കൊട്ടാരവാതുക്കൽ നിന്ന ഭട്ടതിരിയോടു ചോദിച്ചതിന്:—

'ശ്രൂയതേ നീലകണ്ഠോക്തി
രാജഹംസശ്ച രാജതേ
കഃ കാല ഇതി നോ ജാനേ
വാർഷിക ശ്ശാരദോപി വാ'

എന്ന ശ്ലോകമാണ് ഉത്തരം പറഞ്ഞത്. ഈ നീകണ്ഠകവി ചെല്ലൂർ മാഹാത്മ്യം മുതലായ പ്രസിദ്ധചമ്പുക്കളുടെ പ്രണേതാവായിരിക്കണമെന്ന് അധ്യാഹരിക്കുന്നത് സംഗതമാണ്. അമ്പലപ്പുഴ താമസിക്കുന്ന കാലത്താണ് ദേവനാരായണ രാജാവിൻെറ നർമ്മമിത്രവും പ്രസിദ്ധനടനുമായിരുന്ന ഇരവിച്ചാക്യാരുമായി പരിചയത്തിനിടയായത്. ഫലിതമാർമ്മികനായ ഇരവിച്ചാക്യാരുടെ അഭിനയചാതുര്യം ഭട്ടതിരിയെ അപഹൃതചിത്തനാക്കി. ഒരിക്കൽ ഇരവിച്ചാക്യാർ 'ശൂർപ്പണഖാങ്കം' പ്രബന്ധം കൂത്തു നടത്തുകയായിരുന്നു. അന്ന് ശൂർപ്പണഖയുടെ നാസികാച്ഛേദംവരെയുള്ള കഥാഭാഗമേ നടന്നുള്ളു. ചാക്യാരുടെ അഭിനയപാടവത്തെ അഭിനന്ദിച്ചു കൊണ്ടിരുന്ന ഭട്ടതിരി, അടുത്ത ദിവസം ശൂർപ്പണഖ രാവണനോടു ആവലാതിപ്പെടുന്ന ഭാഗം എങ്ങിനെയാടുമെന്ന് ചോദിച്ചു. അഭിനയത്തിനു തന്മയത്വംവരണമെങ്കിൽ നാസികപോയ ശൂർപ്പണഖയുടെ ഭാഗം അഭിനയിക്കുന്ന ചാക്യാർക്ക് അനുനാസികാക്ഷരങ്ങൾ ഉച്ചരിക്കാതിരിക്കണമല്ലൊ. എന്നാൽ കവി നിബന്ധിച്ചതുപോലെയല്ലാതെ ചാക്യാർക്ക് അഭിനയിക്കുവാൻ നിവൃത്തിയില്ലെന്ന് ഇരവിച്ചാക്യാർ പറഞ്ഞപ്പോൾ അനുനാസികങ്ങളില്ലാതെ ആ ഭാഗം എഴുതിക്കൊടുത്തതാണ് ഭട്ടതിരിയുടെ നിരനുനാസികപ്രബന്ധം. പട്ടേരിപ്രബന്ധങ്ങൾ ചാക്യാരുടെ പ്രത്യേകയാവശ്യത്തെ പുരസ്കരിച്ച് ഇരവിച്ചാക്യാരുടെ ഇംഗിതപ്രകാരം രചിച്ചവയാണെന്നാണ് ഐതിഹ്യം ഘോഷിക്കുന്നത്. ചാക്യാന്മാരുടെ ആവശ്യത്തെ കരുതിയാണ് ഈ പ്രബന്ധങ്ങൾ രചിച്ചതെന്നും അവ അഭിനയത്തിന് പററിയവയായിരുന്നുവെന്നും നിസ്തർക്കമാണ്. സംസ്കൃതകാവ്യങ്ങളിൽ നിന്ന് സന്ദർഭാനുസരണം പദ്യങ്ങളുദ്ധരിച്ചു പ്രബന്ധം കൂത്ത് നടത്തിയിരുന്ന ചാക്യാന്മാർക്ക് പട്ടേരിപ്രബന്ധങ്ങൾ ഒരു വലിയ അനുഗ്രഹമായിയെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അഭിനയസൌകര്യങ്ങളെ മുൻനിർത്തി നിർമ്മിച്ചിട്ടുള്ള ഈ പ്രബന്ധങ്ങൾ ഇന്നും ചാക്യാന്മാർ ഉപയോഗിച്ചു വരുന്നു.

മേല്പുത്തൂർ ഭട്ടതിരി ദേവനാരായണ രാജാവിൻെറ സദസ്യനായി കഴിച്ചു കൂട്ടിയ കാലത്താണ് വടക്കംകൂർ ഗോദവമ്മ രാജാവുമായി പരിചയത്തിനിടയായത്. ഈ ഗോദവമ്മ മഹാപ്രതാപശാലിയും സാഹിത്യസാരവേദിയും സ്വധമ്മനിരതനമായിരുന്നുവെന്ന് അദ്ദേഹത്തെക്കുറിച്ചുള്ള പ്രശസ്തിപദ്യങ്ങളിൽ നിന്നും അക്കാലത്തെ പോത്തുഗീസ് റിക്കാർട്ടുകളിൽ നിന്നും തെളിയുന്നുണ്ട്. ഇദ്ദേഹത്തിൻെറ പ്രാതികൂല്യവും സ്വാധീനശക്തിയും കൊണ്ട് കൊച്ചിയിലെ അവരുടെ കച്ചവടത്തിന് വളരെ മാന്ദ്യം സംഭവിച്ചതായി അന്നത്തെ പോത്തുഗീസ് ഗവണ്ണർ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൃംഗസന്ദേശത്തിൽ:—

'ഇത്ഥം നത്വാഗിരിവരസുതാം
    ഗോദവമ്മ ക്ഷിതീന്ദ്രോ
രഗ്രേ സംഭാവയ പുരവരം
    പ്രസ്ഫുര ദ്ധേമസാലം
യദ്ദൃദ്ധേഷു ത്രുടിത വിമത സ്തോമ
    കണ്ഠാന്തദാസാ-
പ്രച്ഛന്നാശേഷ്വസി ലതികയാ
    ദിദ്യുതേ വിദ്യുതേവ'

എന്ന് സ്വണ്ണമയമായ പ്രാകാരത്തേയും ഗോദവമ്മൻെറ രണശൂരതയേയും വണ്ണിക്കുന്നു. ഇതുകൂടാതെ കൌണ്ഡിന്യഗോത്രജനും ശേഷാദ്രിയുടെ മകനുമായ അരുണഗിരി ഗോദവമ്മയശോഭൂഷണം എന്ന അത്ഥാലങ്കാരങ്ങളെപ്പററിമാത്രം പ്രതിപാദിക്കുന്ന ഗ്രന്ഥത്തിൽ ഈ രാജ വിക്രമൻെറ അപദാനങ്ങളെ അനുകീത്തനം ചെയ്തിട്ടുണ്ട്.

"അങ്കേ പങ്കേരുഹസ്യ പ്രതിവസതി വിധി
    യസ്യനാഭീസരസ്യാഃ
പയ്യങ്കേയഃ ഫണീന്ദ്രേ ഭജതി പരിചിതേ
    പ്രായശോ യോഗനിദ്രാം
സോയം ഹസ്താരവിന്ദ സ്ഫുരദരിനളിനോ
    ഭാഗ്ഗവീഭൂമിസേവ്യ
ശ്രേയ ശ്രീഗോദവമ്മ ക്ഷിതിരമണമണേ
    രാവഹതാംബുജാക്ഷഃ

സ്ഫാരോദാരപയഃ പയോധിലഹരീ
    പ്രാക്ഭാഗസവ്വംകഷഃ
സ്തോമാ മൌലിസഭാജിത സ്വമഹിമാ
    പ്രഖ്യാത പൃത്ഥിഭൃതാം
മാന്യാ ശ്രീ സഹജാമുദം കുവലയസ്യാം
    പാദയന്തീപരാം
കീത്തിസ്തേ ഭുവി ഗോദവമ്മനൃപതേ;
    ഭാതി പ്രഭോന്ദോരിവ

സജയതി രണസീമ്നി ഗോദവമ്മാ
ത്രസദരിഭൂപദുരാപദോഃ പ്രതാപഃ
വിലസതി വിയദങ്ഗണേ വിവസ്വാൻ
തനരുചി വഞ്ചിത താരകാപ്രപഞ്ചഃ.

സമ്പൽ സമഗ്രാ ഭുവി ഗോദവമ്മ
മഹീഭൃതാവുത്തര ബിംബലീശേ
കീത്ത്യാപരം ഭാതിസമേത്യ നിത്യ-
മുദാരതാ സാഹസിതാ ച ധാമ്നാ.

കതി സന്തി മഹീഭുജോ ന ദൃഷ്ടാ
ക്രമശോദേശ മശേഷ മാവിശദ്ഭി
നനു ബിംബല ഭൂനരേന്ദ്ര തുല്യ
നചകശ്ചിത് ക്വചിതസ്തി വിഷ്ടപേഷു.

അകുണ്ഠധാമായ മയുഖസപ്തിഃ
ദുരന്തദീപ്തിർഭുജയോ പ്രതാപഃ
പരസ്പരൌപമ്യ മുഭൌപ്രകാമ-
രമ്യം ഭജേതേ തവ ഗോദവമ്മൻ.

മൃദുസ്മിത സുധാശാലീ
ഗോദവമ്മ നരാധിപ
ശരദിന്ദുരിവ ശ്രീമാൻ
ഭാതി ബിംബല പാലകഃ.

ഗോദവമ്മമഹീപാല
ഗുണഗ്രാമൈ വിനാകൃതഃ
വാചഃ പ്രാപാം കവീന്ദ്രാണാം
ആമോദം നൈവകുവ്വതേ.

പ്രഖ്യാതസാരേ നൃപഗോദവമ്മ
പ്രഭോ! ധുരീണോ തവ ബാഹുദണ്ഡെ
ഉവ്വീപരം ദുർവ്വിഹ ഭാരമുവ്വീ
ദവീകരോതിശപരവദഭിഭാതി”

എന്നിങ്ങനെ അനവധി പദ്യങ്ങൾ ഗോദവമ്മ യശോഭൂഷണത്തിൽ കാണുന്നുണ്ട്. ഈ ഗ്രന്ഥം അമുദ്രിതമായതുകൊണ്ടാണ് ഇത്രയും ശ്ലോകങ്ങളെങ്കിലും ഉദ്ധരിക്കാമെന്ന് വിചാരിച്ചത്. കോതവമ്മ പ്രശസ്തിപരങ്ങളായി കാണുന്നു:—

കോതവമ്മ നൃപരത്നമേ! ത്രിലോം
പ്രീതിചേന്നിതകകാമ്പിലിന്നു മേ
വാർതകും വദനപങ്കജപ്രസാ-
ദോദയേന തവ ശൌയ്യവാരിധേ.

കോതവമ്മ നൃപ! ജായതേ ഭവത്
പാദസേവയിലതീവ കൌതുകം
ഏതുമേ വിധിബലേന ഹന്ത! മേ
സാധിയാ പുനരതും ധരാപതേ!

കോതവമ്മ നൃപ: നീയൊഴിഞ്ഞെനി-
ക്കേതുമില്ലൊരവലംബ മൂഴിമേൽ-
ചാതകത്തിനൊരു ബന്ധുവുള്ളതാ
രാധി തീപ്പതിനു മേഘമെന്നിയേ?

എന്നിത്യാദി മണിപ്രവാളപദ്യങ്ങൾ ഈ രാജാവിൻെറ അപദാനങ്ങളെ അധികരിച്ചു രചിച്ചിട്ടുള്ളവയാണെന്ന് ഊഹിക്കാമെന്ന് കരുതുന്നു. ഇദ്ദേഹത്തെ ‘കൌണഭൂമീപതേ’ എന്ന് ഒരു പദ്യത്തിൽ സംബുദ്ധി ചെയ്തിരിക്കുന്നതും ശ്ലോകങ്ങളുടെ പഴക്കവുമാലോചിച്ചാൽ ഇങ്ങനെ അദ്ധ്യാഹരിക്കുന്നത് അസംഗതമായിരിക്കയില്ല. ഈ പ്രതാപശാലിയും വിദ്വൽ കല്പവൃക്ഷവും ആയ രാജാവിൻെറ അപദാനങ്ങളെ മേല്പത്തൂർ ഭട്ടതിരിയും:—

അയിഗിരിവരകന്യേ; നിത്യമേതാവദേവ
പ്രണയവിവശഭാവ സ്താവദഭ്യത്ഥയേഹം
ജയതുചിരമവന്യാം പ്രാപ്തനിശ്ശേഷശമ്മാ
വിദലിതരിപുമമ്മാ ഗോദവമ്മാ സുകമ്മാ

എന്നിത്യാദിശ്ലോകങ്ങളിൽ വണ്ണിക്കുന്നുണ്ട്.

ഭട്ടതിരി വാൎദ്ധക്യമായതോടുകൂടി കോവിലകങ്ങളിലെ താമസം മതിയാക്കിസ്വദേശത്തേക്കു മടങ്ങി. ഭഗവൽ ഭക്തിയിൽ ലീനമാനസനായി സുകമ്മങ്ങളിൽ മാത്രം ശ്രദ്ധയോടുകൂടി ഈ പരമ ഭക്തൻ അദ്ദേഹത്തിൻെറ ജീവിതസായാഹ്നം നയിച്ചു. സ്വദേശത്തു താമസിക്കുന്ന കാലത്ത് പൊന്നാനിത്താലൂക്കിൽ തൃത്തലയുക്കു സമീപം ‘വെള്ളിയങ്കാല’ എന്നൊരു സ്ഥലത്തുവെച്ച് വളരെ യാഗങ്ങളും വൈദികകമ്മങ്ങളും നടത്തിയതായി കേട്ടിട്ടുണ്ട്. ഭട്ടതിരി നൂററാറുവയസ്സുവരെ ജീവിച്ചിരുന്നതായി അറിയുന്നു. ഈ പുണ്യശ്ലോകൻ കൊല്ലം വ്യർഹ ൽ മുക്കോലെ വെച്ചാണ് മരണം പ്രാപിച്ചതെന്ന് ഐതിഹ്യമുണ്ട്. പ്രക്രിയാസവ്വസ്വം, ധാതുകാവ്യം മുതലായ ശാസ്ത്രഗ്രന്ഥങ്ങൾ രചിച്ച് സുപ്രസിദ്ധനായ ഭട്ടപാദരെ സന്ദർശിക്കുവാൻ സിദ്ധാന്തകൌമുദിപ്രണേതാവായ ഭട്ടോജിദീക്ഷിതർ കേരളത്തിലേക്കു വന്നുവെന്നും പക്ഷെ അപ്പോൾ ഭട്ടതിരിയുടെ ചരമവൃത്താന്തം കേട്ട് ഭഗ്നാശയനായി വിലപിച്ചുവെന്നുമുള്ള ഐതിഹ്യം സ്വീകാരയോഗ്യമെന്ന് പരിഗണിക്കാം. ഇങ്ങനെ ഭക്തിയിലും സാഹിത്യത്തിലും ശാസ്ത്രത്തിലും ജീവിതം മുഴുവൻ നയിച്ച ഈ പുണ്യശ്ലോകൻ ദീനശയ്യയിൽ കിടക്കുമ്പോൾ:—

ഹേ രോഗാനനുയുയ മേവസുഹൃദോ
യൈന്നിസ്പൃഹോഹം കൃതഃ
കാവ്യാലംകൃതി തക്കോവിദസഭാ
യോഗേഷു ഭോഗേഷു ച

നോ ചേൽ കൃഷ്ണപദാരവിന്ദഭജനം
വേദാന്തചിന്താമപി
ത്യക്ത്വാശ്വശ്വ ഇതിഭ്രമാദഹരഹോ
യാമ്യേവ യാമ്യാം പുരീം

യഃ കൃത്വാ വിശ്വരംഗം രജനിയവനികം
പ്രോജ്ജ്വലൽ ഭാനുദീപം
ശശ്വൽ സന്തുഷ്ട സമ്പ്രേക്ഷക മഖിലജഗൽ
ഭ്രാന്തി നാട്യം വിതത്യ
കർമ്മൌഘോച്ചണ്ഡമാർദ്ദംഗികലയവശ
ഗാൻ വാസനാ ഗാനസക്താൻ
ജീവച്ഛാത്രാൻ മുകുന്ദഃ സ്വയമഭിരമതേ
ക്രീഡയൻ സോസ്തു ഭൂത്യൈഃ

എന്നീ പദ്യങ്ങൾ രചിച്ച് അവസാനമായി ചൊല്ലിയതായി കേട്ടിട്ടുണ്ട്.

ഭട്ടതിരിയുടെ ഗ്രന്ഥസമുച്ചയത്തെ സാഹിത്യം, ശാസ്ത്രം എന്നീ രണ്ടുവർഗ്ഗങ്ങളായി തരം തിരിക്കുന്നതു് സൌകര്യപ്രദമായിരിക്കും. സാഹിത്യപരമായി അദ്ദേഹം രചിച്ചിട്ടുള്ള സംസ്കൃതകൃതികൾ, ഉത്തരരാമചരിതാകാവ്യം, രാസവിലാസം കാവ്യം, പാഞ്ചാലീസ്വയംവരം, രാജസൂയം, ദൂതവാക്യം, സ്വാഹാസുധാകരം, നിരനാസികം, അഷ്ടമിപ്രബന്ധം, സുഭദ്രാഹരണം, മത്സ്യാവതാരം, കൌന്തേയാഷ്ടകം, സ്യമന്തകം എന്നു തുടങ്ങിയുള്ള പ്രബന്ധങ്ങൾ, മാടമഹാരാജപ്രശസ്തി, നാരായണീയം, ശ്രീപാദസപ്തതി, എന്നിവയാണ്. കോടീവിരഹവും ഭക്തിസംവൎദ്ധനശതകവും അദ്ദേഹത്തിൻെറ കൃതികളാണെന്നു് ചിലൎക്ക് അഭിപ്രായമുണ്ട്. ഭട്ടതിരിയുടെ ശാസ്ത്രഗ്രന്ഥങ്ങൾ പ്രക്രിയാസർവ്വസ്വം, ധാതുകാവ്യം, മാനമേയോദയം എന്നിവയാണ്. ഈ കൃതികളുടെ പൂർവ്വാപൎയ്യം നിർണ്ണയിക്കുന്നതിനു മതിയായ തെളിവുകളില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇവയിൽ ഉത്തരരാമചരിതം കാവ്യത്തിൻെറ എട്ടിൽ മൂന്നുസർഗ്ഗങ്ങൾ മാത്രമേ ഞാൻ കണ്ടിട്ടുള്ളു. ഇത് ഒരുപക്ഷെ അദ്ദേഹത്തിൻെറ ബാല്യകവിതകളിലൊന്നായിരിക്കാമെന്ന് തോന്നുന്നുണ്ട്. ഞാൻ കണ്ട പ്രതിയിൽ മേല്പത്തൂരിൻെറ കൃതിയാണെന്നുള്ളതിനു ആന്തരികമായ യാതൊരു ലക്ഷ്യങ്ങളും കണ്ടു കിട്ടിയതുമില്ല. മംഗലാചരണമായോ ഉപോദ്ഘാതമായോ ഒന്നും കൂടാതെ:—

കൃതാഭിഷേകോഥ രഘുപ്രവീരഃ
ക്ഷിതിം ചതുസ്സാഗര രത്നകാഞ്ചീം
ശശാസ ധൎമ്മേണ നിജപ്രതാപ
പ്രകാശിതാശേഷ ദിഗന്തരാളഃ

നിശാചരാധീശ നിദാഘതാപ
സുധാശനാനാ മപഹൃത്യ കാമഃ
നവാംബുദാഭോ മിഹിരാന്വയേയ
സ്സഹാനുജൈരാവിരഭൂദമേയഃ.

എന്നിങ്ങനെ കഥാഭാഗം തന്നെ ആരംഭിക്കുന്നു. എന്നാൽ ഇതിൻെറ കൎത്താവ് പ്രതിഭാശാലിയും സരസ്വതീവിലാസഭാസുരനുമാണെന്ന് എവിടെ നോക്കിയാലും ആൎക്കും ബോദ്ധ്യമാകാതെയിരിക്കയില്ല. പ്രസന്നകോമളമായ മധുരകാന്തപദാവലി ഏതുപദ്യത്തിലും കാണാം. ഒന്നാം സൎഗ്ഗത്തിൽ ശരൽക്കാലാഗമനത്തെ വൎണ്ണിച്ചിരിക്കുന്നതു നോക്കുക:—

മനോഹരന്തീ മുഖപത്മകാന്ത്യാ
മരാളനാദൈൎമ്മധുരം രദന്തീ
ശശിപ്രഭാസുന്ദരമന്ദഹാസാ
ശരൽപ്രപേദേഥ രഘുപ്രവീരം.

പ്രസാദവത്യഃ പുളിനാനി കിഞ്ചിൽ
പ്രകാശയന്ത്യോ ജലനോപമാനി
പ്രമോദദാത്ര്യഃ സ്സരിതോജനാനാം
പ്രവൃദ്ധഭാവാഃ പ്രമദാ ഇവാസൻ.

അജസ്രവൃഷ്ട്യാ സമയേ ഘനാനാ
മതിവ്യയാഭാവ സമാജ്ജിതാഭിഃ
ചകോരപാളിജഠരാഗ്നി ശാന്തിം
ചകാര ചന്ദ്രോ ഘനചന്ദ്രികാഭിഃ.

അത്യുത്സുകൈമ്മത്തകരീന്ദ്ര ഗണ്ഡം
ഹിതോപയാതൈ രളിഭിഃ പതിതഃ.
സദ്യഃപ്രപേദേഹരിദന്തരാണി
സപ്തച്ഛദാളീ സുമനസ്സുഗന്ധഃ.

അപവാദ ശങ്കയാൽ സീതാദേവിയെ പരിത്യജിക്കുവാൻ നിബന്ധിതനായ ശ്രീരാമൻെറ അവസ്ഥയെ രണ്ടാംസഗ്ഗത്തിൽ:-

അധുനാ വിധിവൈപരീത്യതഃ
പരിശുദ്ധാമപി ജാനകീം പ്രതി
വദനേഷു ജനസ്യ ദുശ്രവഃ
പരിവാദഃ കില വത്തതേ മഹാൻ.

മനുവംശ ഭൂജാം മഹീഭൂജാ
മധുനാ കീത്തി തുഷാര ദീധിതിഃ
അപവാദ വിധുന്തു ദാനനേ
പതിതഃ കഷ്ടമസാവപവ്വണി.

യശ ഏവ വിഭൂഷണം നൃണാം
സവിശേഷം തദിദം മഹീഭൂജാം
അപവാദ ഹതാമതഃ പ്രിയാ-
മനവദ്യാമപി സന്ത്യജാമ്യഹം.

അപഹന്തു മകീത്തിമുദ്ധൃതാ
മപിയുഷ്മാനന ജാനനവ്രതാൽ
അധുനൈവ പരിത്യജാമ്യഹം
മിഥിലാധീശസുതാംസ്തു കിം പുനഃ?

നിഹതഃ സമരേ സരാവണോ
നഹി സീതാപരിഭോഗ വാഞ്ഛയാ
അപമാനവിമുക്തയേ പരം
പരിഹാര്യ്യഃ സതു യത്നതോ നൃപൈഃ.

ഇതിലോക ഭയേന ജാനകിം
പ്രതിരുക്ഷാഭിനിവേശമഗ്രജം
അനുജന്മ സുനൈവ കോപ്യഭൂ-
ദനുരോദ്ധും ച നിരോദ്ധുമീശ്വരഃ-

എന്നിങ്ങനെ ലളിതസുന്ദരമായ ഭാഷയിൽ ചിത്രീകരിച്ചിരിക്കുന്നു. ഈ കാവ്യത്തിൻെറ നിമ്മാണ കാലമേതാണെന്ന് നിണ്ണയിക്കുവാൻ മാഗ്ഗമില്ല. ഭട്ടതിരിയുടെ മറെറാരുകാവ്യം 'രാസവിലാസ'മാണ്. ഇതും ഈ അനുഗൃഹീത കവിയുടെ കവനകലാപാടവത്തിന് ഉത്തമ ലക്ഷ്യമായി പരിലസിക്കുന്നു. മൂന്നുസഗ്ഗത്തിലുള്ള ഈ ചെറുകാവ്യം ഭട്ടതിരിയുടെയല്ല, മറെറാരു നാരായണൻെറ കൃതിയാണെന്ന് ശങ്കിക്കുന്നവരുമുണ്ട്.

ഭട്ടതിരിയുടെ സാഹിത്യസമുച്ചയത്തിൽ അദ്ദേഹത്തിൻെറ പ്രബന്ധങ്ങൾക്കും ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമുണ്ട്. ചാണക്യകഥാസാരത്തിൻെറ കത്താവായ രവിനത്തകൻെറ അഭിമതപ്രകാരമാണ് ഇവയിൽ മിക്കവയും രചിക്കാനിടയായതെന്ന് മുമ്പ് പ്രസ്താവിച്ചുവല്ലോ. അഭിനയസൌകയ്യങ്ങളെ പ്രത്യേകം മുൻനിത്തി നിബന്ധിച്ചിട്ടുള്ള ഈ പ്രബന്ധങ്ങൾക്ക് ചാക്യാന്മാരുടേയും മറവുപാഠകക്കാരുടേയും പെരുമാററം കൊണ്ട് കേരളത്തിൽ ധാരാളം പ്രചാരം ലഭിച്ചിട്ടുണ്ട്. ഇവയിൽ രാജസൂയം, സുഭദ്രാഹരണം, പാഞ്ചാലീസ്വയംവരം മുതലായവയെ പണ്ഡിതവരേണ്യനായ പുന്നശ്ശേരി നീലകണ്ഠശമ്മ അവർകൾ ടിപ്പണിസഹിതം പ്രസിദ്ധം ചെയ്തിട്ടുണ്ട്. ചേപ്പാട്ട് അച്യുതവാര്യരവർകളുടെ ഭാഷാവ്യാഖ്യാനത്തോടുകൂടി ഏതാനും പ്രബന്ധങ്ങളും ചുനക്കര ഉണ്ണികൃഷ്ണവാര്യരവർകൾ പല പ്രബന്ധങ്ങളുടേയും ഭാഷാവിവത്തനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭട്ടപാദർ ഭാരതം കഥമുഴുവനും പ്രബന്ധങ്ങളായി രചിച്ചിട്ടുണ്ടെന്നാണ്

കേൾവിയുള്ളതു്. ഭാരതകഥയെ ആസ്പദമാക്കി നിൎമ്മിച്ചിട്ടുള്ള അനവധിപ്രബന്ധങ്ങൾ കാണ്മാനുള്ളതെല്ലാം ഭട്ടതിരിയുടെ കൃതികളാണെന്നുതോന്നുന്നില്ല. രസപൂൎണ്ണങ്ങളും അലങ്കാരമധുരങ്ങളും സുകുമാരങ്ങളുമായ പട്ടേരിപ്രബന്ധങ്ങളുടെ പാകശയ്യാദിഗുണങ്ങൾ പ്രത്യേകം തിരിച്ചറിയുവാൻ സഹൃദയന്മാൎക്കു് വിഷമമുണ്ടാകുന്നതല്ല. പട്ടേരിയുടെ പദപ്രയോഗചാതുൎയ്യത്തിനും ഭാവനാവിലാസത്തിനും അനന്യസുലഭമായ പ്രത്യേകതയുണ്ടു്. അതു് എവിടേയും പ്രകടമായിവ്യഞ്ജിക്കാതിരിക്കയില്ല. ഈ പ്രബന്ധങ്ങളിൽ, രഘുവംശം, മാഘം, കിരാതാൎജ്ജുനീയം, കുമാരസംഭവം എന്നുതുടങ്ങിയുള്ള വിശിഷ്ട കാവ്യങ്ങളിൽ നിന്നു് സന്ദൎഭാനുസരണം പദ്യങ്ങൾ ഉദ്ധരിച്ചു് ചേൎത്തു കാണുന്നതു് ചാക്യാന്മാരുടെ പതിവനുസരിച്ചാണു്. ഭട്ടതിരിയുടെ സംസ്കൃതപ്രബന്ധങ്ങൾ ആവിൎഭവിക്കുന്നതിനു് മുമ്പു് ചാക്യാന്മാർ കഥാസന്ദൎഭമനുസരിച്ചു് പലഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരിച്ചാണു് കൂത്തു് നടത്തിവന്നതു്. ഈ പതിവിന്റെ ഫലമായിട്ടാണു് പലപ്പോഴും അന്യകാവ്യങ്ങളിലെ സുപ്രസിദ്ധപദ്യങ്ങൾ ഈ പ്രബന്ധങ്ങളിൽ സ്ഥലം പിടിക്കാനിടയായതു്. എന്നുതന്നെയുമല്ല, ഈവകപ്രബന്ധങ്ങൾ പാഠകക്കാരുടേയും ചാക്യാന്മാരുടേയും പാഠം അനുസരിച്ചാണു് മിക്കവാറും പ്രസിദ്ധീകരിച്ചിട്ടുള്ളതും. ഇതുകാരണം മഹാകവിമൂൎദ്ധന്യനായ മേല്പത്തൂർ ഭട്ടതിരിയുടെ ദൂതവാക്യം പ്രബന്ധത്തിൽ:—

‘ബാലാതപ പ്രേക്ഷ്യതരാംബരോയ
മാനന്ദിതാശേഷ വിലോചനാബ്ജഃ
പ്രാചീമിവ പ്രാതരിനോരിപാണി-
വൈചിത്ര വീൎയ്യസ്യ സഭാം വിവേശ’.

എന്ന ബാല ഭാരതപദ്യം കാണുമ്പോൾ ആൎക്കും മനോവ്യഥയുണ്ടാകേണ്ടതില്ല. ഊരകത്തുനിന്നും രാമൻനമ്പ്യാർ പ്രസാധനം ചെയ്തിട്ടുള്ള പ്രബന്ധങ്ങളിൽ ഇതു് സുവ്യക്തമാകുന്നുണ്ടു്. പാഠകക്കാരുടെ പാഠക്രമത്തെ മാത്രമനുസരിച്ചു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഇവയിൽ അന്യകാവ്യപദ്യങ്ങൾ അത്രയ്ക്കു സുലഭമാണു്. ഭട്ടതിരി ചാക്യാരുടെ കാലക്ഷേപമാൎഗ്ഗമായി നിൎമ്മിച്ച ചമ്പുക്കളിൽ ഇങ്ങനെ സുപ്രസിദ്ധകാവ്യങ്ങളിൽനിന്നും ധാരാളം ശ്ലോകങ്ങൾ ഉദ്ധരിക്കുന്നതു് ശേഷിക്കുറവുകൊണ്ടല്ലെന്നു് സ്പഷ്ടമാണല്ലോ. ഇന്നത്തെ തമിൾ നാടകക്കാർ ഏതു കഥയായാലും സന്ദൎഭമനുസരിച്ചു് അതേ പാട്ടുകൾതന്നെ പാടുന്നതുപോലെ, ചാക്യാന്മാർ പല ഗ്രന്ഥങ്ങളിൽനിന്നും സൌകൎയ്യംപോലെ ഉദ്ധരിച്ചു് അൎത്ഥം പറഞ്ഞു് വിനോദം കൊഴുപ്പിക്കാറുണ്ടു്. പട്ടേരിപ്രബന്ധങ്ങളിലെ ഗദ്യങ്ങൾക്കു മറ്റു സംസ്കൃതപ്രബന്ധങ്ങളിലെ ഗദ്യങ്ങളെ അപേക്ഷിച്ചു് ഒരു മെച്ചമുണ്ടു്. അവയിൽ ഏതാണ്ടൊരു സംഗീതച്ഛായ കലത്തി ശ്രവണസുഭഗത ലയിപ്പിച്ചിട്ടുള്ളതിനാൽ ചാക്യാന്മാരും പാഠകന്മാരും അവ ചൊല്ലിപ്പറയുമ്പോൾ പാടിക്കേൾക്കുമ്പോളുണ്ടാകുന്ന അനുഭവരസം ശ്രോതാക്കൾക്കു് ലഭ്യമാകുന്നു. ഈ ഗദ്യങ്ങളിൽ ഒരുവകവൃത്തനിബന്ധനയെ അനുസരിക്കുന്നുണ്ടെന്നു് തോന്നാതിരിക്കയില്ല. പില്ക്കാലത്തു് ഭാഷാചമ്പുക്കളിൽ പ്രത്യക്ഷപ്പെട്ട വൃത്തരീതിയെ കുറേക്കൂടി പരിഷ്കരിച്ചു് ശരിപ്പെടുത്തിയാണു് മഹാകവി കുഞ്ചൻനമ്പ്യാർ തുള്ളൽപ്പാട്ടുകൾ രൂപവൽക്കരിച്ചതു്. രംഗസ്ഥന്മാരെ ചൊല്ലിക്കേൾപ്പിക്കുന്നതിനായി രചിച്ചിട്ടുള്ള ഇവയിൽ

ഈ സംഗീതച്ഛായ വരുത്തിയതു് അവയെ ഹൃദ്യതരമാക്കിയിട്ടുണ്ടെന്നുള്ളതിന്നു് സംശയമില്ല. ഇതിന്നും പുറമേ, കഥാപ്രാസംഗികന്മാരായ ചാക്യാന്മാരുടെ സൌകര്യവും ആവശ്യവും മുൻനിർത്തി ഉപകഥകളേയും പല അർത്ഥചമൽക്കാരങ്ങളേയും വ്യംഗ്യമായി ആവിഷ്കരിക്കുവാൻ ഭട്ടതിരി പ്രത്യേകം ശ്രദ്ധിക്കുന്നു. ചാക്യാരുടെ വിശദമായ അനുപയംപറയുന്നരീതിയ്ക്കനുഗുണമായിട്ടാണു് ഭട്ടതിരി പദ്യങ്ങൾ നിർമ്മിച്ചിരിക്കുന്നതു്. എന്നുതന്നേയുമല്ല, ചാക്യാർക്കു് അവസരോചിതമായി രസം കൊഴിപ്പിക്കുന്നതിന്നു വേണ്ട സാമഗ്രികളുടെ അങ്കുരങ്ങൾ അങ്ങിങ്ങായി വാരി വിതറിയിട്ടുണ്ടു്. കലാനിപുണനായ കഥാപ്രാസംഗികന്നു് ഈ വക സൂചനകളെ ആധാരമാക്കി ആഖ്യാനത്തിന്നു് മോടി കൂട്ടുവാനും രംഗസ്ഥന്മാരെ രസിപ്പിക്കുവാനും കഴിയും. അതിന്നു് വേണ്ട കരുക്കളും സൂചനകളും ഭട്ടതിരിപ്രബന്ധങ്ങളിൽ സുലഭമാണു്. നാസാച്ഛേദത്തിന്നു ശേഷം ശൂർപ്പണകയുടെ വാക്യങ്ങളിൽ അനുനാസികാക്ഷരങ്ങൾ ഉൾപ്പെടുത്താതിരുന്നതുപോലെ മററു സന്ദർഭങ്ങളിലും നടനമർമ്മരഹസ്യങ്ങളറിഞ്ഞു് അവയ്ക്കനുയോജ്യമായി പദ്യങ്ങൾ വിരചിക്കുന്നതിൽ പ്രത്യേകം ഭട്ടതിരി ശ്രദ്ധിച്ചിട്ടുണ്ടു്. കുലശേഖരവർമ്മാധനഞ്ജയത്തിലും സംവരണത്തിലും നടന്മാരുടെ സൌകര്യങ്ങളെ മുൻകൂട്ടി മനസ്സിലാക്കി അവയ്ക്കനുരൂപമായി കഥാഗതിയും സംഭാഷണവും ശരിപ്പെടുത്തിയിരിക്കുന്നതുപോലെ ഭട്ടതിരിയും ചാക്യാന്മാരുടെ കഥാപ്രസംഗത്തിന്നുള്ള സൌകര്യവും ചമൽക്കാരവും രസപുഷ്ടിയും കരുതിചെയ്തിട്ടുള്ളതുകൊണ്ടാണു് 'പട്ടേരിപ്രബന്ധങ്ങൾ' അവർക്കു ഇന്നും പ്രിയതരമായിരിക്കുന്നതു്. കഥനസൌകര്യത്തെ പുരസ്കരിച്ചു് മാത്രമല്ല, കവിതാഗുണങ്ങളെക്കൊണ്ടും ഈ പ്രബന്ധങ്ങൾക്കു സംസ്കൃതസാഹിത്യത്തിൽ അത്യുന്നതമായ സ്ഥാനമുണ്ടു്. രചനാഭംഗികൊണ്ടും പ്രസാദഗുണം കൊണ്ടും വ്യംഗ്യചമൽക്കാരം കൊണ്ടും ആശയസൌഷ്ഠവം കൊണ്ടും ഈ പ്രബന്ധങ്ങൾ സംസ്കൃതസാഹിത്യത്തിലുള്ള അത്യുത്തമങ്ങളായ ഏതു ഗ്രന്ഥങ്ങളോടും കിടനിൽക്കുന്ന കാവ്യതല്ലജങ്ങളാണു്. ഓരോ പ്രബന്ധത്തെപ്പററിയും പറയാനുള്ളതു് പറഞ്ഞാൽ ഇപ്പോൾ തന്നെ അതിദീർഘമായ ഈ ഉപന്യാസം സകല സീമകളേയും ലംഘിക്കേണ്ടതായി വരുമെന്നുള്ളതിനാൽ ആ വിചാരധാരയെ വിരമിപ്പിക്കുകയേ നിവൃത്തിയുള്ളൂ.

ഭട്ടതിരിയുടെ കൃതികളിൽ ഏററവും പ്രധാനമായതു് നാരായണീയമാണെന്നു് സർവ്വസമ്മതമാണല്ലോ. കേരളീയസ്തോത്രഗ്രന്ഥങ്ങളിൽ മറെറാന്നിനും ഇത്ര പ്രചാരമുണ്ടായിട്ടില്ല. ശ്രീരാമപഞ്ചശതി, ശോണാചലമഹിമോദയം, എന്നുതുടങ്ങിയുള്ള സ്തോത്രഗ്രന്ഥങ്ങൾ വലിപ്പത്തിൽ നാരായണീയത്തോടു് അടുക്കുമെങ്കിലും കാവ്യഗുണത്തിലും പ്രചാരത്തിലും വളരെ പിന്നോക്കമാണു്. ലീലാശുകന്റെ കർണ്ണാമൃതത്തിന്നു് ഒരുകാലത്തുണ്ടായിരുന്ന പ്രസിദ്ധി നാരായണീയത്തിന്നു് അതിന്റെ നിർമ്മാണകാലംമുതൽ ലഭിച്ചിട്ടുണ്ടു്. കർണ്ണാമൃതത്തെപ്പററി മധുരാവിജയകാവ്യത്തിൽ ഗംഗാദേവി ചോദിക്കുന്നു:—

'മന്ദാരമഞ്ജരീസ്യന്ദിമകരന്ദരസാബ്ധയഃ
കസ്യ നാഹ്ലാദനായാലം കർണ്ണാമൃതകവേർഗ്ഗിരഃ,

എന്ന ചോദ്യം നാരായണീയത്തെപ്പററിയും ചോദിക്കാവുന്നതാണു്. ഭക്തിരസപ്ര

ധാനവും അവ്യാജസുഭഗവുമായ ഈ സ്തോത്രരത്നം ഈ മഹാകവിയുടെ കൃതികളിൽ എല്ലാം കൊണ്ടും പ്രഥമസ്ഥാനം അർഹിക്കുന്നുവെന്ന് നിസ്സംശയമാണ്. മേല്പുത്തൂരിന്റെ ശബ്ദസാമ്രാജ്യത്തിലുള്ള ആധിപത്യം നാരായണീയത്തിൽ എവിടേയും നമ്മെ വിസ്മയഭരിതരാക്കാതെയിരിക്കുന്നില്ല. പദഘടനയിലുള്ള അകൃത്രിമ സൗന്ദര്യം നിരർഗ്ഗളമായി പ്രവഹിക്കുന്ന 'പുളകോൽഗമകാരിയായ ശബ്ദധോരണിയും വിചിത്രോല്ലേഖവും ആരേയും ആശ്ചര്യപരതന്ത്രനാക്കുന്നതാണ്. അത്രയ്ക്കുണ്ട് ഭട്ടതിരിയുടെ സരസ്വതീവിലാസം. അദ്ദേഹത്തിന്റെ കവിതയ്ക്കുള്ള ഗുണഗണങ്ങളെല്ലാം സമഞ്ജസമായി പ്രകാശിക്കുന്നത് ഈ വിശിഷ്ടകാവ്യത്തിലാണ്. വാഗ്ദേവി അദ്ദേഹത്തെ സ്വയംവരണം ചെയ്തിരുന്നുവെന്ന് ഭഗവദ്രൂപ വർണ്ണനയിൽ നിന്ന് സുസ്പഷ്ടമാണ്. വാസ്തവത്തിൽ, വൈദർഭിയിലൊ ഗൗഡിയിലൊ സന്ദർഭമനുസരിച്ചും രസാനുഗുണമായും ഭാഗവതസംഗ്രഹരൂപമായ ഈ സ്തോത്രരത്നത്തിൽ ശബ്ദപരമ്പര പ്രവഹിക്കുന്നതു് കേട്ട് ആനന്ദലഹരിയിൽ മുഴുകുന്നതിനു സാധിക്കാത്ത വിദ്യാസമ്പന്നന്മാരായ കേരളീയർ ദുർല്ലഭമാണ്. ദേവവിഷയകമായ രതിഭാവം വായനക്കാരുടെ ഹൃദയങ്ങളിൽ രൂഢമൂലമാക്കുന്നതിന് നാരായണീയത്തെപ്പോലെ ശക്തിയുള്ള സ്തോത്രകാവ്യങ്ങൾ സംസ്കൃതസാഹിത്യത്തിൽ കുറയും. മാനവേദചമ്പു, ശുകസന്ദേശവ്യാഖ്യാനമായ വിലാസിനി, അനർഘരാഘവവ്യാഖ്യാനം എന്നതുടങ്ങിയുള്ള കൃതികളുടെ കർത്താവായ കോഴിക്കോട്ടു മാനവേദൻ സാമൂതിരിപ്പാട്ടിലെ ആശ്രിതനായിരുന്ന ദേശമംഗലത്തു രുദ്രവാര്യരുടെ 'ഭക്തപ്രിയാ' എന്ന നാരായണീയവ്യാഖ്യാനം സുപ്രസിദ്ധമാണല്ലോ. കേരളീയക്ക് ഇത്ര സുപരിചിതമല്ലാത്ത ഭട്ടതിരിയുടെ മറ്റൊരു സ്തോത്രരത്നമാണ് 'ശ്രീപാദസപ്തതി'. കൊടുങ്ങല്ലൂർ കുഞ്ഞൻ രാജാതിരുമനസ്സിലെ വ്യാഖ്യാനത്തോടുകൂടി മംഗളോദയം കമ്പനി ലോകോപകാരാർത്ഥം ഈ കാവ്യം അടുത്തകാലത്തു് പ്രസാധനം ചെയ്തിട്ടുണ്ട്. മുക്കോല ഭഗവതീവിഷയകമായ ഈ കാവ്യം നാരായണീയത്തിന്റെ സോദരത്വം വഹിക്കുന്നതിന് സർവ്വഥാ അർഹമാണ്. പരിപാവനതകൊണ്ടും ചൈതന്യ വിശേഷംകൊണ്ടും സുപ്രസിദ്ധമായിരുന്ന മുക്തിമന്ദിരക്ഷേത്രം കവികളുടെ ഭക്തിപാരമ്യത്തെ ഇതിനുമുമ്പും ഉന്മിഷിതമാക്കിയിട്ടുണ്ട്. കോകിലസന്ദേശകർത്താവായ ഉദ്ദണ്ഡപണ്ഡിതൻ മുക്കോലക്ഷേത്രത്തിൽ തൊഴുതുകൊണ്ടു നില്ക്കുമ്പോൾ

'സംഭരിതഭൂരി കൃപമംബ! ശുഭമംഗം
ശുംഭതു ചിരന്തനമിദം തവമദന്തഃ
ജംഭരിപുകുംഭിവരകുംഭ രുചിഡംഭ
സ്തംഭി കുചകുംഭ പരിരംഭപരശംഭു'

എന്ന് ദേവിയെ സ്തുതിച്ചു് ചൊല്ലിയതായി കേട്ടിട്ടുണ്ട്. മേല്പുത്തൂർ ഭട്ടതിരിയുടെ ധാതുകാവ്യത്തിന് അദ്ദേഹത്തിന്റെ സതീർത്ഥ്യന്മാർ എഴുതിയ വ്യാഖ്യാനത്തിൽ:—

'സ്മരതഹരേർമ്മധുരതരം
മുരളീ നിനദാമൃതം ഹി ശബ്ദമയം
പദയുഗളഞ്ച ഭവാന്യാ-
മഹിഷാരേർമ്മുക്തി നിലയവാസിന്യാ.'

എന്ന് മംഗളാചരണം ചെയ്തിരിക്കുന്നു. ഭൃംഗസന്ദേശകാരൻ ആ പുണ്യക്ഷേത്രത്തിന്റെ അപദാനങ്ങളെ:—

'പ്രാഗാനന്ദ സ്വപ്രിയസഖ! ലതാം
 മുക്തിദേശാലവാലാ-
ദുദ്ഗച്ഛന്തീം പുരരിപുകടാക്ഷാളി
 മാലൈക ഭോഗ്യാം
അഗ്രേയസ്യാം മുഹുരവനമൻ
 ഭക്തലോകഃ ഫലാനി
പ്രത്യഗ്രാണി സ്ഫുടമപചിനോത്യുച്ച-
 കൈരുജ്ജ്വലാനി'

എന്ന് വർണ്ണിക്കുന്നു. ഭട്ടതിരി വാർദ്ധക്യ കാലം നയിച്ചതു് അതിപവിത്രമായ ഈ പുണ്യക്ഷേത്രത്തിന് സമീപമാണ്. ഇവിടത്തെ ഭഗവതിയെക്കുറിച്ച് ഭട്ടതിരി രചിച്ച ശ്രീപാദ സപ്തതിയോടൊപ്പം ചേതോമോഹനമായ കാവ്യം നീലകണ്ഠദീക്ഷിതരുടെ മധുരമീനാക്ഷിയെ അധികരിച്ചുള്ള ആനന്ദസാഗരസ്തവം മാത്രമേയുള്ളൂ. ഭട്ടതിരിയുടെ കവിതാകാമിനി പ്രൗഢയായിത്തന്നെ ശ്രീപാദസപ്തതിയിൽ പ്രത്യക്ഷമാകുന്നു:—

'ത്വൽ പാദാംബുജമർപ്പിതം കപന്ദ ശിവേ
 കിന്നു ത്രയീമസ്തകേ
നിത്യം ത്വ വിചാരദത്തമനസാം
 ചിത്താംബുജാഗ്രേഷുവാ
കിം വാ ത്വൽപ്രണയപ്രകോപവിനമ-
 ന്മാരാരി മൗലിസ്ഥലേ
കിം പ്രോൽ ഖണ്ഡിത ഘോരസൈരിഭ
 മഹാ ദൈത്യേന്ദ്ര മൂർദ്ധാന്തരേ.

ത്വൽ പാദാഞ്ചലരൂപ കല്പലതികാ
 ബാലാപ്രവാളദ്വയം
യേ താവൽ കലയന്തി ജാതു ശിരസാ
 നമ്രേണ കമ്രോജ്ജ്വലം
തേഷാ മേവ ഹി ദേവി നന്ദനവന
 ക്രീഡാസു ലഭ്യം പുനഃ
സ്വർവല്ലീതരുണ പ്രവാള ഭരണം
 സേവാനുരൂപം ഫലം.'

എന്നിങ്ങനെ ഭട്ടപാദരുടെ ഗഹനമായ ആദ്ധ്യാത്മിക ജ്ഞാനത്തേയും പുരാണ പരിചയത്തേയും മോഹനമായ വിധത്തിൽ വെളിപ്പെടുത്തിക്കൊണ്ട് ശ്രീപാദ സപ്തതി തുടരുന്നു. 'ഭക്തിസംവർദ്ധനശതകം' ഭട്ടതിരിയുടെ കവിതയാണെന്ന് ഗോവിന്ദപ്പിള്ളസ്സർവ്വാധികാര്യക്കാർ ഭാഷാചരിത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് ശരിയാണെന്നു തോന്നുന്നില്ല. 'സുഭദ്രാഹരണ' കാവ്യത്തിന്റെ കർത്താവായ തിരുവേഗപ്പുഴക്കാരൻ നാരായണ കവിയുടെ പിതാവായ ബ്രഹ്മദത്തനാണ് ഭക്തിസംവർദ്ധനശതകം രചിച്ചതെന്ന് അതിന്റെ താളിയോലപ്രതികളിൽ കാണുവാൻ സാധിച്ചിട്ടുണ്ട്—:

'ഭക്തിസംവർദ്ധനം നാമശ്ലോകാനാം
 ശതകംമയാ
ബ്രഹ്മ ദത്താഭിധാനേന വിഷ്ണുപ്രീത്യൈ
 വിനിർമ്മിതം.'

'കോടീവിരഹം' ഭട്ടതിരിയുടെ കൃതിയാണെന്ന് കാവ്യമാലാ പ്രസാധകൻ അതിന്റെ അവതാരികയിൽ പ്രസ്താവിക്കുന്നു. ഈ അഭിപ്രായത്തെ സ്വീകരിച്ചുകൊണ്ട്, 'കൊടിയവിരഹം' ഭാഷാചമ്പു മഴമംഗലം നാരായണൻ നമ്പൂതിരിയുടെ കൃതിയായിരിക്കണമെന്ന് ഉള്ളൂർ പരമേശ്വരയ്യർഅവർകൾ അഭിപ്രായപ്പെടുന്നു. കൊടിയവിരഹത്തിന്റെ കർത്താവാരായിരുന്നാലും അയാൾക്ക് സംസ്കൃതകാവ്യകാരൻ ഉപജീവ്യനായിരുന്നുവെന്ന് രണ്ടുംകൂടി ഒത്തുനോക്കുമ്പോൾ വ്യക്തമാണ്. ഭാഷാചമ്പുക്കാരൻ കോടീവിരഹത്തെ അത്രമാത്രം ആശ്രയിക്കുന്നുണ്ട്. കോടീവിരഹം സംസ്കൃതകാവ്യത്തിന്റെ പ്രണേതാവ് മേല്പുത്തൂർ ഭട്ടതിരിതന്നെയാണെന്ന് നിസ്സന്ദേഹമായി പറയുന്നതിനു വേണ്ട തെളിവുകൾ കിട്ടിയിട്ടില്ല. ഞാൻ കണ്ട താളിയോലപ്രതിയിൽ നാ

രായണഭട്ടപാദരുടെയാണെന്ന് നിർണ്ണയിക്കുവാൻ പര്യാപ്തമാകുന്ന തെളിവുകളൊന്നുമില്ലായിരുന്നു. കോടീവിരഹം മഴമംഗലഭാണത്തിന്റെ കർത്താവിന്റേതാണെന്ന് കരുതുന്നവരുമുണ്ട്. കൂടുതൽ ഗവേഷണംകൊണ്ട് സന്ദേഹനിവൃത്തി വരുത്തേണ്ടതാണ്.

മേല്പുത്തൂർ നാരായണഭട്ടതിരിയെ ഭക്തിലഹരിയിൽ നിമഗ്നനായ പരമഭാഗവതനും മഹാകവിയുമായാണ് സാധാരണജനങ്ങൾ അറിയുന്നത്. എന്നാൽ അദ്ദേഹം കുശാഗ്രബുദ്ധിയും അഗാധപണ്ഡിതനുമായിരുന്ന ശാസ്ത്രവിചക്ഷണനെന്ന നിലയിലും കേരളീയരുടെ സമാരാധനയ്ക്കു പാത്രമായിരുന്നു. കർക്കശമായ ശാസ്ത്രപാണ്ഡിത്യവും ഹൃദയംഗമമായ കവിത്വവും അദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു. കേരളീയവൈയാകരണന്മാരിൽ അഗ്രഗണ്യൻ, പ്രാമാണികനായ മീമാംസാപണ്ഡിതൻ, എന്നീനിലകളിലും മേല്പുത്തൂർ ഭട്ടതിരി സർവ്വജന ശ്ലാഘ്യനാണ്. വ്യാകരണത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അത്യഗാധമായ പാണ്ഡിത്യത്തിന്റെ പരിണതഫലങ്ങളാണ് പ്രക്രിയാസർവ്വസ്വവും ധാതുകാവ്യവും. ദേവനാരായണരാജാവിന്റെ ആജ്ഞാനുസരണമാണ്' പ്രക്രിയാസർവ്വസ്വം രചിച്ചതെന്ന് മുമ്പ് പ്രസ്താവിച്ചുവല്ലോ. പണ്ഡിതശിരോമണിയായിരുന്ന അന്നത്തെ ചെമ്പകശ്ശേരിരാജാവ് രൂപാവതാരം മുതലായ വ്യാകരണഗ്രന്ഥങ്ങളിൽ കണ്ടിരുന്ന ന്യൂനതകളെയെല്ലാം പരിഹരിക്കത്തക്കവണ്ണം ഒരു വിശിഷ്ടഗ്രന്ഥം എഴുതണമെന്നാണ് ഭട്ടതിരിയോടാവശ്യപ്പെട്ടത്.

> വൃത്തൌ ചാരു നരൂപസിദ്ധി കഥനാ
> രൂപാവതാരേ പുനഃ
> കൌമുദ്യാ ദിഷു ചാത്ര സൂത്ര മഖിലം
> നാസ്ത്യേവ തസ്മാത്ത്വയാ
> രൂപാനീതി സമസ്തവസ്തു സഹിതം
> സ്പഷ്ടം മിതം പ്രക്രിയാ-
> സർവ്വസ്വാഭിഹിതം നിബന്ധനമിദം
> കാര്യം മദുക്ത്വാദ്ധ്വനാ

എന്ന് ആ ഗ്രന്ഥത്തിന്റെ ഉപോൽഘാതത്തിൽ പ്രസ്താവിക്കുന്നു. വാസ്തവത്തിൽ ദേവനാരായണ രാജാവിന്റെ അഭിമതപ്രകാരം രചിച്ച ഈ വ്യാകരണഗ്രന്ഥം മററു ഗ്രന്ഥങ്ങളിലുള്ള കുറവുകളെ പരിഹരിച്ച് നൂതനമായ മാർഗ്ഗത്തെയാണ് അവലംബിക്കുന്നത്. അതിശ്രമാവഹമായ ഈ ശാസ്ത്രസംരംഭത്തിൽ ഭട്ടതിരി അസൂയാജനകമായ വിജയം സമ്പാദിച്ചു വെന്നതിന്ന് സംശയമില്ല. പാണിനിയുടെ അഷ്ടാദ്ധ്യായിയുടെ വ്യാഖ്യാനരൂപമായ ഈ ഗ്രന്ഥത്തിൽ സുഗ്രഹമായ പ്രതിപാദനരീതിയും നാതിവിസ്താരങ്ങളായ സൂത്രവിവരണങ്ങളും ലളിതപദ്യരൂപത്തിലുള്ള ദൃഷ്ടാന്തങ്ങളും ആരെയും ആകർഷിക്കാതിരിക്കയില്ല. സംസ്കൃതവ്യാകരണകാന്താരത്തിൽ പ്രവേശിക്കുന്നതിന്ന് പ്രക്രിയാസർവ്വസ്വം കല്ലും മുരടുമില്ലാത്ത പെരുവഴിയുണ്ടാക്കിയെന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയാകുന്നില്ല. അതികർക്കശങ്ങളായ പാണിനി സൂത്രങ്ങളെ ലളിതവും സുഗ്രഹവുമായ വിധത്തിൽ പ്രതിപാദിക്കുന്നതിൽ അച്യുതപ്പിഷാരടിയുടെ 'പ്രവേശകം' ഭട്ടതിരിക്കു ഏറെക്കുറെ മാർഗ്ഗദർശകമായിരുന്നു. പ്രക്രിയാജടിലങ്ങളായ ഭാഗങ്ങളിൽ ലളിതകാരികകൾ എഴുതിച്ചേർത്ത് പാണിനിസൂത്രങ്ങളുടെ കാർക്കശ്യത്തെ പരി

ഹരിക്കുന്നതിനുചെയ്തിട്ടുള്ള ശ്രമം തീച്ച്യായും നിസ്സീമമായ ബഹുമതിയ്ക്കു ഭട്ടതിരിയെ അവകാശിയാക്കുന്നു. എന്നുതന്നെയുമല്ല, ഹൃദയംഗമങ്ങളും ലളിതകോമളങ്ങളുമായ സുകുമാര പദ്യങ്ങളാണ് സവ്വസ്വത്തിൽ ഉദാഹരണങ്ങളായി ചേത്തിട്ടുള്ളത്. വിശ്വാതിശായിയായ കവിതാചാതുയ്യമുള്ള ശാസ്ത്രകാരനു മാത്രമേ ഇതു് സാധിക്കുകയുള്ളൂ. വ്യാകണ ശാസ്ത്രത്തിന്റെ നൈസൎഗ്ഗികമായ ശുഷ്കസ്വഭാവത്തെ ഈ കവിതാമാധുയ്യം ഏറെക്കുറെ മൂടുപ്പെടുത്തുന്നുണ്ട്. പ്രക്രിയാഭാഗത്തുള്ള സവ്വതോമുഖമായ നിഷ്കഷമാണ് ഭട്ടതിരിയുടെ വ്യാകരണഗ്രന്ഥത്തിന്റെ മെച്ചം. ദുൎഗ്ഗമമായ ആ പന്ഥാവിനെ ഭട്ടതിരി എത്രമാത്രം പ്രകാശമാനമാക്കിയെന്നു പരിച്ഛേദിക്കുവാൻ പ്രയാസമാണ്. ഭട്ടതിരിയുടെ സ്വാതന്ത്ര്യകാംക്ഷ അപാണിനീയ പ്രയോഗങ്ങൾക്കു ഉപപത്തി നിദ്ദേശിക്കുന്നതിലും മററും പ്രത്യക്ഷമാകുന്നുണ്ട്. സ്വഗുരുവിന്റെ ചരടുപിടിച്ച് പരിമിത പദങ്ങളെക്കൊണ്ട് ഗഹനവിഷയങ്ങളെ സുഗ്രഹമായരീതിയിൽ പ്രതിപാദിക്കുന്നതിനുള്ള അസാധാരണ പാടവം പ്രക്രിയാ സവ്വസ്വത്തിൽ എവിടെയും പ്രകാശിപ്പിക്കുന്നുണ്ട്. ഇതെല്ലാം കൊണ്ടുതന്നെയാണ് പ്രക്രിയാസവ്വസ്വം കേരളീയരുടെ പ്രമാണഗ്രന്ഥമായി വളരെക്കാലം പരിലസിച്ചതു്.

അത്യുൽകൃഷ്ടമായ ഈ വ്യാകരണഗ്രന്ഥത്തിനു മനോരമത്തമ്പുരാട്ടിയുടെ പ്രിയശിഷ്യനായിരുന്ന തൃക്കണ്ടിയൂർ ഗോവിന്ദപ്പിഷാരടിയും കേരളവമ്മ വലിയകോയിത്തമ്പുരാനും നല്ല വ്യാഖ്യാനങ്ങൾ നിമ്മിച്ചിട്ടുണ്ട്. പ്രക്രിയാസർവ്വസ്വത്തിൽ ധാതുക്കളെപ്പററിയുള്ള പ്രകരണം അസമഗ്രമാണെന്നുള്ള അപഖ്യാതിയെ പരിഹരിക്കുന്നതിനായിട്ടാണ് ഭട്ടതിരി പിന്നീട് 'ധാതുകാവ്യം' രചിച്ചതു്. അതിന്റെ ആരംഭത്തിൽ:--

> ഉദാഹൃതം പാണിനി സൂത്രമണ്ഡലം
> പ്രാഗ്വാസുദേവേന തദൂദ്ധ്വതോപരഃ
> ഉദാഹരത്യദ്യ വൃകോദരോദിതാൻ
> ധാതൂൻ ക്രമേണൈവ ഹി മാധവാശ്രയാ [ൽ'

എന്നു് കാണുന്ന പദ്യത്തിൽ നിന്നു് പട്ടത്തു് വാസുദേവകവിയാൽ വിരചിതമായ 'വാസുദേവവിജയ'ത്തിന്റെ തുടച്ച്യായിട്ടാണ് ഈ കാവ്യത്തെ ഉദ്ദേശിച്ചിരിക്കുന്നതെന്നു് വ്യക്തമാകുന്നുണ്ട്. ധാതുകാവ്യത്തിൽ കംസവധമാണ് പ്രതിപാദ്യവിഷയം.

> കംസഹിംസാ പ്രബന്ധാത്ഥോ
> വീരഭക്ത്യാദയോ രസാഃ
> ത്രീഭിർ ദിനൈഃ കൃതം കമ്മ
> ത്രിഭിസ്സൎഗ്ഗൈശ്ച കഥ്യതെ

എന്നു് അതിന്റെ ഒരു വ്യാഖ്യാനത്തിൽ കാണുന്ന പദ്യത്തിൽ നിന്നും കംസവധമാണ് ഇതിവൃത്തമെന്നും, വീരഭക്ത്യാദിരസങ്ങൾക്ക് ഇതിൽ പ്രാധാന്യമുണ്ടെന്നും മൂന്നുസൎഗ്ഗങ്ങളോടുകൂടിയ ഈ കാവ്യം മൂന്നുദിവസം കൊണ്ടു് നിമ്മിച്ചതാണെന്നും തെളിയുന്നു. ഈ കാവ്യത്തിന് ശാസ്ത്രമെന്ന നിലയിലും കവിതയെന്ന നിലയിലും പ്രാധാന്യമുണ്ട്. ഭട്ടതിരിയുടെ മററു കാവ്യങ്ങളിൽ വീക്ഷിക്കാവുന്ന പ്രസന്നതയും ലാളിത്യവും ഇതിൽ കുറഞ്ഞു കാണുന്നു. പ്രക്രിയാസവ്വസ്വവും ധാതുകാവ്യവും കേരളത്തിൽ ഒരു കാലത്തു് വളരെ പ്രചാരത്തിലിരുന്ന ഗ്രന്ഥങ്ങളാണെന്നുള്ളതിന് മഹാകവി കുഞ്ചൻന

മ്പ്യാർ ധ്രുവചരിതം തുള്ളലിൽ അദ്ദേഹത്തിനു പരിചിതങ്ങളായ വ്യാകരണഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ:—

'പ്രക്രിയാകൌമുദി സിദ്ധാന്തകൌമുദി
പ്രക്രിയാമഞ്ജരി കാശികാവൃത്തിയും
പ്രക്രിയാസാരവും നല്ല മനോരമ
പ്രക്രിയാസർവ്വസ്വവും പദമഞ്ജരി
ധാതുവൃത്തി ശബ്ദകൌസ്തുഭം, ഭൂഷണം'

എന്നു് പ്രസ്താവിക്കുന്നതു് മതിയായ ലക്ഷ്യമായിരിക്കുന്നു. ധാതുകാവ്യത്തിനു് ഭട്ടതിരിയുടെ സതീർത്ഥ്യന്മാർ ഒരു വ്യാഖ്യാനമെഴുതിയിട്ടുണ്ടു്. രംഭാവിഹാര ഗ്രാമവാസിയായ ഒരു ദ്വിജദാസൻെറ കയ്യെഴുത്തിലുള്ള അതിൻെറ താളിയോലഗ്രന്ഥത്തിൽ:—

'ഗുരുപാദാബ്ജ സംസേവാ
നിതാന്തവിമലാശയൈഃ
സതീർത്ഥ്യൈരദ്യ ലിഖ്യന്തേ
ധാതുകാവ്യാർത്ഥ ലോചനാം'

എന്നു് ഒരു പദ്യം കാണുകയുണ്ടായി. മഹാകവി രാമപാണിവാദനും ധാതുകാവ്യത്തിനു ഒരു വ്യാഖ്യാനമെഴുതിയിട്ടുണ്ടു്:—

ശ്രീനാരായണ കവിനാ
രചിതംയൽ ധാതുകാവ്യമതിഭവ്യം
ക്രിയതേ തസ്യവിവരണം
കിമപിമയാ രാമപാണിവാദേന'

എന്ന പദ്യം വ്യാഖ്യാനാരംഭത്തിലുണ്ടു്. ഈ വ്യാഖ്യാതാവു് ഭട്ടതിരിയെ:—

'അനേക പ്രക്രിയാരൂപ
മപരിച്ഛേദ്യഗൌരവം
നിർമ്മമേയേന സർവ്വസ്വം
വസ്തുവസ്മൈ ബ്രഹ്മണേനമഃ'

എന്നു് ആരംഭത്തിലും,

'ശ്രീനാരായണനാമകോപരിനവ
ഗ്രാമസ്വധാമാധിപ
ക്ഷോണീദേവകവിപ്രകാണ്ഡകലിതം
യാദ്ധാതുകാവ്യം ശുഭം
വ്യാഖ്യാതസ്യതു പാണിവാദരചിതാ
സംക്ഷേപതുപൈവയാ
തസ്യാം പ്രാഥമികോ നികാമഗുരുതാ
ദുർഗ്ഗോഹി സർഗ്ഗോഗമൽ'

എന്നു് ഒന്നാംസർഗ്ഗത്തിൻെറ അവസാനത്തിലും അനുകീർത്തനം ചെയ്തുകാണുന്നുണ്ടു്

മേല്പത്തൂർ ഭട്ടതിരി ഒരു മഹാ വൈയാകരണനെന്നു മാത്രമല്ല, മീമാംസാദ്വയ കുലഗുരുവെന്ന നിലയിലും ബഹുമാന്യനായിരുന്നു വെന്നു് നിസ്സംശയമാണു്. നാരായണഭടതിരിയുടെ ശിഷ്യനും ഉത്തരരാമചരിതത്തിൻെറ 'ഭാവാർത്ഥദീപിക' എന്ന വ്യാഖ്യാനകർത്താവും വെള്ളാങ്ങല്ലൂർ സ്വദേശിയുമായ നാരായണപണ്ഡിതൻ അതിലും 'കൃഷ്ണാർപ്പണം' എന്ന ധാതുകാവ്യ വ്യാഖ്യാനത്തിലും 'ശ്രീമൽ കേരളഭൂവലയ മഹിത ഭൂഷണോപരിനവഗ്രാമധാമ പ്രഥിത പൂർവ്വോത്തര മീമാംസാപരമാചാര്യ്യ നാരായണകവിവര' എന്നു് സ്വഗുരുവിനെപ്പററി സ്മരിക്കുന്നു വെന്നതു് ശ്രദ്ധേയമാണു്. രഘുവംശത്തിനു 'പദാർത്ഥദീപിക', കുമാരസംഭവത്തിനു 'വിവരണം' എന്നീ വ്യാഖ്യാനങ്ങളും 'ഗോവിന്ദചരിതം' എന്ന കാവ്യവും മററും രചിച്ചിട്ടുള്ള നാരായണ പണ്ഡിതൻെറയും പ്രശംസ ഒട്ടും തന്നെ അതിശയോക്തിപരമെന്നു പറയേണ്ടതില്ല. മേല്പത്തൂരിനെ മീമാംസപരമാചാര്യ്യനായി പരിഗണിക്കുന്നതിനു പ്രധാനമായ അടിസ്ഥാനമായിരിക്കുന്നതു് അദ്ദേഹത്തിൻെറ 'മാനമേയോദയം' എന്ന മീമാംസ ഗ്രന്ഥമാണു്. പ്രമാണത്തേയും പ്രമേയത്തേയും പ്രതിപാദിക്കുന്ന

ഈ ഗ്രന്ഥത്തിലുള്ള രണ്ടു പരിച്ഛേദങ്ങളിൽ ആദ്യത്തേതു മാത്രമേ മേല്പത്തൂർ രചിച്ചിട്ടുള്ളു. പ്രമേയ പരിച്ഛേദമാകുന്ന ഉത്തരഭാഗം നിർമ്മിച്ചതു് മാനവേദരാജാവിൻെറ സമകാലികനായ മുമ്പു് പറഞ്ഞ നാരായണനാകുന്നു.

മാനമേയോദയത്തിൽ:—

പൃത്ഥീവൃത്രജിതാ നിതാന്തമഹിതേ
 നൈതേനസഞ്ചോദിതൈ-
രസ്മാഭിഃകൃശശേമുഷീവിലസിതൈ
 രഭ്യാസ ഹീനൈരപി
പ്രാങ്ങ് നാരായണസൂരിണാഽരചിതം
 തൽമാനമേയോദയം
മോഹാൽ പൂരയിതും കൃതാമതിരിയം
 സന്തഃ പ്രസീദന്തുനഃ

എന്നു കാണുന്ന പദ്യം ഇതിനു തെളിവാണു്. 'മാനമേയോദയ'ത്തിനു കേരളീയ മീമാംസഗ്രന്ഥങ്ങളിൽ അതിമാന്യമായ ഒരു സ്ഥാനമുണ്ടു്. കൌമാരിലം, പ്രഭാകരം എന്നു് പൂർവ്വമീമാംസാപരമായ രണ്ടു പ്രസ്ഥാനഭേദങ്ങൾ കേരളത്തിൽ അഭിവൃദ്ധിപ്പെട്ടുവന്നതിൽ കുമാരിലൻെറ ഭാട്ടമതത്തെ അവലംബിച്ചെഴുതിയിട്ടുള്ള ഒരു പ്രധാനഗ്രന്ഥമാണു് മാനമേയോദയം. മീമാംസ പണ്ഡിത ശിരോമണികളായിരുന്ന പയ്യൂർപട്ടേരിമാർ കൌമാരിളമതാവലംബികളായിരുന്നുവെന്നതു് സുപ്രസിദ്ധമാണല്ലോ. അക്കാരണത്താൽ ഭാട്ടമന എന്നു് അവരുടെ കുടുംബത്തെപ്പററി വ്യവഹരിച്ചുവന്നിരുന്നു. ഉണ്ണുനീലിസന്ദേശത്തിൽ:—

'പാട്ടും പയ്യൂർക്കവിത ചുവയില്ലെൻെറാ,
 രോ മാതർ വീട്ടിൽ
പ്പാട്ടും ചൊല്ലിക്കുഹചന കവിക്കാരർ
 മേവീടുമേടം'

എന്നു് പ്രസ്താവിച്ചിരിക്കുന്നതു് ഇതുകൊണ്ടാണു്. മേല്പത്തൂർ ഭട്ടതിരിയും മാതുലന്മാരെപ്പോലെ ഭാട്ടമതത്തെയാണു് അംഗീകരിച്ചിരുന്നതു്. കൌമാരിളമതം കേരളത്തിൽ പ്രചാരത്തിലാക്കുന്നതിനു് ഹേതുഭൂതൻ കോട്ടയം രാജവംശത്തിൻെറകുലസ്ഥാപകനായ ഹരിശ്ചന്ദ്രപ്പെരുമാളാണെന്നു് ഉദ്ദണ്ഡപണ്ഡിതൻ:—

'യേഷാംവംശേ സമജനി ഹരിശ്ചന്ദ്ര
 നാമാനരേന്ദ്രഃ
പ്രത്യാപത്തിഃ പതഗഃ യുദുപജ്ഞഞ്ചെ
 കൌമാരിളാനാം'

എന്നു് കോകിലസന്ദേശത്തിൽ പ്രസ്താവിക്കുന്നു. ഭാട്ടമതത്തിനു പയ്യൂർപട്ടേരിമാർ വരുത്തിവെച്ച പുരോഗമനം അത്ഭുതാവഹമാണു്. മണ്ഡനമിശ്രൻ, ശങ്കരാര്യൻ, പരമേശ്വരൻ, നാരായണൻ, വാസുദേവൻ, ഭവദാസൻ, വിഷ്ണു എന്നു തുടങ്ങിയുള്ള ആ പ്രശസ്തകുടുംബത്തിലെ അംഗങ്ങളായിരുന്ന മീമാംസപണ്ഡിതപ്രകാണ്ഡങ്ങളാണു് വാസ്തവത്തിൽ കൌമാരിളമതത്തിനു കേരളത്തിൽ സ്ഥിരപ്രതിഷ്ഠസമ്പാദിച്ചതു്. വേന്ദനാട്ടുഗ്രാമക്കാരനായ പ്രഭാകരൻ സ്ഥാപിച്ച നവീന പ്രസ്ഥാനത്തിനു് കേരളത്തിൽ ഇത്രത്തോളം പ്രചാരമുണ്ടായിട്ടില്ല. കേരളത്തിലെ ശാസ്ത്രസദസ്സുകളിൽ ഈ രണ്ടു പ്രസ്ഥാനങ്ങൾക്കും ഒരുപോലെയുള്ള സ്ഥാനമുണ്ടായിരുന്നുവെങ്കിലും കൌമാരിലപ്രസ്ഥാനത്തിനാണു് കൂടുതൽ അനുയായികൾ ഉണ്ടായതു്. മേല്പത്തൂരിൻെറ മാനമേയോദയത്തിനു് കൌമാരിലപ്രസ്ഥാനത്തിൽ ഇന്നാട്ടിലുണ്ടായ വിവിധ ഗ്രന്ഥങ്ങളിൽ അതിപ്രധാനമായ സ്ഥാനമുണ്ടെന്നു മുമ്പു് പ്രസ്താ

വിച്ചുവല്ലൊ. പ്രത്യക്ഷം, അനുമാനം, ശബ്ദം, ഉപമാനം അർത്ഥാപത്തി, അഭാവം എന്നീ കൌമാരിലമതത്തിലെ പ്രധാന പ്രമാണങ്ങളെ ലളിതവും സുഗ്രഹവുമായ രീതിയിൽ ഈ ഗ്രന്ഥത്തിൽ നിർവ്വചിച്ച് വിവരിക്കുന്നു. അന്യമതങ്ങളിലെ സിദ്ധാന്തങ്ങളെ കൂലങ്കഷമായി നിരൂപണം ചെയ്ത് സ്വമതം സ്ഥാപിക്കുന്നതിൽ ഭട്ടതിരി അനിതരസാധാരണമായ വൈഭവം പ്രകടിപ്പിക്കുന്നുണ്ട്. ഭട്ടതിരിയുടെ വിമതഖണ്ഡനചാതുര്യം വിസ്മയാവഹമാണ്. അദ്ദേഹത്തിൻെറ നിശിതശരങ്ങൾക്കു ലാക്കാകുന്നതു് യഥാർത്ഥത്തിൽ പ്രഭാകരപ്രസ്ഥാനമാണ്. മേല്പത്തൂരിൻെറ കാലമായപ്പോഴേക്കു കേരളക്കരയിൽ ബൌദ്ധന്മാരുടേയും സാംഖ്യന്മാരുടേയും മററു പ്രസ്ഥാനാവലംബികളുടേയും സിദ്ധാന്തങ്ങൾ ലുപ്തപ്രചാരങ്ങളായിത്തീരുകയാൽ അവയെ ഖണ്ഡിക്കുന്നതിൽ ഭട്ടതിരി കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നില്ല. എന്നാൽ പ്രാഭാകരസിദ്ധാന്തങ്ങളെ അടിച്ചുടയ്ക്കുവാൻ പ്രത്യേകം താല്പര്യവും നിഷ്കർഷവും പ്രദർശിപ്പിക്കുന്നുണ്ട്. മാതാമഹൻെറ ശ്രാദ്ധത്തിനായി ആണ്ടുതോറും പയ്യൂർമനയ്ക്കലെത്തിയിരുന്ന മേല്പത്തൂർ ഭട്ടതിരി അവിടത്തെ പതിവനുസരിച്ച് വേറെയും മീമാംസഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടോയെന്ന് തീർച്ചപ്പെടുത്തുവാൻ നിവൃത്തിയില്ല. സഹോദരന്മാർ ആണ്ടുതോറും ശ്രാദ്ധത്തിനു ഒന്നിച്ചുകൂടുമ്പോൾ ഒരോ ഗ്രന്ഥം രചിച്ചുകൊണ്ടുവന്ന് മററുള്ളവരുടെ നിരൂപണത്തിനു വിധേയമാക്കണമെന്നുള്ള പയ്യൂർ പട്ടേരിമാരുടെ ഫലപ്രദവും ഗുണഭൂയിഷ്ഠവുമായ വ്യവസ്ഥയനുസരിച്ച് ഒരിക്കൽ മേല്പത്തൂർ ഭട്ടതിരിയും 'ഭ്രുതിഹരണഖണ്ഡനം' എന്നൊരു മീമാംസഗ്രന്ഥം എഴുതിക്കൊണ്ടുചെന്നുവെന്നും അതിലെ സിദ്ധാന്തങ്ങളെ ഒന്നില്ലാതെ മാതുലന്മാർ ഖണ്ഡിച്ചുവെന്നും അക്കാരണത്താൽ ആ ഗ്രന്ഥം അദ്ദേഹം നശിപ്പിച്ചുവെന്നും ഐതിഹ്യമുണ്ട്. ഇപ്പോൾ നമുക്കു ഉപലബ്ധമായിട്ടുള്ള 'മാനമേയോദയം' തന്നെ ഭട്ടതിരിയുടെ അഗാധമായ മീമാംസാശാസ്ത്ര പാണ്ഡിത്യത്തിനും‌കൽക്കശമായ നിരൂപണചാതുര്യത്തിനും ലളിതമോഹനമായ പ്രതിപാദനസൌകുമാര്യത്തിനും പ്രത്യക്ഷലക്ഷ്യമായി പരിലസിക്കുന്നു.

ഇങ്ങനെ വശ്യവാക്കായ മഹാകവി, കുശാഗ്രബുദ്ധിയായ ശാസ്ത്രവിചക്ഷണൻ, മീമാംസാപരമാചാര്യൻ, ഭഗവൽസേവാനിരതനായ പരമഭക്തൻ എന്നീ വിവിധനിലകളിൽ മേല്പത്തൂർ നാരായണഭട്ടപാദർ കേരളീയസംസ്കാരത്തിൻേറയും സാഹിത്യവ്യവസായത്തിൻേറയും അഭിമാനസ്തംഭമായി ആചന്ദ്രതാരം നിലനില്ക്കുന്നതാണ്. അദ്ദേഹത്തേക്കാൾ പ്രാമാണികനായ ഒരു വൈയാകരണനെ കേരളത്തിൽ കാണ്മാനില്ല. ആചാര്യദണ്ഡിയുടെ സമാരാധനയ്ക്കു സവിശേഷം പാത്രങ്ങളായ മാതൃദത്തപ്രഭൃതികളേയും ശ്രീമൽശങ്കരാചാര്യരേയുമൊഴിച്ചാൽ മേല്പത്തൂർ ഭട്ടതിരി സർവ്വഥാ അഗ്രഗണ്യസ്ഥാനത്തിന് അവകാശിയാണ്. അദ്ദേഹത്തിൻെറ നാരായണീയവും, പ്രക്രിയാസർവ്വസ്വവും മാത്രംതന്നെ അദ്ദേഹത്തെ അത്യുന്നതസോപാനത്തിൽ പ്രതിഷ്ഠിക്കുന്നതിനുപര്യാപ്തമാണ്. ഈ ശബ്ദസമ്രാട്ടിൻെറ കാവ്യമകരന്ദം അനുഭവിക്കുവാൻ ഭാഗ്യമുണ്ടായിട്ടുള്ളവരെല്ലാം അതിൻെറ

നിരതിശായിയായ മാധുൎയ്യത്തെ മുക്തക ണ്ഠം പ്രശംസിച്ചിട്ടുണ്ട്. മുക്കോല കരു ണാകരപ്പിഷാരടിയുടെ ശിഷ്യനും വിദ്ധ സാലഭഞ്ജികയുടെ വ്യാഖ്യാതാവുമായ വാസുദേവൻ ഭൃംഗസന്ദേശത്തിൽ:—

'സൂക്തം നാരയണ കവി
മുഖാംഭോജ നിഷ്യന്ദമാനം
പീത്വാ വാപീകമലമധുഷു
പ്രാപ്ത നിൎവ്വേദ ഭാരഃ'

എന്ന് ഭട്ടതിരിയുടെ കവിതയെപ്പററി പ്രസ്താവിച്ചിട്ടുള്ളതു് ഒട്ടുംതന്നെ അതി പ്രശംസയാകുന്നില്ല. അമാനുഷ പ്രഭാവ നായ ഈ മഹാകവിയുടേയും വൈയാ കരണൻേറയും യശഃപരിമളം ലോകമൊ ട്ടുക്ക പ്രചരിപ്പിക്കുന്നതിന് വേണ്ടശ്രമങ്ങൾ ചെയ്യേണ്ടതു് കേരളീയരുടെ കടമയാണ്. അദ്ദേഹത്തിൻെറ അനൎഗ്ഗളവാങ്മാധു ൎയ്യം അനുഭവിക്കുവാൻ അധികാരികളാ യിത്തീരണമെന്നുള്ള അഭിവാഞ്ഛ ഇന്ന ത്തെ വിദ്യാസമ്പന്നന്മാരിൽ സംജാതമാ കുമെങ്കിൽ അതു് കേരളസംസ്കാരത്തി ൻെറ പ്രത്യുത്ഥാനത്തിന് അരുണോദയ മായിരിക്കും.

---

# കിമപികാവ്യം.

## തൃതീയസൎഗ്ഗം.

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

(1) തോട്ടുണ്ടൊന്നതുവഴി
തോണിയൊന്നു വേഗ
ത്തോടുണ്ടങ്ങതി നിഭൃതം
ഗമിച്ചിടുന്നു
പേടത്തിൽ സുദൃഢ മടച്ച
പോലൊരേണ
പ്പേടക്കണ്ണിയുമൊരു
കോണിലുണ്ടു ഖിന്ന.

നിഭൃതം=ഗൂഢം. പേടം=പെട്ടി അഥവാ കൂട്ട്. ആററിൽനിന്നു തിരിഞ്ഞതു തോട്ടിലേക്കാണെന്നും തോട്ടിൽക്കൂടി ഗൂഢമായിട്ട് ഒരു തോണി വേഗത്തിൽ പോകുന്നുണ്ടെന്നും പൂൎവ്വാൎദ്ധം. കൂടാതെ പെട്ടിയിൽ അടച്ചതുപോലെ ഹരിണാക്ഷിയായ ഒരു തരുണി ഉല്ലാസമില്ലാതെ ആ തോണിയുടെ ഒരു കോണിൽ ഉണ്ടായിരുന്നു എന്നു' ഉത്തരാൎദ്ധം. വൃത്തം പ്രഹൎഷിണി.

(2) പൂകൈതച്ചെടികൾ വളൎന്നു
തോട്ടുവെള്ളം
നക്കീടുന്നിരുവശവും സ്വ
നാക്കുനീട്ടി
മൂൎഖത്വം പെരുകിയ കൈത
കൈതവത്താൽ
മാൎക്കണ്ഡപ്രിയനുടെ ശാപ
പാത്രമല്ലോ.

തോട്ടുവെള്ളം=തോട്ടിലെ വെള്ളം. പൂകൈതകളുടെ ഓലകൾ വെള്ളത്തിലേക്കു തൂങ്ങിക്കിടക്കുന്നതു് നാക്കായിട്ട് ഇവിടെ ഉല്ലേഖനം ചെയ്തിരിക്കുന്നു. മൂൎഖത്വം=വിവരമില്ലായ്മ. കൈത=കൈതച്ചെടി, കൈതവം=കളവു്. മാൎക്കണ്ഡപ്രിയൻ=ശിവൻ. ശാപപാത്രമല്ലോ=ശാപത്തിനു പാത്രീഭവിച്ചതാണ്'. കൈത ശിവനാൽ ശപിക്കപ്പെട്ടതാണെന്നു സാരം. ശിവൻെറ ശിരസ്സു് ബ്രഹ്മാവു് കണ്ടു എന്നു കൈത

പ്പൂവ് കള്ളസ്സാക്ഷിപറകയാൽ ദേവാരാധന മുതലായ മംഗളപൂജാവിധികളിൽ കൈതപ്പൂവ് സ്വീകാൎയ്യമല്ലെന്നു ശിവൻ ശപിച്ചതായി പുരാണകഥ.

(3) ജാതിക്കും ബഹുമതമായ
ഗന്ധമിന്ദു
ജ്യോതിസ്സിൻ തലകുനിയുന്ന
പുഷ്പകാന്തി
ആതിഥ്യം ശിവ ശിവ
കണ്ടകപ്രചണ്ഡം
ഭീതിക്കില്ലൊഴിവുകൾ കേതകീ
നികേതേ.

ഈ ശ്ലോകവും കൈതയുടെ വൎണ്ണനയാകുന്നു. ജാതി=പിച്ചകം. ബഹുമതമായഗന്ധം=ബഹുമതി (ആദരവ്) തോന്നിക്കുന്ന ഗന്ധം. (വാസന). ഇന്ദുജ്യോതിസ്സ്=ചന്ദ്രന്റെ കാന്തി. കൈതപ്പൂവിന്റെ കാന്തികണ്ടാൽ ചന്ദ്രന്റെ കാന്തിപോലും നമസ്കരിക്കും എന്നു താൽപൎയ്യം. ആതിഥ്യം=അതിഥിപൂജ. കണ്ടകപ്രചണ്ഡം=കഠിനമായ മുള്ള്. ആതിഥ്യം കണ്ടകപ്രചണ്ഡമാണ് എന്നൎത്ഥം. ഭീതി.........നികേതേ=കേതകീ നികേതത്തിങ്കൽ (വാസസ്ഥാനത്തു്) ഭയമില്ലാതിരിക്കാൻസാധിക്കയില്ല. രൂപവതിയും വിലാസവതിയും ആണെങ്കിലും നിൎദ്ദയം പെരുമാറുന്നതിനു ചില സ്ത്രീകൾ മടിക്കയില്ലെന്നു കൈതയുടെ ദൃഷ്ടാന്തത്തിൽനിന്നും സമാസോക്തിയാൽ ഗമ്യം. കൈതയുടെ മുള്ളുകൾ സ്പഷ്ടമല്ല. അടുത്തുകൂടുമ്പോൾ അതിന്റെ ശല്യം നല്ലവണ്ണം മനസ്സിലാകയും ചെയ്യും. ഇത്തരത്തിൽ ക്രൂരയും ശപിക്കപ്പെട്ടതും ആയ കൈതയല്ലാതെ വഴിയിൽ മറ്റൊന്നും ഉണ്ടായിരുന്നില്ലെന്നു സാരം. അതുകൊണ്ടു് അന്യഥാ സഹായമൊന്നും നായികയ്ക്കു സിദ്ധിച്ചില്ലെന്നു ഭാവം.

(4) ശ്രോണിക്കെട്ടലഘുനിവേശ്യ
തോണിയിൽതൽ
കോണിൽപ്പെട്ടകമലരിൽ
ഗൃഹീതഭാരാ
ശോണശ്രീസ്ഫുരദധരൌഷ്ഠ
നിഷ്ഠമുദ്രാ
ത്രാണത്തിൽ വ്രതവതിപോലെ
വാണുതന്വീ.

അനന്തരം നായികയുടെ സ്ഥിതിയെ വൎണ്ണിക്കുന്നു.

ശ്രോണി...........ഭാരാ=തോണിയിൽ അതിന്റെ ഒരു കോണിൽ അലഘുവായ (ഘനത്ത) ശ്രോണിക്കെട്ടു (അരക്കെട്ട്) നിവേശ്യ (വച്ചിട്ട്) അകമലരിൽ (മൃദുവായ ഹൃദയത്തിൽ) ഗൃഹീതഭാരയായി (ഭാരത്തെ ഗ്രഹിച്ചവളായിട്ട്) [വാണു]. ശോണശ്രീ............ത്രാണത്തിൽ=ചുവപ്പുനിറം സ്ഫുരിക്കുന്ന ചുണ്ടുകളിൽ സ്ഥിതിചെയ്യുന്ന മുദ്രയുടെ (അടപ്പിന്റെ) ത്രാണത്തിൽ (രക്ഷയിൽ). വ്രതവതിപോലെ=വ്രതവതിയെപ്പോലെ—നൊയമ്പുനോററവളെപ്പോലെ. തന്വീ=സുന്ദരി. വാണു=ഇരുന്നു. മൌനമുദ്രയെ ഭഞ്ജിക്കാതിരുന്നു എന്നു താൽപൎയ്യം. അംഗസൌഭാഗ്യ വിഷയമായ ഭാരം വള്ളത്തിന്റെ കോണിലും വിചാരരൂപമായ ഭാരം ഹൃദയത്തിലും അവൾ വച്ചിരുന്നു എന്നുള്ളതിൽ പൂൎവ്വാൎദ്ധത്തിന്റെ സ്വാരസ്യം.

(5) ശീലത്തിൻ മൃദുഗുണ മൌഷ
സത്വിഷാനാം
സ്ത്രീലോകപ്രകൃതിയിലുള്ള
തെന്നു കാണ്മൂ
ശൈലത്തിൻ സ്ഥിരത ചിലൎക്കു
കാണ്മതില്ലേ
തൈലത്തിൻ മസൃണതയാൽ
വിലിപ്തിമത്തായ്.

ഔഷസത്വിഷാനാം=ഉഷസ്സിന്റെ ത്വിട്ടോടുകൂടി (കാന്തിയോടുകൂടി). സ്ത്രീസ്വഭാവത്തിൽ മൃദുഗുണം ഉള്ളതായിട്ടാണ് കാണാറുള്ളതു് എന്നു പൂൎവ്വാൎദ്ധത്തിനു പൊതുവിൽ അൎത്ഥം. ശൈലത്തിൻ സ്ഥിരത=പൎവ്വതത്തിന്റെ സ്ഥിരത. തൈലത്തിൻ മസൃണത=എണ്ണയുടെ മിനുക്കം. വിലിപ്തിമത്തായ് = വിലിപ്തിയോടുകൂടിയതു്

വിലിപ്തി=പൃശൽ. അതുള്ളതെന്നു താൽപര്യം. ശൈലത്തിൽ സ്ഥിരതയുണ്ടായിരിക്കും എന്നുവച്ചാൽ പർവ്വതംപോലെ നിശ്ചലമായും അക്ഷയമായുംഇരിക്കും എന്നാർത്ഥം. പുറമേ മിനുസമാണെങ്കിലും, ആന്തരികമായ സ്ഥൈര്യം ചില സ്ത്രീകൾക്കുണ്ടെന്നു സാരം. 'വിലിപ്തി' എന്നതിനോടു'മതുപ്''പ്രത്യയം 'അതുള്ളതു്'' എന്ന അർത്ഥത്തെ കാണിക്കുവാൻ ചേർത്തിരിക്കുന്നു.

(6) നീഡത്തിൽ പിടിപെടുവാ-
നിടുന്ന കയ്യിൽ
പാടുണ്ടാം പടി പടവെട്ടിടും
കപോതി
ത്രോടി പ്രസ്ഫുടിത മനോജ്ഞ
ശൌര്യ സമ്പൽ
ധാടിയ്ക്കൂപ്പിടയുടെ പേടി
മോടി ക്രൂട്ടും.

ഈ ശ്ലോകം മുൻശ്ലോകത്തിന്റെ ഒരുവക സമർത്ഥനമാണ്. നീഡം=പ്രാക്കൂട്. കപോതി=പെൺ മാടപ്രാവ്. പിടിപെടുവാൻ=പിടിക്കാൻ. പാടുണ്ടാംപടി=മുറിവേൽക്കത്തക്കവിധത്തിൽ=അതായതുപാടുവീഴത്തക്കവിധത്തിൽ. പടവെട്ടിടും=യുദ്ധം ചെയ്യും. ത്രോടിപ്രസ്ഫുടിതം=ത്രോടി (കൊക്ക്) കൊണ്ടു പ്രസ്ഫുടിതമായ (പ്രകാശിപ്പിക്കപ്പെട്ടതായ). മനോജ്ഞശൌര്യസമ്പൽധാടി=മനോഹരമായ ശൌര്യസമ്പത്തിന്റെ ധാടി(ചൊടിപ്പു്). മോടി=ഭംഗി. പിടിക്കാൻ പോകുന്ന എന്നുള്ള ഭയം കൊണ്ടാണ് ഈ ശൌര്യമെല്ലാം കാണിക്കുന്നതു്. ആ ഭയം തന്നെ മനോഹരമായിട്ടുതീരുന്ന്—അതായതു ഭയം ശൌര്യത്തിനു ഭംഗികൂട്ടുന്നു. കപോതി വളരെ ശാന്തയാണെങ്കിലും അതിന്റെ കൂട്ടിൽ ആരെങ്കിലും കയ്യിട്ടു പിടിക്കാൻ തുടങ്ങുമ്പോൾ ചുണകൊണ്ടു കൊത്തി കയ്യിൽ പാടു് ഏല്പിച്ചുപോലും അതു പടവെട്ടുന്നു. ഏററവുംശാന്തയായ ആ പക്ഷിയുടെ ശീലസ്ഥിരത ഇതുകൊണ്ടു കാണാം. കൂട്ടിൽ കയ്യിട്ടു പിടിക്കാൻ തുടങ്ങുമ്പോൾ അതിനുപോലും ശൌര്യമുണ്ടാകുന്നു. ഭയം കൊണ്ടാണ് ഇങ്ങനെയൊക്കെ ചെയ്യുന്നതെങ്കിലും മനോഹരമായ ഈ ശൌര്യപ്രകടനം ഉണ്ടാകുന്നുണ്ടല്ലോ. കപോതിക്കുപോലും ഇങ്ങനെ തോന്നുമ്പോൾ മനുഷ്യരുടെ കാര്യം പറയാനുണ്ടോ എന്നു ഭാവം.

(7) അസ്തു പ്രസ്തുതമനുസൃത്യ
യാമിഭൂമീ
വസ്തിസ്ഥം കുടലിവ തോടു
ജൈഹ്മ്യ രമ്യം
ശാസ്താവിൻ പ്രതിമ കണക്കു
ചേട ഖേടൻ
ദോസ്തന്ത്രീരഹിതനവൻ
തുഴഞ്ഞിടുന്നു.

അസ്തു=ഇരിക്കട്ടെ—അതായതു് കപോതിയുടെ കഥ ഇരിക്കട്ടെ. പ്രസ്തുതമനുസൃത്യ യാമി=പ്രസ്താവത്തിൽ ഇരുന്ന കഥയെഅനുസരിച്ചു് യാമി (ഞാൻപോകുന്നു)—അതായതു് കഥയെ തുടരുന്നു. "യാമി യാമി ഭൈമി കാമിതം"ഇത്യാദി ഉണ്ണായിവാര്യർ. ഭൂമീ...........രമ്യം=ഭൂമിവസ്തിസ്ഥമായ (ഭൂമിയുടെ അടിവയററിലുള്ള)കുടലുപോലെ തോടു് ജൈഹ്മ്യം കൊണ്ടു് (വളവുകൊണ്ടു്) രമ്യമായിരുന്ന് (മനോഹരമായിരുന്ന്).വളഞ്ഞുപുളഞ്ഞായിരുന്നു തോടു കിടന്നിരുന്നതെന്നു സാരം. ശാസ്താവിൻ പ്രതിമകണക്ക്=ബുദ്ധപ്രതിമപോലെ. "മുനീന്ദ്രഃ ശ്രീഘനഃ ശാസ്താ" എന്നു ബുദ്ധപര്യായത്തിൽ അമരം. ചേടഖേടൻ=ഖേടനായ (നീചനായ)ചേടൻ (ഭൃത്യൻ) ദോസ്തന്ത്രീരഹിതൻ=കൈക്കു മടിയില്ലാത്തവൻ. ദോസ്സ്=കൈ. തന്ദ്രി=മടി. ഒരു ശിലാപ്രതിമപോലെ വള്ളക്കാരൻ വള്ളത്തിൽ ഇരുന്നു തുഴഞ്ഞുകൊണ്ടിരുന്നു എന്നർത്ഥം.

(8) നാവാദീൽ കിമപിവച
സ്സരിത്രവാനാം
നാ വാ സാ നവയുവതാ
വതാരികാ വാ
നാവാ പോമളവിളികാൻ
പ്രയാസമേരം
നാവാട്ടാനവസരമേററ
മുണ്ടുതാനും

അരിത്രവാനാം-നാ-വാ-സാ- നവയുവതാവതാരികാ-വാ-കിമപിവചസ്സ് -നാ- അവാദീൽ- എന്ന പൂർവ്വാർദ്ധത്തിന് അന്വയം. അരിത്രവാനാം=തുഴയോടുകൂടിയവനായ. അരിത്രം= തുഴ; നമ്പ്. നാ=നരൻ—'നൃ'ശബ്ദത്തിന്റെ പ്രഥമാരൂപം. നാ-നരൌ-നര: എന്നരൂപം. വാ= ആകട്ടെ. സാ=ആ. നവയുവതാവതാരികാ= നവമായിരിക്കുന്ന യുവത (യൌവ്വനം) അവതാരികയായിട്ടുള്ളവൾ—നവയൌവ്വനം അവതാരികയായിട്ടുള്ളവൾ അഥവാ നവയൌവനത്തിൽ പ്രവേശിച്ചവൾ. കിമപിവചസ്സ്=ഒരുവാക്കും ന അവാദീൽ=വദിച്ചില്ല; പറഞ്ഞില്ല. വള്ളക്കാരനാകട്ടെ നായികയാകട്ടെ ഒന്നും സംസാരിച്ചില്ല എന്ന താല്പര്യം. നാവാ=നൌമാർഗ്ഗമായിട്ട് നൌ=വള്ളം. നാവാപോമളവിൽ=വള്ളം പോകുമ്പോൾ. ഇളകാൻപ്രയാസമേറും=കരചരണാദ്യവയവങ്ങൾ ഇളക്കാൻ പ്രയാസമാണ്. നാവാട്ടാനവസരമേററമുണ്ടുതാനും =നാക്കിട്ടടിക്കാൻ വളരെ സൌകര്യമുണ്ടുതാനും. വള്ളത്തിൽ പോകുമ്പോൾ മററവയവങ്ങൾ ഇളക്കാൻ പ്രയാസമാണെങ്കിലും നാക്കിളക്കാൻ പ്രയാസമില്ലെന്ന മാത്രമല്ല വളരെ സൌകര്യവുമാണ്. വിശേഷിച്ചും ചെറുവള്ളത്തിൽപ്പോകുമ്പോൾ സംഭാഷണസൌകര്യം വളരെയുണ്ടായിട്ടും രണ്ടുപേരും മൌനമായിട്ടുതന്നെ കഴിച്ചുകൂട്ടി എന്ന സാരം.

(9) ഒട്ടേടം വഴികഴികെസ്വ
കണ്ഠനാളീ
ഘട്ടത്തിൽ പരമുയരാതെ
ചിന്തനിത്തി
മട്ടോലും മൊഴിനിജമൌന
മുദ്രലേശം
പൊട്ടിച്ചിട്ടിതി മധു
മാധുരീമകാരീൽ.

സ്വകണ്ഠ............നിത്തി = കഴുത്തിന്റമുകളിലേക്കുവരാതെ ചിന്തയെ നിത്തി—അതായത് വിചാരം വെളിയിൽ പ്രകാശിപ്പിക്കാതെ. മട്ടോലും മൊഴി=തേൻഒലിക്കുന്ന മൊഴിയോടുകൂടിയവൾ. മൌനമുദ്രലേശം പൊട്ടിച്ചിട്ട്= സ്വയം മൌനത്തെ ഭഞ്ജിച്ചിട്ട്. ഇതി=ഇപ്രകാരം. മധുമാധുരീം=തേനിന്റെ മാധുര്യത്തെ അകാരീൽ=ചിതറി. 'കിരതി' എന്ന ക്രിയയുടെ ഭൂതകാലം 'അകാരീൽ.' കുറെദൂരം മൌനമായിട്ടു പോയശേഷം നായിക സ്വല്പം സംസാരിച്ചു എന്ന സാരം.

(10) ആരാണെൻ പിതൃജന
ബന്ധനത്തിനായി
ട്ടീരാത്രിക്കനുചരരൊത്തു
വന്നവീരൻ
ഊരേതാണവരെവിടാൻ
വിധിച്ചതെന്നും
നേരേതാനറിവതിനു
ണ്ടെനിക്കു മോഹം.

പിതൃജനം = മാതാപിതാക്കന്മാർ. ഈരാത്രിക്ക്=ഈരാത്രിയിൽ. അനുചരൻ=ഭൃത്യർ. ഊര്=ദിക്ക്. എന്റെ മാതാപിതാക്കന്മാരെ ബന്ധിക്കാനായിട്ടുള്ള ഈ രാത്രിവന്നതാരെന്നും അവരെ ഏതുദിക്കിലാണ് കൊണ്ടുപോയി വിടാൻ നിശ്ചയിച്ചതെന്നും ശരിയായിട്ടറിയാൻ മോഹമുണ്ടെന്നു നായിക പറയുന്നു.

(11) ചൊന്നാനഗ്ഗജമഥയൻ
"പറഞ്ഞതൊന്നും
കൊന്നാലുംപറയരുതെന്ന
താജ്ഞയല്ലോ
എന്നാലും ഭവതിയൊടേതു
മോതിടാഞ്ഞാൽ
എന്നാളും മമകരൾ
ഞണ്ടുപോലിരുക്കും.

ഗജമഥയൻ=ആനമഥയൻ; വലിയമണ്ടൻ എന്നാളും=എല്ലാപ്പോഴും. മമകരൾഞണ്ടുപോലിരുക്കും=എന്റെ ഹൃദയം ഞണ്ടുകരളുന്നതുപോലെ പീഡിപ്പിക്കും—എപ്പോഴും മനസ്താപം ഉണ്ടായിരിക്കും എന്നർത്ഥം. പറഞ്ഞ സംഗതികളൊന്നും വെളിയിൽ പറയരുതെന്നാണ് കല്പനയെങ്കിലും നിങ്ങളെപ്പോലെയുള്ള ഒരു സ്ത്രീയോടു

വിവരം ഒന്നും പറയാതിരുന്നാൽ എപ്പോഴും മനസ്താപഹേതുവാണെന്നും അതുകൊണ്ടു പറയാമെന്നും വള്ളക്കാരൻെറ വാക്യം. ഇങ്ങനെ ഗൂഢവൃത്താന്തം പറയുന്നതുകൊണ്ട് 'ഗജമറയൻ' എന്ന പദത്തിൻെറ ഔചിത്യം.

(12) സ്തൈന്യത്തിൽ പഴകിയ
ഹീന ജാതിയോടും
ദൈന്യത്തിൽ കനിവിയലാത്ത
ധൂർത്തരോടും
സൈന്യത്തിൻപതി യജമാന
നേവമെല്ലാം
മാന്യതചം പെരുകിയ
നിങ്ങളോടു ചെയ്യാൻ.

സ്തൈന്യം=സ്തേനത അതായതു് മോഷണം. ഹീനജാതി=താഴ്ന്നജാതി. ദൈന്യനിൽ......... ധൂർത്തർ = ദീനരോടു കാരുണ്യമില്ലാത്തവഞ്ചകൻ ഹീനജാതിക്കാരായ കള്ളന്മാരോടും നിർദ്ദയന്മാരായ വഞ്ചകരോടും കൂടിചേർന്ന് സേനാപതിയാണ് ഇങ്ങനെയൊക്കെ ചെയ്തതു് എന്നു സാരം.

(13) തോണിക്കാർ തവരയൊടുനിൻ
പിതാക്കളെക്കൊ
ണ്ടോണാടാമയൽ മറുനാട്ടിൽ
വിട്ടുപോരും
ഓണംപോലിഹ മരുവീകര
യ്ക്കുമീനെ
ന്നോണം മേലവരവിടെ
ക്കഴിഞ്ഞുകൂട്ടും.

തവരയൊടു=വേഗത്തിൽ. അയൽ=സമീപം. ഇഹ=ഇവിടെ. ഓണംപോലെ=സുഭിക്ഷമായിട്ടു്; സമ്പന്നമായിട്ടു്. ഈ നാട്ടിൽ നിൻെറ പിതാക്കൾ സമ്പന്നാവസ്ഥയിൽ കഴിഞ്ഞുകൂടിയവരാണ്; എന്നാൽ മറുനാട്ടിൽ കരയ്ക്കുകപ്പെട്ട മീൻ കിടന്നു പിടയ്ക്കുന്നതുപോലെ കഷ്ടപ്പെട്ടു കഴിഞ്ഞുകൂടേണ്ടിയിരിക്കുന്നു എന്നു താൽപര്യം. തോണിക്കാരൻെറ ഭാഷയാകയാൽ ആനുരൂപ്യത്തിനു തോണ്ട് ഇവകുക, കരയ്ക്കു കിടന്നു മീൻ പിടയ്ക്കുക, ഇത്യാദി അലങ്കാരങ്ങൾ പ്രയോഗിച്ചിരിക്കുന്നു. അടുത്ത ശ്ലോകവും നോക്കുക.

(14) ചൊട്ടച്ചാൺ വയറിട ചൊട്ടി
ടാതിരിപ്പാൻ
നട്ടെല്ലിൻ കഥ കഴിയുന്ന
മട്ടിലെന്നും
ചട്ടം കെട്ടുടനടികേട്ടു
ബുദ്ധിമുട്ടാൻ
സൃഷ്ടിച്ചോൎക്കിതിലിവിടെന്തു
കുററമുള്ളൂ".

ചൊട്ടച്ചാൺവയറിട = ചൊട്ടച്ചാൺ വയറിൻെറ സ്ഥലം. ചൊട്ടിടാതിരിപ്പാൻ=ഒട്ടിപ്പോകാതിരിപ്പാൻ—അതായതു വയറു നിറഞ്ഞിരിപ്പാൻ. നട്ടെല്ലിൽ കഥകഴിയുന്ന മട്ടിലെന്നും =നട്ടെല്ലു നഷ്ടപ്പെട്ടുപോകത്തക്കവിധത്തിൽ എല്ലാനാളും. ചട്ടംകെട്ടു്=ആജ്ഞാപിച്ചിരിക്കുന്നതു്. ഉടനടി=അതിവേഗത്തിൽ; ഒട്ടും താമസത്തിനിടയാകാതെ. ബുദ്ധിമുട്ടാൻ=കഷ്ടപ്പെടാൻ. സൃഷ്ടിച്ചവൎക്കു=ഉണ്ടായവൎക്കു്. ഇവിടെന്തുകുററമുള്ളൂ=ഇവിടെ എന്താണു കുററമുള്ളതു്—കുററമൊന്നുമില്ലെന്നൎത്ഥം. താനുംകൂടി ഈ അക്രമത്തിൽ ഉൾപ്പെട്ടു എങ്കിലും താൻ പരതന്ത്രനും അതിനാൽ നിരപരാധിയും ആണെന്നു വള്ളക്കാരൻെറ വാദം.

(15) വാൎക്കവം ശ്രുതവതിവായ്ക്കു
മാധിനീക്കാൻ
നോക്കേണ്ടുംവഴികളൊരേട
മാൻകണ്ടാൾ
ഊൎക്കേറും നൃപതികിരാത
വാഗ്ഗുരാത്താ
ലാക്കേകംകരുതി വിനിഗ്ര
മിപ്പതിന്നായ്.

വാക്കേവം ശ്രുതവതി=ഇങ്ങനെയുള്ള വാക്കു കേട്ടവൾ [ആയ നായികാ]. വായ്ക്കുമാധി...... കണ്ടാൾ=വായ്ക്കും (വൎദ്ധിക്കുന്ന) ആധി (വ്യസനം) നീക്കാൻ (ഒഴിക്കാൻ) ആശ്രയിക്കേണ്ട വഴി

കൾ ഒരേസ്ഥാനത്തുതന്നെ യോജിച്ചിരിക്കുന്നതായിട്ടു കണ്ടു. അതായത്ത് പിതൃജനങ്ങളെ കണ്ടുപിടിക്കാൻ ഓണാട്ടുകരെ പോകേണ്ടതായിട്ടിരിക്കുന്നു; തന്റെ രക്ഷയ്ക്കു പ്രിയതമനെ കണ്ടു സംഗതികൾ ഗ്രഹിപ്പിക്കുന്നതിനും ഓണാട്ടുകരെയ്ക്കു തന്നെ പോകേണ്ടിയിരിക്കുന്നു; അതുകൊണ്ട് പോകേണ്ടവഴികൾ ഒരേ ദിക്കിൽതന്നെ യോജിച്ചുകണ്ടു എന്നു താൽപര്യം. ഊക്കേറും=ബലവാനായ. നൃപതികിരാത വാഗുരാത്താ=നൃപതിയാകുന്ന (രാജാവാകുന്ന) കിരാതന്റെ (കാട്ടാളന്റെ) വാഗുര (മൃഗബന്ധിയായ വല) കൊണ്ട് ആത്ത (ഛിന്ന). ലാക്കേകം കരുതി വിനിർഗ്ഗമിപ്പതിന്നായ്=വെളിയിൽ പോകുന്നതിനായിട്ട് ഒരു ലാക്ക് (കൌശലം) വിചാരിച്ചു. വിനിർഗ്ഗമിക്ക=വെളിയിൽ പോകുക. രണ്ടു കാര്യവും ഒരു കൌശലംകൊണ്ടു സാധിക്കാം എന്നു വിചാരിച്ചു എന്നു സാരം.

(16) നായാട്ടിൽ ശ്ശുനകനട<br>
ത്തലട്ടിടുമ്പോ<br>
ളായാസവ്യസനിനൃശംസ<br>
മായ ഹിംസ്രം<br>
നായന്യപ്രഹിതമഗണ്യ<br>
മെന്നു സൌമ്യ<br>
ന്യായത്താലതിനെ വൃഥാ<br>
വിടുന്നതുണ്ടോ.

ശ്ശുനകൻ=പട്ടി. അലട്ടുക=അസഹ്യപ്പെടുത്തുക. ആയാസം=ശ്രമം. വ്യസനി=ഖേദിക്കുന്നവൻ. ആയാസ.........ഹിംസ്രം=ആയാസവ്യസനിയായ നൃശംസഹിംസ്രം. നൃശംസം=നിർദ്ദയം. ഹിംസ്രം=ഹിംസിക്കുന്ന മൃഗം. അന്യപ്രഹിതം=അന്യനാൽ അയക്കപ്പെട്ടതു്. അഗണ്യം=നിസ്സാരം. സൌമ്യന്യായം=മൃദുഗുണപ്രധാനമായ ന്യായം. ഞാൻ പരതന്ത്രനാണെന്നു മുമ്പുവള്ളക്കാരൻ പറഞ്ഞുവെല്ലോ. എന്നാൽ അന്യന്റെ ആത്മരക്ഷാവിഷയത്തിൽ പാരതന്ത്ര്യംകൊണ്ടുള്ള അതിക്രമംപോലും തക്കതായ സമാധാനമല്ല. എങ്ങിനെയെന്നാൽ നായാട്ടുനായ്ക്കൾ അന്യന്മാരാൽ പ്രേരിതങ്ങളാണെങ്കിലും കാട്ടുജന്തുക്കളെ അലട്ടുമ്പോൾ പരപ്രേരണ വകവയ്ക്കാതെ വധ്യങ്ങളായിതീരുന്നു. ഇതു് സ്വാഭാവികന്യായം; ഇതുമേൽ വരാൻ പോകുന്ന സംഗതിയുടെ സൂചനയാണു്.

(17) തൻബാലാക്കലിവലയാഴി<br>
യാകുമംബാ<br>
ജംബാലപ്രിയ മഹിഷാദി<br>
സൂദിപാദാ<br>
സംബാധസ്ഥിതിയെഴ<br>
മാശ്രിതക്കുപായാ<br>
ലംബാദ്ധ്വാ വരുളിടുമാത്മ<br>
ബിംബനത്താൽ.

തൻബാലക്ക്=തന്റെ കുട്ടികൾക്കു അഥവാ സന്താനങ്ങൾക്ക്—അതായതു് ഇവിടെ, സൃഷ്ടിയിൽപ്പെട്ടവക്കെല്ലാം. അലിവലയാഴി=കരുണാസമുദ്രം. അലിവു്=ദയവു്; കരുണ. അലയാഴി=സമുദ്രം. അംബാ=ദേവി. ജംബാലപ്രിയ=പങ്കത്തെ (പാപത്തെ അഥവാ ചെളിയെ) ഇഷ്ടപ്പെടുന്നവർ. മഹിഷൻ=മഹിഷാസുരൻ. സൂദി=സൂദനംചെയ്യുന്ന; ഹിംസിക്കുന്ന. പാദാ=പാദത്തോടുകൂടിയവൾ. സംബാധസ്ഥിതി=സങ്കടസ്ഥിതി. ഉപായാലംബാദ്ധ്വാവു്=ഉപായമാകുന്ന ആലംബാദ്ധ്വാവ് (ശരണമാർഗ്ഗം). ആത്മബിംബനത്താൽ=സ്വയമേ (അംബതന്നെ അവരിൽ പ്രകാശിച്ചു്) പ്രതിബിംബിച്ചു്. അരുളിടും=കാണിച്ചുകൊടുക്കും. നിരാശ്രയന്മാരായ ആശ്രിതക്കു് ദുർഘടത്തിൽനിന്നു രക്ഷപ്പെടുവാനുള്ള മാർഗ്ഗം ദേവിതന്നെ പ്രസാദിച്ചു കാണിച്ചുകൊടുക്കും എന്നു സാരം.

# സൈരന്ധ്രി.

വി. കൃഷ്ണൻതമ്പി. ബി. എ.

## രംഗം ൨.

[വിരാടനഗരത്തിൽ കീചകൻെറ വസതി].

കീചകൻ—

ഗീതം ൨.

അരുതേയപരനു വശഗതനായിനി
മരുവുവതിന്നതി ദീനമിദാനീം— അരുതേ.
അയുതഗജബലൻ വീരൻ കീചകൻ
മാഴ്കിയിങ്ങു വാഴ്വതോക്കിൽ
നിന്ദ്യമിന്നു ഹന്ത ഹന്ത— അരുതേ.

ഛേ! നിരുന്മേഷനായി നിരുത്സാഹനായി നിർവീര്യനായി ഇങ്ങനെ ഇവിടെകഴിച്ചുകൂട്ടുന്നതിൽ എന്തുഫലമാണുള്ളതു്? ദുര്യോധനമഹാരാജാവു് ഈ രാജധാനിയിലേയ്ക്കു ലേഖനം അയച്ചു. വനവാസംകഴിഞ്ഞു് അജ്ഞാതവാസത്തിനൊരുമ്പെട്ടിരിക്കുന്ന പാണ്ഡവരെ കണ്ടുപിടിച്ചു്, തിരിച്ചു പന്തീരാണ്ടു വനവാസത്തിനയക്കാൻ ഈ രാജസ്ഥാനത്തിൽ നിന്നു തുണയ്ക്കുമെങ്കിൽ വേണ്ട പാരിതോഷികങ്ങളും ആചന്ദ്രതാരം സഖ്യവും ഫലിക്കുമെന്നായിരുന്നു സന്ദേശം. എന്നാൽ കഷ്ടം! ബുദ്ധിശൂന്യനായ ആ വിരാടൻ സേനാപതിയായ എൻെറ ഉപദേശം ഗ്രഹിക്കാതെ, ആ ചൂതുകളിക്കാരൻെറ, ആ കങ്കൻെറ, എവിടെനിന്നോ ആവിർഭവിച്ചു് ഇവിടെ പററിക്കൂടിയിരിക്കുന്ന കപടസന്യാസിയുടെ ദുർബോധനകൾക്കാണു ചെവികൊടുക്കുന്നതു്. പാണ്ഡവരോടാണു് തനിക്കു് പക്ഷപാതമെന്നും അവരെ കണ്ടെത്തിയാൽ അവർക്കു് അഭയം കൊടുക്കുകകൂടി ചെയ്യുമെന്നും ആ വൃദ്ധൻ മറുപടിപറഞ്ഞയച്ചു. ഗോപവടുവായ കൃഷ്ണനു് അഗ്ര്യപൂജ നൽകാൻമുതിന്ന പാണ്ഡവരോടു് പക്ഷപാതംപോൽ! തൻെറ അശക്തതയും ദുര്യോധനൻെറ പ്രതാപവും ഈ വൃദ്ധനുണ്ടോ അറിയുന്നു. ഈ മറുപടി കിട്ടിയഉടൻ ദുര്യോധനൻ വിരാടരാജ്യത്തെ മട്ടിച്ചുപൊടിയാക്കാത്തതു് ഈ കീചകനെ മാത്രം ശങ്കിച്ചിട്ടാണെന്നും ഈ ബുദ്ധിഹീനനുണ്ടോ അറിയുന്നു. സോദരിസുദേഷ്ണയേയും കരുതേണ്ടിയിരിക്കുന്നുവല്ലോ. എന്തു ചെയ്യാം. (ചിന്താമഗ്നനായിരിക്കുന്നു)

ഷണ്ഡൻ:—(എന്തോ തിന്നുകൊണ്ടു് മുൻവശത്തു പ്രവേശിച്ചു്) വൈഷമ്യംതന്നെയാണു് നമ്മുടെ ജീവിതവൃത്തി. അന്തഃപുരത്തിൽനിന്നു് പുരുഷഗൃഹത്തിലേയ്ക്കു്, പുരുഷഗൃഹത്തിൽനിന്നും അന്തഃപുരത്തിലേയ്ക്കു്, ഇങ്ങനെവെളുക്കുന്നതുമുതൽ ഇരുട്ടുന്നതുവരെ ഓടിക്കൊള്ളണം മററുള്ളവരുടെ ആഹാരത്തിനും സ്നാനത്തിനും നിദ്രക്കും മററുമൊക്കെ കാലം കുറിക്കുവാൻ പാടിക്കൊള്ളണം. അടുത്തനിമിഷത്തിൽ പല്ലുകൾ കാണുന്നകാര്യം നിശ്ചയമില്ലെങ്കിലും മററുള്ളവർ ആവശ്യപ്പെടുന്നനിമിഷത്തിൽ പല്ലുകളെല്ലാം ഇളിച്ചുകാട്ടി ചിരിച്ചുകൊള്ളണം. ഒരു ആശ്വാസമേ ആ കഷ്ടപ്പാടെ അവശേഷിക്കുന്നുള്ളു. നമ്മുടെ തോഴർ വലലൻ വന്നതിൽപി

ഗീ. ൨. ഉമാഭരണം—ആദി.

ന്നെ മഹാനസത്തിൽ എപ്പോഴും ചെല്ലാം. എന്തും വാങ്ങാം. എന്നാൽ അതുകിട്ടിയാൽതന്നെ ഒരിടത്തിരുന്ന് രുചിയായി തിന്നുതീക്കാൻ സൌകര്യമുണ്ടോ? (വേഗത്തിൽ തിന്നുതീത്തിട്ട്) സന്ധ്യാകാലം അടുത്തിരിക്കുന്നുവെന്ന് സേനാനായകനെ പാടി അറിയിക്കേണ്ടിയിരിക്കുന്നു. (മുഖം സൂക്ഷിച്ചിട്ട്) വല്ലാതെ കോപിച്ചാണിരിപ്പ്. ഒന്നു താങ്ങിവിട്ടേച്ചാൽ ആ കോപം അതിന്റെ ലാക്കിൽചെന്നുകൊണ്ടുകൊള്ളും. ഇല്ലെങ്കിൽ ഇവനിൽ പാഞ്ഞേച്ചാലുംആയി. എന്റെ സരസ്വതീദേവി എന്നെ പ്രസാദിക്കണേ.

ഗീതം ൨.

"ആരാരൊരു ധൃഷ്ടനിന്നു കീചകവീരനൊടു
നേരിടുവതിൽമോഹം—അവൻ
മൃത്യുമുഖത്തിങ്കൽ സത്വരം എത്തുവൻ—
[ആരാരൊരു

കീചകൻ:—അതേ, കീചകനോടു നേരിടുന്നവന് മൃത്യുതന്നെയാണ്. (എണീററ്) ഷണ്ഡ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. (ഒരാഭരണം കൊടുക്കുന്നു) സുദേഷ്ണയുടെ അന്തഃപുരത്തിലേക്കു പോകാമെന്നു ഞാൻ വിചാരിക്കുന്നു. (സ്വഗതം) സോദരിയോടിതിനെപ്പററി സംസാരിക്കണം. ഈ വൃദ്ധന് വിവേകം ഇല്ലാത്തപക്ഷം ദുര്യോധനനോട് ഞാൻ നേരിട്ടുതന്നെ സഖ്യം ചെയ്യും.

ഷണ്ഡൻ:—സേനാനായകൻ ഇതിലേ നടന്നാലും

രണ്ടുപേരും ചുററിനടക്കുന്നു)

കീചകൻ:—(ദൂരത്തിൽ എന്തോകണ്ടു് അത്ഭുതപ്പെട്ട്)

ഹരിച്ചു ഹൃദയം സവ്വം
നേത്രങ്ങൾ കവരുന്നതായ്
മതിക്കുമദമേററീടും
കാന്തിയെന്തിതു കാൺമു ഞാൻ

ഷണ്ഡൻ:—സേനാനായകൻ ഇതിലേ നടന്നാലും. (കീചകൻ കേൾക്കുന്നതേയില്ല).

കീചകൻ:—നമ്മുടെ കണ്ണുകൾക്കുപോലും ഇന്നോളം ദശിക്കുവാൻ ഇടവന്നിട്ടില്ലാത്ത എന്തൊരു ലാവണ്യവിലാസം. സവ്വലക്ഷണസമ്പന്നയായ ഇവൾ വനിതാലോകചക്രവത്തിനി തന്നെയാണ്. സംശയമില്ല.

തന്വീ ശ്യാമാ ശിഖരിദശനാ
പക്വബിംബാധരോഷ്ഠീ
മധ്യേ ക്ഷാമാ ചകിതഹരിണീ
പ്രേക്ഷണാ നിമ്നനാഭിഃ
ശ്രോണീഭാരാദലസഗമനാ
സ്തോകനമ്രാ സ്തനാഭ്യാം
കാസ്യാദേഷാ യുവതിവിഷയേ
സൃഷ്ടിരാദ്യേവ ധാതുഃ.

ഷണ്ഡൻ:—(ഉറക്കെ) സേനാനായകൻ ഇതിലെ നടന്നാലും.

കീചകൻ:—ഛീ! മൂഢ്!, കാണേണ്ടതു കണ്ടുനില്ക്കേ നമ്മുടെ ശ്രദ്ധയെ ആവജ്ജിപ്പിക്കുവാൻ പുറപ്പെടുന്നോ?—ഹഃ ഷണ്ഡനെന്തു വിവേകമാണിക്കാര്യത്തിൽ (വീണ്ടും നോക്കീട്ട്) ഹാ—അവൾ മറഞ്ഞുകളഞ്ഞുവല്ലോ. എടോ മൂഢ്, ഉടൻ പറയുക. അന്തഃപുരത്തിൽ ആരാണ് ഒരു സ്ത്രീ കാണപ്പെടുന്നതു്. ഇവൾ എപ്പോൾ ഇവിടെ വന്നുചേന്നു?

ഷണ്ഡൻ:—ഇവർ ഇവിടെ സൈരന്ധ്രിയാണ്. പേർ മാലിനിയാണ്. ഇവിടെ വന്നുചേന്നിട്ട് ഒരു വഷകാലത്തോളമായിരിക്കുന്നു.

ഗീ. ൨. ശുദ്ധസാവേരി—രൂപകം.

കീചകൻ:—എന്നാൽ നാം ഇതുവരെ ഈ സ്ത്രീയെ കണ്ടെത്തിയില്ലല്ലോ. വൃദ്ധനായരാജാവിന്നു ചൂതുകളിക്കുവാൻ ചങ്ങാതിയായ കങ്കൻ എന്നൊരു കപടസന്യാസി ഇവിടെ വന്നു കൂടീട്ടുള്ളതു് നാം കണ്ടിരിക്കുന്നു. അതുപോലെ തന്നെ ഒരു വലലൻ, ഒരു ബൃഹന്നള-ഇവരൊക്കെ എവിടെ നിന്നോ വന്നുചേന്നതായി നാം അറിഞ്ഞു. ഒരു സ്ത്രീ ഇങ്ങനെ വന്ന വിവരമേ അറിഞ്ഞില്ലല്ലോ. നാം അറിയാതെ രാജധാനിയിൽ, വിശേഷിച്ച് അന്തഃപുരത്തിൽ, നൂതനഗതാഗതങ്ങൾ സംഭവിക്കുകയില്ല. ഷണ്ഡാ, പിന്നെ ഇതെങ്ങനെ വന്നുകൂടി?

ഷണ്ഡൻ:—മഹാരാജാവും സേനാനായകനും ഈ സ്ത്രീയെ കാണാൻ ഇടയാകരുതെന്നു സുദേഷ്ണാദേവി പ്രത്യേകം കരുതിയിരുന്നിരിക്കാം

കീചകൻ:—അതെന്താണു്?

ഷണ്ഡൻ:—ഒരാൾ വൃദ്ധവിടൻ—മററൊരാൾ യുവവിടൻ-എന്നുവച്ചിട്ടായിരിക്കാം.

കീചകൻ:—ഛീ, മൂഢ, (ഷണ്ഡനെ അടിക്കാൻ ഓടിക്കുന്നു. അയാൾ ഓടി മാറീട്ടു തിരിച്ചു വന്നു നില്ക്കുന്നു.) ഇപ്പോൾ ഇവൾ പിന്നെയെങ്ങനെ പ്രത്യക്ഷപ്പെടാൻ ഇടയായി!

ഷണ്ഡൻ:—പരമാത്ഥം ഉണത്തിക്കട്ടെയോ?

കീചകൻ:—ഉം

ഷണ്ഡൻ:—ഒടുവിൽ ദേവിയെ തെര്യപ്പെടുത്തി എന്നെ കുററക്കാരനാക്കുകില്ലല്ലോ?

കീചകൻ:—(കുപിതനായി) ഉടൻ പറയുക, സകലതും.

ഷണ്ഡൻ:—സേനാനായകന്റെ ഉത്തരവുപോലെ. മുമ്പുപറഞ്ഞതുപോലെ ഈ സ്ത്രീയെ പ്രത്യേകം സൂക്ഷിച്ചുവരവേ യദൃച്ഛയാ വൃദ്ധവിടൻ അവരെ കാണാൻ ഇടയായി. വൃദ്ധവിടനു് അവരിൽ ആസക്തിയും കലശ്ശലായി. അവർക്കു് അഞ്ചുഗന്ധവ്വന്മാർ ഭത്താക്കന്മാരാണെന്നും മററും പറഞ്ഞു് ദേവി വൃദ്ധവിടനെ തല്ക്കാലം അടക്കിനിരുത്തിയിട്ടുണ്ടെങ്കിലും ദേവിക്കു നിശ്ചയം പോരാ. വൃദ്ധവിടൻ സുരക്ഷിതനാവാൻ ഒരു വഴിയേ ഉള്ളു എന്നു് രാജ്ഞി തീച്ച്പ്പെടുത്തി. അതായതു് യുവവിടൻ കൂടി സ്ത്രീയെ കണ്ടുകൊള്ളട്ടെ—

കീചകൻ:—(സ്വഗതം) സുദേഷ്ണാ, സുദക്ഷിണതന്നെയാണു്. നമ്മുടെമനോരഥങ്ങൾക്കു് എത്രയോ അനുകൂലമായിരിക്കുന്നു സോദരിയുടെ പ്രവൃത്തി. (പ്രകാശം) ഷണ്ഡാ, അവിടെ എന്താണു് പടഹധ്വനി കേൾക്കുന്നതു്?

ഷണ്ഡൻ:—വൃദ്ധവിടൻ തന്നിൽതന്നെ അനുരക്തനായിരിക്കുവാൻ വേണ്ടി വിശേഷാൽ മഹേശ്വരീപ്രീതികാരമായ ഒരു പൂജ രാജ്ഞി നടത്തുകയാണു്. അതിലേക്കു പൂ സംഭരിക്കുവാനായിരുന്നു മാലിനി ഉദ്യാന പരിസരത്തിൽ വന്നു് സേനാനായകനു് ദശ്നീയയായിത്തീന്നതു്.

കീചകൻ:—സോദരിയുടെ പ്രാത്ഥന പൂക്കുംമുമ്പു് ഫലിച്ചു എന്നു് സോദരി അറിയുന്നില്ല. ആകട്ടെ, ഷണ്ഡാ, ദേവിയോടു ചെന്നു പറയൂ, 'പൂജ കഴിഞ്ഞാലുടൻ മഹേശ്വരീപ്രസാദമായ ഓദനം ഇങ്ങോട്ടു കൊടുത്തയക്കണമെന്നു നാം

അപേക്ഷിക്കുന്നു. ഇവിടെ സംഭൃതമായിരിക്കുന്ന നവവും വിശിഷ്ടവുമായ കാദംബരി അങ്ങോട്ടു കൊടുത്തയക്കാനാഗ്രഹിക്കുന്നു എന്നും ഉണത്തിക്കുക.

ഷണ്ഡൻ:—ഞാൻ തന്നെ പ്രസാദം വാങ്ങിവരാം. കാദംബരി കൊണ്ടുകൊടുക്കുകയും ചെയ്യാം. രണ്ടിടത്തുനിന്നും പങ്കുള്ളതു് കിട്ടണമെന്നേയുള്ളു.

കീചകൻ:—ഛീ! മൂഢ! ദാസന്മാരും ദാസികളുമല്ല വിശിഷ്ടാഹാരങ്ങൾ കൊണ്ടുകൊടുക്കേണ്ടതും കൊണ്ടുവരേണ്ടതും. സൈരന്ധ്രിയായ മാലിനി പ്രസാദം കൊണ്ടുവരട്ടേ, അവൾതന്നെ കാദംബരി കൊണ്ടുപോകട്ടെ.

ഷണ്ഡൻ:—(സ്വഗതം) സഹോദരി മാലിനിക്കു വല്ലഅപകടവും സംഭവിക്കുമോ? (മറയുന്നു.)

കീചകൻ:—ഹാ! മാലിനി,

ഗീതം ൩.

സന്ദേഹം നഹിനിൻ-പദയുഗം
മേഘിനിമദഗതിമാലിനി-സന്ദേ
സാന്ദ്രാനന്ദം തവ പരിചരണം
ശരണം ഗുണഗണശാലിനി-സന്ദേ
നിൻകടാക്ഷ നവപയോദമദിതം
ചാതകമിന്നായി കീചകൻ
മൂവുലകും നിൻ-ചേവടിചേത്തയി
ദാസ്യമിരപ്പൊരുയാചകൻ-സന്ദേ

എന്റെ ഇപ്പോഴത്തെ മനഃസ്ഥിതിക്കു് സുദേഷ്ണയെക്കാണുവാൻ എനിക്കുത്സാഹമില്ല. തിരിച്ചുതന്നെപോകാം.

[കട്ടൻ]

രാഗം ൨

[സുദേഷ്ണയുടെ ഉദ്യാനത്തിൽ മാലിനി കാണപ്പെടുന്നു.]

മാലിനി:—

ഗീതം ൪.

കണ്ണു, ധരിക്കാഞ്ഞോ നീയിതേതും
വിപിനം ഗഹനം പൂകിയമന്നാളും

പുനരീ ദാസ്യം ഹാസ്യംആന്നാളും—[കണ്ണു. ഹാ, നീലമേഘശ്യാമള, കൃഷ്ണ, കാരുണ്യസിന്ധോ അന്നു് രാജസൂയ യാഗം കഴിഞ്ഞു് തിരിച്ചു് എഴുന്നള്ളുന്ന അവസരത്തിൽ അവിടുന്നു് പ്രസംഗവശാൽ അരുളിച്ചെയ്തതു് ഞാനോക്കുന്നു. "ഒരു രാജപുത്രി രാജാഗാരത്തിലെ പട്ടുയവനികയുടെുള്ളിൽ മറഞ്ഞിരിക്കേണ്ടവളല്ല. ബാഹ്യലോകത്തെ ഉലച്ചുമറിക്കുമാറു് ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുകൾ ഏല്ക്കാൻ അവൾക്കു തരം വരുന്നു എങ്കിൽ അതു് അവൾ പുണന്നുകൊള്ളണം. ഐഹികവും പാരത്രികവും സാധിക്കുന്ന മഹാഭാഗ്യമായി കരുതിക്കൊള്ളണം." എന്നായിരുന്നു അവിടുത്തെ അരുളപ്പാടു്—എന്നാൽ എനിക്കുതന്നെ അതു ഫലിക്കുമെന്നും ഇത്രത്തോളം കാലവൈപരീത്യം അതിലുൾപ്പെട്ടിരുന്നുവെന്നും ഞാൻ സ്വപ്നത്തിലും വിചാരിച്ചിരുന്നില്ല. കഷ്ടം, ചക്രവത്തിയായ യുധിഷ്ഠിരൻ കങ്കനെന്ന വ്യാജത്തിൽ വൃദ്ധവിരാടനെ ചൂതുകളികൊണ്ടും മററും രസിപ്പിച്ചു കാലം കഴിക്കുന്നു. സുദേഷ്ണയ്ക്കു് വിനോദത്തിനായി ദുഷ്ടമൃഗങ്ങളോടും മല്ലന്മാരോടും പൊരുതു് രുചിരങ്ങളായ ആഹാരങ്ങൾ പാകം ചെയ്തു ഭീമസേനനും കഴിച്ചുകൂട്ടുന്നു. ജ്യാനിർഘോഷം കൊണ്ടു് ഭൂമി ഞെട്ടുമാറാക്കീട്ടുള്ള സവ്യസാചി വിരാടന്റെ കന്യകകളെ പാടിച്ചും ആടിച്ചും ഉപ

ഗീ. ൩. ഹിന്ദുസ്ഥാനി തോടി—ആദി.
ഗീ. ൪. ഏതിഗതിനാക്കോ എന്നമട്ടു്,

ജീവിക്കുന്നു. വീരന്മാരും ശൂരന്മാരും പണ്ഡിതന്മാരുമായ നകുലസഹദേവന്മാർ വിരാടൻെറ കന്നുകാലികളുടെ പിന്നാലെ നടക്കുന്നു. ഛേ! ഇതെന്ത ശക്തതയാണ് എന്നെ ബാധിക്കുന്നതു്. അജ്ഞാതവാസം ഇതാ അവസിതപ്രായമായിരിക്കുന്നു. അതു കഴിയുന്ന നിമിഷത്തിൽ ആ എൻെറ പ്രതിജ്ഞ നിറവേററുവാൻ കാലമാകും. അതിലേക്കു ഞാൻ സന്നദ്ധനായിരിക്കണം. (പെട്ടെന്ന് ഒരുവശത്തേക്കു നോക്കീട്ട്) അതാ ഷണ്ഡനല്ലേ പോകുന്നതു്. വളരെ വിഷണ്ണനായിട്ട് ഭയന്നു കിടുകിടെ വിറച്ചും കൊണ്ടാണുപോക്കു്. കയ്യിൽ ഒരുപാത്രവും ഉണ്ടല്ലോ, ഷണ്ഡാ! ഷണ്ഡാ!

ഷണ്ഡൻ(പ്രവേശിച്ച്) സഹോദരി ഇങ്ങനെ എന്നെ വിളിച്ചതെന്തിനാണ്? പല്ലും കടിച്ചുപിടിച്ച് ഉള്ളിൽ കയററിവച്ച ധൈര്യം വെളിക്കുവിടാതെ ഞാൻ പോകയല്ലായിരുന്നോ.

മാലിനി:—അതു ഞാൻ കണ്ടു. ഇത്ര ധൈര്യത്തിൽ എവിടേയ്ക്കാണ് പുറപ്പാട് എന്നറിവാനാണ് വിളിച്ചതു്.

ഷണ്ഡൻ:—സഹോദരി, ഒരപേക്ഷയുണ്ട്.

മാലിനി:—എന്താണ്?

ഷണ്ഡൻ:—അതാ അവിടെ ഒരു കടുവാക്കൂടുണ്ട്. അങ്ങോട്ടുചെന്ന് അതിനുള്ളിൽ കയറി ഒന്നു ചുററി നടന്നിട്ടു വരാമോ?

മാലിനി:—വലലൻ എന്നുപേരായി ഒരു പാചകൻ ഇവിടെ ഉണ്ടല്ലോ, കടുവായോടും സിംഹത്തോടും മററും പോരാടുവാൻ.

ഷണ്ഡൻ:—ഓ, നമ്മുടെ തോഴരും ഞാനും കൂടി അത്തരം പോരാട്ടങ്ങൾ പലതും നടത്തീട്ടുണ്ട്. അതെത്ര നിസ്സാരം. ഞാൻ പറഞ്ഞകടുവാക്കൂട് സേനാനായകൻെറ ഗൃഹമാണ്. അവിടെ ഈ ഓദനം കൊണ്ടുപോകയാണ് ഇപ്പോൾ എൻെറ കൃത്യം. (വീണ്ടുംവിറയ്ക്കുന്നു)

മാലിനി:—അതു നിത്യവും നിർവ്വഹിച്ചു പോരുന്ന കൃത്യമാണല്ലോ. അതിനിത്ര ധൈര്യത്തിൻെറ ആവശ്യമെന്തു്?

ഷണ്ഡൻ:—ഞാൻ മുഴുവൻ പറയാം. ഞാൻ ഓദനം കൊണ്ടുചെല്ലേണ്ട എന്നു സേനാനായകൻ, ഞാൻതന്നെ കൊണ്ടുചെല്ലണമെന്നു ദേവി. ഞാൻ അപ്പോൾ ദേവിയോടു പറഞ്ഞു. ദേവി, ദേവിതന്നെ ഇതിനൊരു തീരുമാനം വരുത്തണം. ഇടത്തോട്ടു പോകണമെന്നു സേനാനായകൻ വലത്തോട്ടു പോകണമെന്നു ദേവി. (രണ്ടുവശത്തേയ്ക്കും കാലകററിവച്ച്) അപ്പോൾ നിങ്ങൾ രണ്ടുപേരും കൂടി ഷണ്ഡനെ രണ്ടായിട്ടു വലിച്ചു കീറിയേയ്ക്കണം, എന്ന്—

മാലിനി:—ദേവി അങ്ങനെചെയ്തില്ലല്ലോ? വലിയ അത്യാപത്തായിപ്പോയേനേ.

ഷണ്ഡൻ:—അപ്പോൾ ദേവിപറഞ്ഞു "എന്നാൽ നീ ഓദനം കൊണ്ടുപോകേണ്ട. സൈരന്ധ്‌റിയായ മാലിനികൊണ്ടുപോകട്ടെ" എന്ന്.

മാലിനി:—(പരികം ചുളിച്ച്) അങ്ങനെ ദേവിപറഞ്ഞുവോ?

ഷണ്ഡൻ:—അതെ സഹോദരി, സേനാനായകൻെറ അഭിപ്രായം അനുസരിച്ചാണ്—വിശിഷ്ടാഹാരങ്ങൾ ദാസന്മാർ കൊണ്ടുചെന്നാൽ പോരാപോലും.

മാലിനി:—അങ്ങനെയാണോ? (സ്വഗതം) എന്തോ അപകടത്തിനു കാലം കൂട്ടുകയാണ്, സംശയമില്ല. അപകടങ്ങൾ നിത്യസംഭവങ്ങളായ ഇവൾക്ക് എ

ന്തിനിതിൽ ചാഞ്ചല്യം. അജ്ഞാതവാസം നിറവേററാതെ നിവൃത്തിയുമില്ലല്ലോ. (പ്രകാശം) ഷണ്ഡാ ഞാൻ ഓദനം കൊണ്ടുപോകണമെന്ന ദേവി ആജ്ഞാപിച്ചുവെങ്കിൽ നീ എന്തിനാണ് ഈ ധൈര്യമൊക്കെ അവലംബിച്ച് പാത്രവുമായി പുറപ്പെട്ടതു്.?

ഷണ്ഡൻ:— സേനാനായകൻെറ അടുക്കൽ ഞാൻ ചെല്ലുന്നതു് എനിക്കു് അപകടത്തിനുവഴിതന്നെ. സഹോദരി ചെല്ലുന്നതു് സഹോദരിക്കും അപകടത്തിനുവഴിയായേക്കാം. എന്നാൽ സഹോദരി ഒരു സ്ത്രീയാണല്ലോ. കൂടുതൽഭയം സഹോദരിക്കായിരിക്കുമെന്നു വച്ച് ഞാൻ പോകാൻ തീർച്ചപ്പെടുത്തി പുറപ്പെടുകയായിരുന്നു.

മാലിനി:— ഷണ്ഡനെക്കാൾ ഭയം സ്ത്രീയ്ക്കാണപോൽ! എന്തുമതിപ്പാണ് സ്ത്രീയെപ്പററി. ഷണ്ഡാ അതുവേണ്ട. ആജ്ഞ ഉല്ലംഘിക്കേണ്ടവരല്ലനാം. ഞാൻ തന്നെ ഓദനം കൊണ്ടുപോകാം.

ഷണ്ഡൻ:— സഹോദരി കൊണ്ടുപോകാമെന്നോ! സഹോദരി, സഹോദരിക്കു് ഒരിക്കലും ഭയം തോന്നാറില്ലേ ?

മാലിനി:— ഭയമോ ഒരിക്കലും ഇല്ല. (സ്വഗതം) പാഞ്ചാലരാജപുത്രിയോടാണ് ചോദിക്കുന്നതെന്നു് അവൻ എങ്ങിനെയറിയുന്നു.

ഷണ്ഡൻ:— സഹോദരി, വല്ലവരും ഹിംസിക്കാനൊരുമ്പെട്ടാൽ സഹോദരി വിങ്ങിക്കരയാറില്ലേ, സഹോദരി ഒരിക്കലും കണ്ണീർ പൊഴിക്കാറില്ലേ?

മാലിനി:— ഷണ്ഡാ ഞാൻ കണ്ണുനീർ പൊഴിക്കാറുണ്ടു്. നിന്നെപ്പോലുള്ളവരുടെ നന്മ കാണുമ്പോൾ, സ്നേഹം കാണുമ്പോൾ, ത്യാഗബുദ്ധികാണുമ്പോൾ. ധൃഷ്ടനായി ഒരുവൻ ഹിംസിക്കാനൊരുമ്പെടുന്നുവെങ്കിൽ ആ ദൌഷ്ട്യത്തിനു ഞാൻ പകരം വീട്ടുന്നതുഎൻെറ കണ്ണുനീർ കൊണ്ടല്ല. അവൻെറ ഹൃദയത്തിൽ നിന്നുപായിക്കുന്ന ചുടുരക്തംകൊണ്ടാണ്.

ഷണ്ഡൻ:— സഹോദരി ഭയങ്കരി തന്നെയാണ്.

മാലിനി:— എന്നാൽ ഷണ്ഡാ, നീ നിൻെറ കൃത്യത്തിനു പൊയ്ക്കൊൾക. ഞാൻ എൻെറ കൃത്യം നിർവ്വഹിക്കട്ടെ. (ഓദനപാത്രം കയ്യിലെടുക്കുന്നു.)

[കർട്ടൻ]

രംഗം ൩.

(വിരാട രാജധാനി)

[കീചകൻ മാലിനിയെ പ്രതീക്ഷിച്ചു് മഞ്ചത്തിൽ ഇരിക്കുന്നു.]

കീചകൻ:—

പത്മപത്ര വിശാലാക്ഷി,
സുകേശി വരവർണ്ണിനി
മാലനീ മൃഗശാബാക്ഷീ
നിൻമുഖം കാണ്മനെന്നുഞാൻ
സുശ്രോണി, നിരവദ്യാംഗി
പൂർണ്ണചന്ദ്ര നിഭാനനേ
മൃദുസ്മേരേ, വരാരോഹേ
നിന്നുടൽ പൂണ്മനെന്നു ഞാൻ.

[പാത്രഹസ്തയായി ദ്രൌപദി പ്രവേശിക്കുന്നു.]

കീചകൻ:— (പെട്ടെന്നെണീററു്) ഹാ ഇതാ, എൻെറ മാനസരാജഹംസി മന്ദംമന്ദം ഇങ്ങോട്ടുതന്നെ വരുന്നുണ്ടല്ലോ. (മുമ്പോട്ടുചെന്നു്)

ഗീതം ൫.

സരസിജോദരദള മൃദുലതരാംഗി
സ്വാഗതം തേ മാലിനി.

---

ഗീ. ൫. കാമോദരി—ആദി.

സുദിനമിദംതവ-സുധാകരസുന്ദര
വദനവിലോകന-ഭാഗ്യവശേന
സദനമിദം മമ സഫലമിദാനീം
സുദതി തേ പദയുഗസംഗമേന-സരസി
ജോദര

മാലിനി, അരുണാംഭോജകുഡ്മളങ്ങൾ പോലുള്ള ഈ കരങ്ങൾ പാത്രംവഹിക്കേണ്ടവയല്ല. സഞ്ചരണക്ലിഷ്ടങ്ങളായ ചരണപല്ലവങ്ങൾ വിശ്രമമപേക്ഷിക്കുന്നു. ഈമഞ്ചദേശത്തിൽ ഇരിക്കുക. ഇവൻെറ ആതിഥ്യം സ്വീകരിച്ച് ഇവനെ ധന്യനാക്കുക.

മാലിനി:—ഇപ്രകാരമുള്ള വാക്കുകൾ എന്നോടു പറയേണ്ടവയല്ല. സുദേഷ്ണ ഈ ഓദനം ഇവിടെ കൊണ്ടുതരുവാൻ ആജ്ഞാപിച്ചിരിക്കുന്നു. (പാത്രം താഴെ ഒരു വശത്തായി വയ്ക്കുന്നു) ഇവിടെനിന്നു മദ്യവും പ്രതീക്ഷിക്കുന്നു. അതു് വേഗത്തിൽ തന്നു് എന്നെ പോകാൻ അനുവദിക്കണം.

കീചകൻ:—ഹേ, മാലിനി, സഹസ്രം ദാസിമാർ ഈ രാജധാനിയിലുണ്ടു്. അവരിൽ ആരെങ്കിലും സുദേഷ്ണയ്ക്കു സുര കൊണ്ടുപോയി കൊടുത്തുകൊള്ളും. ഈ നിമിഷത്തിൽ ഇവിടെ പ്രവേശിച്ച് ഈ ഗൃഹവും എൻെറ ജീവിതവും ധന്യമാക്കി, പ്രകാശമാനമാക്കിത്തീർത്ത ഭവതി ഇവനെ നിരാശക്കൂരിരുട്ടിൽ താഴ്ത്തി ഉടൻ മടങ്ങുകയോ!—ഒരിക്കലും ഈ നിഷ്ഠുരണത്വം പാടില്ല.

മാലിനി:—കേൾക്കാനാകാത്തതു കേൾക്കുവാൻ ഞാൻ ഇവിടെ നില്ക്കുന്നില്ല. കാദംബരി തരിക. വിരാട രാജധാനിയെന്നോർത്തു് അരക്ഷിതയായി അസഹായയായി പുറപ്പെട്ട ഇവളെ പോകാൻ അനുവദിക്കുക.

കീചകൻ:—ഭവതി, അരക്ഷിതയോ, അസഹായയോ. ഏതു ദാസ്യത്തിനും സജ്ജനായിട്ടു് ഈ കീചകൻ കാത്തുനില്ക്കുന്നില്ലേ. ഭവതിയുടെ പാദശുശ്രൂഷകനാണു് അയുതഗജബലനായ കീചകനെന്നു ബോധിക്കണം.

ഗീതം ൬൩

സൌജന്യജലധേ വരഗുണനിധേ
മമപരഗതേ
ചിന്തയിതെന്തയി സുന്ദരി
ബാലേ മൃദുലശീലേ സുദതി
കീചകവീരൻ തവ പദ
സേവകനെന്നുധരിക്കയി—സൌജ

മാലിനി:—വിരാടനരേന്ദ്രൻ ശക്തനാണെന്നു ഞാൻ ധരിച്ചു. സ്വച്ഛന്ദചാരികളുടെ അവിനയം തടയുമെന്നു ഞാൻ വിശ്വസിച്ചു.

കീചകൻ:—മാലിനി, ഒരുപരമാൎത്ഥം ഭവതി ഇതുവരെയും മനസ്സിലാക്കിയിട്ടില്ലെങ്കിൽ ഞാൻ അറിയിക്കാം. വൃദ്ധനായ വിരാടൻ അശക്തനാണു്. യഥാൎത്ഥത്തിൽ മാത്സ്യദേശത്തിനു രാജാവു് ഈ കീചകനാണു്. ഈ വിരാടരാജ്യലക്ഷ്മിയെ ഞാൻ ഭവതിക്കു പാദദാസിയാക്കിത്തീർക്കും. ഭവതിയുടെ പ്രിയം ആദരിക്കുകയായിരിക്കും ഇവൻെറ ജീവിതവ്രതം. കണ്ടില്ലേ ഈ രമ്യങ്ങളായ ലതാമണ്ഡപങ്ങൾ. ഈ ഉദ്യാനങ്ങൾ. യഥാൎത്ഥമായ അനുരാഗക്കേളികൾക്കു് എത്ര ഉൽകൃഷ്ടമായ ഒരു രംഗം. ഇപ്രകാരമുള്ള ഈ പ്രദേശങ്ങളിൽ ഭവതി ഈ പാദസേവകനുമൊന്നിച്ചു വിഹരിക്കുകയല്ലേ യുക്തമായിട്ടുള്ളതു്.

ഗീ. ൬൩. ആനന്ദഭൈരവി—ആദി.

മാലിനി:—ഛീ, മൂഢാ! അകാലമൃത്യുവിനാൽ പ്രേരിതനായി നീ ആത്മനാശം സ്വയംവരിക്കാൻ പുറപ്പെട്ടിരിക്കയാണ്. ഞാൻ പരിണീതയാണെന്നറിയുക. അഞ്ചുഗന്ധർവന്മാർ എനിക്കു പതികളായിട്ടുണ്ട്.

കീചകൻ:—ഹേ, സുന്ദരി, ആ വൃത്താന്തം ഞാൻ കേട്ടിരിക്കുന്നു. ദേവന്മാൎക്കും മററും നരസ്ത്രീകളിൽ അഭിനിവേശം ജനിക്കുക സാധാരണമാണ്. എന്നാൽ അത്തരം അഭിനിവേശം പരിണയമായിട്ടേ സ്മൃതികൾ അംഗീകരിക്കുന്നില്ല. വിശ്വവിശ്രുതയായ ഭൈമിയെപ്പോലെ ഭവതിയും ഒരു വീരപുരുഷനിലാണ് ഹൃദയം സമൎപ്പിക്കേണ്ടതു്.

മാലിനി:—സ്വന്തം ദുരാചാരങ്ങൾക്കു സ്മൃതികളെ സാക്ഷ്യപ്പെടുത്തുവാൻ ഒരുമ്പെടുന്ന മൂഢ്, എന്റെ പതികളിൽ ഒരാൾ ദുൎവിനീതനായ നിന്റെ ഈ സാഹസം അറിഞ്ഞാൽ നിനക്ക് അഭയസ്ഥാനമേ ഇല്ലെന്നു ധരിക്കുക.

കീചകൻ:— ഹേ മാലനി—

അഞ്ചു ഗന്ധൎവരേ വെൽവാൻ
പോരും ഞാനേകനിന്നൊടോ
പഞ്ചസായകനോടേററു
തോററു മാഴ്കുന്നു മാലിനി.

മാലിനി, ഭവതി ലോകൈകസുന്ദരിയാണെന്നു മനസ്സിലാക്കണം. ഈ കീചകൻ ലോകൈകവീരൻ എന്ന വിശ്രുതനാണ്. നമ്മുടെ ഘടനയെ ദേവതകൾ അഭിനന്ദിക്കും. നരലോകം കൊണ്ടാടും. സകല ചരാചരങ്ങളും പുകഴ്ത്തും. പ്രാകൃതകളെപ്പോലെ ക്ഷുദ്രങ്ങളായ ആശങ്കകൾക്ക് നീ അധീനയാകരുതു്. ഉപനതമായ ആനന്ദാവസരം നീ വ്യൎത്ഥമാക്കരുതു്. ഈ കീചകന്റെ ജന്മം നീ പാഴാക്കരുതു്.

ഗീതം ൧

അസുലഭതരം-നൂനമീ സംഗമം
അനവധിജനി-സുകൃതഫലിതം
നിൻകനിവൊന്നുതാൻ
കൊതിച്ചൊരിവനെ
സങ്കടവങ്കടൽക്കുള്ളിലേ താഴ്ത്തൊലാ
[അസുലഭ

മാലിനി, ഈശ്വരന്മാരെപ്പോലും നമിക്കുവാൻ പരിചയിച്ചിട്ടില്ലാത്ത കീചകന്റെ ഈ ശിരസ്സ് ഭവതിയുടെ പാദാരവിന്ദങ്ങളിൽ പതിപ്പിച്ചുകൊള്ളട്ടെ. (നമസ്കരിച്ച് പാദങ്ങൾ സ്പൎശിക്കുവാൻ ഒരുങ്ങുന്നു)

മാനിലി:—അരുതു മൂഢ്. ഞാൻ പോകുന്നു. നിന്റെ ദുൎവിനയം ഞാൻ ദേവി സുദേഷ്ണയെ തെര്യപ്പെടുത്തുന്നുണ്ടു്.

കീചകൻ:—(എണീററ്) എന്തു് കീചകന്റെ അഭ്യൎത്ഥനയെ തടയുവാൻ നീ മുതിരുന്നുവോ. അതിന്റെ ഫലം നീ അനുഭവിക്കും. നീ ഇവിടെനിന്നു കടന്നു പോകുന്നതു് എനിക്കു കാണണം. (കയ്യുകടന്നുപിടിക്കുന്നു)

മാലിനി:—ദൂരത്തു മാറിനില്ക്കു്—ഹാ! ഈ ദുഷ്ടമൃഗത്തിന്റെ ധാൎഷ്ട്യം തടയുവാൻ ഇവിടെആരും ഇല്ലേ! (അണിയറയിൽ) ‘‘ഉണ്ടു്. സൂൎയ്യകിങ്കരനായ ഞാനുണ്ടു്. നീച, കീചക, ക്ഷണനേരം നീ സ്തബ്ധനായി ചിത്രത്തിലെഴുതിയപോലെ നില്ക്കുക:—ദേവി യഥേഷ്ടം അന്തഃപുരത്തിലേക്കു സഞ്ചരിച്ചു കൊണ്ടാലും.’’

[കട്ടൻ]

ഗീ. ൧. കല്യാണി—ആദി.

രംഗം ൪.

[വിരാടരാജാവിൻെറ മഹാനസം]

വലലൻ:—പാരതന്ത്ര്യമാണ് പുരുഷനു ദുസ്സഹമായിട്ടുള്ളത്. പന്ത്രണ്ടു വഷത്തെ വനവാസം മഹോത്സവം പോലെ കഴിഞ്ഞുകൂടി. ദ്രൗപദിയുമായി മധുഗന്ധികളായ വനങ്ങളിൽ കൂടി സ്വൈരമായി സഞ്ചരിച്ചു. കിമ്മീരാദിദുഷ്ട രക്ഷസ്സുകളെ നിഗ്രഹിച്ചു. ശിഷ്ടജനങ്ങൾക്ക് അഭയപ്രദാനംചെയ്തു. ഇപ്പോഴാകട്ടെ അജ്ഞാതവാസമെന്നുപറഞ്ഞു അസ്തവീര്യരായി ന്യസ്തശസ്ത്രരായി പ്രച്ഛന്നവേഷരായി ദൈന്യവും ദാസ്യവും അനുഭവിച്ചു കഴിഞ്ഞുകൂടുന്നു. കഷ്ടം! ചോരന്മാരെപ്പോലെ രഹസ്യമായി ഭയപ്പെട്ടു ചിലടത്തുവച്ച് ചില കാലത്തുമാത്രം സാദ്ധ്യമായിരിക്കുന്നു പാണ്ഡുപുത്രന്മാർക്കു പരസ്പരദർശനം. ആ ദ്രുപദരാജപുത്രിയാകട്ടെ മേഘാന്തരിതയായ രാകേന്ദുരുചിപോലെ ദുല്ലഭദർശനയായിത്തന്നെ തീർന്നിരിക്കുന്നു. ഹേ, ദുര്യോധന, ഹേ, ദുശ്ശാസന, ഹേ, ശകുനേ, പാണ്ഡവർക്കു വിചിത്രമായ തേജോവധം തന്നെയാണ് നിങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്. ഛേ, അനാര്യമായ വിലപനം അരുത്. ഞാനൊരു സേവകനെന്നുള്ളതാണ് ഇന്നത്തെ പരമാത്ഥം. വിരാടൻെറ ഈ മഹാനസത്തിൽ അഗ്നി ജ്വലിപ്പിക്കുകയല്ലേ എൻെറ കൃത്യം. (അങ്ങനെ ചെയ്തിട്ട് പെട്ടെന്നു കോപത്തോടെ) എന്നാൽ എൻെറ ഹൃദയത്തിൽ ഗൂഢമായി കൂടുതൽ ഊജ്ജസ്വലമായി ഒരു കോപാഗ്നി ഞാൻ ജ്വലിപ്പിക്കുന്നുണ്ട്. കാലം ഉപനതമാകുമ്പോൾ കൌരവശലഭങ്ങൾ അതിൽ വീണു വെന്തു വെണ്ണീറാകും. (ഒരു ദോശക്കല്ല് അടുപ്പിൽ വച്ച് ദോശമാവു കോരി ഒഴിക്കുന്നു. ശ്—ശ്—ശ്—എന്ന ശബ്ദം കേൾക്കുന്നു) ഹതവീര്യനായ എൻെറ ദാസ്യം കണ്ടു് അപഹസിക്കുന്നതത്രേ ഈ സീൽക്കാരം. ആകട്ടെ ആ കൌരവഹതകരെ എൻെറ ഗദകൊണ്ടടിച്ച് പ്രത്യംഗം പൊടിയാക്കുമ്പോൾ അവരുടെ മരണസീത്ക്കാരത്താൽ ഇതിനു ഞാൻ പകരം വീട്ടുന്നുണ്ട്. എന്നാൽ അജ്ഞാതവാസം അവസാനിക്കുവാൻ ഇനിയും നാൾ കുറെ കഴിയേണ്ടിയിരിക്കുന്നുവല്ലോ. വാസരങ്ങൾ വത്സരങ്ങൾ പോലെ ദുരതിക്രമങ്ങളുമായിരിക്കുന്നു. (ചിന്താമഗ്നനായി കയ്യിൽ മുഖവും താങ്ങിയിരിക്കുന്നു)

സൈരന്ധ്രി:—(പ്രവേശിച്ച്) ഹാ! ആര്യപുത്ര. (മൂർച്ഛിച്ചു വീഴുന്നു).

വലലൻ:—(എണീററ്) എന്ത്! ദ്രൗപദിയോ! മൂർച്ഛിച്ചല്ലേ കിടക്കുന്നത്. പ്രിയേ, ആശ്വസിക്കുക, ആശ്വസിക്കുക. (സൈരന്ധ്രി എണീററിരിക്കുന്നു) ഭദ്രേ എന്താണു സംഭവിച്ചത് ?

സൈരന്ധ്രി:—(എണീററു നിന്ന്) ആര്യപുത്ര! അവിടന്ന് ഉറങ്ങുന്നുവോ വിശ്രമിക്കുന്നുവോ, ശ്വസിക്കുന്നുവോ! സൂതപാശനായ ആ കീചകൻ ജീവിച്ചിരിക്കേ?

വലലൻ:—ഭദ്രേ, അവനെന്താണു ചെയ്തത്?

സൈരന്ധ്രി:—ആര്യപുത്ര, നാളെ രാവിലെ സൂര്യനുദിക്കുമെങ്കിൽ നീചനായ കീചകൻ ജീവിച്ചുതന്നെയിരിക്കുമെങ്കിൽ ഞാൻ തീവ്രമായ വിഷം കുടിക്കും.

ആര്യപുത്രന്റെ കാൽക്കൽ തന്നെ പ്രാണൻ ത്യജിക്കും.

വലലൻ:—ഭദ്രേ, ദുർദ്ദൈവഗ്രസ്തനായ അവൻ എന്തു പ്രവൎത്തിച്ചുവെന്നു പറയുക.

സൈരന്ധ്രി:—അവൻ എന്റെ കൈയ്യു കടന്നു പിടിച്ചു.

വലലൻ:—ഹാ! ദുരാത്മാവേ!

സൈരന്ധ്രി:—അവൻ കൈയ്യു കടന്നു പിടിച്ചപ്പോൾ സൂര്യകിങ്കരനായ ഒരു ദേവൻ എനിക്കഭയം നല്കി. ആര്യപുത്ര, ഈ ദ്രൗപദി ജീവിച്ചിരിക്കണമെന്ന് ഇച്ഛയുണ്ടെങ്കിൽ ഇന്ന് കീചകനെ ഹനിക്കണം.

(വലലൻ ചിന്താഗ്രസ്തനായിരിക്കുന്നു)

സൈരന്ധ്രി:—ആര്യപുത്ര, എന്താണു വിചിന്തനം ചെയ്യുന്നത്?

വലലൻ:—വിശേഷിച്ചു യാതൊന്നുമില്ല. ഇപ്പോൾ അജ്ഞാതവാസകാലമാണല്ലോ എന്നു മാത്രം.

സൈരന്ധ്രി:—ഹാ, കഷ്ടം! അജ്ഞാതവാസകാലത്തു ഭീമസേനന്റെ പൌരുഷവും നശിച്ചുപോയി എന്നു വന്നുവോ! (അധോമുഖിയായി നില്ക്കുന്നു)

വലലൻ:—കരുതിപ്പറഞ്ഞ വാക്കുകൾ കരൾക്കു തന്നെ കൊണ്ടു. (കോപാകുലനായി) ആകട്ടെ യാജ്ഞസേനി, അന്തഃപുരത്തിലേക്കു ചെല്ലുക. ആ നീചൻ- ആ കീചകൻ ഇന്നു മരിക്കും.

സൈരന്ധ്രി:—(അല്പം പരിഭ്രമിച്ചു്) ആര്യപുത്ര!

വലലൻ:—യാജ്ഞസേനീ, കീചകൻ ജീവിക്കുന്നു. എനിക്കു വാക്കുകൾക്ക് അവകാശമില്ല. ചെല്ലുക.

സൈരന്ധ്രി:—ആര്യപുത്ര, അല്പം ആലോചിച്ചുവേണം പ്രവൎത്തിക്കുവാൻ. അജ്ഞാതവാസകാലമാണെന്നു വിസ്മരിക്കരുതു്.

വലലൻ:—അജ്ഞാതവാസകാലത്തും ഭീമസേനനു പൌരുഷം മാത്രമെങ്കിലും അവശേഷിച്ചിട്ടുണ്ടു്. ചെല്ലുക. യാജ്ഞസേനി ഇന്നർദ്ധരാത്രിസമയം കഴിഞ്ഞു് ദീപമാത്രസഹായയായി നൃത്തശാലയിൽ വരിക—ചെല്ലുക—

[സൈരന്ധ്രി മന്ദമന്ദം മറയുന്നു.]

വലലൻ:—അതെ ഇന്നു കീചകൻ മരിക്കും—മരിച്ചതു കീചകനെങ്കിൽ കൊന്നതു ഭീമൻ തന്നെയെന്നു കൌരവർ തീൎച്ചപ്പെടുത്തും. എന്നാൽ (അല്പം ആലോചിച്ചു് വിരലെണ്ണിയിട്ടു്) ഹസ്തിനപുരത്തു് ഈ വാൎത്ത ചെന്നെത്തുവാൻ കുറേനാൾ വേണ്ടിവരും. അപ്പോൾ തന്നെ അജ്ഞാതവാസകാലവും കഴിഞ്ഞിരിക്കും. എന്നാൽ കീചകനെ നിഗ്രഹിക്കുവാൻ എന്തുമാൎഗ്ഗം. (ആലോചിച്ചു്) ആകട്ടെ, (ഒരു പാത്രത്തിൽ കുറെ പലഹാരങ്ങൾ എടുത്തു വയ്ക്കുന്നു. ഒരു ഓലയിൽ "പശ്ചാത്താപത്താൽ പാരവശ്യം പൂണ്ടു് ഒരാൾ ഇന്ന് അർദ്ധരാത്രിയിൽ നൃത്തശാലയിൽ അങ്ങയെ കാത്തുനില്ക്കും" എന്ന് എഴുതിയിട്ടു് എഴുത്തിനെ ഒരു പാത്രത്തിനുള്ളിൽ പലഹാരത്തിനിടയിൽ മറച്ചു വയ്ക്കുന്നു.) ആകട്ടെ ഇതു് ഷണ്ഡൻ മുഖാന്തിരം കീചകനെ എത്തിക്കാം. ശേഷം വേണ്ടപോലെ നടന്നുകൊള്ളും. കഷ്ടം, ഹേ ദ്രൗപദി, ഭവതിക്ക് ഈ ദൈന്യം അനുഭവിക്കുവാനും വിധി വന്നുചേൎന്നുവല്ലോ. (എന്നു ചി

ന്താഗ്രസ്തനായി കയ്യിൽ മുഖംതാങ്ങി കുനിഞ്ഞിരിക്കുന്നു.)

ഷണ്ഡൻ:—(പ്രവേശിച്ച് സ്വഗതം) എന്തു് പ്രിയതോഴർ ഇത്രനേരത്തേ ഉറങ്ങിക്കഴിഞ്ഞുവോ. ആകട്ടെ ഞാൻ വൈതാളികനായി നിന്നു തോഴരെ ഉണർത്താം.

(ഗീതം വ്യ.)

ജയജയ വിജയീഭവ—ജയ ജയ-
ജയസകലലോക സാവ്ഭൌമ-

വലലൻ:—(ഞെട്ടി മേലോട്ടു നോക്കി സ്വഗതം) ഇവൻ എന്തു പുലമ്പുന്നു. ഇവൻ നമ്മുടെ വാസ്തവം വല്ലതും മനസ്സിലാക്കിയിട്ടുണ്ടോ (ഉറക്കെ) ഷണ്ഡാ! നീ എന്താണ് പുലമ്പുന്നതു്?

ഷണ്ഡൻ:—പുലമ്പുകയോ, കേൾക്കണം. സൌന്ദര്യംകൊണ്ടും ഐശ്വര്യംകൊണ്ടും ഈ വിരാടദേശം ലോകത്തിനു ലലാമഭൂതമാണ്. വിരാടരാജ്യത്തിന് ഈ രമണീയമായ രാജധാനി മുഖമാണ്. മോദകക്രീഡാശൈലങ്ങൾ കൊണ്ടും പുതുതേനരുവികൾകൊണ്ടും നറുംപാൽതടാകങ്ങൾകൊണ്ടും ഈ മഹാനസം രാജധാനിക്കു നേത്രമാണ്. ഈ മഹാനസത്തിന് ഏകാധിപതിയായ തോഴരെ സകലലോകസാവ്ഭൌമനെന്നു വിളിച്ചതിൽ എന്തബദ്ധമാണുള്ളതു്.

വലലൻ:—(സ്വഗതം) ആവൂ! ഞാൻ വല്ലാതെ പരിഭ്രമിച്ചു. കഷ്ടം, ഷണ്ഡനിൽനിന്നുകൂടി ഭയപ്പെട്ടിരിക്കേണ്ട കാലമായല്ലോ ഭീമസേനന്.

ഷണ്ഡൻ:— മഹാനസസാവ്ഭൌമനിൽനിന്ന് ശഷ്കുലികളായ വീരശൃംഖലകൾ വാങ്ങുവാൻ ഈ വൈതാളികൻ കാത്തുനില്ക്കുന്നു. അങ്ങെന്താണ് മൌനമായിരിക്കുന്നതു്?

വലലൻ:—ഷണ്ഡാ! സേനാനായകനു ഭക്ഷണം കൊണ്ടുകൊടുക്കുവാൻ കാലം വൈകിയതു നീ അറിയുന്നില്ല. അതിനു കാലംപിഴച്ചാൽ ശഷ്കുലികൾആസ്വദിക്കുവാൻ അത്യാവശ്യങ്ങളായ ദന്തങ്ങൾക്ക് അഭാവംഉണ്ടായേക്കും.

ഷണ്ഡൻ:—തോഴരേ! ആ ഭയം ഇപ്പോൾ ഇല്ല. രണ്ടുമൂന്നു നാളായി സേനാനായകന് ആഹാരവും സകലവും വെറുത്താണു കാണുന്നതു്. കൊണ്ടുകൊടുത്തില്ലെങ്കിൽ ചോദ്യമില്ല. കൊടുത്താൽ തൊടുന്നതും ചുരുക്കംതന്നെ. തോഴരേ, ആഹാരം വെറുക്കുന്നവന് ജീവിച്ചിരിക്കാൻ അവകാശമുണ്ടോ?

വലലൻ:—ഇല്ല, അവനു ജീവിച്ചിരിക്കാനവകാശമില്ല. ആകട്ടെ നീ ഇതു കൊണ്ടു കൊടുക്കുക. സുദേഷ്ണാരാജ്ഞി മാലിനിവശംഇങ്ങോട്ടു കൊടുത്തയച്ച് ഇതു് സേനാനായകനു ഉടൻ എത്തിച്ചു കൊടുക്കണമെന്നു് ആജ്ഞാപിച്ചതായി പറഞ്ഞാൽ പക്ഷേ സേനാനായകൻ ഇതിൽ ദൃഷ്ടിവച്ചേയ്ക്കാം.

ഷണ്ഡൻ:— രാജ്ഞി കൊടുത്തയച്ചതാണോ? മാലിനിവശം കൊടുത്തയച്ചതാണോ! എന്നാൽ പക്ഷേ, സേനാനായകൻ ഈ ഭക്ഷണം ഉടൻ സ്വീകരിച്ചേക്കും. താമസിച്ചാൽ കയത്തു എന്നും വരാം.

വലലൻ:—എന്നാൽ ഉടൻ ചെല്ലുക (ഷണ്ഡൻ പോകുന്നു.) ഹാ! ദ്രുപദരാജപുത്രി! പ്രാകൃതജനങ്ങളുടെ പ്രാകൃതവാക്കുകൾക്കും നീ വിഷയമായിത്തീർന്നുവോ?

[കട്ടൻ]

ഗീ. വ്യ. നാട്ടക്കുറിഞ്ഞി—ചായ്പു.

രംഗം ൭.

[ഇരുട്ടിൽ മുഴുകിയ നാട്യശാലാമദ്ധ്യത്തായി സ്തംഭംപോലെ ഭീമസേനൻ നിശ്ചേഷ്ടനായി നില്ക്കുന്നു.]

കീചകൻ:— (പ്രവേശിച്ച്) നാട്യശാല മുഴുവൻ കൂരിരുട്ടിൽ മുഴുകിയിരിക്കുന്നു. മാലിനി എവിടെയായിരിക്കും. ഹാ—മാലിനീ! എന്റെ ഹൃദയമോഹിനി! നീ എവിടെ നില്ക്കുന്നു. എനിക്കു മറുപടി പറയുക.

ഗീതം ൻ

മാലിനിയെൻ മോഹിനി നീ
ലീനയായി വാഴ്‌വതെങ്ങോ
ക്രൂരമാമി കൂരിരുളിൽ
മാഴ്കുമെന്നെ കാണ്മതില്ലേ

മധുരവചസ്സുകൾ കൊണ്ടു് എന്റെ സകലേന്ദ്രിയങ്ങൾക്കും സംതൃപ്തി അരുളുക. മാലിനിയല്ലേ ആ ലേഖനം നമുക്കയച്ചുതന്നതു്?— അതേ, സംശയമില്ല. പശ്ചാത്താപം കൊണ്ടു പാരവശ്യം പൂണ്ടു വേറെയാരാണു് എനിക്കുലേഖനം അയക്കുക. അകത്തേയ്ക്കുകടക്കാം. ഹേ, മാലിനി! വനിതാലോകചക്രവർത്തിനി, നിന്റെ മൌനം കോപം കൊണ്ടാണെന്നു് എനിക്കറിയാം. ഈ ഭാഗ്യഹീനൻ ആ കോപത്തിനു് ഹേതുവും വേണ്ടുവോളം ഉണ്ടാക്കീട്ടുണ്ടു്. എല്ലാം നീ ദയവായിക്ഷമിക്കുകതന്നെ വേണം.

ഗീതം ൻ൦

നീ സൌമ്യസാരനിധി—നീസൌജന്യ
വാരിധി—നീ—
ജളമാനസനിവനരുളിയ_നികൃതികൾ നീ
പൊറുക്കയേ നീ.—

ഹാ! ഇനിയും നീ ഒരു വാക്കു് ഇവനോട്ടു് അരുളിച്ചെയ്യുകയില്ലേ. എന്നെ പരമഭാഗ്യവാനാക്കിത്തീർക്കുകയില്ലേ. ഹേ മാലിനി നീ എവിടെ ഒളിവിലിരുന്നാലും എന്റെ രാഗചക്ഷുസ്സ് എന്നെ നിന്റെ സമീപത്തേയ്ക്കു കൊണ്ടുപോരുമെന്നറിയുക. (മുമ്പോട്ടു നടക്കുന്നു. തല വലലന്റെ മാറത്തടിക്കുന്നു.) എന്തു്! ഇതേതു സ്തംഭമാണു് നാട്യശാലയ്ക്കു മദ്ധ്യത്തിൽ? ഇങ്ങനെയൊരു സ്തംഭമുള്ളതായി ഓർക്കുന്നില്ലല്ലോ. (വെളിയിൽ നൂപുരശിഞ്ജിതകൾ കേൾക്കുന്നു. കീചകൻ മുമ്പോട്ടു തിരിഞ്ഞുനില്ക്കുമ്പോൾ ഭീമസേനൻ നേരെ പിമ്പിലാകുന്നു.) നൂപുരശിഞ്ജിതങ്ങൾ തന്നെയല്ലേ ഈ കേൾക്കുന്നതു്? ഞാൻ കുറെ നേരത്തേ പോന്നു എന്നേയുള്ളു. എന്റെ ഹൃദയവല്ലഭ ശരിയായി സങ്കേതകാലത്തു തന്നെ എത്തിയിരിക്കുന്നു. ഹാ! സ്വർഗ്ഗലോക സുഖങ്ങൾ എനിക്കു് അചിരേണ ആസ്വാദ്യങ്ങളായിത്തീരും.

ഭീമസേനൻ:— (പെട്ടെന്നു പിന്നിൽ നിന്നു കൈ രണ്ടും സ്വന്തകൈകൾകൊണ്ടു് കെട്ടിക്കൊണ്ടു്) സ്വർഗ്ഗലോക സുഖങ്ങൾ നിനക്കു് ഇപ്പോൾ തന്നെ ആസ്വാദ്യങ്ങളാകും.

കീചകൻ:—ഇതാരു്! നാട്യശാലയിൽ ഒരു പുരുഷൻ.

ഭീമസേനൻ:—വ്യാഘ്രാലയത്തിൽ മാൻപേടയെ സൂക്ഷിച്ചുകൊള്ളുവാൻ ഏല്പിച്ചതിൽ പശ്ചാത്താപംകൊണ്ടു് പാരവശ്യം പൂണ്ടു ഒരാൾ എന്നു ബോധിച്ചുകൊൾക (കീചകന്റെ കൈകൾരണ്ടും പുറകിൽനിന്നും മുറുകെപ്പിടിക്കുന്നു)

കീചകൻ:—ഉടൻ കൈകൾ വിട്ടുമാറിക്കൊള്ളുക—നീ ഗന്ധർവരിൽ ഒരുവനാണോ? അയുതഗജബലനായ കീചക

ഗീ. ൻ. ബിഹാഗ്—ആദി.

ഗീ. ൻ൦. നീ ഭക്തിഭാഗ്യസുധാ—എന്നമട്ടു്.

നാണ് സംസാരിക്കുന്നത്. നിന്നെ ഞാൻ നിഷ്ഠുരുണം വധിക്കുന്നുണ്ട്:

(ഭീമൻെറ കൈയ്യിടയിൽ കീചകൻ ജർജ്ജരിതനായി ഹാ, ഹാ, എന്നു ശബ്ദിച്ചുകൊണ്ടു മരിക്കുന്നു. കർട്ടൻ ക്ഷണനേരത്തേക്കു താണ് ഉടൻ വീണ്ടും പൊങ്ങുന്നു. വലലനു സമീപം ഒരു മാംസപിണ്ഡവും പ്രത്യക്ഷപ്പെടുന്നു. മാലിനി ദീപവുമായി പ്രവേശിച്ചു വലലൻെറ സമീപത്തു ചെന്ന് മാംസപിണ്ഡം കണ്ട് കോപവും അറപ്പും അഭിനയിക്കുന്നു.)

ഭീമൻ:—ദ്രൗപദീ, ഇതായിരുന്നു കീചകൻ—നീ സംതൃപ്തയായോ?

ദ്രൗപദി:— ഞാൻ സംതൃപ്തയായി—ആര്യപുത്ര.

[കർട്ടൻ]

രംഗം ൩

[അജ്ഞാതവാസം കഴിഞ്ഞ് ദ്രൗപദി ആസനസ്ഥയായിരിക്കുന്നു]

ദ്രൗപദി:—എന്ത്! മണിനാദസമ്മിളിതമായ മന്ദ്രഗംഭീരമായ രഥനിർഘോഷം കേൾക്കുന്നു, സംശയമില്ല. കൃഷ്ണൻെറ വരവുതന്നെയാണ്. (കൃഷ്ണൻപ്രവേശിക്കുന്നു) കൃഷ്ണാ, പാഞ്ചാലി നമസ്കരിക്കുന്നു.

കൃഷ്ണൻ:—സഹോദരിക്കു സർവ്വമംഗളങ്ങളുമുണ്ടാകട്ടെ (ഇരിക്കുന്നു)

ദ്രൗപദി:—ദ്വാരകയിൽ സകല സുഖാനുഭവങ്ങളോടുംകൂടി വാഴുന്ന അവിടുത്തേയ്ക്കു ഈ ഗഹനങ്ങളായ വനങ്ങളിൽക്കൂടി കടന്നു പോരാൻ ഇടയായത് എന്താണാവോ. ഏതു ദിക്കിലേക്കാണ് പുറപ്പെട്ടത്. രാജ്യതന്ത്രജ്ഞന്മാർക്കു പലേടത്തും പോകേണ്ടിതുണ്ടാകും. പലതും അറിയേണ്ടതുണ്ടാകും ഇല്ലേ?

കൃഷ്ണൻ:—അതേ, സഹോദരി എത്രയോ വാസ്തവമാണു പറയുന്നത്. സാമ്രാജ്യങ്ങൾ ഉണ്ടായും, ഉടഞ്ഞും ഉയർന്നും തകർന്നുമൊക്കെ പോകുന്ന ഇക്കാലത്ത് പടിഞ്ഞാറൻ കടലിൻെറ നടുക്കുപോയി അഭയം പ്രാപിച്ചിരിക്കുന്ന ഈയുള്ളവനുകൂടി ജീവിതം എത്രയോ കൃത്യബഹുലമായിത്തീരുന്നു. എന്നാൽ ഇപ്പോൾ പുറപ്പെട്ടത് ഇങ്ങോട്ടേയ്ക്കുതന്നെയാണ്. ഈ കൃഷ്ണനു് അതിപ്രധാനമായി അറിയേണ്ട ഒരൊററ സംഗതി സഹോദരിയോടു നേരിട്ടു ചോദിച്ചറിയുവാനാണ്.

ദ്രൗപദി:—അങ്ങനെ ഒരു സംഗതിയുണ്ടോ? അതറിയുവാൻ എൻെറ ഹൃദയം പിടയ്ക്കുന്നു.

ഗീതം ൧൧.

കൃഷ്ണൻ:—കിളിമൊഴിമാർ മൗലിമാലേ
കീർത്തനീയ മാന്യശീലേ
പാഞ്ചാല രാജകന്യേ
കഥയ തവ കുശലമല്ലി.

അങ്ങനെ അറിയേണ്ട ഒരൊററവസ്തു ഭവതിയുടെ കുശലവാർത്തയാണ്.

ദ്രൗപദി:—കുശലമോ! കുശലമോ! കൃഷ്ണാ! പന്ത്രണ്ടുവർഷക്കാലം കണ്ട കാടുകൾതോറുമലഞ്ഞുനടന്ന് കിർമ്മീരാദി ദുഷ്ടരക്ഷസ്സുകളുടെ ധർഷണങ്ങൾ സഹിച്ച് കഴിച്ചുകൂട്ടിയ എനിക്ക് കുശലമോ! ന്യസ്തശസ്ത്രന്മാരായി നാമരൂപാദികൾ മറച്ച് തസ്കരന്മാരെപ്പോലെ ഒളിഞ്ഞു മറഞ്ഞ് പരനു ദാസ്യവും വഹിച്ച വല്ലഭന്മാരുമായി ഒരു വർഷം മുഴുവൻ അജ്ഞാതവാസം ആചരിച്ച എനിക്ക് കുശലമോ! കൃഷ്ണ, എന്നോടു കുശലം ചോദിക്കുവാൻ പുറപ്പെട്ട അങ്ങേയ്ക്കു ലജ്ജയും തോന്നുന്നില്ലല്ലോ.

ഗീ. ൧൧. ഖമാശ്—ആദി.

ഗീതം ൧൮.

നാണമില്ലയോ കേശവ- നളിനലോചന-
നാണമില്ലയോ കേശവ-
കുശലമിദാനീം കേൾക്കയിൽ മോഹം
മിത്രജനത്തിന്നരത്തവിപത്തിൽ
ചിത്തസുഖത്തോടുപാൎത്ഥഭവാനിഹ [നാണ

കൃഷ്ണൻ:—ശകാരം കണക്കിന്നുപററി. ഇതിനു തല താഴ്ത്തുകയേ നിവൃത്തിയുള്ളു. (പുഞ്ചിരി തൂകിനില്ക്കുന്നു)

ദ്രൌപദി:—(സ്വഗതം) ഹാ! കഷ്ടം! ഞാൻ എന്തുപരമാപരാധമാണു് ചെയ്തുപോയതു്. (പ്രകാശം) കൃഷ്ണാ! ശോകാവേശം കൊണ്ടു് ചെയ്തുപോയ പ്രലപനം അങ്ങു് പൊറുക്കേണമേ.

ഗീതം ൧൯.

പെരുതുഞാനപരാധം
അരുളിയതുഭവാൻ
പൊറുത്തു കനിയുകെന്നിൽ
സരസിജനേത്ര— [പെരുതു
കൌരവർകരുതിയമാനഭംഗമിഹ
ഫലിയാതന്നു നീ തുണച്ചീലേ—
വനഭുവിബഹുജനമൃഷ്ടമാറു മമ
പാത്രലബ്ധിതവ കനിവല്ലേ.
അരികളയച്ച മഹൎഷികോപമുട
നടിയുമാറു കാത്തുകൊണ്ടതില്ലേ—
അതുസകലമിവളഹോമറന്നു-
ദുരിതമാൎന്നവാക്കുചൊല്ലിയില്ലേ. [പെരുതു.

കൃഷ്ണൻ:—സഹോദരി, ഇങ്ങനെ ക്ഷമാപണത്തിനുവേണ്ടി ക്ലേശിച്ചിട്ടൊരാവശ്യവുമില്ല. ഇഷ്ട ജനങ്ങൾ കയൎത്തുപറയുന്നതുക്രൂടി കൃഷ്ണനു കരൾ കുളിൎപ്പിക്കുകയല്ലാതെ ഉണ്ടായിട്ടില്ല. അതുമാത്രമല്ല ഇക്കാൎയ്യത്തിൽ ഞാൻ കുററക്കാരനായിട്ടുമുണ്ടു്.

ദ്രൌപദി:—അവിടുന്നു് കുററക്കാരനോ, അതെങ്ങനെ?

കൃഷ്ണൻ:—പറയാം- സഹോദരിക്കുണ്ടായിട്ടുള്ള ഈ ക്ലേശങ്ങളൊക്കെ എനിക്കു് സന്തോഷമാണുളവാക്കീട്ടുള്ളതെന്ന പരമാൎത്ഥം പറഞ്ഞുകൊള്ളട്ടെയോ.

ദ്രൌപദി:—അവിട്ടത്തെ കാരുണ്യത്തിനു പാത്രമാകേണ്ടുഇവളോട്ടു് അവിടുത്തേയ്ക്കു ഇപ്രകാരം തോന്നുവാൻ കാരണമെന്താണാവോ.

കൃഷ്ണൻ:—കേൾക്കുക—ഭവതി ശക്തയാണു് -സമൎത്ഥയാണു്. ധീരയാണു്. ഭവതിക്കു് ആരുടെ കാരുണ്യമാണു് ആവശ്യമുള്ളതു്. എന്നാൽ കരഞ്ഞും വിളിച്ചും കണ്ണുനീരിലലിഞ്ഞും സകലരുടേയും കാരുണ്യമിരന്നു ജീവിതം നയിക്കുന്ന അസംഖ്യം മൃദുലകളായ എളിയ സഹോദരികൾ ഭവതിക്കുണ്ടു്. കുശലയായ ഭവതി, കുശലന്മാരായ വല്ലഭന്മാരോടൊത്തു് കീചക കിമ്മീരാദികളെ കൊന്നൊടുക്കി, അധൎമ്മം പിഴുതെറിഞ്ഞു്, ധൎമ്മം നിലനിറുത്തി നടത്തിയ പന്തീരാണ്ടത്തെ ദിഗ്വിജയം ഈ അസംഖ്യം സോദരികൾക്കു് ജീവിതം സഹ്യമാക്കിത്തീൎത്തിട്ടുണ്ടു്.

ദ്രൌപദി:—കൃഷ്ണാ! ദുൎബ്ബലകളുടേയും അലസകളുടേയും സുഖത്തിനു വേണ്ടി ഞാൻ എന്റെ സുഖമൊക്കെത്ത്യജിക്കണമെന്നാണോ അരുളിച്ചെയ്യുന്നതു്. ദുൎബ്ബലകളോടും അലസകളോടുമാണോ അവിടുത്തേയ്ക്കും ബഹുമാനം.

കൃഷ്ണൻ:—ഒരിക്കലും അങ്ങനെയല്ല. എന്നാൽ സകലത്യാഗത്തിന്റേയും രഹസ്യം ഇതാണു്. സകലത്യാഗത്തിന്റേയും മേന്മ ഇതാണു്. ഉത്തമന്മാർ ആരുടേയും ത്യാഗം ആവശ്യപ്പെടുകയില്ല, സ്വീകരിക്കുകയുമില്ല. കൊള്ളരുതാത്ത

ഗീ. ൧൮. മണിരങ്കു്—ആദി.
ഗീ. ൧൯. കേദാരഗൌഡം—ആദി.

നിന്ദ്യന്മാർക്കു വേണ്ടി മാത്രമേ ത്യാഗം സാധ്യമാകയുള്ളൂ. ഒരു മന്ദശിഷ്യനു വേണ്ടിയാണു് ഗുരു ഒട്ടധികം ശ്രമപ്പെടുന്നതു്. തന്ത്രജ്ഞനല്ലാത്ത ഭരണകർത്താവിനുവേണ്ടിയാണു് ഒട്ടേറെ വീരന്മാർ മരിക്കേണ്ടിവരുന്നതു്. കുത്സിതമായ ജീവിതം കൊണ്ടു് കുത്സിതമായ രോഗം പിടിപെട്ടവർക്കു വേണ്ടിയാണു് വൈദ്യൻ ചിന്തമുഴുവൻ ചിലവാക്കുന്നതു്. കൃഷ്ണേ, നീ നിൻെറ അന്തഃസാരശൂന്യകളായ സഹോദരികൾക്കുവേണ്ടി ത്യാഗം ചെയ്യുവാനായി ജനിച്ചിട്ടുള്ളവളാണു്. ഈ ഭാരതത്തിൽ വീരവനിതകൾ ഉണ്ടായിരിക്കുന്ന കാലമൊക്കെ നീ അവർക്കു് ഉത്തമാദർശമായി പരിലസിക്കയും ചെയ്യും. (ചിരിച്ചുകൊണ്ടു്) പക്ഷെ എനിൻെറ ഈ അജ്ഞനായ സഹോദരനും ഏതാനും ചിലതൊക്കെ ലോകരെ മനസ്സിലാക്കുവാൻ പോന്നവനായേക്കാം. ലോകർക്കു മറക്കുവാൻ കഴിയാത്ത ചില സന്ദേശങ്ങളും കൊടുക്കുവാൻ സാധിച്ചേയ്ക്കാം.

ദ്രൗപദി:— (ചിരിച്ചുകൊണ്ടു്) അവിടുന്നു് അന്നു് രാജസൂയം കഴിഞ്ഞു മടങ്ങുമ്പോൾ എന്നോടു ചിലതു പറഞ്ഞിട്ടുള്ളതു ഞാനോർക്കുന്നു. ഞാൻ പലകുറി ഓർത്തിട്ടുമുണ്ടു്. അതു നിമിത്തം എനിക്കു് ഈ ക്ലേശങ്ങൾ എത്ര നിസ്സാരങ്ങൾ എന്നു തോന്നിയിട്ടുമുണ്ടു്. ഒന്നുകൊണ്ടു മാത്രമേ സാരമായ വല്ലായ്മ എനിക്കു തോന്നിയിട്ടുള്ളൂ.

കൃഷ്ണൻ:—അതെന്താണു്?

ദ്രൗപദി:— അവിടത്തെ വാക്കുകൾ വ്യാഖ്യാനിച്ചു തരുവാനായി കൂടക്കൂടെ എഴുന്നള്ളണമെന്നുള്ള പ്രാർത്ഥന അവിടുന്നു് എനിക്കു തൃപ്തിയാവോളം കൈയ്യേറ്റിട്ടില്ല.

കൃഷ്ണൻ:—അജ്ഞാതവാസം സ്വയം വരിച്ചുകൊണ്ടു് താമസിച്ച സഹോദരിയെ വന്നു കാണാത്തതിനും ഞാനാണു പോൽ കുററക്കാരൻ. സഹോദരി എവിടെ ഉണ്ടെന്നു ഞാൻ എങ്ങനെ അറിയും.

ദ്രൗപദി:—അവിടുത്തേയ്ക്കു അറിയാൻ വിഷമമാണു് അല്ലേ? അവിടുന്നു് വിനോദത്തിനൊരുങ്ങുകയാണെങ്കിൽ എനിക്കു കോപമേ ഉണ്ടാകുന്നുള്ളൂ എന്നറിയണം.

കൃഷ്ണൻ:—അതറിഞ്ഞുകൊണ്ടാണല്ലോ ഞാൻ സമസ്താപരാധം പറഞ്ഞു് ഭവതിയുടെ ഏതു ശിക്ഷയും വഹിക്കാൻ ഈ ശിരസ്സു് നമിച്ചുകൊള്ളുന്നതു്.

ദ്രൗപദി:—ഈ കപടമറിയാത്ത പാദദാസിയെ കളിയാക്കുന്ന കാര്യത്തിൽ അവിടുത്തേയ്ക്കു് ഇത്രവളരെ രസമെന്താണു്?

കൃഷ്ണൻ:—ഭാരതത്തിനു് ഏകചക്രവർത്തിനിയായ പാഞ്ചാലരാജപുത്രിയെ, പാണ്ഡവസഹചരിയെ, കേവലം ഒരു സാമന്തനായ ഈ കൃഷ്ണൻ കളിയാക്കുകയോ! ശാന്തം, ശാന്തം, പാപം. ഞാൻ കളിയാക്കുന്നതായി സഹോദരി ഒരിക്കലും തെററിദ്ധരിക്കരുതു്.

ദ്രൗപദി:—മുമ്പു് അതിനെപ്പററി സന്ദേഹമുണ്ടായിരുന്നു എങ്കിൽ അതിപ്പോൾ തീർച്ചതന്നെയായി. ഭാരതചക്രവർത്തിനി!

കൃഷ്ണൻ:— അതെ, അതു് വലിയ ഒരു സ്ഥാനമാണു്. അതിലേക്കുള്ള തീവ്രമായ, കർമ്മബഹുലമായ വ്രതമാണു് ഇ

പ്പോൾ കഴിഞ്ഞതു്. ഇനി ഹസ്തിനപുരയിലേയ്ക്കുള്ള ഘോഷയാത്ര മാത്രമേ ശേഷിക്കുന്നുള്ളു. അതിലേക്കു പുറപ്പെട്ടുക എന്നാശംസിക്കുവാൻ കൂടിയാണു് ഞാൻ വന്നതു്.

ദ്രൗപദി:—(രൌദ്രമായി) കൃഷ്ണ! കൌരവർ ഇന്നും ജീവിക്കുന്നു. എൻെറ പ്രതിജ്ഞ എൻെറ ഹൃദയത്തിൽ ഇന്നും നീറിക്കത്തുന്നതേയുള്ളു.

കൃഷ്ണൻ:— ഈ എളിയസഹോദരനിലുള്ള വിശ്വാസം ആ നീററലിനും കത്തലിനും അല്പം ഉപശാന്തി നല്കിയിരിക്കുമെന്നാണു് വിചാരിച്ചതു്.

ദ്രൗപദി;— (മന്ദസ്മിതതോടുകൂടി) കൃഷ്ണ, അതിലെന്തുസന്ദേഹം (വീണ്ടും ശോകദ്വേഷങ്ങളോടെ) എങ്കിലും ഒരുസന്ദേഹം എന്നെ വിഷമിപ്പിക്കുന്നു. അജാതശത്രു ഇന്നും ശാന്തനായി തന്നെയിരിക്കുന്നു. കൌരവരുടെ കടും കൈകൾ എല്ലാം അദ്ദേഹം വിസ്മരിച്ചിരിക്കുന്നു. കേട്ടുകൊള്ളുക.

ഗീതം ൧൪

കത്തും ലാക്ഷാ ഗൃഹേപൂട്ടിയതും വിഷ
 മൂട്ടിയതും ഏതുംനിനച്ചീല
കള്ളച്ചൂതിൽ തോല്വിയേൾപ്പിച്ചതും കാട്ടു
 പൂകിച്ചതും തെല്ലുകരുതീല
ശാന്തിപരൻ ധർമ്മനന്ദനൻ ലോകാ
 നന്ദനൻ ബന്ധു വത്സലൻ
സന്ധിയൊന്നേ യുള്ളിലാശിപ്പതും ഇന്നു
 യാചിപ്പതും കരുണാകുലൻ— [കത്തും

കൃഷ്ണൻ:— അതിൽ കുണ്ഠിതപ്പെടേണ്ട. അദ്ദേഹത്തിൻെറ വാസന അദ്ദേഹത്തെ പ്രവർത്തിപ്പിക്കുന്നു. കൌരവരുടെ വാസന അവരേയും പ്രവർത്തിപ്പിക്കും. ധർമ്മപ്രതിഷ്ഠാപകമായ ഭവതിയുടെ പ്രതിജ്ഞ നിറവേറിയതായിക്കരുതുക. അന്നു് രാജസൂയയാഗം കഴിഞ്ഞു് സിദ്ധമായ ചക്രവർത്തിനീപദം പരാർത്ഥമായി വനവാസവ്യാജേന അകററിനിറുത്തിയ അഖില ഭാരത ചക്രവർത്തിനീപദം, അജ്ഞാതവാസം കഴിഞ്ഞ ഈ ദിവസംഇതാ വീണ്ടുംന്യായപ്രാപ്തമായിഭവതിയെ ആശ്ലേഷിക്കുന്നു. അതിനു പരിപന്ഥികളും പ്രതിബന്ധികളും ഉണ്ടാകുന്നതും നശിക്കുന്നതും നിസ്സാരസംഭവങ്ങൾ. കൃഷ്ണൻ പറയുന്നതു് പരമാർത്ഥമാണെന്നു ബോധിക്കുന്നില്ലേ?

ദ്രൗപദി:—കൃഷ്ണാ! അവിടത്തെ ആശിസ്സിനെക്കാൾ പരമാർത്ഥമായിട്ടു് എന്താണു ലോകത്തിലുള്ളതു്. എനിക്കു പൂർണ്ണബോധ്യമായി.

ഷണ്ഡൻ:—(കുറെ ആഭരണങ്ങളുമായി പ്രവേശിച്ചു്) ഇതാരാണു് കാളമേഘശ്യാമളനായി സർവ്വാലങ്കാരവിഭൂഷിതനായി സകലലോകസാർവ്വഭൌമനെന്ന മട്ടിൽ നിലകൊള്ളുന്നതു്. കാവൽ നിന്ന ഞാനറിയാതെ എങ്ങനെ ഇദ്ദേഹം ഇവിടെ കടന്നുകൂടി. എന്തു്! ദേവി ഭക്ത്യാദരങ്ങളോടുകൂടി സേവിച്ചല്ലേ നില്ക്കുന്നതു്. യഥാരാജാ തഥാപ്രജാ— ഞാനും സേവിച്ചുകളയാം. (ആഭരണങ്ങളെല്ലാം ഒരു പീഠത്തിന്മേൽ വച്ചിട്ടു് കൃഷ്ണനെ വീണു നമസ്കരിക്കുന്നു.)

കൃഷ്ണൻ:— വത്സ-എഴുന്നേൽക്കുക.

ഷണ്ഡൻ:—(എണീററു നിന്നു ദ്രൌപദിയോടു) സഹോദരി, അല്ലല്ല, മഹാരാജ്ഞി വിജയിച്ചാലും.

ദ്രൗപദി:—വത്സ, സഹോദരി എന്നുതന്നെ വിളിച്ചുകൊള്ളു. എനിക്കതുതന്നെ

ഗീ. ൧൪. കാമോദരി—ആദി.

ന്നെയാണ് സന്തോഷം. കൃഷ്ണാ, ഈ ഷണ്ഡൻ ഇവിടെ വൈതാളികനാണ്. അജ്ഞാതവാസം എനിക്കു സഹ്യമാക്കിത്തീർക്കാൻ വളരെ തുണച്ചിട്ടുള്ളവനാണ്.

കൃഷ്ണൻ;— ഈ കൃഷ്ണൻ മുതൽ ഷണ്ഡൻവരെ സർവ്വത്ര സാഹോദര്യം കാണുവാൻ സാധിച്ച ഭവതിക്ക് സകലചരാചരങ്ങളും തുണയായിത്തന്നെയിരിക്കും. വത്സാ, നീ വന്നകാര്യം ദേവിയെ ഉണർത്തിക്കുക.

ഷണ്ഡൻ:—ദേവി, ഗോഗ്രഹണത്തിനായി വന്ന ദുര്യോധനാദികളെ അർജ്ജുനദേവൻെറ സഹായത്തോടുകൂടി ഉത്തരകുമാരൻ തോല്പിച്ചയച്ചു. അവരുടെ ഭണ്ഡാഗാരവും കവർന്നെടുത്തു് വിരാടമഹാരാജാവിൻെറ പക്കൽ സമർപ്പിച്ചു. പണ്ട് ചൂതിൽ പറിച്ചെടുത്ത പാണ്ഡവരാജചിഹ്നങ്ങളായ ഈ അലങ്കാരങ്ങളെ മഹാരാജാവു നമസ്കാരപൂർവ്വം ദേവിക്കു തിരുമുൽക്കാഴ്ചയായി അയച്ചിരിക്കുന്നു.

ദ്രൗപദി:—കൃഷ്ണ, രാജ്യപ്രാപ്തിസിദ്ധമായിത്തന്നെ വന്നു. അവിടുത്തെ വാക്കിനെതിരുണ്ടോ?

കൃഷ്ണൻ: — വത്സാ, ആ ശിരോലങ്കാരം ഇങ്ങുതരൂ. ദ്രൗപദി, വിശ്വസ്തസാമന്തനായ കൃഷ്ണൻ ഭവതിയെ ചക്രവർത്തിനിയായി വാഴ്ത്തട്ടെ. എന്നെന്നേയ്ക്കും സകല വീരവനിതകളുടേയും ഹൃദയചക്രവർത്തിനിയായി വാഴ്ത്തട്ടെ. (ദ്രൗപദിയുടെ ശിരസ്സിൽ ശിരോലങ്കാരം അപ്പിക്കുന്നു. പുഷ്പവൃഷ്ടി ചൊരിയുന്നു.) സഹോദരിക്ക് വേറെന്തു് അഭീപ്സിതമാണുള്ളതു്?

ദ്രൗപദി:—കൃഷ്ണാ— ഈ ദ്രൗപദിക്ക് വേറെന്തു് പുതിയ അഭീപ്സിതമാണുണ്ടാകുക. ഇന്നോളമെന്നപോലെ

ഗീതം ൧൫.

നിരധരരുചിര- മുരളീധര-
ആനന്ദസുധാമൻ
ദ്വാരകയിലമരും നാഥാ നിന്നിൽ
ഉള്ളംകുടികൊൾക.

[കർട്ടൻ]

ശുഭം

---

ഗീ. ൧൫. എരിക്കലക്കാമോദരി—ഏകതാളം.

# ശ്രീ
# ചിത്രനഗരത്തിൽ

[എം. ആർ. കൃഷ്ണവാര്യർ ബി. എ., എൽ. ററി.]

൧

ശ്രീചിത്രാവനിപാലജന്മദിവസാ
നന്ദോത്സവാഡംബര-
ശ്രീചിന്നീടുമവർണ്ണ്യ ചിത്രനഗരം
ചിത്രാഭിരാമം തുലോം,
പ്രാചീപ്രശ്രുതനവ്യപശ്ചിമകലാ-
മിശ്രപ്രഭാവസ്ഫുര-
ദ്വൈചിത്ര്യത്തൊടുയൻറ വന്നിതു തല
സ്ഥാനത്തു താൽക്കാലികം.

൨

കച്ചേരിക്കുകിഴക്കുഭാഗമിയലും
മൈതാനമേതാദൃശ-
ത്തച്ചേറിന്റെ മിടുക്കുകൊണ്ടിഹ തുലാ-
മാസാവസാനാദിയിൽ,
മച്ചേന്തും മണിമന്ദിരാവലികളോ
ടൊക്കും കുടീരങ്ങളാ-
ലച്ചേതോഹരമാം പ്രദർശനതയെ
ക്കൈക്കൊണ്ടുകൈലാസമായ്.

൩

ഉദ്യോഗസ്ഥമഹാപ്രഭുക്കളുമുദാ
രാദർശസമ്പന്നരാ-
യുദ്യോഗിക്കുമനേകപൗരതിലക-
ന്മാരും പ്രയത്നിക്കയാൽ,
ഹൃദ്യോല്ക്കൃഷ്ട നവീന ചിത്രപുരി ഹാ!
പൂമങ്കപൂമേടയിൽ
പ്രദ്യോതിപ്പതുപോല, നന്തപുരിയിൽ
ക്കാണായികാലോചിതം.

൪

പ്രാകാരാദ്ഭയെഴും പ്രവേശനമുഖ
ദ്വാരത്തി ലത്യുത്തമ-
ക്ഷ്മാകാന്താഭ്യുദയോക്തി വാരണദര
ശ്രീവഞ്ചി മുദ്രാദിയാൽ
ശ്രീകാളുന്ന വളച്ചു വാതൽ, ഒളിതു-
വീടുന്നതുവാനില-
പ്പ്രാകാരാതിധനസ്സു പോലെ, പരിശോ
ഭിപ്പൂ പതാകാന്വിതം.

൫

ഈവാതുക്കലെടുത്തൊരേവരിയിലായ്
പന്നൽത്തളിൽത്തൈത്തമുള-
ക്കൈവാരിപ്പുൺനിരമോടി കാട്ടിനകുളർ
പ്പൂപ്പന്തൽ നൽപ്പന്തിയിൽ,
സേവാതല്പരരാം പ്രദർശനസഭാം-
ഗങ്ങൾക്കു സൗകര്യമാ-
യാവാസത്തിനൊതുങ്ങി നില്പിതുവട-
ക്കായി വഴിത്താരയിൽ.

൬

ആരാലീരമണീയ ഗോപുരകവാ
ടത്തെക്കടന്നാ, ലിട—
ത്താരാമം, ലസദദ്ഭ്ചന്ദ്രലളിതാ
കാരത്തിലന്യാദൃശം,
ദൂരാനീതലതാമഹീരുഹഗണാ—
ലങ്കാരപൂർണ്ണം, കലാ—
കാരാവ്യാഹതഭാവനാവിരചിതം
കണ്ടാശു കൊണ്ടാടിടാം.

൭

ഉദ്യാനത്തിനെതിർ സ്ഥലത്തുയരുമ-
 ഷ്ഷൂപ്പന്തൽ മായാമഹാ-
വിദ്യാനത്തനഗാന മണ്ഡപമണി
 ശ്രീമണ്ഡനശ്രേണിയാൽ,
ഹൃദ്യാകൎഷകമായ് വിളങ്ങിഹൃദയാ-
 നന്ദംപ്രവൎഷിച്ചുകൊ
ണ്ടദ്യാപിപ്രഥിത പ്രദൎശനജയ
 പ്രശ്നം പ്രസംഗിക്കയാം.

൮

ഉത്തുംഗാഭകലൎന്നു മേൽപ്പുരയുയ-
 ൎന്നാകാശവീഥിക്കുമേ-
ലെത്തുന്നണ്ടകമോ? വിശാലതരമാ-
 യോരോവിതാനങ്ങളാൽ,
മെത്തും ഭംഗിയിണങ്ങിവെൺമണൽവിരി-
 പ്പേന്തും വിധാനങ്ങളോ-
ടൊത്തുല്ലാസകലാപ്രവീണതയുള്ള
 നൃന്ത തുലോമക്ഷിയിൽ.

൯

ഉദ്യൽപദ്ധതിയുണ്ടി,വ*യ്ക്കിടയിലായ്,
 ചമ്പുക്കൾ പദ്യത്തിനും
ഗദ്യത്തിന്നുമിടയ്ക്കുപോല, തിചമൽ
 ക്കാരം ചമഞ്ഞത്രമേൽ,
സദ്യക്ഷോഗണസാൎവ്വഭൗമസദനം
 പോലേ സമാരാദ്ധ്യമാം-
സദ്യസ്സംസ്കൃതഭൂപ്രദൎശനനികേ
 തത്തിൽ പ്രവേശിക്കുവാൻ.

൧൦

വീണ്ടും സ്വാഗതമാംഗ്ലഭാഷയിൽ
 വിരാജിപ്പു വിലാസാന്വിതം
നീണ്ടുള്ളീവഴിമേൽ വിലങ്ങി നിലകൊ
 ണ്ടിട്ടും കൊടിക്കൂറയിൽ;
തിണ്ടും സംശയമററിതിൻെറ തണലിൽ
 ക്രീഡിക്കടനാത്ഭുതം
പൂണ്ടുല്ലക്ഷ്മിയന്നാ ചിത്രപുരിയിൽ,
 ചിത്തം കുളൎപ്പിക്കുവിൻ.

# രസപ്രസ്ഥാനം.

(വിദ്യാഭൂഷണൻ വി. വെങ്കടരാമശൎമ്മ.)

വിശിഷ്ടമായ ശബ്ദാൎത്ഥസന്ദൎഭവിശേ മാണല്ലോ കാവ്യം. സുഖദുഃഖസന്ദോഹ സമ്മിശ്രമായ ഇഹത്തിൽ ജന്മമെടുത്തു ക്ലേശിക്കുന്നവൎക്ക് ക്രീഡനീയകമായി ആ സ്വദിക്കാനുള്ളതാകുന്നു കാവ്യം എന്നുള്ള വിഷയം ഭാവ-രാഗ-താളാഭിജ്ഞനായ ഭരതമുനി ഇതിഹാസംവഴി പ്രസ്താവി ക്കുന്നുണ്ടു്. കാവ്യശബ്ദത്തിൻെറ അൎത്ഥം ലോകോത്തരവൎണ്ണനാനിപുണനായ കവി യുടെ കൃത്യം എന്നാകുന്നു. എന്നാൽ കവി ആരാണു്? സാധാരണ ലൗകികന്മാരെ അതിക്രമിച്ചു വസ്തുതത്ത്വനിരീക്ഷണം ചെയ്യുന്നവനാണു കവി. "കവിഃ ക്രാന്ത ദൎശീ" എന്ന നിൎവ്വചനം നോക്കുക. പാ പം മാലിന്യം ഇവയെ കൃഷ്ണവൎണ്ണമായും ഹാസം കീൎത്തി ഇവയെ വെളുപ്പായും കോപം അനുരാഗം ഇവയെ രക്തവൎണ്ണ മായും മററും സാധാരണ വൎണ്ണിച്ചുകാണു ന്നു. അതു മാത്രമോ? രക്താശോകവൃക്ഷം പൂക്കണമെങ്കിൽ അതു നിസ്സീമസൗ

* ഉദ്യാനത്തിനും പന്തലിനും ഇടയ്ക്കുക്രടി.

ന്ദര്യതരങ്ഗിതയായ സുന്ദരിയുടെ കാൽ ചവിട്ടേൾക്കണം. വകുളം അങ്ങിനെയുള്ള യുവതികളുടെ ആസ്യമദ്യംകൊണ്ടു വിടരുന്നു. കോകിലധ്വനിയില്ലാതെ മന്മഥസഖനായ വസന്തൻ ആവിർഭവിക്കുകയില്ല. കൃത്രിമമായ മലയപർവ്വതം ചന്ദനമരങ്ങളുടെ ഭൂമിയാണ്. സ്വർണ്ണവും രത്നങ്ങളും വിളയാത്ത പർവ്വതങ്ങളില്ല. ചകോരപക്ഷികളുടെ പാനീയം ചന്ദ്രികയാണ്. നീലം പച്ച ഈ നിറങ്ങൾക്കു തമ്മിൽ വ്യത്യാസമില്ല. സമുദ്രത്തിൽപോലും താമര ധാരാളമുണ്ടാകുന്നു. സരസ്സുകളെല്ലാം ഹംസാദിപക്ഷികളുടെ വിഹാരരങ്ഗമാകുന്നു. ഇങ്ങിനെ നിയതികൃതമായ ലൌകിക നിയമത്തെ കടന്നു നിൽക്കുന്ന മേല്പറഞ്ഞ സങ്കേതങ്ങൾ കവിയുടെ ഭാവനാലോകത്തിൽ മാത്രം പ്രസിദ്ധങ്ങളായിരിക്കുന്നതുകൊണ്ടാണ് കവിയെ മുൻ പ്രസ്താവിച്ചവിധം നിർവ്വചിച്ചതു്.

മൂന്നു ലോകത്തിലുമുള്ള ഭാവങ്ങളെ തന്മയമായി വർണ്ണിച്ചു ധർമ്മാദിപുരുഷാർത്ഥങ്ങളിൽ ലോകൎക്കു ഉപദേശം നൾകുകയാണ് കാവ്യത്തിൻെറ പ്രമേയം. രാമായണം വായിക്കുന്ന ഒരാൾക്കു 'രാമനെ അനുസരിച്ചു പ്രവർത്തിക്കണം, രാവണനെ അനുസരിക്കരുതു്' എന്നിങ്ങനെ കൃത്യത്തിൽ പ്രവൃത്തിയും അകൃത്യത്തിൽ നിവൃത്തിയും ആണല്ലോ ഉപദേശരൂപമായി ലഭിക്കുന്നതു്. രഘുവംശാദികാവ്യങ്ങൾ ധർമ്മപ്രധാനങ്ങളും ചാരുദത്തം അർത്ഥപ്രധാനവും ഭാണഗ്രന്ഥങ്ങൾ കാമോപസേവികളായ വിടന്മാരുടെ ക്രീഡാപ്രധാനങ്ങളും ആകുന്നു. ഇങ്ങനെ ശമം വധം ഉത്സാഹം ഇവയെ പ്രധാനമായി വിഷയമാക്കുന്ന കാവ്യങ്ങളും ധാരാളമുണ്ട്. വ്യാധിനിമിത്തമായ ദുഃഖം, അധ്വക്ലേശംകൊണ്ടുള്ള ശ്രമം, ബന്ധുമരണാദിജന്യമായ ആർത്തി, വ്രതാനുഷ്ഠാനാദികൾകൊണ്ടുള്ള ദൗർബല്യം, ഇവയെ ഇല്ലായ്മചെയ്തു ആഹ്ലാദത്തെ ഉണ്ടാക്കുകയും വളർത്തുകയും ചെയ്യുന്നതാണു കാവ്യം.

കാവ്യം അതിൻെറ പലവശങ്ങളുടെ തോതനുസരിച്ചു് ഉത്തമം മധ്യമം അധമം എന്നും, ഗദ്യം പദ്യം മിശ്രം എന്നും, ദൃശ്യം ശ്രവ്യം എന്നും, മൂന്നു വിധത്തിൽ പിരിക്കപ്പെട്ടിരിക്കുന്നു. എങ്കിലും, ദൃശ്യം ശ്രവ്യംഎന്ന രണ്ടുവിധമായ കാവ്യവിഭാഗമാണ് ഏററവും പ്രാചീനമായുള്ളതു്. ഇതിൽപദ്യകാവ്യമെന്നപോലെ ശ്രവ്യകാവ്യവുംഉത്തമാധമമധ്യമരൂപേണ വിഭജിക്കാവുന്നതാകുന്നു. ഉത്തമകാവ്യത്തിനു ഒരുദാഹരണം താഴെ ചേൎക്കുന്നു:

ഗോദാവരിനദി ഒഴുകുന്നു. പഴയ കാലത്തിൽ പാലമൊന്നുമില്ലാത്തതുകൊണ്ടു ആളുകളെ അങ്ങോട്ടും ഇങ്ങോട്ടും കടത്തിവിടുകയാണു പതിവ്. നദിയുടെ ഇരുവശത്തും ഗൃഹസ്ഥന്മാർ താമസമുണ്ട്. ഒരു യുവാവ് അക്കരയുള്ള ഗ്രാമത്തിൽ ഒരു ഗൃഹസ്ഥൻെറ മകളെ വിവാഹംചെയ്തിരിക്കുന്നു. തല്ക്കാലം വേളി അച്ഛൻെറകൂടെ താമസമായതുകൊണ്ടു യുവാവു തൻെറ ഗൃഹകാര്യങ്ങളെല്ലാം നിർവ്വഹിച്ചു അത്താഴവും കഴിഞ്ഞു ചൂട്ടും കത്തിച്ചുകൊണ്ടു ഭാര്യാഗൃഹത്തിലേയ്ക്കു യാത്രയാണ്. മഞ്ഞുകാലവും. സന്ധ്യയോടുകൂടി സൎക്കാരിൽ നിന്നുള്ള കടത്തുകാരൻ വള്ളം തീരത്തിൽ ഇട്ടുംവച്ചു അടുത്തു നദീതീരത്തുള്ള കുടിലിൽ മൂടിപ്പുതച്ചു വിശ്രമിച്ചുതുടങ്ങും. യുവാവു ചൂട്ടും കയ്യുമായി തോണിയിലിരുന്നു സ്വയം തുഴഞ്ഞു

അക്കരെപററും. ഇങ്ങിനെ ഓരോ ദിവസ വും യുവാവു വള്ളത്തിൽ കയറാൻ വരു മ്പൊഴെല്ലാം അവിടെ നിത്യനായ ഒരു സാരമേയം ചാടിപ്പുറപ്പെട്ടു ലഹളവയ്ക്കു കയും ഗൃഹസ്ഥൻ യുദ്ധംകഴിച്ചു ഒരുവി ധം ജീവനോടു രക്ഷപ്പെട്ടു തോണിനീക്കു ന്നതും കുടിലിൽ മൂടിപ്പുതച്ചു കിടക്കുന്ന കടത്തുകാരൻ പതിവായി കണ്ടുവരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഒരുദിവസം ക ടത്തിനായി നദീതീരത്തിൽ എത്തിയ യു വാവിനോടു കടത്തുകാരൻ കുടിലിൽ ഇ രുന്നുതന്നെ പറയുന്ന ഗാഥയാണിതു:

"ഭ്രമ ധാർമ്മിക! വിസ്രബ്ധഃ
സ ശുനകോദ്യ മാരിതസ്തേന|
ഗോദാനദീകച്ഛകുഡങ്ഗ-
വാസിനാ ദൃപ്തസിംഹേന ||"

"ഭമ ധമ്മിഅ വീസത്ഥോ
സസുണഓ അജ്ജമാരിഹോ ഹേൺ|
ഗോലാണഈ കച്ഛകുഡങ്ഗ-
വാസിണാ ദരിഅസീഹേണ"||

ഇതിൻെറ അർത്ഥം—അല്ലയോ ധാർമ്മിക നായ യുവാവേ! അങ്ങിനി സുഖമായി സഞ്ചരിച്ചാലും. എന്തുകൊണ്ടെന്നാൽ— ഈ ഗോദാവരിപ്രദേശത്തിൽ ഉള്ള നി ബിഡമായ കുഞ്ജത്തിൽ ഒരു ക്രൂരസിം ഹം താമസിച്ചു വരുന്നതായി പ്രസിദ്ധി യുണ്ടല്ലോ—ആ സിംഹത്താൽ ഇന്നു ആ സാരമേയം കൊല്ലപ്പെട്ടു. ഇതിൽനിന്നു ലഭിക്കുന്ന വാച്യാർത്ഥം പട്ടി കൊല്ലപ്പെ ട്ടതുകൊണ്ടു മേലാൽ രാത്രി ക്ലേശമില്ലാ തെ ഭാര്യാഗൃഹത്തിലേയ്ക്കു യാത്രചെയ്യാ മെന്നുള്ളതാണല്ലോ. എന്നാൽ ഈ വാ ച്യാർത്ഥം മനസിലാക്കിക്കഴിഞ്ഞ ഉടൻ തന്നെ മറെറാരു അർത്ഥവും ധ്വനിക്കുന്നു ണ്ടു്. അതായതു 'ഇന്നലെവരെ അങ്ങെ യ്ക്കു പട്ടിയുടെ ഉപദ്രവം മാത്രമേ ഉണ്ടാ യിരുന്നു. ഇനി ഉണ്ടാകാൻ പോകുന്നതു സിംഹത്തിൻെറ ഉപദ്രവമാണു്. ആയ തുകൊണ്ടു ഭാര്യാസുഖം കരുതി രാത്രിസ മയം ഈ പ്രദേശത്തെങ്ങും സഞ്ചരിച്ചു പോകരുതു്. ആപത്താണു്' എന്നു. ഇങ്ങിനെ വാച്യാർത്ഥത്തിൽ നിന്നു പ്രാ ധാന്യവും ചമല്ക്കാരവും കൂടുമ്പോൾ അ തു ഉത്തമകാവ്യമാണെന്നു നിശ്ചയിക്ക ണം. ധ്വനി വാച്യാർത്ഥത്തിനു തുല്യമാ യോ അതിൽനിന്നു ഹീനമായോ ഇരിക്കു ന്നതു മദ്ധ്യമകാവ്യം എന്നും, ധ്വനി ഇല്ലാ ത്തതു അധമം അല്ലെങ്കിൽ ചിത്രകാവ്യ മെന്നും വിചാരിക്കാവുന്നതാകുന്നു.

ഗുണാലങ്കാരമനോഹരശബ്ദാർത്ഥമയമാ യ കാവ്യശരീരത്തിനു ചൈതന്യത്തെ ഉളവാക്കുന്നതായ ജീവാത്മാവു് ഏതാ ണെന്നുള്ളതിൽ സാഹിത്യശാസ്ത്രകാര ന്മാരുടെ ഇടയിൽ അഭിപ്രായഭേദമുണ്ടു്. ചിലർ പദസങ്ഘടനാരൂപമായ രീതി കാവ്യത്തിൻെറ ആത്മാവെന്നും, മററു ചിലർ സഹൃദയഹൃദയാഹ്ലാദകമായ വ ക്രോക്തി അല്ലെങ്കിൽ ശ്ലേഷാനുപ്രാണി തമായ വിചിത്രോക്തിയാണെന്നും, മററു ചിലർ വാച്യാർത്ഥത്തിൽ നിന്നു വ്യത്യ സ്തമായി ഭാവുകന്മാൎക്കു അനുഭവഗോ ചരമായിത്തീരുന്ന ധ്വനിയാണെന്നും, പിന്നെയും ചിലർ രസമാണെന്നും പറ ഞ്ഞു അവരവരുടെ സാഹിത്യസിദ്ധാന്ത ങ്ങളെ യുക്തിസഹിതം തെളിയിച്ചിട്ടു ണ്ടു്. കാവ്യോച്ഛ്വസിതമായി ധ്വനിയേ പ്രസ്ഥാപനം ചെയ്യുന്ന ആനന്ദവർദ്ധന നുപോലും പരമതാല്പര്യമായിട്ടുള്ളതു് ര സധ്വനിയാണു്. ഇക്കാര്യം ധ്വനികാരി കയിൽ അവിടവിടെ വിശദപ്പെടുന്നു ണ്ടു്. ഇങ്ങനെ പല അഭിപ്രായങ്ങളു ണ്ടെങ്കിലും ഭൂരിപക്ഷമായി അങ്ഗീക

രിച്ചിരിക്കുന്നതു രസം തന്നെ കാവ്യജീവൻ എന്നുള്ളതാണു. രസധ്വനിക്കു ഒരുദാഹരണം താഴെ ചേർക്കുന്നു:

വസന്തകാലം. മോട്ടാർ റയിൽതുടങ്ങിയുള്ള വാഹനസൌകര്യങ്ങളില്ല. നടന്നു യാത്രചെയ്യുന്ന സുന്ദരനായ ഒരു യുവപാന്ഥൻ നേരം വൈകിയപ്പോൾ ഒരു ഗ്രാമത്തിൽ ഒരു ഗൃഹത്തിൽ വിശ്രമത്തിനായി ചെന്നുകൂടി. തല്ക്കാലം ഗൃഹത്തിൽ താമസം ഒരു മുത്തമ്മയും പ്രോഷിതഭർത്തൃകയായ ഒരു സുന്ദരിയും മാത്രമാണു്. ചില ദിവസങ്ങളായി ഭർത്തൃസാന്നിധ്യമില്ലാതെയിരിക്കുന്ന സുന്ദരി സുന്ദരനായ പാന്ഥനെ കണ്ടമാത്രയിൽ അനുരക്തയായിത്തീൎന്നു. അവളുടെ കടാക്ഷവിക്ഷേപാദികൾകൊണ്ടു ഭാവവേദിയായ പാന്ഥൻ അങ്ങോട്ടും അനുരക്തനായി. സുന്ദരി പാന്ഥനോടു പറയുന്ന ഗാഥയാണിതു —

"അത്താ അത്ര നിമജ്ജതി അത്രാഹം
ദിവസ ഏവ പ്രലോകയ।
മാ പഥിക! രാത്ര്യന്ധ! ശയ്യായാം
മമ നിമംക്ഷ്യസി॥"

ഇതിന്റെ അൎത്ഥം— മുത്തമ്മ കിടക്കുന്നതു ഇവിടെയാണു്. ഞാനിവിടെയും. പകൽ തന്നെ നോക്കിവെച്ചോ. അല്ലയോ രാത്രിയിൽ ആന്ധ്യമുള്ള പഥിക! വെറുതെ എന്റെ കിടക്കയിൽ വന്നു ചാടിപ്പോകരുതു്. ഈ വാച്യാൎത്ഥത്തിൽ നിന്നു "ഞാൻ നിങ്കൽ അനുരക്തയായി നിന്റെ സങ്ഗമത്തെ ആഗ്രഹിക്കുന്നു. ആയതുകൊണ്ടു് മററുള്ളവൎക്കു സംശയം ജനിക്കാത്തവിധത്തിൽ രാത്രി എന്നെ പ്രാപിക്കുന്നതിനു പകൽ തന്നെ എന്റെ കിടപ്പുസ്ഥലവും മററും നല്ലപോലെ മനസ്സിലാക്കിവെച്ചുകൊള്ളണം" എന്നിങ്ങനെ ശൃങ്ഗാരരൂപമായ അൎത്ഥം രസപ്രധാനമായി ധ്വനിക്കുന്നു.

രസമെന്നാലെന്തു്? സങ്ഗീതം ചിലരെ രസിപ്പിക്കുന്നു. നാടകം കാണുന്നതിൽ ചിലർ രസിക്കുന്നു. മററു ചിലൎക്കു സാഹിത്യത്തിലാണു രസം. പിന്നെ ചിലർ വിഷയങ്ങളിൽ രസികന്മാരാണു്. ഇങ്ങനെ സംസാരികളായ ഓരോരുത്തരും രസമുള്ളവരാണു്. രസമില്ലാത്തവർ ലോകത്തിൽ ആരുമില്ല. "നാൎത്ഥഃകശ്ചിദ്രസാദൃതേ" എന്ന ഭരതന്റെ വചനം നോക്കുക. ആയതുകൊണ്ടു രസമെന്നുള്ളതു് അനുകൂലവേദനീയമായ സുഖാതിരേകവിശേഷമാണെന്നു പ്രസ്പഷ്ടമാകുന്നു. നേരെമറിച്ചു പ്രതികൂലവേദനീയമായിട്ടുള്ളതു ദുഃഖമാണെന്നും സിദ്ധിക്കുന്നു. ശോകസ്ഥായിഭാവമായ കരുണരസവും ആനന്ദസ്വരൂപമായിത്തന്നെ പരിണമിക്കുന്നു. അല്ലെങ്കിൽ ശോകാദിപ്രധാനങ്ങളായ നാടകങ്ങളിൽ സാമാജികന്മാൎക്കു അഭിനിവേശം പാടുള്ളതല്ല. രസം ലൌകികമെന്നും അലൌകികമെന്നും രണ്ടുവിധമാണു്. അതിൽ ശമദമാദിസാധനസമ്പന്നരായി വിഷയവിരക്തരായി പരമാത്മസായുജ്യം പ്രാപിച്ച മുക്തന്മാർ ആസ്വദിക്കുന്നതു അലൌകികരസമാകുന്നു. നശ്വരമായ സുഖത്തിലും ദുഃഖത്തിലും എപ്പൊഴും പങ്കുകൊണ്ടു ജീവിതം നയിക്കുന്ന ബദ്ധരായ സംസാരികൾ സങ്ഗീതത്തിലോ നാടകാഭിനയത്തിലോ വിഷയവിശേഷത്തിലോ മനസ്സിനെ ലയിപ്പിച്ചു് സാംസാരികജീവിതം മറന്നു അലൌകികമായി ആസ്വദിക്കുന്ന സുഖാതിരേകമാണു് ലൌകികരസം.

ഈ നിബന്ധത്തിൽ പ്രതിപാദ്യമായുള്ളതു ലൗകികരസം മാത്രമാകുന്നു. ഒന്നാംതരമായ ഒരു കാവ്യം വായിക്കുമ്പോൾ ചിത്തവൃത്തി ഹൃദയസംവാദം കൊണ്ടു അതിൽ നിമഗ്നമായിത്തീരുന്നു. എങ്കിലും സഹൃദയനു എല്ലാത്തിൻെറയും പ്രത്യക്ഷസാക്ഷാൽകാരതുല്യമായ ബുദ്ധി ജനിക്കുന്നില്ല. എന്നാൽ ഒരു നാടകം കാണുമ്പൊഴാകട്ടെ പാരമാൎത്ഥികസാക്ഷാൽകാരതുല്യമായ ശോകക്രോധാദിബുദ്ധി സാമാജികൻെറ നിൎമ്മലമായ ഹൃദയമുകുരത്തിൽ ഉണ്ടാകുന്നു. ഇങ്ങിനെ വിഷയവിശേഷങ്ങളെ പുരസ്കരിച്ചു രസാനുഭൂതിയ്ക്കു വ്യത്യാസം കാണുന്നുണ്ടു്.

മമ്മടഭട്ടൻ ജഗന്നാഥപണ്ഡിതൻ തുടങ്ങിയുള്ള അർവ്വാചീനന്മാരായ ചില സാഹിത്യശാസ്ത്രകാരന്മാർ ഒരു തോതനുസരിച്ചു് രസത്തെ ധ്വനിയുടെ അങ്ഗമായി പ്രതിപാദിച്ചിരിക്കുന്നുവെങ്കിലും ധ്വനിപ്രസ്ഥാനത്തിനു എത്രയോ മുമ്പുതന്നെ രസത്തെപ്പററിയുള്ള വിചാരണകൾ പ്രതിഷ്ഠ പ്രാപിച്ചിരുന്നതുകൊണ്ടു് അവയുടെ സ്വരൂപം എന്താണെന്നു ഇവിടെ അല്പം ചിന്തിക്കുന്നതു അപ്രകൃതമായിരിക്കുകയില്ല.

രസനേന്ദ്രിയഗ്രാഹ്യമായ വസ്തുവിശേഷത്തിൽ രസശബ്ദം യൗഗികമായി പ്രസിദ്ധമായിരിക്കുന്നതുപോലെ സാഹിത്യത്തിൽ ശോകക്രോധാദികളിൽ രസശബ്ദം രൂഢമായിരിക്കുന്നു. പക്ഷേ യൗഗികമായ അൎത്ഥം രൂഢമായ അൎത്ഥത്തെ താങ്ങിനില്ക്കുന്നു. എന്തുകൊണ്ടെന്നാൽ രസനേന്ദ്രിയം കൊണ്ടു ആസ്വദിക്കപ്പെടുക എന്ന ആദ്യത്തെ അൎത്ഥത്തിൽ 'രസനേന്ദ്രിയംകൊണ്ടു' എന്ന പ്രകൃത്യൎത്ഥഭാഗം ത്യജിച്ചാൽ ആസ്വദിക്കപ്പെടുന്നതു രസം എന്നു ശേഷിക്കുന്നു. അതാണല്ലോ രൂഢമായ അൎത്ഥം. ഇങ്ങനെ പ്രകൃത്യൎത്ഥം ത്യജിച്ച രൂഢിശബ്ദങ്ങൾ ധാരാളം ഉണ്ടു്. വീണയിൽ പ്രകൃഷ്ടനായുള്ളവൻ പ്രവീണൻ ആണെങ്കിലും ഇപ്പോൾ സമൎത്ഥനാണല്ലോ പ്രവീണശബ്ദവാച്യൻ. അതുപോലെ കുശലവനകൃത്യത്തിൽ സമൎത്ഥനായ കുശലൻ ഇപ്പോൾ മിടുക്കനായിത്തീൎന്നിരിക്കുന്നു. ഇതിനെ വ്യക്തിവിവേക കാരനായ മഹിമഭട്ടൻ "അന്യച്ച ശബ്ദാനാം വ്യുൽപത്തിനിമിത്തമന്യച്ച പ്രവൃത്തിനിമിത്തം" എന്നിങ്ങനെ പ്രസ്താവിക്കുന്നു.

## വൈദികഗ്രന്ഥങ്ങളിലെ രസശബ്ദം.

"ദധാനഃ കലശേ രസം", "ഓഷധീനാം രസേന" തുടങ്ങിയുള്ള മന്ത്രങ്ങളിൽ രസശബ്ദം പദാൎത്ഥങ്ങളുടെ ദ്രവമായ സാരം എന്ന അൎത്ഥത്തിലും, "പ്രാണോ ഹിവാ അങ്ഗാനാം രസഃ" എന്നതിൽ സാരം അല്ലെങ്കിൽ Essence എന്ന അൎത്ഥത്തിലും, "യച്ചക്ഷുഃ സതോ ഷ്യേഷ രസഃ" എന്നതിൽ പ്രധാനാൎത്ഥത്തിലും, "ജിഹ്വയാ ഹി രസാൻ വിജാനാതി", "യേന രൂപം രസം ഗന്ധം", "നജിഘ്രതി ന രസയതേ" ഇത്യാദിവാക്യങ്ങളിൽ രുചി അല്ലേങ്കിൽ taste എന്ന അൎത്ഥത്തിലും, ഉപയോഗിച്ചുകാണുന്നു. എന്നാൽ "രസോ വൈ സഃ, രസം ഹ്യേവായം ലബ്ധ്വാനന്ദീ ഭവതി", "ഏതദ്വൈസത്വസ്യ രൂപം തത്സത്വമേവേരിതം രസഃ, സ സമ്പ്രാസ്രവൽ" എന്നീ സ്ഥലങ്ങളിലുള്ള രസശബ്ദം അല്പംകൂടി വിപുലമായി അതായതു സുഖസംവിത്തികൊണ്ടുണ്ടായ ഉത്തമോത്തമമായ രുചി അല്ലെ

ങ്കിൽ അനുഭവം എന്ന അർത്ഥത്തിൽ കാണുന്നു. പരമാത്ഥസത്തും സ്വപ്രകാശവുമായ ചൈതന്യം എന്നാണല്ലോ അതിൻെറ താത്പര്യം. അതുതന്നെ നിത്യാനന്ദം. ഒടുവിൽ ഉദാഹരിച്ച വേദവാക്യത്തിലുള്ള രസപദത്തിനു ഒരു വിധത്തിലും രതിശോകാദികളെ കുറിയ്ക്കാൻ സന്ദർഭം അനുവദിക്കുന്നില്ലെങ്കിലും പണ്ഡിതരാജനായ ജഗന്നാഥൻ അതു രത്യാദിവാചകമാണെന്നുതന്നെ പ്രസ്താവിക്കുന്നു.—

"വസ്തുതസ്തു വക്ഷ്യമാണശ്രുതിസ്വാരസ്യേന രത്യാദ്യവച്ഛിന്നാ ഭഗ്നാവരണാ ചിദേവ രസഃ 'രസോ വൈ സഃ, രസം ഹ്യേവായം ലബ്ധ്വാനന്ദീഭവതി'".

എന്നാൽ ഋഗ്വേദത്തിൽ കാണുന്ന വാക്പ്രശംസയും പ്രതിഭാശക്തിയും രസസമ്പന്നങ്ങളായ പ്രകൃതസമർത്ഥനകളും ഉപമ രൂപകം ഉൽപ്രേക്ഷ തുടങ്ങിയുള്ള അലങ്കാരപ്രയോഗങ്ങളും പ്രകൃതിവർണ്ണനകളും മററും വൈദികകവികൾക്കുണ്ടായിരുന്ന സാഹിത്യരസത്തെ വെളിവാക്കുന്നു. കവിത എഴുതേണ്ടതു ഇന്നവിധമാണെന്നുള്ള ചിലസങ്കേതങ്ങളും അവർക്കുണ്ടായിരുന്നു. വൃത്തബദ്ധമായ കവിത സ്വാദുകൂടിയതാണെന്നു "അനുഷ്ടുഭമന്നു","വചഃ സ്വാദോഃ സ്വാദീയഃ" ഇത്യാദി ഋക്കുകളിലും പവമാനസൂക്തത്തിലും അവർ തെളിയിച്ചിരിക്കുന്നു. ദുഷ്ടമായ കവിതയിൽനിന്നു നല്ലകവിതയെ തിരിച്ചു മനസിലാക്കാൻ അവർ സമർത്ഥന്മാരായിരുന്നു.

## വാല്മീകി.

വൈദികഗ്രന്ഥങ്ങൾ കഴിഞ്ഞാൽ അടുത്തതായി ഒരു അത്യാഹിതം കൊണ്ടു രസത്തെ അനുഭവത്തിൽപ്പെടുത്തിത്തരുന്ന ആൾ കവിതാപിതാവായ വാല്മീകിയാകുന്നു. ത്രിഷവണമുള്ള അദ്ദേഹം തമസാനദീതീരത്തിൽ ഒരു ആശ്രമത്തിൽ പാർത്തിരുന്നു. ഒരുദിവസം മാദ്ധ്യന്ദിനസവനത്തിനായി തിരിച്ചപ്പോൾ വഴിയിൽ വൃക്ഷശാഖയിൽ ഇണചേൎന്നു കാമത്തിൽ ലയിച്ചിരുന്ന രണ്ടു ക്രൗഞ്ചപക്ഷികളിൽ ആണിനെ ഒരു വേടൻ നിർദ്ദയമായി എയ്തു. ഉടൻതന്നെ മരണം പ്രാപിച്ച് നിലത്തിൽ പതിച്ച് രക്തക്കുളത്തിൽ മുങ്ങിയിരിക്കുന്ന അതിനെയും പ്രിയവിയോഗം കൊണ്ടു അനാഥയായിത്തീന്നിരിക്കുന്ന പെൺപക്ഷിയേയും സാക്ഷീകരിച്ച ശമപ്രധാനനായ തപോധനൻെറ ഹൃദയം തന്മയമായി ദുഃഖാധിക്യം കൊണ്ടു ദ്രവിച്ച് ഹൃദയങ്ഗമമായ സാരസ്വതത്തെ ആവിർഭവിപ്പിച്ചു. അതിതാണു—

> "മാ നിഷാദ! പ്രതിഷ്ഠാംത്വ-
> മഗമഃ ശാശ്വതീഃ സമാഃ।
> യൽ ക്രൗഞ്ചമിഥുനാദേക-
> മവധീഃ കാമമോഹിതം ॥ "

കുലപതിയായ വാല്മീകി അനുഭവിച്ച ശോകത്തിനു ഉൽപാദകമായ വിഭാവം അവിടത്തെ കാഴ്ചയും, അനുഭാവം അദ്ദേത്തിനു പെട്ടെന്നുണ്ടായ വൈവർണ്യം അശ്രു ഗദ്ഗദം സ്വേദം വേപഥു തുടങ്ങിയുള്ളവയും, വ്യഭിചാരിഭാവം ഉൽക്കണ്ഠ ചിന്ത ദൈന്യം വിഷാദം സംഭ്രമം തുടങ്ങിയുള്ളവയും ആകുന്നു. കാരണകാര്യസഹകാരികളായ വിഭാവാനുഭാവവ്യഭിചാരികൾ തമ്മിൽ യോജിച്ചപ്പോൾ മുനിതന്നെ മറന്നു ശോകാഭിഭൂതനായിത്തീരുകയും ആ ശോകം മുൻ പറിച്ച സാരസ്വതരൂപത്തിൽ പരിണമിക്കുകയും ചെയ്തു.

"നിശാമ്യ രുദതീം ക്രൗഞ്ചീ-
മിദം വചനമബ്രവീൽ"
"ശോകാത്തസ്യ പ്രവൃത്തോ മേ
ശ്ലോകോ ഭവതു നാന്യഥാ"

ഇത്യാദി ബാലകാണ്ഡപ്രസ്താവനകൾ നോക്കുക. കാളിദാസനും ഇതിനെപ്പററി ഇപ്രകാരം വർണ്ണിക്കുന്നു—

"താഭ്യാമഗച്ഛദ്രുദിതാനുസാരീ
കവിഃ കുശേധ്മാഹരണായ യാതഃ।
നിഷാദവിദ്ധാണ്ഡജദർശനോത്ഥഃ
ശ്ലോകത്വമാപദ്യത യസ്യ ശോകഃ॥"

ഭവഭൂതിയും ഇപ്രകാരം പ്രസ്താവിക്കുന്നു—

"ആത്രേയീ—അഥ സ ബ്രഹ്മർഷിരേകദാ മാധ്യന്ദിനസവനായ നദീം തമസാമനുപ്രപന്നഃ. തത്ര യുഗ്മചാരിണോഃ ക്രൗഞ്ചയോരേകം വ്യാധേന വധ്യമാനം ദദർശ. ആകസ്മികപ്രത്യവഭാസാം ദേവീം വാചമാനുഷ്ടുഭേന ഛന്ദസാ പരിണതാമഭ്യുദൈരയൽ—മാ നിഷാദേത്യാദി.

വനദേവതാ—അമ്നായാദന്യത്ര നൂതനശ്ഛന്ദസാമവതാരഃ.

ആത്രേയീ—തേന ഹി പുനഃ സമയേന തം ഭഗവന്തമാവിർഭൂതശബ്ദബ്രഹ്മപ്രകാശമൃഷിം ഉപഗമ്യ ഭഗവാൻ ഭൂതഭാവനഃ പദ്മയോനിരവോചൽ—ഋഷേ! പ്രബുദ്ധോസി വാഗാത്മനി ബ്രഹ്മണി. തദ് ബ്രൂഹി രാമചരിതം. അവ്യാഹതജ്യോതിരാർഷം തേ ചക്ഷുഃ പ്രതിഭാതു. ആദ്യഃ കവിരസി. ഇത്യുക്ത്വാന്തർഹിതഃ. അഥ സ ഭഗവാൻ രാമായണം പ്രണിനായ.

(ഉത്തരരാമചരിതം. രണ്ടാമങ്കം. ആത്രേയി വനദേവത ഇവരുടെ സംഭാഷണം)

ധ്വനികാരനായ ആനന്ദവർദ്ധനൻ ഇതിനെ ചിത്രണംചെയ്യുന്നതു ഇങ്ങനെയാകുന്നു—

"കാവ്യസ്യാത്മാ സ ഏവാർത്ഥസ്തഥാ ചാദികവേഃ പുരാ,
ക്രൗഞ്ചദ്വന്ദ്വവിയോഗോത്ഥഃ
ശോകഃ ശ്ലോകത്വമാഗതഃ ॥

സന്നിഹിതസഹചരീവിരഹകാതരക്രൗഞ്ചാക്രന്ദജനിതഃ ശോകഃ ശ്ലോകതയാ പരിണതഃ"

## ഭരതൻ

രസത്തെപ്പററി ശാസ്ത്രീയമായ ഒരു നിരൂപണംചെയ്തിട്ടുള്ളതു് നാട്യവേദകാരനായ ഭരതനാകുന്നു. അദ്ദേഹത്തിന്റെ രസസൂത്രം

"വിഭാവാനുഭാവവ്യഭിചാരിസംയോഗാദ്രസനിഷ്പത്തിഃ"

എന്നാകുന്നു. വിഭാവം അല്ലെങ്കിൽകാരണം, അനുഭാവം അല്ലെങ്കിൽ കാര്യം, വ്യഭിചാരിഅല്ലെങ്കിൽസഹകാരി, ഇവയുടെ സംയോഗം കൊണ്ടു രസം അഭിവ്യക്തമാകുന്നുഎന്നു സൂത്രതാത്പര്യം. ഇതിനെ ലൗകികദൃഷ്ടാന്തം കൊണ്ടു ഇപ്രകാരംഉദാഹരിച്ചിരിക്കുന്നു—

"കോ ദൃഷ്ടാന്തഃ? അത്രാഹ—യഥാഹി നാനാവ്യഞ്ജനൗഷധിദ്രവ്യസംയോഗാദ്രസനിഷ്പത്തിർഭവതി. യഥാഹി ഗുഡാദിഭിർദ്രവ്യൈർവ്യഞ്ജനൗഷധിഭിശ്ച ഷാഡവാദയോ രസാ നിർവ്വർത്ത്യന്തേ തഥാ നാനാഭാവോപഗതാ അപി സ്ഥായിനോ ഭാവാ രസത്വമാപ്നുവന്തീതി. അത്രാഹ—രസ ഇതി കഃപദാർത്ഥഃ? ഉച്യതേ—ആസ്വാദ്യത്വാൽ. കഥമാസ്വാദ്യ-

ത്തേ രസഃ? യഥാഹി നാനാവ്യഞ്ജനസം- സ്കൃതമന്നം ഭുഞ്ജാനാ രസാനാസ്വാദയന്തി സുമനസഃ പുരുഷാഃ ഹർഷാദീംശ്ചാധി- ഗച്ഛന്തി, തഥാ നാനാഭാവാഭിനയവ്യ- ഞ്ജിതാൻ വാഗംഗസത്വോപേതാൻ സ്ഥായിഭാവാനാസ്വാദയന്തി സുമനസഃ പ്രേക്ഷകാഃ ഹർഷാദീംശ്ചാധിഗച്ഛന്തി'' എന്നു.

സ്രക്ചന്ദനചന്ദ്രികോദ്യാനവനവനിതാദികൾ വിഭാവങ്ങളും, നായികനായകന്മാരുടെ ഇംഗിതാഭിവ്യഞ്ജകങ്ങളായ ഭ്രൂക്ഷേപകടാക്ഷവിക്ഷേപാദികൾ അനുഭാവങ്ങളും, ഗ്ലാനിചിന്താമോഹദൈന്യഹർഷൗത്സുക്യവ്രീഡാദികളായ അഭിമുഖീകരിച്ചു രസത്തെ നയിക്കുന്ന അവസ്ഥാഭേദങ്ങൾ വ്യഭിചാരികളും ആകുന്നു. ഇങ്ങനെ യഥോപപന്നങ്ങളായ വിഭാവാദികൾവഴി തദ്ഭാവനകൊണ്ടു സാമാജികന്റെ ചിത്തം ദ്രുതമാകുന്നു. അപ്പോഴാണു രസാനുഭവം. അമൃതമഥനം അല്ലെങ്കിൽ ശാകുന്തളം അഭിനയിക്കുന്നതായി വിചാരിക്കുക. അതെങ്ങനെയെങ്കിലും അഭിനയിച്ചാൽ പോര. ബ്രഹ്മദേവനെപ്പോലെയുള്ള കവിയും ഇന്ദ്രനെപ്പോലെയുള്ള പ്രയോജയിതാവും ഭരതനെപ്പോലെ നാട്യാചാര്യനും കോഹളദത്തിലാദികളെപ്പോലെ നടന്മാരും അപ്സരഃസ്ത്രീകളെപ്പോലെ സുകുമാരോപകരണങ്ങളും സ്വാതിയെപ്പോലെ വാദ്യകാരന്മാരും നാരദനെപ്പോലെ ഗീതജ്ഞന്മാരും സുരക്ഷിതമായ നാട്യമണ്ഡപവും ഇന്ദ്രോത്സവതുല്യമായ പ്രയോഗകാലവും പ്രശാന്തരാഗദ്വേഷന്മാരായ സാമാജികന്മാരും ദേവതാപൂജാപൂർവ്വകമായ പ്രയോഗവും എന്നിങ്ങനെയുള്ള യോഗം തികഞ്ഞിരിക്കണം. നാട്യകലയിൽ വിദഗ്ദ്ധന്മാരായ നടന്മാർ ദുഷ്യന്തന്റെയും ശകുന്തളയുടെയും വേഷം കെട്ടുന്നു. ആദ്യമായി കണ്വമഹർഷിയുടെ പ്രസന്നസുകുമാരമായ ആശ്രമപരിസരപ്രദേശത്തിൽവെച്ച് നായികാനായകന്മാർ കണ്ടുമുട്ടുന്നതു വിഭാവവും, ഉടൻതന്നെ രണ്ടുപേരും അന്യോന്യസൗന്ദര്യാതിശയത്താൽ ആകൃഷ്ടചിത്തരായി തങ്ങളുടെ ഹൃദയതാത്പര്യത്തെ ഭ്രൂക്ഷേപാദിവിക്രിയകളിൽ ലയിപ്പിച്ചു പ്രകാശിപ്പിച്ചു പിരിഞ്ഞുപോകാൻ നിർബന്ധം ഉണ്ടായിട്ടും കാരണാന്തരവ്യാജത്താൽ ഒരു നോക്കിനു കൂടി അവസരം ഉണ്ടാക്കുന്നതു മററും അനുഭാവവും, അതിൽപിന്നെ രണ്ടുപേരും സംഗമൗത്സുക്യം ഹേതുവായി അനുഭവിക്കുന്ന ചിന്താദൈന്യാദികളായ വിയോഗദുഃഖങ്ങൾ വ്യഭിചാരിഭാവങ്ങളും, ആകുന്നു. അനന്തരം സഖി ശകുന്തളയെക്കൊണ്ട് ഒരു കാമലേഖം എഴുതിക്കുന്നതിന്റെ ഫലമായി ദുഷ്യന്തന്റെ സാന്നിധ്യം ശകുന്തളയ്ക്കുണ്ടാകുന്നു. ഇക്കാര്യങ്ങളെല്ലാം കവിത ഗീതം അഭിനയം തുടങ്ങിയുള്ള നാട്യധർമ്മികളോടു യോജിച്ചിരിക്കുമ്പോൾ" കാണികൾ എല്ലാവരും തന്മയഭാവനാഭാവിതഹൃദയരായി തങ്ങളെയും കാലദേശാവസ്ഥകളെയും വിസ്മരിച്ചു കേവലരതിരൂപമായ ആനന്ദവിശേഷത്തെ അനുഭവിക്കുന്നു. ഇതാണു രസം. രതിശോകാദിസ്ഥായിഭാവങ്ങൾ തന്നെ ശൃംഗാരകരുണാദിരസങ്ങളായി പരിണമിക്കുന്നു എന്നാകുന്നു പ്രാചീനശാസ്ത്രകാരന്മാരുടെ സിദ്ധാന്തം. രസനിഷ്പത്തിയെ സംബന്ധിച്ചു ഭട്ടനായകൻ, ശ്രീശങ്കുകൻ, ഭട്ടലൊല്ലടൻ തുടങ്ങിയുള്ള ആചാര്യന്മാർക്കു സിദ്ധാന്തങ്ങൾ വെവ്വേറെയുണ്ട്.

## ഭാമഹൻ

കാവ്യാലങ്കാരപ്രണേതാവായ ഭാമഹൻ രസപ്രസ്ഥാനത്തോട്ട അത്രത്തോളം അനുഭാവമുള്ള ആളായിരുന്നില്ല. ഇക്കാര്യം കാവ്യാലങ്കാരത്തിലുള്ള രസനിരൂപണരീതിയിൽനിന്നു വ്യക്തമാണ്. കാവ്യത്തിൻെറ പ്രധാനസമ്പത്തു അലങ്കാരമാണെന്നു പ്രതിപാദിക്കുന്ന ഭാമഹാചാര്യൻ 'രസവത്, പ്രേയസ്, ഊർജ്ജസ്വി,' എന്നീ അലങ്കാരങ്ങളിൽ രസത്തെ ഉൾപ്പെടുത്തുന്നതിൽ ആശ്ചര്യപ്പെടാനില്ലല്ലോ. എങ്കിലും രസമാണു എത്രയും യോഗ്യതകൂടിയതെന്നും രസസ്ഫൂർത്തികരമായ കാവ്യത്തിനു മാഹാത്മ്യം അധികമാണെന്നും മററും ഭാമഹനു വിചാരമില്ലെന്നില്ല. അദ്ദേഹം രസത്തെപ്പററി നിരൂപണം ചെയ്യുന്നതു നോക്കുക—

"രസവദ്ദർശിതസ്പഷ്ട-
ശൃങ്ഗാരാദിരസം യഥാ।
ദേവീ സമാഗമദ് ധർമ്മ
മസ്കരിണ്യതിരോഹിതാ ॥
പ്രേയോ ഗൃഹാഗതം കൃഷ്ണ-
മവാദീദ്വിദുരോ യഥാ।
അദ്യ യാ മമ ഗോവിന്ദ!
ജാതാ ത്വയി ഗൃഹാഗതേ ॥
കാലേനൈഷാ ഭവേൽ പ്രീതി-
സ്തവൈവാഗമനാൽ പുനഃ।
ഊർജ്ജസ്വി കർണ്ണേന യഥാ
പാർത്ഥായപുനരാഗതഃ।
ദ്വിഃ സന്ദധാതി കിം കർണ്ണഃ
ശല്യേത്യഹിരപാകൃതഃ ॥"

"സ്വാദുകാവ്യരസോന്മിശ്രം
ശാസ്ത്രമപ്യുപയുഞ്ജതേ।
പ്രഥമാലീഢമധവഃ
പിബന്തി കടു ഭേഷജം ॥"

## ദണ്ഡി

ഭാമഹൻ ദണ്ഡി ഇവരുടെ കാലപൗർവ്വാപര്യത്തെപ്പററി പലേ വിവാദങ്ങളുമുണ്ട്. എങ്കിലും ഭൂരിപക്ഷം ദണ്ഡി ഭാമഹനു പിന്നീട എന്നാണ്. ആചാര്യദണ്ഡി ഭാമഹനെ അനുസരിച്ചു മുൻ പ്രസ്താവിച്ച മൂന്നലങ്കാരങ്ങളിൽതന്നെ രസത്തെ ഉൾപ്പെടുത്തിയിരിക്കുന്നു. എങ്കിലും തൻെറ കാലത്തിൽ കവികൾക്കു രസവിഷയമായ അഭിനിവേശം കൂടിയിരുന്നതിനാലോ, അല്ലെങ്കിൽ തനിക്കുതന്നെ രസത്തോടുള്ള അനുഭാവവിശേഷത്താലോ, ദണ്ഡി അല്പംകൂടി വിപുലവും വിശിഷ്ടവും ആയ രീതിയിൽ രസത്തെപ്പററി നിരൂപണം ചെയ്യുന്നു. ഭരതസമ്മതമായ നാട്യരസങ്ങൾ എട്ടിൽ ഓരോന്നിൻെറയും സ്വരൂപം ഏററവും പററാവുന്ന ഉദാഹരണംകൊണ്ടു തെളിയിച്ചിരിക്കുന്നു. ഉദാഹരിച്ചിട്ടുള്ള പദ്യങ്ങളുടെ മാധുര്യം ഓക്കുമ്പോൾ, കാവ്യജീവനായി വിളങ്ങുന്നതും സകലസഹൃദയഹൃദയാഹ്ളാദകവും ആയ രസാനുഭൂതിയിങ്കൽ സാക്ഷാൽകാരം സിദ്ധിച്ചിട്ടുള്ള ആളായിരുന്നു ദണ്ഡി എന്നുള്ളതിൽ സംശയമില്ല. കാവ്യസമ്പത്തുകളിൽ ഗുണത്തിനു പ്രാധാന്യം കല്പിക്കുന്ന ആളാണെങ്കിലും ഭാമഹനെപ്പോലെ ദണ്ഡി രസപ്രസ്ഥാനപ്രതികൂലിയല്ലെന്നുള്ളതു നിർവ്വിവാദമാകുന്നു.

ആചാര്യദണ്ഡിയുടെ രസനിരൂപണം താഴേ ചേക്കുന്നു—

(1) പ്രേയോലങ്കാരം (2) രസവദലങ്കാരം (3) ഊർജ്ജസ്വി;

"പ്രേയ: പ്രിയതരാഖ്യാനം
രസവദ്രസപേശലം।
ഊൎജ്ജസ്വി രൂഢാഹങ്കാരം
യുക്തോൽകൎഷം ച തത്ത്രയം॥"

ഭാവാദിവ്യക്തിയാൽ അതിപ്രീതികരമായി ഭവിക്കുന്ന ആഖ്യാനം പ്രേയസ്സും, രത്യാദിസ്ഥായിഭാവരൂപമായ രസത്താൽ സഹൃദയന്മാൎക്കു ആനന്ദത്തെ ഉണ്ടാക്കുന്നതു രസവദലങ്കാരവും, ഗൎവ്വപ്രധാനമായ ആഖ്യാനം ഊൎജ്ജസ്വിയും ആകുന്നു. ദേവാദിവിഷയകരതിഭാവ പ്രദൎശനമാണു് പ്രേയോലങ്കാരം.

പ്രേയസ്സിനു ഉദാഹരണം:

"അദ്യ യാ മമ ഗോവിന്ദ!
ജാതാ ത്വയി ഗൃഹാഗതേ।
കാലേനൈഷാ ഭവേൽ പ്രീതി-
സ്തവൈവാഗമനാത് പുന:॥
ഇത്യാഹ യുക്തം വിദുരോ
നാന്യതസ്താദൃശീ ധൃതി:।
ഭക്തിമാത്രസമാരാധ്യ:
സുപ്രീതശ്ച തതോ ഹരി:॥"

മറെറാരു ഉദാഹരണം—

"സോമ: സൂൎയ്യോ മരുദ്ഭൂമിർ
വ്യോമ ഹോതാനലോ ജലം।
ഇതിരൂപാണ്യതിക്രമ്യ
ത്വാംദ്രഷ്ടും ദേവ! കേ വയം॥
ഇതി സാക്ഷാൽകൃതേ ദേവേ
രാജ്ഞോ യദ്രാജവൎമ്മണ:।
പ്രീതിപ്രകാശനം തച്ച
പ്രേയ ഇത്യവഗമ്യതാം॥"

രസവദലങ്കാരം—ശൃങ്ഗാരം— ഉദാഹരണം—

"മൃതേതി പ്രേത്യ സങ്ഗന്തും
യയാ മേ മരണം മതം।
സൈഷാ തന്വീ മയാ ലബ്ധാ
കഥമത്രൈവ ജന്മനി॥
പ്രാക്പ്രീതിൎദ്ദൎശിതാ സേയം
രതി: ശൃങ്ഗാരതാംഗതാ।
രൂപബാഹുല്യയോഗേന
തദിദം രസവദ്വച:॥"

മരിച്ചുപോയെന്നു നിശ്ചയിച്ചു പരലോകത്തിൽ എങ്കിലും യാതൊരു കാന്തയോടു സങ്ഗമിക്കുവാനായി ഞാൻ കൃതമരണനിശ്ചയനായിരുന്നുവോ ആ കാന്തയെ ഇജ്ജന്മത്തിൽ തന്നെ മരണമില്ലാതെ ഞാൻ ലഭിച്ചു. മരണം പ്രാപിച്ചു പിന്നെ നാഗന്മാരുടെ പ്രസാദത്താൽ പ്രത്യുജ്ജീവിതയായ മദാലസയെ ലഭിച്ചു പതിയായ കുവലയാശ്വൻെറ വചനമാണിതു. "സൈഷാ തന്വീ" എന്നതിനുപകരം "സൈവാവന്തീ" എന്നും പാഠം കാണുന്നു. അതനുസരിച്ചു അവന്തി വാസവദത്തയാണു്. വാസവദത്ത ലാവാണകഗ്രാമാഗ്നിദാഹത്തിൽ അകപ്പെട്ടു ഭസ്മയായി എന്നുള്ള അളീകമരണപ്രവാദം കൊണ്ടു ഏററവും ദു:ഖിതനായിത്തീൎന്ന വത്സരാജൻ വീണ്ടും അവളെ ലഭിച്ചു ഉടൻ പറയുന്നതാണു് എന്നും സന്ദൎഭം.

രൗദ്രരസത്തിനു ഉദാഹരണം—

"നിഗൃഹ്യ കേശേഷ്വാകൃഷ്ടാ
കൃഷ്ണാ യേനാഗ്രതോ മമ।
സോऽയം ദുശ്ശാസന: പാപോ
ലബ്ധ: കിം ജീവതി ക്ഷണം॥
ഇത്യാരുഹ്യ പരാം കോടിം
ക്രോധോ രൗദ്രാത്മതാം ഗത:।
ഭീമസ്യ പശ്യത: ശത്രു-
മിത്യേതദ്രസവദ്വച:॥"

വീരരസത്തിനു ഉദാഹരണം—

"അജിത്വാ സാർണ്ണവാമുർവ്വീ
മനിഷ്ട്വാ വിവിധൈർമഖൈഃ।
അദത്വാ ചാത്ഥമത്ഥിഭ്യോ
ഭവേയം പാത്ഥിവഃ കഥം॥
ഇത്യുത്സാഹഃ പ്രകൃഷ്ടാത്മാ
തിഷ്ഠൻ വീരരസാത്മനാ।
രസവത്ത്വം ഗിരാമാസാം
സമത്ഥയിതുമീശ്വരഃ॥"

കരുണരസത്തിനു ഉദാഹരണം—

"യസ്യാഃ കുസുമശയ്യാപി
കോമളാങ്ഗ്യാ രുജാകരീ।
സാധിശേതേ കഥം തന്വീ
ഹുതാശനവതീം ചിതാം॥
ഇതി കാരുണ്യമുദ്രിക്ത-
മലങ്കാരതയാ സ്മൃതം।"

ബീഭത്സത്തിനു ഉദാഹരണം—

"പായം പായം തവാരീണാം
ശോണിതം പാണിസമ്പുടൈഃ।
കൗണപാഃ സഹ നൃത്യന്തി
കബന്ധൈരാന്ത്രഭൂഷണാഃ॥"

ഹാസ്യരസത്തിനു ഉദാഹരണം—

"ഇദമമ്ലാനമാനായാ
ലഗ്നം സ്തനതടേ തവ।
ഛാദ്യതാമുത്തരീയേണ
നവം നഖപദം സഖി॥"

അദ്ഭുതരസത്തിനു ഉദാഹരണം—

"അംശുകാനി പ്രവാളാനി
പുഷ്പം ഹാരാദിഭൂഷണം।
ശാഖാശ്ച മന്ദിരാണ്യേഷാം
ചിത്രം നന്ദനശാഖിനാം॥"

ഭയാനകരസത്തിനു ഉദാഹരണം—

"ഇദം മഘോനഃ കുലിശം
ധാരാസന്നിഹിതാനലം।
സ്മരണം യസ്യ ദൈത്യസ്ത്രീ
ഗർഭപാതായ കല്പതേ॥"

## വാമനൻ

കാവ്യാലങ്കാരസൂത്രകാരനായ വാമനൻ രസവിഷയത്തിൽ ദണ്ഡിയേത്തന്നെ പിൻതുടരുന്നു. പക്ഷേ വ്യത്യാസമുണ്ട്. അതായതു രസത്തെ അലങ്കാരത്തിൽ ഉൾപ്പെടുത്തുന്നില്ല. ഗുണവിശിഷ്ടപദസങ്ഘടനാത്മകമായ രീതി കാവ്യത്തിന്റെ ജീവനായി സിദ്ധാന്തിക്കുന്ന വാമനൻ കാന്തി എന്ന കാവ്യശോഭാകാരിയായ ഗുണവിശേഷത്തിന്റെ ധമ്മമാണ് രസം എന്നു പ്രതിപാദിക്കുന്നു. "ദീപ്തരസത്വം കാന്തിഃ" എന്നാണു വാമനൻ പറയുന്നതു. വാമനൻ രസങ്ങളിൽ പ്രധാനമായ ശൃങ്ഗാരത്തെ മാത്രം ഉദാഹരിക്കുകയും മററു രസങ്ങളെ ഊഹിച്ചുദാഹരിച്ചുകൊള്ളണമെന്നു പറഞ്ഞു വിട്ടുകളകയും ചെയ്യുന്നു. കൂടാതെ വാമനൻ നിബന്ധങ്ങളിൽ വച്ചു രൂപകത്തിനു ശ്രൈഷ്ഠ്യം കല്പിക്കുന്നതു കൊണ്ടു നാടകം വഴിയാണു ആളുകൾ ശരിയാംവണ്ണം രസമനുഭവിക്കുന്നു എന്നുള്ള വസ്തുതയും കാവ്യത്തിൽ രസത്തിനുള്ള സ്ഥാനം പരമപ്രധാനമായ ഒന്നാണെന്നുള്ളതും സ്പഷ്ടമാകുന്നു.

## ഉദ്ഭടൻ

രസം അലങ്കാരങ്ങളാണെന്നുതന്നെ ഉദ്ഭടൻ കരുതുന്നു. പക്ഷെ രസവദാദ്യലങ്കാരങ്ങൾക്കു ഭിന്നമായ രീതിയിൽ ലക്ഷണം കല്പിക്കുന്നു. രസനിഷ്പത്തിപ്രകാരത്തിലും ഭിന്നാഭിപ്രായക്കാരനാണ്.

രസസംബന്ധിയായി സമാഹിതം, എന്ന നാലാമതൊരു അലങ്കാരം കൂടി പ്രതിപാദിക്കുന്നു. രസഭാവങ്ങളുടെ വ്യതിയാനം വർണ്ണിക്കുന്നതു ഊർജ്ജസ്വി എന്ന അലങ്കാരത്തിനു ലക്ഷ്യമാണെന്നും അതിനുദാഹരണം രാവണന്റെ സീതാവിഷയകമായ രതിയാണെന്നും ആകുന്നു ഉദ്ഭടന്റെ മതം. ശാന്തരസം അഭിനേയമല്ലാത്തതു കൊണ്ടു അതൊഴികെ നാട്യത്തിൽ എട്ടുരസങ്ങൾ "അഷ്ടൗ നാട്യേ രസാഃ സ്മൃതാഃ" എന്നുള്ള ഭരതസിദ്ധാന്തത്തിനു വിപരീതമായി ശാന്തരസത്തെയും ഉൾപ്പെടുത്തി" നവ നാട്യേ രസാഃ സ്മൃതാഃ" എന്നു സിദ്ധാന്തിക്കുന്ന ഒന്നാമത്തെ ആളാണു ഉദ്ഭടൻ.

## രുദ്രടൻ

അലങ്കാരപ്രസ്ഥാനം ഗുണപ്രസ്ഥാനം രീതിപ്രസ്ഥാനം ഈ മൂന്നു പ്രസ്ഥാനങ്ങളുടെയും പ്രാദുർഭാവാവസാനകാലത്തിൽ അവതരിച്ച ഒരു സാഹിത്യശാസ്ത്രകാരനാകുന്നു രുദ്രടൻ. രസപ്രസ്ഥാനത്തിനു സ്ഥിരപ്രതിഷ്ഠയെ നൽകുന്നതായ ധ്വനിപ്രസ്ഥാനത്തിന്റെ ആരംഭദശയാണിതു. രുദ്രടന്റെ ഗ്രന്ഥത്തിനു പേർ കാവ്യാലങ്കാരം എന്നാണെങ്കിലും അതിൽ രസനിരൂപണത്തിനായി അഞ്ചദ്ധ്യായങ്ങൾ വിനിയോഗിച്ചിരിക്കുന്നു. രസത്തിന്റെ രമ്യതയെപ്പററി രുദ്രടൻ പ്രസ്താവിക്കുന്നതു ഇങ്ങനെയാകുന്നു—

" ഏതേ രസാ രസവതോ
രമയന്തി പുംസഃ
സമ്യഗ്വിഭജ്യ രചിതാ-
ശ്ചതുരേണ ചാരു ॥
യസ്മാദിമാനനധിഗമ്യ ന
സർവ്വരമ്യം
കാവ്യം വിധാതുമലമത്ര
തദാദ്രിയേത॥"



രുദ്രടൻ രീതികളെ രസപോഷകങ്ങളായി ഗണിക്കുന്നു.

## മററുള്ളവർ

രുദ്രഭട്ടൻ ശൃങ്ഗാരത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നു. സംസ്കൃതസാഹിത്യവിജ്ഞാനഖനിയായ അഗ്നിപുരാണത്തിലും രസത്തെപ്പററി വിക്ഷിപ്തമായ വിവരണം ഉണ്ടു. ധ്വനിപ്രസ്ഥാപകനായ ആനന്ദവർദ്ധനൻ വസ്തു അലങ്കാരം രസം എന്നിങ്ങനെ ധ്വനിയെ മൂന്നായി പറഞ്ഞു രസധ്വനിക്കു പരമപാരമ്യം സ്ഥാപിച്ചിരിക്കുന്നതു അക്കാലത്തിൽ രസപ്രസ്ഥാനം സഹൃദയന്മാരുടെ ഹൃദയങ്ങളിൽ ദൃഢമൂലമായി ഇരുന്നതിനെ പ്രകാശിപ്പിക്കുന്നു. ഭോജദേവൻ വളരെ ശ്രമം ചെയ്തു രസത്തിന്റെ പാരമ്യത്തെ ഉദ്ഘോഷിക്കുന്നു. ക്ഷേമേന്ദ്രൻ ഔചിത്യവാദിയാണെങ്കിലും രസത്തിനുള്ള പ്രാധാന്യതയെ അപഹരിക്കുന്നില്ല. ധ്വന്യാലോകലോചനകർത്താവും നാട്യവേദവിവൃതിയായ അഭിനവഭാരതിയുടെ രചയിതാവും ആയ പരമമാഹേശ്വരാചാര്യാഭിനവഗുപ്തപാദർ വിശിഷ്ടവും വിപുലവും ആയ രീതിയിൽ രസനിരൂപണം ചെയ്യുന്നതോടുകൂടി രസനിഷ്പത്തിക്രമത്തെ സംബന്ധിച്ചു പ്രാചീനകാലം മുതല്ക്കുതന്നെ സാഹിത്യകാരന്മാരുടെ ഇടയിൽ വലിയ വാദപ്രതിവാദങ്ങൾ നടന്നിരുന്നതിനെയും എടുത്തെഴുതുന്നുണ്ടു്. പ്രതീഹാരേന്ദുരാജൻ, ഭട്ടനായകൻ, ധനഞ്ജയൻ, ധനികൻ, മഹിമഭട്ടൻ, തുടങ്ങിയുള്ളവർ ധ്വനിപ്രസ്ഥാനത്തിനു വിരോധികളാണെങ്കിലും രസപ്രസ്ഥാനത്തിനു അനുകൂലികൾ തന്നെ. രാജാനകകുന്തകൻ "വക്രോക്തിഃ കാവ്യ ജീവിതം" എന്നിങ്ങനെ ഒരു പ്രത്യേകപ്രസ്ഥാനം

ആശ്രയിക്കുന്നുവെങ്കിലും രസധ്വനിപ്രസ്ഥാനങ്ങൾക്കു പ്രതിയോഗി അല്ല.

### ഭോജദേവൻ

എ. ഡി. ൯൯൬ മുതൽ ൧൦൫൦ വരെ ധാരാനഗരത്തിൽ രാജ്യം ഭരിച്ചിരുന്ന പാരമാരവംശ്യനായ ഭോജദേവൻ 'ശൃംങ്ഗാര പ്രകാശം' എന്നൊരു സാഹിത്യശാസ്ത്ര ഗ്രന്ഥം രചിച്ചിട്ടുണ്ട്. ആകൃതിയിലും പ്രകൃതിയിലും ഇത്രയും വലുതായ ഒരു സാഹിത്യ ഗ്രന്ഥം ഇതേവരെ ലഭിച്ചിട്ടില്ല. ൩൦൦൦൦ ഗ്രന്ഥസംഖ്യയുള്ള ഈ ശാസ്ത്രം ഇതേവരെ അച്ചടിച്ചിട്ടില്ല. കേരളത്തിൽ നിന്നു ലബ്ധമായ ഇതിന്റെ ഒരു മാതൃക മദ്രാസ് പൗരസ്ത്യഗ്രന്ഥശാലയിൽ ഉണ്ട്. ൩൬ പ്രകാശങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഇതിൽ ൨൪ പ്രകാശങ്ങൾ രസത്തെപ്പററി പ്രതിപാദിക്കുന്നു. ഇതിൽ ഇതേവരെ വിജ്ഞാതങ്ങളല്ലാത്ത അസംഖ്യം അപൂർവ്വ നിബന്ധങ്ങളും നിബന്ധകാരന്മാരും സ്മരിക്കപ്പെട്ടിരിക്കുന്നതോടുകൂടി പലേ ഉദ്ധരണങ്ങളും ഉണ്ട്.

ശൃംങ്ഗാര രസം ഒന്നുതന്നെ. അതു ഉപാധിഭേദംകൊണ്ടു ശോക ക്രോധാദി രൂപത്തിൽ പരിണമിക്കുന്നു, എന്നാണു ഭോജദേവന്റെ മതം.

മമ്മടഭട്ടൻ, വിശ്വനാഥകവി, വിദ്യാധരൻ, വിദ്യാനാഥൻ ജഗന്നാഥപണ്ഡിതർ തുടങ്ങിയുള്ള അർവ്വാചീനന്മാർ പ്രാചീനന്മാരെ അനുകരിക്കുന്നുവെന്നല്ലാതെ പുത്തനായ ഒരു പ്രസ്ഥാനം പ്രസ്ഥാപനം ചെയ്തിട്ടുള്ളവരല്ല.

### ശൃങ്ഗാരം

രസങ്ങളിൽ വച്ചു ശൃങ്ഗാരത്തിനുള്ള പ്രാധാന്യവും പ്രാഥമ്യവും അപലപനീയമല്ല. കാമം എന്നുള്ളതു സകലജാതിസുലഭവും എല്ലാവർക്കും അത്യന്തപരിചേയവും ഹൃദ്യവും ആയതുകൊണ്ടാണു ശൃങ്ഗാരത്തിനു ഇങ്ങനെ ഒരു സ്ഥാനമുണ്ടായതു്. ശൃങ്ഗാരത്തിന്റെ സ്ഥായിഭാവം രതിയും അതു ഉജ്വലവേഷത്തെ ആശ്രയിച്ചിരിക്കുന്നതും ഉത്തമയുവ പ്രകൃതിയുമാകുന്നു. ലോകത്തിൽ ശുചിയായും ഉജ്വലമായും ദർശനീയമായും ഉള്ള സകലതും ശൃങ്ഗാരത്തോടു ഉപമിക്കപ്പെടുന്നു. ഉജ്വലമായ വേഷമുള്ളവർ ശൃങ്ഗാരികളെന്നു പറയപ്പെടുന്നു. സകലരും ശൃങ്ഗാരികളായിത്തന്നെ ഭാവിച്ചുവരുന്നു. എല്ലാവരും അവരവരുടെ വസ്ത്രധാരണരീതിയും നടക്കുന്ന മട്ടും ആകൃതിയും പ്രകൃതിയും മററും അപ്രതിമമാണെന്നു വിചാരിച്ചു ജീവിതം കഴിച്ചുവരുന്നവർ തന്നെ. സ്ത്രീപുരുഷഹേതുകമായ ശൃങ്ഗാരത്തിനു രണ്ടവസ്ഥകളുണ്ട്. ഒന്നാമത്തേതായ സംഭോഗാവസ്ഥ വസന്താദിഋതു, മാല്യം കാമോദ്ദീപകമായ സമാലംഭനം അല്ലെങ്കിൽ അനുലേപനം, അലങ്കാരം, വിഭൂഷകാദികളായ നർമ്മസചിവന്മാർ, ഗീതാദിവിഷയോപഭോഗം, ജലക്രീഡ, ഹൃദ്യമായ ഹംസയുഗളക ചിത്രദർശനം, തുടങ്ങിയുള്ള വിഭാവങ്ങളാൽ ജനിക്കുന്നു. അതു നയനചാതുരിഭ്രൂക്ഷേപ കടാക്ഷ സഞ്ചാരലലിത മധുരാങ്ഗഹാര വാക്യാദ്യനുഭാവങ്ങൾകൊണ്ടു അഭിനയിക്കപ്പെടണം. ആലസ്യം ഔഗ്ര്യം ജുഗുപ്സ ഈ മൂന്നൊഴിച്ചു ശേഷമുള്ള മുപ്പതും ഇതിന്റെ വ്യഭിചാരിഭാവങ്ങളാകാം.

"സുഖപ്രായേഷ്ടസമ്പന്ന-
ഋതുമാല്യാദിസേവകഃ।
പുരുഷപ്രമദായുക്തഃ
ശൃങ്ഗാര ഇതി സംജ്ഞിതഃ ॥"

"ഋതുമാല്യാലങ്കാരൈഃ
 പ്രിയജനഗാന്ധർവ്വ കാവ്യസേവാഭിഃ।
ഉപവനഗമനവിഹാരൈഃ
 ശൃങ്ഗാരരസഃ സമുദ്ഭവതി ॥
നയനവദന പ്രസാദൈഃ
 സ്മിതമധുര വചോധൃതിപ്രമോദൈശ്ച
മധുരൈശ്ചാങ്ഗവിഹാരൈ-
 സ്തസ്യാഭിനയഃ പ്രയോക്തവ്യഃ"

രസവിരോധം.

"രാമമന്മഥശരേണ താഡിതാ
 ദുസ്സഹേന ഹൃദയേ നിശാചരീ।
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
 ജീവിതേശവസതിം ജഗാമ സാ॥"

ഈ രഘുവംശ പദ്യത്തിൽ താടകാവധമാണു പ്രമേയം. ബീഭത്സരസം പ്രകൃതാനുകൂലമായി സ്ഫുരിക്കുന്നു. എന്നാൽ രാമ-മന്മഥശര-ദുസ്സഹ-ഹൃദയ-ഗന്ധവദ്-ചന്ദന-ജീവിതേശ എന്നീ ശബ്ദങ്ങളുടെ ശക്തികൊണ്ടു സൈ്വരിണിയായ ഒരു നായികയുടെ ജാരസങ്ഗമഗമനവൃത്താന്തം അപ്രകൃതമായി ഉദിക്കുന്നതിനാൽ ശൃങ്ഗാരരസവും അഭിവ്യക്തമാകുന്നു. നിത്യവിരോധികളായ ബീഭത്സ-ശൃങ്ഗാരങ്ങൾ ഇവിടെ അഭിവ്യക്തമാകുന്നതിൻെറ സാധുതയെപ്പററി പല അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ട്. വിരുദ്ധരസസമാവേശം പ്രതീതമാകുന്നതിൽ സംശയമില്ല. പക്ഷെ അപ്രാകരണികമായി ഭാസിക്കുന്ന ശൃങ്ഗാരത്തിനു പ്രകൃതത്തോടു യാതൊരു ബന്ധവുമില്ലാത്തതുകൊണ്ടു പ്രകൃതാപ്രകൃതശ്ലേഷസ്ഥലത്തിലെന്നപോലേ ഈ പദ്യവും ശബ്ദശക്തികൊണ്ട് അങ്ങനെ ഒരു ശൃങ്ഗാരാർത്ഥത്തിൻെറ വ്യഞ്ജകമെന്നേയുള്ളു. ഇതുപോലെയുള്ളതിനെയാണു "അസംബദ്ധകഥാപ്രായാ കഥനികാ" എന്നു പറയുന്നതു്. സാഹിത്യമീമാംസാകർത്താവായ രാജാനകമങ്ഖകൻ ഈ പദ്യത്തിൽ വിരുദ്ധരസസമാവേശത്തെ ശങ്കിച്ചു ഇപ്രകാരം സമാധാനപ്പെടുന്നു.—

"അത്ര ബീഭത്സോ രസഃ ശ്ലേഷരൂപകസാമർത്ഥ്യാദവിദ്യമാനേനാപി ശൃങ്ഗാരേണ സങ്കീർണ്ണ ഇവ പ്രതീയതേ" എന്നു. വാസ്തവമായി ഈ പദ്യത്തിൽ ശൃങ്ഗാരം ഇല്ല. പക്ഷേ ഉള്ളതുപോലെ പ്രതീതമാകുന്നു എന്നാണു മങ്ഖകൻ പറയുന്നതു്. ഇതുപോലെ രഘുവംശത്തിൽ തന്നെ മററൊരു പദ്യവുമുണ്ടു്. അതിതാണു്:

"സാ ബാണവർഷിണം രാമം
 യോധയിത്വാ സുരദ്വിഷാം।
അപ്രബോധായ സുഷ്വാപ
 ഗൃധ്രച്ഛായേ വരൂഥിനീ" ॥

യുദ്ധശ്രമഖിന്നരായ ഭടന്മാർ വിശ്രമിക്കുന്നതിനെപ്പററിയുള്ള വർണ്ണനയാണു പദ്യത്തിലെ പ്രകൃതം. ഇവിടെ സുരതശ്രമഖിന്നയായ ഒരു കാന്തയുടെ സമാധിയും അപ്രകൃതമായി പ്രതീതമാകുന്നു.

ആചാര്യാഭിനവഗുപ്തനും അഭിനവഭാരതിയിൽ,

"ആവിലപയോധരാഗ്രം
 ലവലീദളപാണ്ഡുകോമളച്ഛായം"

എന്നൊരു വിക്രമോർവ്വശീയപദ്യമുദാഹരിച്ചു അതിൽ ശൃങ്ഗാരത്തോടു വൈരൂപ്യകാര്യമും യോജിച്ചിരിക്കുന്നതിനെ ദോഷമായി പ്രസ്താവിച്ചുകാണുന്നില്ല.

## രസാഭാസം

ഹേത്വാഭാസം തുടങ്ങിയുള്ള ശബ്ദങ്ങൾക്കെന്നപോലെ രസാഭാസത്തിനും രസദോഷം ദുഷ്ടരസം എന്നിങ്ങനെ വ്യുൽത്തിലഭ്യമായ രണ്ടത്ഥം ഉണ്ട്. ഔചിത്യമില്ലാതെ വണ്ണിച്ച രസാനുഭൂതി വരുത്താൻ ശ്രമിക്കുന്നതു രസാഭാസം. ഉദാഹരണമായി രാജ്യം വെടിഞ്ഞു പത്നീസഹിതം വാനപ്രസ്ഥനായി വനത്തിൽ മുനിവൃത്തിയിൽ ജീവിക്കുന്ന ജീമൂതകേതുവിനെപ്പോലെയുള്ള വൃദ്ധരാജാവിനു തത്തുല്യയായ തൻെറ പത്നിയോടു രത്യാദികളെ വണ്ണിക്കുന്നതു രസാഭാസം. അതുപോലെ കാളതുടങ്ങിയുള്ള തിര്യഗ്ജന്തുക്കളുടെ രതിവണ്ണനവും രസാഭാസം. വിടശേഖരനെപ്പോലെയുള്ള ഒരേനായകൻ അനേകം സ്ത്രീകളോടു രമിക്കുന്നതായി വണ്ണിക്കുന്നതു രൂപകഭേദമായ ഭാണഗ്രന്ഥങ്ങളുടെ പ്രതിപാദ്യവും അതുരസപരിവാഹിയായിത്തീന്നിരിക്കുന്നതു സാഹിത്യസിദ്ധാന്തവും ആകുന്നു. നേരെമറിച്ച ഒരു സ്ത്രീയുടെ രതി അനേകം നായകന്മാരോടുള്ളതായി വണ്ണിക്കുന്നതു രസാഭാസം. ഇവിടെ പഞ്ചപാണ്ഡവന്മാരെ ഉദ്ദേശിച്ചുള്ള പാഞ്ചാലിയുടെ രതി ആഭാസമല്ലയോ എന്നുദിക്കുന്ന സംശയം അസ്ഥാനത്തിലല്ല. പക്ഷേ നാരദോപദേശമനുസരിച്ച ആദ്യം തന്നെ അഞ്ചുപേരെയും വിവാഹം ചെയ്യുന്നതായി നിശ്ചയിച്ചുപോയതുകൊണ്ടു അതു രസാഭാസമല്ലെന്നു ചിലരും, അതും രസാഭാസം തന്നെയെന്നു മററു ചിലരും അഭിപ്രായപ്പെടുന്നു. ഇതുപോലെ മററു രസങ്ങളിലും ആഭാസം ഊഹ്യമാകുന്നു.

## രസസങ്ഖ്യാനം

ശൃങ്ഗാരാദിശാന്താന്തമായി കാവ്യരസങ്ങൾ ഒമ്പതാണെന്നും, നാട്യത്തിൽ ശാന്തമൊഴിച്ച എട്ടുരസങ്ങളാണെന്നും, ഭരതൻ പ്രസ്താവിക്കുന്നു. ഒമ്പതാമതായി ശാന്തരസം സ്വീകരിക്കുന്നവരുടെ പക്ഷത്തിൽതന്നെ അതിൻെറ സ്ഥായിഭാവം ശമമെന്നു ചിലരും, വൈരാഗ്യലക്ഷണമായ തത്ത്വജ്ഞാനമാണെന്നു ചിലരും, നിവ്വേദമാണെന്നു മററു ചിലരും, പറഞ്ഞു കാണുന്നു. പത്താമതായി വാത്സല്യം എന്നൊരു രസം ചിലർ സ്വീകരിച്ചിരുന്നു. ഇതിനെ ഭോജൻ ശൃങ്ഗാരപ്രകാശത്തിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു—

> ''ശൃംങ്ഗാരവീരകരുണാദ്-
> ഭുതരൌദ്രഹാസ്യ-
> ബീഭത്സവത്സലഭയാ-
> നകശാന്തനാമ്നഃ।
> ആമ്നാസിഷുർ ദശ രസാൻ
> സുധിയോ വയം തു
> ശൃങ്ഗാരമേവ രസനാദ്ര-
> സമാമനാമഃ ॥ ''

രൌദ്രമായ പ്രവൃത്തി കാരുണ്യജനകവും, വീരകൃത്യം അദ്ഭുതോദ്പാദകവും, ബീഭത്സം ഭയങ്കരവും, ശൃങ്ഗാരം സന്തോഷരൂപമായ ഹാസ്യത്തെ ജനിപ്പിക്കുന്നതും, ആയതുകൊണ്ടു് ശൃങ്ഗാരം രൌദ്രം വീരം ബീഭത്സം എന്നിങ്ങനെ രസങ്ങൾ നാലുതന്നെ എന്നു ചില പ്രാചീനസാഹിത്യകാരന്മാക്കു അഭിപ്രായമുണ്ടായിരുന്നു.

ഭവഭൂതി ഉത്തരരാമചരിതത്തിൽ ''ഏകോ രസഃ കരുണ ഏവ''എന്നു പ്രസ്താവിക്കുന്നതിനാൽ അദ്ദേഹത്തിൻെറ മതം ക

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

രുണരസം ഒന്നുതന്നെ എന്നായിരിക്കണം. പൊങ്ങി ഒഴുകുന്ന പുഴയിലെ വെള്ളം ആവത്തബുദ്ബുദതരംഗാദിവികാരങ്ങളെ പ്രാപിക്കുന്നതുപോലെ കരുണരസംതന്നെ രതിക്രോധാദികളായി പരിണമിച്ചു ശോഭിക്കുന്നു.

മററുചിലർ,

"സ്വം സ്വം നിമിത്തമാസാദ്യ
ശാന്താദുൽപദ്യതേ രസ:।
പുനന്നിമിത്താ പായേ തു
ശാന്ത ഏവ പ്രലീയതേ" ॥

എന്നീ ഭരതവചനം പ്രമാണമാക്കി സർവ്വഭാവസാമാന്യ സ്വഭാവമായ ശാന്തരസം ഒന്നുതന്നെ എന്നും, അതു നിമിത്തനൈമിത്തികഭേദപ്രസംഗവശാൽ രതിക്രോധാദികളെ ജനിപ്പിക്കുന്നുവെന്നും, ശാന്തസ്വരൂപം തൃഷ്ണാക്ഷയസുഖമാണെന്നും, അതിൻെറ സ്ഥായിഭാവം ചിത്തവൃത്തിപ്രശമമാണെന്നും, പ്രതിപാദിക്കുന്നു. ശാന്തരസം ഉണ്ടെന്നുള്ളതിനെ ആനന്ദവൎദ്ധനൻ നിസ്സംശയം അംഗീകരിച്ചിരിക്കുന്നു. നാഗാനന്ദത്തിൽ ശാന്തരസത്തിലാണല്ലോ ശൃംഗാരം ഘടിപ്പിച്ചിരിക്കുന്നതു്. അവിടെ "രാഗസ്യാസ്പദമിത്യ വൈമി" ഇത്യാദ്യുപക്ഷേപം തുടങ്ങി പരാൎത്ഥം ശരീരവിതരണം ചെയ്യുന്ന നിൎവ്വഹണപൎയ്യന്തം ശാന്തവും, തദവിരുദ്ധമായി ജീമൂതവാഹനനു മലയവതീവിഷയകമായ ശൃംഗാരവും, തദവിരുദ്ധമായി വൈരാഗ്യശമപോഷകമായ സൎപ്പകളേബരാസ്ഥിജാലാവലോകനവൃത്താന്തവും, തദനനുഗുണമായി നിമിത്തനൈമിത്തികപ്രസംഗാഗതമായ ശേഖരകവൃത്താന്തോദിതഹാസ്യരസപുഷ്ടമായ ശൃംഗാരവും, മററും വീരാദിരസാന്തരിതമായി ഘടിപ്പിച്ചിരിക്കുന്നു.

ഭോജദേവൻ ശൃംഗാരം ഒന്നുതന്നെ രസം എന്നു ശൃംഗാരപ്രകാശത്തിൽ സവിസ്തരം നിരൂപണം ചെയ്തിരിക്കുന്നു. അദ്ദേഹം പറയുന്നു—

"വീരാദയോ മിഥ്യാ രസപ്രവാദാ:. ശൃംഗാര ഏവൈകശ്ചതുൎവ്വൎഗ്ഗകാരണം. സ രസ:" എന്നു.

ശൃംഗാരം എന്നുള്ളതു ആത്മാവിൻെറ അഹങ്കാരഗുണവിശേഷമാകുന്നു. അതുതന്നെ അഭിമാനം, അതുതന്നെ രസം. അതിൽനിന്നു രതിശോകഹാസാദികൾ ജനിക്കുന്നു. രത്യാദിസമ്പന്നനായ സഹൃദയൻ ശൃംഗാരിയായിത്തീരുന്നു എന്നാണു ഭോജൻെറ സിദ്ധാന്തം.

ഇങ്ങനെ സാഹിത്യപ്രസ്ഥാനവേദികൾ പലരും പലവിധത്തിൽ രസസംഖ്യാനം ചെയ്തിട്ടുണ്ടു്. അക്കൂട്ടത്തിൽ എന്നെപ്പോലെയുള്ളവരെയും സാഹിത്യപ്രസ്ഥാനവേദിയായി ആരെങ്കിലും ഗണിച്ചേയ്ക്കാമെങ്കിൽ രസം സംബന്ധിച്ചു എനിക്കും ഒരു പ്രത്യേക സിദ്ധാന്തം ഉള്ളതിനെ എടുത്തുപറയാതെ നിവൃത്തിയില്ലല്ലോ. രസം ഒന്നുതന്നെ. അതിൻെറ പേർ ഭക്തി എന്നാണ്. അതായതു അന്നദാതാവായ നമ്മുടെ പൊന്നുതിരുമേനിയുടെ നേൎക്കുള്ള ഭക്തിതന്നെ. പ്രജകളായ നമ്മുടെ നിൎമ്മലഹൃദയമുകുരത്തിൽ സ്ഥായിയായി രൂഢമൂലമായിത്തീൎന്നിരിക്കുന്ന ഈ ഭക്തിരസം അനാദിയായ സംസാരാവൎത്തത്തിൽ ആണ്ടു കറങ്ങിക്കൊണ്ടിരിക്കുന്ന നമ്മിൽ, ഭാൎയ്യാദികളെ വിഷയമാക്കുമ്പോൾ രതിരൂപത്തിലും, പുത്രാദികളെ ഉദ്ദേശിക്കുമ്പോൾ വാത്സല്യമായും, ബന്ധുമിത്രാദികളിൽ സ്നേഹമായും മററും പ്രകാശിക്കുന്നുവെന്നേയുള്ളു. ആയതുകൊണ്ടു കൊല്ലവൎഷം ൧൧൧൧-ാമാണ്ടു തുലാം

൮൭-ാണ്ടു ചിത്തിരനാളിൽ തിരുവവതാരം ചെയ്തരുളി ൧൧൦൦ ചിങ്ങം ൧൬-ാണ്ടു സ്ഥാനാരോഹണംചെയ്തു രാജ്യഭാരം നടത്തിവരുന്ന ശ്രീപദ്മനാഭപാദകമലപരമാരാധകനും പ്രജാരക്ഷാബദ്ധദീക്ഷനും കുലക്രമാഗതാനവദ്യവിദ്യാനുഗൃഹീതശീലചാരിത്ര പവിത്ര കീൎത്തിപ്രതാനപ്രസവസുരഭിയും ഹൃദ്യോത്തമ-വിദ്യാഗമ-വിസ്താരിത-ചാരിത്രക-സമ്പാദിത-പരിമേദുര-പരിഭാസുര-കീൎത്തിസുമ-രസലോലുപ-തരമാനസ-ജനമധുപാ-രവമുഖരീകൃതദിങ്മണ്ഡലനും ആയ മഹാരാജാവു തിരുമനസ്സിലേനേക്കു, ആ പൊന്നുതിരുമേനിയുടെ ഇരുപത്തിനാലാമത്തെ ജന്മൎക്ഷമഹോത്സവമായ ഈ ശുഭാവസരത്തിൽ നമ്മുടെ സ്ഥായിയായ രാജഭക്തിരസത്തെ പ്രദൎശിപ്പിക്കുകതന്നെ വിദ്യാഭൂഷിതരായ നമ്മുടെ രസാനുഭൂതി.

രാജ്യം പ്രാജ്യം പ്രതനപാനഃ
കാമ്യേ ധൎമ്മ്യേ പഥി സ്ഥിതഃ ।
ഹൃദ്യാം വിദ്യാമധിഗത-
ശ്ചൈത്രഗോത്രോ ഭൂദേധതേ ॥

രാഷ്ട്രേ സ്വീയേ മഹിതവിഭവോ
വൎത്തയൻ ധൎമ്മചക്രം
ബുദ്ധ്യാദ്ജ്ഞാനാദ്ധികസിതമതിഃ
ശ്രാവകൈഃ പൌരസങ്ഘൈഃ ।
പൂൎണ്ണൈശ്വൎയ്യഃ പരഹിതരതോ
ഹൃദ്ഗുണൈരഷ്ടഭിഃ സ്വൈ-
ൎജ്ജീയാച്ചൈത്രോ നൃപ ഇഹ മഹാ
യാനവാൻ സ്തൂയമാനഃ ॥

---


## ഭാഷാപോഷിണി

കേരളത്തിലെ ഏററവും പഴക്കവും പ്രചാരവും ഉള്ള വിശിഷ്ട മാസിക. പ്രസിദ്ധ ലേഖകന്മാരുടെ പ്രൗഢലേഖനങ്ങൾ, വിമൎശനങ്ങൾ, ജീവചരിത്രങ്ങൾ, ചെറുകഥകൾ, ലോകഗതി, കവിതകൾ, പ്രധാന സംഭവക്കുറിപ്പുകൾ, വിവിധവൃത്താന്തങ്ങൾ മുതലായവ ഓരോ ലക്കത്തിലും ഉണ്ടായിരിക്കും.

വരിസംഖ്യ മുൻകൂർ.

ഒരാണ്ടത്തേക്കു, ക. 2, ണ. 8 ആറുമാസത്തേക്കു, ക. 1, ണ. 4. ഒററ പ്രതിക്കു ണ. 4.

വി. പി അയയ്ക്കാൻ സമ്മതിച്ചോ പണം മുൻപേറയച്ചോ ആവശ്യപ്പെടാത്തവൎക്കു മാസിക അയയ്ക്കുന്നതല്ല.

പരസ്യക്കൂലി (മുൻകൂർ)

ഒററപ്രാവശ്യത്തേക്കു് ഒരു പേജിനു് അഞ്ചു രൂപാ. ദീൎഘകാലത്തേക്കു പ്രത്യേകനിരക്കു്.

☞ ഭാഷാപോഷിണി പഴയ ലക്കങ്ങൾ ഭംഗിയായി ബയൻറുചെയ്തു് തയ്യാറാക്കിയിരിക്കുന്നു. പുസ്തകമൊന്നിനു വില രൂപാ 2.

മാനേജർ, ഭാഷാപോഷിണി,
കോട്ടയം.

# ഗ്രന്ഥനിരൂപണം.

## കൈപ്പററി.

1. മംഗളോപഹാരം

കെ. നാരായണപ്പിഷാരടി എം. ഏ. വിശ്വനാഥ പ്രസ്സ്, എറണാകുളം; മഹാമഹിമോന്നത ശ്രീ കൊച്ചി പതിനൊന്നാംകൂറ് പരീക്ഷിത്തു കുഞ്ഞുണ്ണിത്തമ്പുരാൻ ബി. ഏ തിരുമനസ്സിലെ ഷഷ്ടിപൂത്തി മഹോത്സവാവസരത്തിൽ ആ തിരുമേനിയുടെ അനന്യസാധാരണങ്ങളായ അപദാനങ്ങളെ അധികരിച്ചു രചിച്ചിട്ടുള്ള ഒരു ഖണ്ഡകാവ്യം, വില അണ 8.

2. നമ്മദ

സി. പി. പരമേശ്വരൻപിള്ള. കമലാലയം ബുക്ഡിപ്പോ, തിരുവനന്തപുരം. ജമ്മനിൽനിന്ന് ഇംഗ്ലീഷിലും, അവിടന്ന് മലയാളത്തിലും അനുകരിച്ചെഴുതീട്ടുള്ള ഒരു ആഖ്യായിക; പരിഷ്കരിച്ച പതിപ്പ്—വില രൂപ ൧.

3. സാഹിത്യ പരിചയം

വിദ്വാൻ, ജി. ശങ്കരക്കുറുപ്പ്, വിശ്വനാഥ പ്രസ്സ്, എറണാകുളം, ഉപന്യാസരചനാ വിഷയത്തിൽ വിദ്യാത്ഥികളെ നേർവഴിയ്ക്കു നയിക്കുന്നതിനു സവ്വഥാ പൎയ്യാപ്തമായ ഗ്രന്ഥം, വിലയിട്ടിട്ടില്ല. ഒരുവപ്പികയ്ക്കു കിട്ടുമായിരിക്കും.

4. സാഹിത്യപ്രവേശിക, ഒന്നാം ഭാഗം

വിദ്വാൻ ടി. കെ. രാമൻ മേനോൻ, കലാവിലാസിനി പബ്ളിഷിങ്ങ് ഹൌസ്, തിരുവനന്തപുരം; ഭാരതീയ സാഹിത്യത്തെപ്പുരസ്കരിച്ചുള്ള ലഘുപ്രബന്ധങ്ങൾ, വിലരൂപ 1.

5. ഗദ്യപ്രദീപം

പ്രസാധകൻ. കലാവിലാസിനി പബ്ളിഷിങ്ങ് ഹൌസ് ഉടമസ്ഥൻ. പല ഗ്രന്ഥകാരന്മാരും എഴുതീട്ടുള്ള ഉപന്യാസങ്ങൾ. വില അണ 10.

9. ചാത്തുക്കുട്ടി മന്നാടിയാർ

വിദ്വാൻ ടി. കെ. രാമൻമേനോൻ, കലാവിലാസിനി പബ്ളിഷിങ്ങ് ഹൌസ് തിരുവനന്തപുരം, വില രൂപ 1. പ്രസിദ്ധതജ്ജമക്കാരനും, കവിയും ആയ ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാരുടെ ജീവചരിത്രം.

7. പ്രേമരംഗം അഥവാ വൃന്ദാവനം

ഗ്രന്ഥകത്താ പി. കേശവപിള്ള; പ്രസാധകൻ സി. ആർ. ബുക്ഡിപ്പോ, തിരുവനന്തപുരം, വില അണ 12.

8. പ്രബന്ധ കങ്കണം (ഉപന്യാസങ്ങൾ)

ഗ്രന്ഥകത്താ, വിദ്വാൻ വി. ററി. ഡേവിഡ്; പ്രസാധകന്മാർ എസ്. ററി. റെഡ്യാർ ആൻഡ് സൺസ്, കൊല്ലം, വില ചക്രം 21.

6. ധമ്മവേദി

ഗ്രന്ഥകത്താ, വിദ്വാൻ വി. ററി. ഡേവിഡ്; പ്രസാധകന്മാർ എസ്. ററി. റെഡ്യാർ ആൻഡ് സൺസ്, കൊല്ലം; വില ചക്രം 20.

7. മൃണാളിനി (ഗദ്യനാടകം)

ഗ്രന്ഥകർത്താ, വി. കൃഷ്ണൻ തമ്പി ബി. ഏ. പ്രസാധകൻ ആർ. ററി. പിള്ള, ചാല. വില അണ 12.

8. വിലാസിനി (ചെറുകഥ)

പി. ശ്രീധരൻനായർ ബി. ഏ. ചന്ദ്രാപ്രസ് & ബുക്ക് ഡിപ്പോ, ചാല; വില അണ 5.

9. വ്യോമയാനകഥകൾ

പി. ശ്രീധരൻനായർ ബി. ഏ. മഹാത്മാബുക്ക് ഡിപ്പോ, തിരുവനന്തപുരം. വില അണ 6.

## അഭിപ്രായങ്ങൾ

1. മൃണാളിനി (ഇന്നത്തെവനിത)

വി. കൃഷ്ണൻതമ്പി. ബി. ഏ. പ്രസാധകൻ ആർ. ററി. പിള്ള. ചാല വില. അണ. 12.

"ഇന്നത്തെ വനിതയെ" മഹാജനങ്ങളുമായി പരിചയപ്പെടുത്തുന്നതിന് മററൊരാളുടെ സഹായം വേണ്ടിവരുമെന്നു വിചാരിച്ചിരുന്നില്ല. എങ്കിലും മൃണാളിനി സുകുമാരൻ നായരുമായി പരിചയപ്പെടുന്നതിനു പ്രയോഗിച്ച വിദ്യ ഓർത്തപ്പോൾ അങ്ങനെ ഒരു കൃത്യം ആരെങ്കിലും ആദ്യം നിർവഹിക്കുന്നതു് സമാധാനത്തിനു സൌകര്യമായിത്തീരുമെന്ന് എനിക്കും തോന്നി. എന്നുവച്ച് അവർ ഒരു ലഹളക്കാരിയാണെന്നുള്ള പക്ഷക്കാരനാണ് ഞാൻ എന്നുതെററിദ്ധരിക്കരുതു്. തന്റേടം വേണ്ടുവോളം. സ്ത്രീയാണെന്നുവിചാരിച്ച് ഒതുങ്ങുന്ന സമ്പ്രദായമില്ല; സോഷ്യൽ അപ് ലിഫ്ററ് ലീഗിന്റെ ഒരു അംഗമായി താനേ നിശ്ചയം ചെയ്തു് ഇറങ്ങിയിരിക്കയാണ്. പാവപ്പെട്ടസുകുമാരൻ നായരെ ചികിത്സയ്ക്കുള്ള ഒരുരോഗിയുടെനിലയിലാണ് ആദ്യം കരുതിയതു്. പിന്നീടു് സൽക്കാര്യങ്ങൾ സാധിക്കുന്നതിനുള്ള ഒരു സഹായിഎന്ന നിലയിലും 'പ്രിൻസിപ്പൾ'കാരനായ അയാൾക്കു 'ലഗാൻ'പിടിക്കാൻ പററിയകാര്യസ്ഥതന്നെ. വിദ്യാഭ്യാസം കൊണ്ടുള്ള വിശാലവീക്ഷണവും, സത്സംസർഗ്ഗം കൊണ്ടുള്ള സ്വഭാവഗുണവും മനസ്സ്ഥൈര്യം കൊണ്ടുള്ള തന്റേടവും തികഞ്ഞ ഈ നവീന വനിത സൽക്കർമ്മങ്ങൾചെയ്യുന്നതിൽ യാതൊരു അഭിമാനമോ കൃതകൃത്യതയോ ഭാവിക്കുന്നില്ല. മററുള്ളവർ എന്തുപറയുന്നുവെന്നല്ല, അവരുടെ മനോഗതം എന്താണെന്നേ അവർ അന്വേഷിക്കുന്നുള്ളു. തനിക്കല്ല, അന്യർക്ക് അവരിൽനിന്നും ഉണ്ടാകാവുന്ന ദോഷങ്ങളെപ്പററിയാണ് അവർ ആരായുന്നതു്. ഏതുഘട്ടത്തിലും എന്താണ് ചെയ്യേണ്ടതെന്ന് ചോദിക്കാനും പറയാനും അവർക്കു സമയംവേണ്ട. ശരിയായിട്ടറിഞ്ഞു് നേർവഴിക്കുപ്രവർത്തിച്ച് എത്രപേർക്കാണ് അവരെക്കൊണ്ടു് ജന്മസാഫല്യം ഉണ്ടാകുന്നതു്! ഇപ്രകാരമുള്ള ഒരു യുവതിയെ ആദ്യം ആരും തെററിദ്ധരിക്കാതിരുന്നാൽ പിന്നീടു് എല്ലാം മംഗളമായിക്കലാശിക്കുമെന്ന് ഉറപ്പുപറയാൻ എനിക്ക് തീരെ അധൈര്യം തോന്നുന്നില്ല.

എന്റെ പ്രിയ സുഹൃത്തായ വടശ്ശേരി കൃഷ്ണൻ തമ്പിയവർകളുടെ ഭാവനാചാതുരിയും സ്വാരസ്യരസികത്വവും സാഹിത്യകുശലതയും കേരളീയരെ പറഞ്ഞറിയിക്കേണ്ട ഭാരം ഞാൻ ഇവിടെ നിർവഹിക്കേണ്ടതായിട്ടില്ലല്ലൊ. പലതരം സാഹിത്യത്തിലും കാലാനുസൃതമായ നവീനത്വം നല്കുന്നതിന് അദ്ദേഹം ശ്രേയസ്കരമായി

പ്രയത്നിച്ചിട്ടുള്ള കൂട്ടത്തിൽ മലയാളത്തിലെ ഫാർസിലും ഒരു പുതിയരീതിയാണ് ഇപ്പോൾ സൃഷ്ടിച്ചിട്ടുള്ളതു്. കുറച്ചുകാലമായി പതിവായിട്ടുള്ള കാമുകരുടെ കൂടിയാട്ടങ്ങളും അവരുടെ "ദല്ലാളുക്"ളായ ഭൃത്യരുടെ കുഴഞ്ഞാട്ടങ്ങളും ഇല്ലാതെ സമുദായസ്ഥിതിയ്ക്കു് അനുരൂപമായ ഒരു കഥാബന്ധം അദ്ദേഹം സാധിച്ചിട്ടുണ്ട്. സന്ദർഭശുദ്ധിയും നടന സൌകര്യവും അനുഭവമാധുര്യവും ഓരോ രംഗത്തിലും തികഞ്ഞിട്ടുണ്ടെന്നുതന്നെയല്ലാ പല നിലയിലുമുള്ള ജനങ്ങളുടെസ്ഥിതി ഗതികൾ പ്രദർശിപ്പിക്കുവാനും ഇതുപോലെ നിഷ്കർഷിച്ചിട്ടുള്ള പ്രഹസനങ്ങൾ ചുരുക്കമാണ്. ഇതിൽ ശൃംഗാരത്തിനു പ്രവേശം തന്നെ വളരെ പരുങ്ങലാണ്. സുകുമാരൻ നായരെയാണ് നാം ആദ്യവസാനം കാണുന്നതെങ്കിലും എല്ലാം മൃണാളിനിയുടെ പുറപ്പാടിലേക്ക് വഴികാട്ടുന്നതേയുള്ളു. അവരുടെ നിഴൽ കണ്ടനിമിഷം മുതൽ ഒരേയന്ത്രത്തിരിപ്പിൽ തന്നെ കാര്യങ്ങൾക്കെല്ലാം ശുഭോദയമായി. ഇങ്ങനെ കഥാഘടനയിൽ നട്ടനായകമായ ഒരുസ്ഥാനം നായികയ്ക്കു നല്കിയിട്ടുള്ളതുകൊണ്ടും ഈ കൃതി ഒരു നവീനസൃഷ്ടിയാണെന്നു പറയേണ്ടിയിരിക്കുന്നു. നവീനാദർശങ്ങളെ പുരസ്കരിച്ച്സന്മാർഗ്ഗപരമായ ഉപദേശങ്ങൾ സംഘടിപ്പിച്ച് ഇതിന്മണ്ണം പല സരസകൃതികളും "ഇന്നത്തെ വനിത"യെ തുടർന്നുണ്ടായിരിക്കുമെന്നു് ആശിക്കുവാൻ നമുക്ക് ന്യായമുണ്ട്.

A. G. M

## 2 വിലാസിനി

പി.ശ്രീധരൻനായർ ബി. ഏ.
ചന്ദ്രാപ്രസ് ബുക്ക്ഡിപ്പോ
ചാല.
വിലഅണ - 5

'വിലാസിനി' ഒരു ചെറുകഥയായിട്ടാണ് ഇപ്പോൾ പ്രത്യക്ഷപ്പെടുന്നതു്. ഇതിന്റെ കഥാസംഗ്രഹം പ്രസിദ്ധ ബങ്കാളി നോവൽ സാഹിത്യത്തിന്റെ ഉപജ്ഞാതാവായ ബങ്കിമ ചന്ദ്ര ചാററർ ജിയുടെ 'ഇന്ദിര'എന്ന നോവലിൽ നിന്നും സ്വീകരിച്ചിട്ടുള്ളതാണ്. പരിതസ്ഥിതികൾ മൂലം ഗ്രന്ഥത്തിൽ നിന്നും മാററിയിട്ടുണ്ടെങ്കിലും കഥാഘടനയ്ക്കു് അത്യന്തം യോജിക്കത്തക്കവണ്ണം ഗ്രന്ഥകർത്താവ് ശ്രമിച്ചുകാണുന്നതു് പ്രശംസാർഹമാണ്. സ്വതന്ത്രവും ലളിതവും ആയ ഗദ്യരീതി ആദ്യന്തം ഹൃദ്യമായിട്ടുണ്ട്. ചെറുകഥാകൃത്തുക്കൾക്ക് ഈദൃശശ്രമം ഒരു മാതൃകയായിരിക്കുമെന്നു വിശ്വസിക്കുന്നു.

B. P. P

II. 961

# യുവകവിപങ്ക്തി.

## കതിപയാഃ പദ്യസ്രജഃ ॥

പി. ശങ്കരസുബ്രഹ്മണ്യ ശാസ്ത്രി.

സാരാംശസംഭരിതഹാരാപഗാസലില
    ധാരാസുഹൃന്മധുര വാഗ്-
ഭാരാലസദ്ബുധഹൃദാരാമഖേലദതി-
    ധീരാന്യപുഷ്ടവനിതാ।
നാരായണദ്രുഹിണ ദാരാതി ഹൃഷ്ട-
    വിഹാരാനുകൂലകുശലാ-
ഗാരായിതാവതി മഹാരാട്പ്രിയാ ന ക-
    മുദാരാ*ശയാ സഹൃദയാ॥

    കതിപയകാലകലാം വാ
സുഖമതിവാഹ്യാ ഇതീഹയാ ഗ്രഥിതാഃ।
    പ്രാഭൃതയാമഃ പദ്യ-
സ്രജ ഏതാ ഭക്തിഭാരമേതസ്യൈ ॥

സ†സീമാഹീനൈരഹഹ! സുഹൃദോ
    ഭ‡ർത്സനൈരന്തരങ്ഗ-
മന്ദാക്രാന്തേ വിമനസി മയി കപ്യാപി
    ലിപ്സേ§ വിനോദം।
ഭക്ത്യാ ബാല്യാത് പ്രഭൃതി കവിതാസ്ര-
    ഗ്ഭിരഭ്യർച്ചിതാ യാ
വാഗംബാ സാ മയി കരുണയാ മത്പുരഃ
    പ്രാദുരാസീത് ॥

വർണ്ണാകൃത്യാ ജഗദിദമഭിവ്യാപ്യ
    സർവ്വം ജയന്ത്യാഃ
തസ്യാഃ സേവാ ധ്രുവമിഹ മമ
    ശ്രേയസേ സ്ഥേയസേ സ്യാത്।

ഇത്യാലോച്യ പ്രണതജനതാതാപ
    ഭാരാപഹന്ത്രീം
ഭക്ത്യാ പദ്യാത്മകകതിപയ
    സ്രഗ്ഭിരാരാധയം താം ॥

കൃഷ്ണാനന്ത പ്രമുഖകൃതിഭിഃ സംസ്തുതാം
    സാർത്ഥനാമാ
ഗോപാലോ യാമവതി കൃതിനാ
    തേന നാരായണേന।
അനർത്ഥാം താമപി സഹൃദയാം
    വാങ്മയീം സ്രഗ്ഭിരാഭിഃ
വാഗ്രൂപാഭിഃ സഹൃദയഹൃദാഹ്ലാദി
    കാഭിർഭജാമഃ ॥

ശ്ലോകാ ഏതേ വിബുധവചസാ
    ഗുംഭിതാഃ കേരളീയ-
വ്യാഹാരൈരേതാൻ കിമു സഹൃദയാ
    സാധ്യപേയാന്നവേതി।
ശങ്കാ മാ ഭൂദ്വിവിഷ്ടദ്ദിതേ
    ലബ്ധവർണ്ണാഃ പ്രഗല്ഭാഃ
കാവ്യാസ്വാദേ രതഹൃദ ഇദംപാലക-
    ഗ്രാഹകാ യത് ॥

ദൃഷ്ട്വാപ്യേതസ്മിൻ നൃജനുഷി വപുർജീ-
    വയോഃ സംഗതിർവ്യാ
വിദ്വാംസസ്താം ഫലമഭിദധത്യത്ര
    കാരുണ്യഭൃന്നഃ।

---

* ഉദാരാഃ ദാതാരഃ മഹാന്തോവാ ആശയഃ ആധാരഃ യസ്യാഃ സാ ॥. † Bowndary.
‡ ഭർത്സനന്തപകാരധീഃ ॥ § ദേവഭാഷായാം.

തത് കാരുണ്യം വിലസതി വിനാ
ക്ഷുദ്മഗന്ധേന യേഷാം
ചിത്താദർശേ സമുചിതവിദഃ
സജ്ജനാസ്തേ ജയന്തി ॥

യാഭിർജ്ഞാനാമപി ഗുണഗണാൻ
ധ്വംസയത്യസ്വതായാഃ
തസ്യാഃ സദ്യോവിശസനവിധിർഹ്യത്ര
സംപാദിതാനാം ।
*രായാം ന്യാസാസ്പദമിതി സമാലോച്യ
ധുന്വന്തി ദുഃഖാ-
ന്യാപന്നാനാം യ ഇഹ സദയാഃ
സജ്ജനാസ്തേ ജയന്തി ॥

സ്വാന്തേ യസ്യോദയതി ന ദയാ
ദർശനാദ്ദുഃഖിതാനാം
തദ്ഗാർഹസ്ഥ്യം മൃഗതൃഷി
മഹോഷ്മാതിഭാരാവൃതായാം ।
ശുഷ്കസ്യ ദ്രോരിവ കിസലയോത്പ-
ത്തിരിത്യാപ്തബോധാഃ
രക്ഷന്ത്യാർത്താൻ യ ഇഹ സദയാഃ
സജ്ജനാസ്തേ ജയന്തി ॥

സംപ്രാർണ്ണം തദപരിഹ സമാലോക-
നാദ്ദീനജന്തോഃ
യസ്യോദീ‡യാന്മനസി കരുണാ
"വിഗ്രഹോ നിർഘൃണാനാം ।
അസ്ഥ്നാം സ്തോമസ്ത്വഗഭിവൃത"
ഇത്യാപ്തവാഗ്ഭ്യോ വിദിത്വാ
ഹ്യാർത്തേഷ്വാർദ്രാ യ ഇഹ ദയയാ
സജ്ജനാസ്തേജയന്തി ॥

ശക്താസ്തീവ്രേ തപസി ബഹവഃ
സ്വക്ഷുധാക്ഷന്ത്യതാ ത-
ച്ഛക്തിസ് താം യേ വിതരണധുതാ-
കിഞ്ചനക്ഷുദ്വിബാധാഃ ।
പശ്ചാത്കുർവ്വന്ത്യവനതഹിതാബദ്ധ
കക്ഷ്യാഃ പ്രകൃത്യാ
സ്വാച്ഛാത്മാനഃ സമുചിതവിദഃ
സജ്ജനാസ്തേ ജയന്തി ॥

വാചം മർമ്മാവിധമപി തൃഷാം താം
വിനോതന്യതേ യത്
സാഹായ്യം തത് പരമിഹ ബുധൈഃ
ശ്ലാഘനീയം വിഭാതി
ധർമ്മഃ ശ്ലാഘ്യോ ഭവതി സ പരം
നിഷ്കളങ്കാന്തരംഗോ
യത് സ്യാന്മർത്ത്യഃ പര ഇഹ
പരാവേദനാർത്ഥം പരം സ്യാത് ॥

ദുഷ്ടാശാഭിർഗ്ഗളിതഹൃദയോ ഹാ!-
തിരോഭൂയ വേഷേ
ശിഷ്ടാനാം തദ്ധിതകൃദഹമിത്യാത്മനാ
യത് സ്തവീതി ।
യച്ചാന്യസ്വം ഹരതി സമയേ
ഹാഭ്യുപായൈരനേകൈഃ
വ്യാധസ്യൈവ്യഷാന്തരിതവപുഷോ
വിഷ്കിരഗ്രാഹവൃത്തിഃ ॥

കാമേ കാമം വ്യഥയതി മനഃ സ്വാ
നകാമാൻ വദന്തോ
വ്യാജാചാരൈരിഹ കതിപയേ
വഞ്ചയന്തേന്തികസ്ഥാൻ ।
നൈതേ ജാനന്ത്യഹഹ! വപുഷാ
സംഗതൈഃ പഞ്ചഭൂതൈ
നിധ്യാതൈതദ് ദുരിതചരിതൈ
ർഹാസമാതന്യമാനം ।

സ്വേന ജ്ഞാതേ നിപതതി യദി
വ്യാജകൃത്യേ സ്വകീയം
ചേതഃ ഭംഗൈർനഭ ഇവ ഫലം
കിന്നു വേഷൈരനേകൈഃ

* ധനാനാം ॥ ‡ ഉത്പൂർവ്വകസ്യാദാദികസ്യ "ഈര" ധാതോഃ ലിങ്.

ഗുംജാതുല്യം ബഹിരതിതരാം
സുന്ദരൈരന്തരങ്കോ-
പേതൈരേതൈർബത!ന കതി വാ
വഞ്ചിതാഃ സാധവോത്ര?

നാചക്ഷീരൻ ജഗതി നര ഇത്യാ
പ്തവാചസ്തമസ്മിൻ
വാചോ മോഘാ നയവിരഹിതാ
നിസ്ത്രപം യോ ബ്രവീതി।
സാരാംശോ യദ്വചസി ന മനാഗ്
ദൃശ്യതേ മൃഗ്യമാണഃ
ധീരാഃ പ്രാഹുഃ ഗുബ്ബുസ ഇതി തം
ജ്ഞാതതദ്വൃശ്ചരിത്രാ-॥

ബാണോ യദ്വ്യപ്യതിജ്ജ്വരഥാർപ്യേഷ
പാപഃക്രിയാതഃ
വീണാ വക്രാപ്യതിശുഭകരീ
ദൃശ്യതേ യദ്വദത്ര।
സദ്വൃത്തോയം ഭൃശമയമസദ്വൃത്ത
ഇത്യേഷ ബോധഃ
തദ്വത്തത്തദ്വിഹിതസദസത്കർമ്മഭിഃ
കേവലം സ്യാത് ॥

അണ്ഡം സ്വസ്യാശ്രയമിഹ പരിത്യജ്യ
ഹാ!ഹാ!സഹായം
ഗച്ഛന്നണ്ഡോദ്ഭവ ഇവ ബഹി
ർയാതി ജീവഃ ശരീരാത്
തസ്മാത് ഹിക്കാ വ്യഥയതിതരാം
യാവദേവാത്ര ജിഹ്വാം
താവദ്ധീമാനമലഹൃദയഃ
സംവിദധ്യാത്സ്വധർമ്മാത് ॥

ലാസ്യാഗാരം വിശതി ജനതാ
ലാസ്യനിധ്യാനഹേതോഃ
ലാസ്യേ തസ്മിന്നവസിതവതി
ദ്രാക് തതോ യാതി യദ്വത്।
തദ്വത് പ്രാപ്താ സുകൃതവശതഃ
തത്ക്ഷയേ യാതി സംപത്
തസ്മാത് ന്യായ്യാത് പദമപി പഥോ
ന വ്യതീയാത് ശുഭേച്ഛുഃ ॥

കേരാന്നാപണവത്തിനഃ കതിപയേ
ഗൃഹ്ണന്തി യത് സാധവേ
വിശ്ലേഷായ യദർപ്പയന്തി ച
ഭവതേ തത് പ്രശംസാസ്പദം।
യത്തസ്മാച്ച ജിഹീഷയാ ഗണപതേഃ
ശാർദ്ദൂലവിക്രീഡിതം
സന്തന്വന്ത്യഹഹാത്ര തത് കിമുചിതം?
ശശ്വച്ഛ്രേയസം വാഞ്ഛതാം ॥

ദ്രഷ്ടേ യസ്മിൽ സുഖമസുഖമപ്യാന്തരം
തദ്ദ്വയംനഃ
സംക്രാന്തം സ്യാത് പ്രതികൃതിരിവ
സ്ഫാടികേ ദർപ്പണേ ദ്രാക്।
സംഖ്യാവദ്ഭിഃ സുഹൃദിതി സമാഖ്യാ-
യതേ സോത്ര ധന്യഃ
നാമ്നൈവാന്യഃ സുഹൃദ "സുഹൃദം
കർമ്മണാ" തം സ്മരേത് കഃ ॥

കാര്യാസക്താന്തര ഇഹ നരോ
ജിഹ്മധീഃ സ്വസ്യ ജാഗ്ര-
ത്സ്വാര്യാഹൃദ്യം കൃതകമസകൃത്
വക്തി യച്ചാടുഗർഭം।
സദ്വൃത്താസ്തന്ന ന സുഹൃദയാ
ജാനതേ--ജാനതേ കി-
ന്ത്വസ്യ വ്യർത്ഥം കലയിതുമമീ
നേശതേ സ്നേഹഭാരം ॥

കോ വാ സാധുഃ കൃതകവചസാ
ചാരുണാവർജ്ജനീയഃ?
കൈവർത്തോപായൈരപരവിദിതൈ
സ്തസ്യ ചാതേർത്ഥാപഹാര്യഃ
ശയ്യോത്ഥായം പ്രതിദിനമിതിധ്യാ
യതോനാര്യവൃത്തേഃ
സംഗാദാപ്യം ഫലമിഹ സതഃ
കിന്നു ദുഃഖാദൃതേന്യത്?

അന്തർദ്ദൃഷ്ടാ ഗുഞ്ജരിവ ബഹിർഭാതി
യസ്യ പ്രവൃത്തിഃ
തത്സംസർഗ്ഗാദുപരതിരിഹ ശ്രേയസേ
സ്ഥേയസേ സ്യാത് ॥

ഇത്ഥം ജാനന്നപി ശാജ്ജനവ്യാജ
പാശാവരുദ്ധഃ
സാധുഃ കാം കാമനുഭവതി
ഹാ; ദുർദ്ദശാം കാലദോഷാത് ॥

യുക്തായുക്തഗ്രഹണപടവഃ
സദ്ഗുണായാസഭൃതാഃ
ശുദ്ധാത്മാനഃ സകലജനതാ
ശ്ലാഘനീയസ്വഭാവാഃ ।
സന്തോപ്യന്യപ്രലപിതവശാഃ
ഹന്ത! ചേതോവിരുദ്ധം
സന്തന്വീരന്യദി സഹൃദയാന്ത
സ്സ്ഥിരാസ്താൻ നപൃച്ഛേത്ത്? ॥

സ്വാരാജമൌലിഗതതാരാസമാനമണി-
വാരാംശുരൂഷിതപദാ
ധാരാധരാഭകചഭാരാ ഗലാകലിതഹാരാ
നതാതിശുഭദാ ।
ആരാധിതാ നിഗമസാരാർത്ഥവേദിഭി-
രപാരാദരേണ ദുഹിതാ
വാരാന്നിധേഗ്ഗതിരുദാരാശയാസ്തു മമ
നാരായണസ്യ ദയിതാ ॥

## അർദ്ധനാരീശ്വരദർശനം.

(ആർ. രാമവാര്യർ, വൈദ്യകലാനിധി)

൧. ക്വചിജ്ജടാമണ്ഡല ഖേലമാന-
സ്വർവ്വാഹിനീതുംഗ തരംഗഭംഗം
അന്യത്ര രാജൽ കബരീഭരാന്ത-
മന്ദാര മാലാളി ചലാളിമാലം

൨. പരത്ര ഗംഗാമൃത പൂർണ്ണകുംഭ -
വിന്യസ്തമുദ്രായിത ചന്ദ്രബിംബം
ഏകത്ര ചിത്രോജ്വല രത്നഭാസ്വൽ
കിരീടകാന്ത്യാ ഹതകുന്തളാന്തം

൩. ക്വചിച്ച ഭസ്മീകൃത മന്മഥോദ്യൽ
ഖർവ്വാന്യ ഗർവ്വോജ്വല ഫാലനേത്രം
അന്യത്രവക്ത്രാംബുജവാസലോഭ-
ലോലാളകാള്യുല്ലസിതാളികേന്ദ്രം

൪. ക്വചിൽ കൃപാസാരതരംഗഭംഗ-
ലോലായത പ്രോല്ലസദക്ഷിപത്മം
ക്വചിച്ച സാരംഗ കുലാംഗനാക്ഷി-
ഭംഗീഭിരംഗീകൃതചാരുനേത്രം

൫. ഏകത്ര ചക്രീകൃതകുണ്ഡലീന്ദ്ര-
നേത്രാശ്വ ദീപ്യന്നവകുണ്ഡലാഭം
ക്വചിദ്വിചിത്ര ദ്യുതിരത്ന രാജൽ
സൽകുണ്ഡലശ്രീ പരിമൃഷ്ടഗണ്ഡം

൬. അന്യത്ര വൃത്രാരിമണിപ്രകാണ്ഡ-
പ്രഭാപ്രതാനോജ്വല ചാരുകണ്ഠം
ക്വചിച്ച നാനാമണി ഭാസുരശ്രീ
ഹാരാവലീമഞ്ജുള താരശോഭം

൭. പരത്ര ഭോഗീശ്വര ഭോഗബദ്ധ
ഭൂഷോജ്വലദ്ധസ്ത ധൃതാസ്ത്രജാലം
ക്വചിന്മണി ശ്രേണിവിരാജമാന
ദീപ്രാംഗുലീയാംഗദകങ്കണാഢ്യം

൮. അന്യത്രചശ്മശ്രുജടാപ്രതാന
സംച്ഛന്ന വക്ഷസ്ഥലകുക്ഷിദേശം
ഏകത്ര പീനസ്തനഭാരനമ്ര
കാഞ്ചീകലാപാകുലമദ്ധ്യഭാഗം

൯. പരത്ര ഭോഗീശ്വര ഭോഗകാഞ്ചീ
നിബദ്ധരാജൽ ഗജചർമ്മപട്ടം
ക്വചിന്മൃദു സ്വച്ഛലസദ്ദുകൂല
വിരാജിതാ പാദതലപ്രദേശം

൧൦. ഏകത്ര കർപ്പൂര പരാഗഗൌര
ഭുജംഗഭോഗോ ജ്വലപാദപത്മം
അന്യത്ര പാദാംബുദരാജമാന
മഞ്ജീരമഞ്ജുസ്വനശിഞ്ജിതാശം

൧൧. ക്വചിത്സുരേന്ദ്രോപലവൃന്ദമാലാ
നിഷ്യന്ദി സൌന്ദര്യ മരന്ദസിക്തം
പരത്രശോണോ പലകാന്തിപൂര
നിമജ്ജിതാശാവലയാ വകാശം

൧൨: ഉപേത്യഭസ്മാഞ്ചി തമേകഭാഗേ
വിശേഷ ഭൂഷോജ്വലമന്യഭാഗേ
ചക്രാകുലോദൈവത മേഷയോഗീ
സദാശിവാഖ്യം സ്വഹസാ നനാമ.

---

# തിരുമുൽക്കാഴ്ച.

(ചങ്ങമ്പുഴ)

ആരുമറിഞ്ഞിടാതെൻ ജീവിതത്തിലേ-
യ്ക്കാരാൽ നടന്നുവരുന്നവ,ളാരുനീ?
പേർത്തു,മെൻ ചിത്തം തുളുമ്പിടുംമാ,റതാ
കേൾപ്പു, നിൻ നേരിയകാൽച്ചിലമ്പൊച്ചകൾ!
നെഞ്ചിടിപ്പേററുമാറെത്തുന്നു ചാരെ, നിൻ
ചഞ്ചല വസ്ത്രാഞ്ചല സ്വന വീചികൾ!
ചിന്നിപ്പരക്കുന്നു മൽ ജീവനാളത്തിൽ
നിൻ നെടുവീർപ്പിൻ സുഗന്ധ ലഹരികൾ!
...ആരുനീ,യുജ്ജ്വല ജ്യോതിർവിലാസമേ?
ആരുനീ,യുൽക്കടപ്രേമ വിശാലമേ?...

൨

ഇത്രയും കാല,മെൻ ചിന്തകൾക്കപ്പുറ-
ത്തജ്ഞാതയായ് നിന്നൊളിച്ചുകളിച്ചു നീ!
അങ്ങിങ്ങു കണ്ടു മൽ സ്വപ്ന രംഗങ്ങളി-
ലവ്യക്തമായി നിൻ കാലടിപ്പാടുകൾ!
അപ്പാദമുദ്രകൾ ചുംബിച്ചു, നിന്നെയോർ-
ത്തെത്ര നാ,ളൊററയ്ക്കിരുന്നു കരഞ്ഞു ഞാൻ!!
എൻ നിഴലിൻെറ പുറകിൽ മറഞ്ഞു നി-
ന്നെന്തിനോ, നിന്നെ ഞാൻകാത്തുപലപ്പൊഴും!
എങ്കിലും, നിന്നെ ഞാനെത്രമാത്രം ഭജി-
ച്ചെങ്കിലും, വന്നില്ല, വന്നില്ലടുത്തു നീ!!

൩

പോയിക്കഴിഞ്ഞു, വസന്ത ഹേമന്തങ്ങൾ
പോയിക്കഴിഞ്ഞു, ഹാ, പുഷ്പ നിലാവുകൾ;-
ഇത്തിമിരാപ്തവർഷാന്ത നിശയിലോ
കഷ്ടം, വരുന്നതെൻ പുൽക്കുടിലിങ്കൽ നീ?
ഏകാന്തതയു,മിരുട്ടു,മല്ലാതൊന്നു-
മേകാൻ നിനക്കില്ലിവിടെയി,ന്നോമനേ!!
അല്ലിലൊററയ്ക്കിങ്ങിരിക്കുകയാണു ഞാ-
നില്ലിങ്ങൊരുകൊച്ചു മൺവിളക്കെങ്കിലും!
നിന്നെ, സ്സുശോഭനേ, മാമക ജീവിത-
സ്പന്ദങ്ങളാൽ, സ്വയം സ്വാഗതം ചെയ്വു-
[ഞാൻ!!!...

൪

ഒന്നുമില്ലെങ്കില്യ,മേകുവാനുണ്ടെനി-
ക്കെന്നെ, നിനക്കെൻ വിനീതോപഹാരമായ്!
മൽ ജീവിതത്തിലെസ്സർവ്വ രഹസ്യവു-
മുജ്ജ്വലത്തായ മൽ സ്വപ്ന സാമ്രാജ്യവും;
മാമക ഹർഷ, വിഷാദ, ശതങ്ങളും
ഹാ, മമ പ്രേമവും;—എന്നുവേ,ണ്ടൊക്കെയും;
ഞാനെന്നൊരൊന്നിലടക്കി,നിൻ കാൽക്കൽ
[വെ-
ച്ചാനന്ദദേ,വന്നൊതിരേൽപ്പു നിന്നെ ഞാൻ!...
കണ്ണീരിൽ മുക്കി ഞാൻ കാഴ്ചവെച്ചീടുന്നൊ-
രെന്നുപഹാരമി,തംഗീകരിക്ക നീ!!......

# പ്രാചീനദേശ സംജ്ഞാകോശം.

(പി. അനന്തൻപിള്ള എം. ഏ.)

**വാടധാനം**—മഹാഭാരതം സഭാപർവ്വപ്രകാരം നകുലൻ കീഴടക്കിയ ഉത്തരഇൻഡ്യയിലെ ഒരുരാജ്യം; ബുദ്ധകാലത്തെ വേഥദ്വീപമെന്ന് J. A. S. B; ഇന്ദ്രപ്രസ്ഥത്തിന് പടിഞ്ഞാറെന്ന് മാർക്കണ്ഡേയപുരാണം; ആധുനിക ഭൂമിശാസ്ത്രപ്രകാരം Bhatnair.

**വാതഭദ്രപുരം**—ഗേക്വാർ തലസ്ഥാനമായ Baroda; കുമാരപാലൻ ഇവിടെനിന്നും ഓടിപ്പോയതായി ഇൻഡ്യാചരിത്രം Early History of Gujarat.

**വാതാപീപുരം**— ഇപ്പൊഴത്തെ ബീജപുരം ജില്ലയിലെ Badami; A. D ആറാം ശതകത്തിൽ പുലകേശിപ്രഥമൻ (മഹാരാഷ്ട്രാധിപൻ) എന്ന രാജാവിൻെറ തലസ്ഥാനമായിരുന്നു. അദ്ദേഹം ചാലൂക്യവംശസ്ഥാപകനായ ജയസിംഹൻെറ പൌത്രനായിരുന്നു. അശ്വമേധയാഗം നടത്തീട്ടുണ്ട്. പ്രാചീനതത്വഗവേഷണത്തിൻെറ ഫലമായി ഇവിടെ കുഴിച്ചപ്പോൾ രണ്ടു ഗുഹകൾ കണ്ടെത്തുകയുണ്ടായി. ഒന്നൊരു ജൈനക്ഷേത്രമാണ്. ആനയുടേയും കാളയുടേയും രൂപം സമ്മിശ്രമാക്കി ക്കൊത്തിയിരിക്കുന്ന ഒരു ശിലാവിഗ്രഹം അവിടെയുണ്ട്. ഈ പട്ടണം പല്ലവരാജാവായ നരസിംഹവർമ്മൻ തകർത്തുകളഞ്ഞതായി ചരിത്രം ഘോഷിക്കുന്നു. Ep. Ind.; ഇല്വലസഹോദരനായ വാതാപിയെ ഇവിടെവച്ച് അഗസ്ത്യൻ കൊന്നതായി മഹാഭാരതവനപർവ്വം.

**വടേശ്വരനാഥം**—അഥവാ ശിലാസംഗമനാഥം; വടേശ്വരനാഥക്ഷേത്രം സ്ഥിതിചെയ്യുന്നത് Kahalgaon എന്ന സ്ഥലത്തിന് നാലുനാഴിക വടക്കാണ്. വിക്രമശിലാസംഘാരാമം എന്ന ബുദ്ധചൈത്യാവശിഷ്ടങ്ങൾ അടുത്തൊരു പർവ്വതപാർശ്വത്തായിക്കാണാവുന്നതാണ്.

**വത്സ്യം**—അല്ലഹബാദിനു പടിഞ്ഞാറുള്ള ഒരു രാജ്യം; ഉദയനരാജാവിൻെറ തലസ്ഥാനനഗരം ഇവിടെയുള്ള കൌശാംബി ആയിരുന്നു. രാമായണകാലത്തു് ഈ രാജ്യം ഗംഗാനദിവരെ വ്യാപിച്ചിരുന്നതായി രാമായണം I. 52.

**വേദഗർഭപുരി**—ബംഗാളിലെ ഷഹബാദ് ജില്ലയിലെ Buxar. ഈ പട്ടണത്തിൻെറ മദ്ധ്യത്തിലായി വ്യാഘ്രസരസ്സ് എന്നൊരു കുളമുണ്ട്. അതിൽനിന്നുമായിരിക്കണം Buxar എന്ന നാമമുണ്ടായതു്.

**വേദപർവതം**— പക്ഷിതീർത്ഥം സ്ഥിതിചെയ്യുന്ന ത്രിപുരകുണ്ഡം എന്ന പർവ്വതം; ഇതു് മദിരാശി പ്രവിശ്യയിലാണെന്നു മാത്രം Indian Antiquary യിൽ കാണുന്നു. വേദഗിരി എ

ന്ന ഒരു ചെറിയ കുന്ന് ഏററുമാന്തുരി നട്ടത്തുള്ളതും ഒരു പുണ്യസ്ഥലമായി വിചാരിച്ച് ആളുകൾ സന്ദർശിക്കാറുണ്ട്; കാട്ടു പടൎന്നുപിടിച്ചുകിടക്കുന്ന ഈ കുന്നിൻെറ മുകളിൽ അഞ്ചുകൽത്തൂണുകൾ നിരന്നു നിൽക്കുന്നതു കാണാം. പാണ്ഡവന്മാരുടെ പ്രതിമകളെന്നു ജനങ്ങൾ സങ്കല്പിച്ചുവരുന്നു. വേദവ്യാസൻ പാണ്ഡവന്മാരെ വിദ്യ അഭ്യസിപ്പിച്ചസ്ഥലമെന്ന് ഐതിഹ്യം.

**വേദാരണ്യം**—തഞ്ചാവൂരു ജില്ലയിൽ കലിമിയർ കോടിയ്ക്കു് അഞ്ചുമൈൽ വടക്കുള്ള ഒരുവനം; അഗസ്ത്യൻ ഇവിടെ വസിച്ചിരുന്നതായി ദേവീഭാഗവതം.

**വേദശ്രുതി**—അയോദ്ധ്യാരാജ്യത്തെ ഒരു നദിയെന്നു വാല്മീകിരാമായണം; മാളവരാജ്യത്തെന്നും അഭിപ്രായഭേദമുണ്ട്.

**വേഗവതീ**—മധുരജില്ലയിലെ വേഗാനദി. പത്മപുരാണത്തിലും ഉത്തരരാമചരിതത്തിലുംവർണ്ണിച്ചിട്ടുണ്ട്. മധുരാപുരി ഈ നദീതീരത്തു സ്ഥിതിചെയ്യുന്നു.

**വേണാകടകം**— ആന്ധ്രപ്രദേശങ്ങളുടെ തലസ്ഥാനമായ വാറങ്കൽ; ഇതു് ഓരങ്കൽ (ഒരുകൽ) അഥവാ ഏകശിലയാണെന്ന് ഉള്ളൂർ (സഹൃദയ I—740)

**വെങ്ഗി**—ആന്ധ്രദേശങ്ങളുടെ തലസ്ഥാനം, കൃഷ്ണജില്ലയിൽ സ്ഥിതിചെയ്യുന്നു; ഇപ്പൊഴത്തെപ്പേരു വേഗി. ഏ. ഡി ഏഴാം ശതകത്തിൽ പുലകേശി രണ്ടാമൻെറ സഹോദരൻ ഇവിടെ വാണിരുന്നു. ഈ പട്ടണത്തിൻെറ പേരു വിക്രമാങ്കദേവചരിതത്തിൽ കാണുന്നുണ്ട്. ഇപ്പൊഴത്തെ Northern Sirkars പ്രദേശങ്ങളിലാണ് അതു സ്ഥിതി ചെയ്യുന്നതു്.

**വെങ്കടഗിരി**—വടക്കെ ആർക്കാട്ട് ജില്ലയിലുള്ള തിരുപ്പതിയ്ക്കുടുത്തുകിടക്കുന്ന ഒരു പൎവ്വതം. മദിരാശിയിൽ നിന്നും 72 നാഴിക ദൂരമുണ്ട്; രാമാനുജാചാൎയ്യൻ വൈഷ്ണവമതം സ്ഥാപിച്ചതു് ഇവിടെവച്ചാണ് (പത്മപുരാണം); ശേഷാദ്രി എന്ന് Ep. Ind; സ്കാന്ദപുരാണവും ഇതിനെപ്പററി പറഞ്ഞുകാണുന്നു.

**വേണുവിഹാരം**— രാജഗിരിയ്ക്കു (Rajgir) വടക്കുപടിഞ്ഞാറുള്ള ഒരു വേണുവനം; അവിടെ ബിംബിസാരൻ ഒരു വിഹാരം പണിയിച്ച് ബുദ്ധദേവനു നൽകി എന്നു മഹാവഗ്ഗ 1,22,17.

**വേശനഗരം**—ഭോപ്പാൽ രാജ്യത്തു ഭിൽസയ്ക്കടുത്ത ഒരു സ്ഥലം; ചൈത്യഗിരി എന്നു മഹാവംശം; ദശാർണത്തിൻെറ പ്രാചീനതലസ്ഥാനം; അവിടത്തെ ഒരു രാജാവിൻെറ പുത്രിയെയാണ് അശോകചക്രവൎത്തി വിവാഹം ചെയ്തതു്; അവരുടെ പേരു ദേവി എന്നായിരുന്നു.

**വേഥദ്വീപം**— ഗോരക്ഷപുരത്തിനടുകിഴക്കുള്ള വെഥിയയാണെന്നു ചിലർ പറയുന്നു. ബുദ്ധദേവൻെറ അസ്ഥികി

ളിൽ അരയ്ക്കാൽ ഭാഗം ഇവിടെ താമസിച്ചിരുന്നവക്കു കിട്ടിയത്രെ. അവിടെ അവർ പണിയിച്ച സ്തൂപികകളുടെ അവശിഷ്ടങ്ങൾ ഇന്നും കാണാനുണ്ട്.

**വേത്രവതി**—ഭോപ്പാൽ പ്രദേശത്തുള്ള ഒരു നദി. വിദിശാനഗരം ഇതിൻെറ തീരത്താണു സ്ഥിതിചെയ്തിരുന്നതു്. "തീരോപാന്ത സ്തനിത സുഭഗം പാസ്യസി സ്വാദുയസ്മാദ് സഭ്രൂഭംഗം മുഖമിവപയോ വേത്രവത്യാശ്ചലോർമി" എന്നുമേഘസന്ദേശം.

**ഭദ്ദിയ** (പാലി) **ഭദ്രിക** (Skt) ഭദിയനഗരം എന്നും പാലിഗ്രന്ഥങ്ങളിൽ കാണുന്നു. ഇതു് ഇപ്പോഴത്തെ Bhagalpore നു എട്ടുമൈൽ തെക്കാണ്; ജൈനതീർത്ഥംകരനായ മഹാവീരൻ ഇവിടെ കുറെക്കാലം താമസിച്ചിരുന്നു; പ്രസിദ്ധബുദ്ധശിഷ്യയായ വിശാഖയുടെ ജനനം ഇവിടെയാണ്.

**ഭദ്രകർണ്ണം**—അഥവാ കർണ്ണപുരം; നമ്മദാനദിയുടെ ദക്ഷിണതീരത്തുസ്ഥിതിചെയ്യുന്നു; ഇവിടത്തെ മഹാദേവക്ഷേത്രംപ്രസിദ്ധമാണ്; (Kattiawad) എന്ന സ്ഥലത്തുള്ള ഒരു പുണ്യതടാകത്തിനും ഈ പേരുണ്ട്.

**ഭദ്രാവതി**—മദ്ധ്യപ്രദേശങ്ങളിൽ വാരോരക്കു പത്തുമൈൽ വടക്കുള്ള ഒരു നഗരം; ജൈമിനീഭാരതപ്രകാരം യുവനാശ്വൻെറ തലസ്ഥാനമായിരുന്നു; Bhilsa യുടെ അപരനാമധേയമെന്നു Cunningham; ടാളമിയുടെ Bardaotis.

**ഭാഗനഗരം**—ദക്ഷിണഇന്ത്യയിലെ ഹൈദരബാദിനുള്ള പ്രാചീനനാമം.

**ഭാഗപ്രസ്ഥം**—Mirat നു മുപ്പതു മൈൽ പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന Bagpat. ധമ്മപുത്രൻ ദുര്യോധനനോടു യാചിച്ച അഞ്ചു ഗ്രാമങ്ങളൽ ഒന്നിതാണ്.

# പത്രാധിപ പങ്ക്തി. *

## തി. വി. മഹാസഭ

**തി.** വി. മഹാസഭയുടെ മുപ്പത്തൊൻപതാം വാൎഷിക യോഗം മഹാരാജാവു തിരുമനസ്സിലെ തിരുനാളാഘോഷകമായി കഴിഞ്ഞ തുലാം 8-ാംനു- വിക്ടോറിയാ ജൂബിലിഹാളിൽ ഭംഗിയായി നടന്നിരിക്കുന്നു. അദ്ധ്യക്ഷൻ രാജശ്രീ സദസ്യതിലകൻ ടി. കെ. വേലുപ്പിള്ള ബി. ഏ. ബി. എൽ അവർകൾ മഹാസഭയുടെ ചരിത്രത്തെയും, തിരുവിതാംകൂറിന്റെ നാനാ പ്രകാരത്തിലുള്ള അഭിവൃദ്ധിയേയും, വിശിഷ്യ ചിത്തിര തിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഭരണകാലത്തു് അഭിനവമായി ഏൎപ്പെടുത്തീട്ടുള്ള പരിഷ്കാരപദ്ധതികളേയും പററി സരസമായി ഉപക്രമത്തിൽ പ്രതിപാദിച്ചു. അതിനുശേഷം കാൎയ്യദൎശി മി. പി. അനന്തൻപിള്ള വിജ്ഞാപ്തിരൂപത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്നും ഏതാനും ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"കഴിഞ്ഞ വാൎഷിക യോഗത്തിനു ശേഷം ലോകത്തിനാകപ്പാടെ നേരിട്ടിട്ടുള്ള ഒരു ദുഃഖവൎത്തമാനത്തോടുകൂടി ഇത്തവണത്തെ വിജ്ഞപ്തി ആരംഭിക്കേണ്ടിയിരിക്കുന്നു. സ്വഭാവഗുണത്താലും ഭരണനൈപുണ്യം കൊണ്ടും ബ്രി—സാമ്രാജ്യത്തിലുള്ളവൎക്കുമാത്രമല്ല, അഖില ലോകൎക്കും ഒരു ആരാദ്ധ്യപുരുഷനും രാജശ്രേഷ്ഠനും ആയിരുന്ന ജോർജ് അഞ്ചാം ചക്രവൎത്തി തിരുമനസ്സുകൊണ്ടു് കഴിഞ്ഞ ജനുവരിമാസത്തിൽ ഇഹലോകവാസം വെടിഞ്ഞ സംഭവം സന്താപഭാഗത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു. പ്രതാപശാലിയും കരുണാനിധിയും ആയ ആ തിരുമേനിയുടെ അനന്തരഗാമിയായി രാജ്യഭാരം അംഗീകരിച്ചിരിക്കുന്ന എഡ്‌വേഡ് എട്ടാമൻ തിരുമനസ്സുകൊണ്ടു് തത്തുല്യമാഹാത്മ്യങ്ങളോടു കൂടി ദീൎഘകാലം സാമ്രാജ്യം ഭരിക്കുമാറാകട്ടെ എന്നു നമുക്കു് ജഗദീശ്വരനോടു പ്രാൎത്ഥിക്കാം.

ഇപ്പോൾ പൂൎണ്ണ വളൎച്ചയെ പ്രാപിച്ചു് ബലിഷ്ഠഗാത്രമായി നിങ്ങളുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ഈ മഹാസഭയുടെ സിരകളിൽ കൂടി പായുന്ന രക്തം രാജഭക്തിയാകുന്നജീവപരമാണുക്കളാൽ നിബദ്ധീകൃതമാണെന്നുള്ള പരമാൎത്ഥം അവളുടെ ചരിത്രപങ്ക്തികൾ സാക്ഷ്യം വഹിക്കുന്നതാകയാൽ, തിരുവിതാംകൂറുമായി അത്യന്ത സൗഹൃൽ ബന്ധത്തിലേപ്പെട്ടിരിക്കുന്ന അധീശഗവൺമെൻറിന്റെ യോഗക്ഷേമ കാൎയ്യങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കുന്ന നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് സദയം രക്ഷിച്ചുവരുന്ന മഹാസഭയുടെ വാൎഷിക വൃത്താന്തത്തിൽ മേല്പറഞ്ഞ സംഭവങ്ങൾക്കുള്ള സമുചിതസ്ഥാനം ആൎക്കും അപലപിക്കാവുന്നതല്ല. വിശിഷ്യ, മഹാരാജാവു തിരുമനസ്സിലേയ്ക്കു് ചക്രവൎത്തി തിരുമനസ്സിൽ നിന്നും ലബ്ധമായ ജി. സി. ഐ. ഈ ബിരുദം സ്വീകരിക്കുന്നതിനു് ഇൻഡ്യയുടെ തലസ്ഥാനമായ ഡൽഹിയിലേയ്ക്കെഴുന്നെള്ളിയതും, സ്മരണീയമായ ആ സംഭവത്തിനുശേഷം,

* ഈ ലക്കം വൃശ്ചികമാസത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാകയാൽ അതുവരെയുള്ള കാൎയ്യങ്ങൾ പരാമൎശിച്ചിട്ടുണ്ടു്—Ed

സ്വരാജ്യത്തേയ്ക്കു തിരിച്ചെഴുന്നള്ളിയപ്പോൾ ഇവിടത്തെ രാജഭക്തരായ പൌരന്മാർ ഹാർദ്ദമായി സൽക്കരിച്ച് നൽകിയ മംഗളപത്രത്തിൽ സൂചിപ്പിച്ചിന്നരു ധന്യവാദങ്ങൾക്കും മംഗളാശംസകൾക്കും പ്രോത്സാഹജനകമായ മറുവടി അരുളിച്ചെയ്കതും എല്ലാവരുടേയും ഹൃദയതലങ്ങളിൽ അഭിനവമായിരിക്കുന്ന വസ്തുതകളാണ്.

* * *

തിരുമനസ്സിലെ സാചിവ്യം സ്വീകരിച്ച് അപാരമായ ബുദ്ധിശക്തിയും, രാജ്യതന്ത്രകുശലതയും ഈ നാട്ടിലെ ജനക്ഷേമാർത്ഥം വിനിയോഗിക്കുവാൻ സന്നദ്ധനായിരിക്കുന്ന സർ സി. പി. രാമസ്വാമി അയ്യർ മഹാസഭയുടെ കഴിഞ്ഞതിന്നു മുമ്പിലത്തെ വാർഷികയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ട് പ്രസ്താവിച്ചതു നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കാം. "മഹാരാജാവു തിരുമനസ്സിലെ തിരുനാൾതോറും അവിടത്തേയ്ക്കു ആയുരാരോഗ്യ സൌഖ്യങ്ങൾ പ്രാർത്ഥിക്കുക എന്നതുകൂടി മഹാസഭാസമ്മേളനത്തിൻെറ ഒരു പ്രധാന കർത്തവ്യമാകയാൽ അതിൻെറ പ്രാധാന്യം ദ്വിഗുണീഭവിക്കുന്നു" എന്നാണദ്ദേഹം പറഞ്ഞത്.

* * *

അതിനുശേഷം എൻെറ കാര്യദർശിത്വത്തിൽ നടന്ന പതിനഞ്ചു യോഗങ്ങളിലായി 40 പ്രസംഗങ്ങൾ കഴിഞ്ഞതിൽ ധർമ്മശാസ്ത്രത്തിൽ മരുമക്കത്തായ പ്രകാശനം, സാഹിത്യമാഹാത്മ്യം, ജ്യോത്സ്യം, പൌരസ്ത്യസ്ത്രീകളുടെ പരാധീനത, ദിനചര്യയിലെ പ്രകൃതിജ്ഞാനം, യോഗവിദ്യ, സ്ത്രീകളും സമുദായസേവനവും, ആത്മവിദ്യയുടെ മൂലതത്വങ്ങൾ, കവിതയും തത്വചിന്തയും, വിദ്യാലയങ്ങളും ഹൃദ്യകലകളും, എട്ടുവീട്ടിൽ പിള്ളമാർ, പുരാണങ്ങളിൽനിന്നു ചില പാഠങ്ങൾ, ആയുർവേദവും ആരോഗ്യവും, തിരുവിതാംകൂറിലെ സഹവിദ്യാഭ്യാസപദ്ധതി, വിദ്യാഭ്യാസവും പൊതുജനാരോഗ്യവും, കഥകളിയുടെ പുനരുദ്ദീപനം, എന്നു പല പ്രൌഢവിഷയങ്ങളെപ്പററിയും ഓരോ വിദ്വാന്മാരും വിദുഷികളും ഗാഢമായി ചിന്തിച്ച് പ്രകാശിപ്പിച്ചിട്ടുള്ള പ്രസംഗങ്ങൾ സ്മരണീയങ്ങളാണ്.

* * *

നാട്ടുഭാഷയുടേയും അതിലെ സാഹിത്യത്തിൻെറയും ക്ഷേമം കാംക്ഷിക്കുന്ന മഹാസഭയ്ക്കു ആ വിഷയത്തിൽ ആദ്യമായി സദസ്യരെ ധരിപ്പിക്കുവാനുള്ളത് ഈ ഒരു കൊല്ലം സംഭവിച്ചിട്ടുള്ള അനേകം സാഹിത്യകാരന്മാരുടെ ചരമമാണ്. കവിതിലകൻ കുണ്ടൂർ നാരായണമേനോൻ, അമ്പാടി നാരായണപ്പൊതുവാൾ, കല്ലമ്പള്ളി വിഷ്ണുനമ്പൂരി, പൈലോ പാൾ, കാവുങ്കൽ ശങ്കരപ്പണിക്കർ, തരവത്ത് അമ്മാളുഅമ്മ, സി. അന്തപ്പായി, കടത്തനാട്ടു കൃഷ്ണവാര്യർ, ഇടപ്പള്ളി രാഘവൻപിള്ള ഇത്രയും പേർ കൈരളിയ്ക്കു നഷ്ടമായിപ്പോയ വിവരം ഇവിടെ സന്താപസമന്വിതം രേഖപ്പെടുത്തിക്കൊള്ളുന്നു.

അനുദിനം ഉൽക്കർഷം പ്രാപിച്ചുവരുന്ന നമ്മുടെ ഭാഷാസാഹിത്യത്തിന് അടുത്ത കാലത്തിവിടെ കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന സമസ്തകേരള സാഹിത്യ പരിഷത്സമ്മേളനവും, പൌരസ്ത്യമഹാസഭയും നിശ്ചയമായും അഭിമാനാസ്പദങ്ങളായിത്തീരുമെന്ന് ആശിക്കാം. പ്രതികൂലശ

ക്തികളുമായി പലപ്പൊഴും മല്ലിടേണ്ടതായി വരുന്നതുകൊണ്ട് ഭാഷാവിഷയമായ ശ്രമങ്ങൾ ഉപേക്ഷിക്കുന്നതായാൽ അതു നാം മാതൃഭാഷയോടു ചെയ്യുന്ന ഒരു വലിയ അപരാധമായിത്തീരുമല്ലോ എന്നു വിചാരിച്ചിട്ടാണ് ഇത്തരം സ്ഥാപനങ്ങളോടു പ്രതിപത്തിതോന്നുകയും പ്രവൎത്തിക്കുകയും ചെയ്യുന്നത്. മററു പല മാൎഗ്ഗങ്ങളിലും ഉൽക്കൎഷം പ്രാപിച്ച് ജന്മോദ്ദേശ്യം നേടി എന്നു കൃതാൎത്ഥത നടിക്കുന്നവർ അവഹേളിക്കാതിരുന്നാൽ അതുതന്നെ ആയിരിക്കും അവർ ചെയ്യുന്ന ഉപകാരകൃത്യം. എന്തായാലും ഭാഷയോടും കലകളോടും പൂൎണ്ണാനുകൂല്യമുള്ള മഹാരാജാവു തിരുമനസ്സുകൊണ്ട് നമ്മെയെല്ലാം ഭരിക്കുകയും, രാജ്യതന്ത്രത്തിലെന്നതുപോലെതന്നെ കലകളിലും അദ്വിതീയ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ഒരു മഹാമനസ്കനായ മന്ത്രിവൎയ്യൻ സഹായിക്കുകയും ചെയ്യുന്ന ഈ സുവൎണ്ണകാലസംപ്രാപ്തിയിൽ നമുക്കു ചാരിതാൎത്ഥ്യത്തിനവകാശമുണ്ടെന്നു മാത്രമേ തൽക്കാലം പറയേണ്ടതായിട്ടുള്ളു.

* * *

ഏതൊരു തിരുമനസ്സിലെ തിരുനാളാഘോഷകമായി നാം ഇന്നിവിടെ കൂടിയിരിക്കുന്നുവോ പുണ്യാത്മാവായ ആ തിരുമേനി ദീൎഘകാലം ആരോഗ്യഭാഗ്യങ്ങളോടുകൂടി രാജ്യത്തേയും പ്രജകളേയും ഭരിക്കുമാറാകട്ടെ എന്നുള്ള പ്രാൎത്ഥനയോടുകൂടി ഈ വിജ്ഞപ്തി അവസാനിപ്പിച്ചുകൊള്ളുന്നു.''

## ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല

**ഈ** ഗ്രന്ഥശാലയുടെ വാൎഷികയോഗം പതിവുപോലെ തിരുനാളാഘോഷകമായി ജൂബിലിഹാളിൽ കൂടി. സർ. സി. പി. രാമസ്വാമി അയ്യർ ആദ്ധ്യക്ഷ്യം വഹിച്ചു. പ്രൌഢമായ ഉപക്രമപ്രസംഗത്തിനുശേഷം ശ്രീമാൻ മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾ 'വായനശാലകളുടെ പരാജയം' എന്ന വിഷയത്തെപ്പററി പ്രസംഗിച്ചു. കണ്ടെടത്തോളം കൊണ്ട് തിരുവിതാംകൂറിലെ വായനശാലകൾ വിജയമാൎഗ്ഗത്തിലെത്തീട്ടില്ലെന്ന് അദ്ദേഹം സോദാഹരണം തെളിയിക്കുവാൻ ശ്രമിച്ചു. അദ്ധ്യക്ഷനവർകളും, കൃതജ്ഞത പ്രകാശിപ്പിച്ച റാവുബഹദൂർ ഡാക്ടർ കുഞ്ഞൻപിള്ളയും, പ്രസംഗകൻെറ ചില അഭിപ്രായങ്ങളോടു വിയോജിക്കയാണു ചെയ്തതു്. വായനശാലകൾ പരാജയത്തിൽ കലാശിച്ചതായി വിചാരിക്കുവാൻ നിവൃത്തിയില്ലെന്നും, ഗവൺമെൻറിൻെറ പ്രോത്സാഹനം നാൾക്കുനാൾ കൂടിവരികയാണെന്നും അവർ ധ്വനിപ്പിക്കയുണ്ടായി. മഹാരാജാവു തിരുമനസ്സിലേയ്ക്കുള്ള മംഗളപത്രം ശ്രീമതി മിസ്സസ് അന്നചാണ്ടി സഭയിൽ വായിക്കുകയും സദസ്യർ എഴുനേററുനിന്ന് ആയതു് അംഗീകരിക്കുകയും ചെയ്തു. ഒടുവിൽ വഞ്ചീശമംഗളത്തോടുകൂടി സഭ പിരിഞ്ഞു. ആൾക്കൂട്ടം അഭൂതപൂൎവമായിരുന്നു എന്നുതന്നെ പറയാം.

## കൃസ്തീയ യുവജന സമാജം

**ഈ** സ്ഥാപനത്തിൻെറ ആഭിമുഖ്യത്തിൽ വൈ. എം. സി. ഏ ഹാളിൽ കൂടിയ യോഗത്തിലെ പ്രധാനചടങ്ങ് മഹാരാജാവു തിരുമനസ്സിലെ ദീൎഘായുരാരോഗ്യാശംസകമായ പ്രാൎത്ഥനയും രാജഭക്തിപ്രമേയവും ആയിരുന്നു. ശ്രീമാന്മാരായ കെ. സി. ഈപ്പനും, പി. അനന്തൻപിള്ളയും, ശ്രീമതി മേരിജാണും പ്രമേയത്തെ സംബന്ധിച്ചു പ്രസംഗിച്ചു. ന്യൂസിലൻഡ്, ഫിലിപ്പൈൻ ദ്വീപുകൾ, അമേരി

ക്കയിലെ ഐക്യസംസ്ഥാനങ്ങൾ, ജപ്പാൻ, ചൈന എന്നീ രാജ്യങ്ങളിൽ നിന്നും ഇവിടെ അഭ്യാഗതകളായിരുന്ന യുവതികൾ മഹാരാജമംഗളാശംസാപരമായ ഓരോ ചെറിയ പ്രസംഗം ചെയ്തു എന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണ്. സർവജനീനമായ ഭോജനവും ഉണ്ടായിരുന്നു.

## തിരുനാൾ ബഹുമതികൾ

മഹാരാജാവു തിരുമനസ്സുകൊണ്ടു് തിരുനാൾ സംബന്ധമായി സർ. സി. പി. രാമസ്വാമി അയ്യർക്ക് സചിവോത്തമനെന്നും, റാവുബഹദൂർ ഡാക്ടർ കുഞ്ഞൻ പിള്ളയ്ക്കു രാജസേവാനിരതനെന്നും, റാവുസാഹിബ് ഉള്ളൂർ പരമേശ്വരയ്യരവർകൾക്കു മഹാകവി എന്നും, എ. നല്ലപെരുമാൾ പിള്ളയ്ക്കു് രാജഭക്തൻ എന്നും ഉള്ള സ്ഥാനങ്ങൾ നൽകിയിരിക്കുന്നു. ഇപ്പറഞ്ഞ നാലുപേരും അവരവർ അർഹിക്കുന്ന വിധത്തിലുള്ള സ്ഥാനങ്ങൾതന്നെയാണ് തിരുമനസ്സുകൊണ്ടു കല്പിച്ചുകൊടുത്തിട്ടുള്ളതെന്നു സംശയമില്ല. മി. പരമേശ്വരയ്യർക്കാകട്ടെ വളരെ നേരത്തെ തന്നെ ജനങ്ങൾ ആ സ്ഥാനം നൽകിക്കഴിഞ്ഞിരിക്കുന്നു. എങ്കിലും അതൊരു രാജകീയ ബിരുദമായി അംഗീകൃതമാകയാൽ അതിനൊരു അഭിനവമാഹാത്മ്യം സിദ്ധിച്ചിരിക്കുന്നു എന്നു പറയാവുന്നതാണ്. സഹൃദയയുടെ രക്ഷാധികാരിമാരിലൊരാൾക്കു കിട്ടിയ ഈ ബഹുമതിയിൽ പ്രത്യേകമായ അഭിമാനത്തിൻവകയുള്ളതിനാൽ മഹാകവിയ്ക്കു സകലമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

## ക്ഷേത്രപ്രവേശം

തിരുനാൾ വാരത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് തിരുവിതാംകൂറിലെ അവർണ്ണഹിന്ദുക്കൾക്കു നൽകിയ ഒരു മഹാനുഗ്രഹം ക്ഷേത്രപ്രവേശാവകാശമാകുന്നു. തിരുമനസ്സിലെ സാമുദായിക പരിഷ്കാരതല്പരതയും, പരിതസ്ഥിതികൾക്കനുരൂപമായി പ്രവർത്തിക്കുന്നതിനുള്ള ധൈര്യവും, പ്രജാവാത്സല്യവും, നീതി നടത്തുന്നതിനുള്ള ശ്രദ്ധയും പ്രത്യക്ഷം ലക്ഷീകരിക്കുന്ന ഈ വിളംബരം സകലജനങ്ങളും ഏകകണ്ഠമായി അംഗീകരിച്ചു് ആഹ്ലാദിച്ചുവരുന്നു. അഭൂതപൂർവമായ ഈ രാജകീയശാസനത്തിൻെറ അന്തരാർത്ഥം മനസ്സിലാക്കി ക്ഷേത്രങ്ങൾ ആത്മീയസംസ്കാരത്തിനും, മനസ്സമാധാനത്തിനും അത്യന്താ ഉപയോഗപ്രദമാക്കിത്തീർക്കുന്നതിൽ ഹിന്ദുക്കളെല്ലാവരും സഹകരിച്ചു പ്രവർത്തിക്കുന്നതായാൽ ഇതിൽപ്പരമായ ഒരു നന്മ ഇനി ഈ നാട്ടിനു വന്നുകൂടാനില്ല. സ്ഥലമഹിമ, സ്വത്തു്, ശുചിത്വം, സുഖപ്രദായിത്വം മുതലായി ചിലക്ഷേത്രങ്ങൾ അർഹിക്കുന്ന ഉൽകൃഷ്ടസ്ഥാനം മേലും അഭംഗുരമായി പരിപാലിച്ചു പോകേണ്ടതു് ഹിന്ദുക്കളുടെ കടമയാകയാൽ, ഈ പരിഷ്കാരം കൊണ്ടുണ്ടായേക്കാവുന്ന പരിവർത്തനം ഉൽപ്പതിഷ്ണുക്കളായ വിദ്വാന്മാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. അങ്ങനെയുള്ള ഒരു വിദ്വത്സംഘത്തിൻെറ ഉപദേശമനുസരിച്ചു് ആശാസ്യങ്ങളായ ഏർപ്പാടുകൾ ചെയ്തു് ക്ഷേത്രങ്ങളെ സൌഭാഗ്യസങ്കേതങ്ങളാക്കിത്തീർക്കുവാൻ മഹാരാജാവുതിരുമനസ്സിലെ ഗവർമ്മെൻറു ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

## വർഷാന്ത്യ പ്രസ്താവന.

സഹൃദയ ആരംഭിച്ചിട്ടു് ഇതാ ഒരു വർഷം പൂർത്തിയായിരിക്കുന്നു. ആദ്യം ഞ

ങ്ങൾ പറഞ്ഞതുപോലെയെല്ലാം നടത്തീട്ടുണ്ടോ എന്നു പരിശോധിയ്ക്കേണ്ടതു് സഹൃദയന്മാരായ വായനക്കാരുടെ കൃത്യമാണല്ലോ. മാസികയുടെ നിലനില്പിനു് ഞങ്ങൾ രണ്ടു കാരണങ്ങളാണു നിർദ്ദേശിച്ചിരുന്നതു്— ധാരാളം ലേഖനങ്ങൾ കിട്ടിക്കൊണ്ടിരിക്കുക, ധനസംബന്ധമായ ക്ലേശങ്ങൾ ഇല്ലാതിരിക്കുക. ഇതിൽ ആദ്യത്തേതു് സഫലമായില്ലെന്നു തന്നെപറയാം. അക്കാരണത്താൽ മാസം തോറും മാസിക അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു സാധിച്ചിട്ടില്ലെന്നു് അല്പം കുണ്ഠിതത്തോടുകൂടി പറയേണ്ടിയിരിക്കുന്നു എങ്കിലും പ്രസാധകസംഘത്തിലുൾപ്പെട്ടവരും അവരു സ്വാധീനശക്തി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുള്ള ബന്ധുക്കളും കൂടി ലേഖനവിഷയമായ ബുദ്ധിമുട്ടുകൾ അപ്പൊഴപ്പോൾ പരിഹരിച്ചു എന്നു സാഭിമാനം പ്രസ്താവിക്കാവുന്നതാണു്. പുറമേ നിന്നും കിട്ടിയ ലേഖനങ്ങൾ, വിശേഷിച്ചും കവിതകൾ പ്രസിദ്ധീകരിച്ചാൽ സഹൃദയരുടെ 'അന്തസ്സിനും മോടിക്കും' ഹാനിസംഭവിക്കുമെന്നുള്ള ഭയം കമ്മിററിയെ കലശലായിബാധിക്കുകയും തദനുസരണമായി അവയിൽ പലതും നിഷ്കരുണം ഉപേക്ഷിക്കുകയും ചെയ്യേണ്ടതായിവന്നു. ഇതിൽ നമ്മുടെ ഗദ്യലേഖകന്മാരും പദ്യകൃത്തുകളും സദയം ക്ഷമിക്കുമെന്നുതന്നെയാണു് സഹൃദയ പ്രതീക്ഷിക്കുന്നതു്. അവരോടു സാനുകമ്പം പെരുമാറേണ്ടതാവശ്യമാണെന്നു ഞങ്ങൾക്കു പലപ്പോഴും തോന്നീട്ടുള്ളതിന്റെ ഫലമായിട്ടാണു് യുവകവിപങ്ക്തി ഏർപ്പെടുത്തിയതു്. ഈ നയം മേലും തുടർന്നുകൊണ്ടുപോകാൻ നോക്കാം എന്നുമാത്രമേ തൽക്കാലം പറയുന്നുള്ളു.

ഘടയൽവലിപ്പത്തിൽ ൧൦൦ പുറങ്ങളോടുകൂടി ചിന്താവിശിഷ്ടങ്ങളും, സാഹിത്യാസ്വാദപരങ്ങളും ആയ ലേഖനങ്ങൾകൊണ്ടു നിറഞ്ഞ ഓരോപുസ്തകമാണു് മാസംപ്രതി ഞങ്ങൾ വാർഷിക വരിസംഖ്യയായ മൂന്നുരൂപ്പികക്കു കൊടുത്തുവരുന്നതു് എന്നും ധനസംബന്ധമായ ആദായലാഭം ഒരിക്കലും ഉദ്ദേശിച്ചിട്ടില്ലെന്നും വിചാരിക്കാൻ മാത്രം ദയാദൃഷ്ടിയുള്ള വായനക്കാർ സഹൃദയയ്ക്കുള്ള കുറവുകളും കുററങ്ങളും നിസ്സാരങ്ങളായി പരിഗണിക്കാനേ തരമുള്ളു എന്നു ഞങ്ങൾ ബലമായി വിശ്വസിച്ചുകൊണ്ടും, അവരുടെ വാത്സല്യപൂർവമായ ലാളനത്താൽ ഈ മാസികാശിശു പരിപുഷ്ടിയെ പ്രാപിക്കണമെന്നു പ്രാർത്ഥിച്ചുകൊണ്ടും വിരമിച്ചു കൊള്ളുന്നു.

# സഹൃദയസമാജാംഗങ്ങൾ.

1. സാഹിത്യപഞ്ചാനനൻ, പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ. എം. എൽ. ഏ. റിട്ടയർഡ് ഹൈക്കോട്ട് ജഡ്ജ്. (രക്ഷാധികാരി)
2. ഏ. ഗോപാലമേനോൻ, എം.ഏ.ബീ.കോം. പ്രിൻസിപ്പാൾ, ആർട്സ്കാളേജ്. (Do)
3. മഹാകവി റാവുസാഹിബ് ഉള്ളൂർ. എസ്സ് പരമേശ്വരയ്യർ എം. ഏ. ബി. എൽ. (Do)

നിർവാഹകസംഘം

4. പ്രൊഫസ്സർ, വി. കൃഷ്ണൻതമ്പി, ബി. ഏ. ആർട്സ്കാളേജ്. (അദ്ധ്യക്ഷൻ)
5. ഡാക്ടർ, കേ. ഗോദവമ്മ, എം. ഏ. പി. എച്ച്. ഡി. (ലണ്ടൻ), പ്രിൻസിപ്പാൾ, സംസ്കൃതകാളേജ്. (ഖജാൻജി)
6. ബി. പത്മനാഭപിള്ള, ബി. ഏ. (സെക്രട്ടറി)
7. പി. അനന്തൻപിള്ള, എം. ഏ. നാട്ടുഭാഷാപയ്യവേക്ഷകൻ, സയൻസ് കാളേജ്. (കൺവീവർ, "സഹൃദയ")
8. എൻ. കുഞ്ഞുരാമൻപിള്ള, എം. ഏ. ബി. എൽ. ആർട്സ്കാളേജ്.
9. എൻ, ഗോപാലപിള്ള, എം. ഏ. ആർട്സ്കാളേജ്.
10. ശ്രീവദ്ധനത്തു്, എൻ. കൃഷ്ണപിള്ള, എം. ഏ.

11. സാഹിത്യകുശലൻ, ടി. കെ. കൃഷ്ണമേനോൻ, ബി. ഏ. എഫ്. ആർ. എച്ച്. എസ്സ്.
12. വിദ്വാൻ, സി. ഐ. ഗോപാലപിള്ള, എം. ഏ. ആർട്സ്കാളേജ്.
13. ശൂരനാട്ട്, പി. എൻ. കുഞ്ഞൻപിള്ള, എം. ഏ. ആർട്സ്കാളേജ്.
14. പി. വേലുപ്പിള്ള, ബി. ഏ. ബി. എൽ. ഹൈക്കോട്ടുവക്കീൽ.
15. എം ആർ. ബാലകൃഷ്ണവാര്യർ, എം. ഏ. സയൻസ്കാളേജ്.
16. കെ. മാമൻ, എം. ഏ. ആർട്സ് കാളേജ്.
17. ഇളംകുളം, പി. എൻ. കുഞ്ഞൻപിള്ള, എം. ഏ. ആർട്സ് കാളേജ്.
18. പി. കെ. നാരായണപിള്ള, എം. ഏ. സംസ്കൃതകാളേജ്.
19. എസ്. ജ്ഞാനസ്കന്ദയ്യർ, മാനേജർ, ഏ. ആർ. വി. പ്രസ്സ് & "സഹൃദയ"; പ്രൊപ്രൈറ്റർ, ചിത്രാപബ്ളിഷിങ്ങ് ഹൌസ്സ്.
20. എം. കേ. ഹരിഹരയ്യർ, ബി. ഏ.
21. കെ. പി. പത്മനാഭപിള്ള, ബി. ഏ., എൽ. എൽ. ബി. ബാർ-അററ്ലാ, ലാകാളേജ്.
22. വിദ്യാവിഭൂഷണൻ, വി. വെങ്കിട്ടരാമശമ്മ, ആർസ് കാളേജ്.

# THE SAHRDAYA

## INDEX TO VOLUME I.

1111—1112.

*Price*:

Each Issue As. Six.
Bound Volume Rs. Five.

# സഹൃദയ

## പുസ്തകം ൧.

൧൧൧൧ കന്നി മുതൽ ൧൧൧൨ കന്നിവരെ.

## വിഷയവിവരം.


| | പുറം |
|---|---|
| അദ്ധ്യക്ഷപ്രസംഗം ... ... .. | 477 |
| വി. കൃഷ്ണൻതമ്പി ബി. ഏ. | |
| അദ്ധ്യക്ഷപ്രസംഗ നിരൂപണം ... ... ... | 485 |
| പത്രാധിപർ. | |
| ആരാധനയുടെ ആരംഭം ... ... ... | 678 |
| കെ. എൻ. കേശവൻ നമ്പൂരിപ്പാട്ട് എം. ഏ., ബി. എൽ. | |
| ഉണ്ണുനീലി സന്ദേശവാദം ... ... ... | 98 |
| വി. കൃഷ്ണൻതമ്പി ബി. ഏ. .... .... | ,, |
| ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ. .... .... | 99 |
| എൻ. ഗോപാലപിള്ള എം. ഏ. .... .... | 117 |
| പി. അനന്തൻപിള്ള എം. ഏ. .... .... | 129 |
| വി. വെങ്കിട്ടരാമശർമ്മ, വിദ്യാഭൂഷണൻ. .... | 131 |
| സി. ഐ. ഗോപാലപിള്ള എം. ഏ. .... .... | 137 |
| പി. കെ. നാരായണപിള്ള എം. ഏ. .... .... | 138 |
| സി. എൻ. ഏ. രാമയ്യാശാസ്ത്രി എം. ഏ. | ,, |
| പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ. (സാഹിത്യപഞ്ചാനനൻ) | 139 |
| മഹാകവി റാവുസാഹിബ് ഉള്ളൂർ പരമേശ്വരയ്യർ എം. ഏ., ബി. എൽ. | 142 |
| ഉത്തരരാമചരിതം നാടകം, ഒരു പഠനം ... ... | 31 |
| എസ്സ്. എൻ. കൃഷ്ണപിള്ള എം. ഏ. | |
| ഉപക്രമം ... ... ... ,, | 382 |
| പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ. | |
| ഒരു അഭിനന്ദനം (പദ്യം) ... ... ... | 469 |
| പി. സുബ്രഹ്മണ്യ ശാസ്ത്രി. | |
| ഒരു ഉത്സവം ... ... ... ... | 459 |
| ശൂരനാട്ടു പി. എൻ കുഞ്ഞൻപിള്ള എം. ഏ. | |

പുറം

ഒരു കത്തിൻറകത്ത് ... ... ... 649
മഹാമഹിമശ്രീ അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു്.

ഒരു തിരുത്ത് ... ... ... ... 239
കുഞ്ഞുരാമൻപിള്ള എം. ഏ., ബി. എൽ.

കരുണ അനുകരണമാണോ? ... ... ... 189
എ. ഡി. ഹരിശർമ്മ, വിദ്വാൻ.

കലാശാലാവിദ്യാർത്ഥികളും സംസ്കൃതസാഹിത്യ പഠനവും ... 549
അമ്മാമൻ തമ്പുരാൻ ബി. ഏ., ബി. എൽ.

കവികളും പ്രകൃതിയും ... ... ... 180
കീഴ്കുളം രാമൻപിള്ള എം. ഏ.

കവികളുടെ കള്ളങ്ങൾ ... ... ... 167
കൈനിക്കര എം. കുമാരപിള്ള ബി. ഏ., എൽ. ററി.

കിമപികാവ്യം (പദ്യം) ... 224, 306, 337, 430, 490, 558, 655, 802
പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

കുചേലവൃത്തം വഞ്ചിപ്പാട്ട് ... .... .... 3
പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

കുഡ്മള സൌരഭം (പദ്യം) ... ... .. 470
ഏ. കേശവൻ നമ്പ്യാർ.

കേരളപാണിനീയം (ഒരു നിരൂപണം) ... ... 530
പി. അനന്തൻപിള്ള എം. ഏ.

കേരളീയ കവിതാരീതി ... ... ... 399
പി. അനന്തൻപിള്ള എം. ഏ.

കൊ. കൊച്ചുണ്ണിത്തമ്പുരാൻെറ ഒരു അപ്രകാശിത കൃതി ... 713
മഹാകവി റാവുസാഹിബ് ഉള്ളൂർ പരമേശ്വരയ്യർ എം. ഏ. ബി. എൽ.

കോവിലകവും കുപ്പമാടവും ... .. ... 771
ഡാക്ടർ കെ. ഗോദവർമ്മ എം. ഏ., പി. എച്ച്. ഡി.


## ഗ്രന്ഥനിരൂപണം


ഇന്ദിര—P. A. P. ... ... ... 74
സാഹിത്യമഞ്ജുഷ—V. K T. ... .... 78
കാവ്യരത്നമാല—P. K. ... ... ... 82
അരമനയിലെ അനിരുദ്ധൻ—N. G. P ... ... ,,
വിനീതവിഭവം—P. K. ... ... .. 161
സദാചാരമഞ്ജരി—P. A. P. ... ... 162
ഹരിശ്ചന്ദ്രൻ—P. A. P. ... ... ,,

പുറം

ബാലാലങ്കാരം—P. A. P. ... ... ... 236
ലീലാവിലാസം—K. P. ... ... ... 237
ശന്തൻ—P. S. ... ... ... 238
ജമ്മനി—E d. ... ... ... 318
കമ്മപ്രഭാവം—S. K. P.... ... ... 318
ഭാഷാകാദംബരി— S. K. P. ... ... 319
ദുൎഗ്ഗാവിജയം കാവ്യം—P. S. ... ... ,,
ജീവചരിത്രസഞ്ചിക—Ed. ... ... 377
ഇരവിക്കുട്ടിപ്പിള്ള—P. A. P. ... ... 545
ഈശാവാസ്യോപനിഷത്ത്—Ed. ... ... 546
ധമ്മവിജയം—P. A. P.... ... ... 600
കിരാതാർജ്ജുനീയം വ്യായോഗം—Ed. ... ... 601
ഉമയമ്മമഹാറാണി—E d. ... ... 727
ജലന്ധരവിജയം—E d. ... ... ... ,,
ജീവിതാശം—E d. ... ... ... ,,
കേരള നസ്രാണികളുടെ വിവാഹാചാരങ്ങൾ—M. R. ... 728
മൃണാളിനി—A. G. M ... ... ... 845
വിലാസിനി—B. P. P ... ... ... ,,

ജമ്മനിയും ഹിററ്ലരും ... ... ... 512
എ. ഗോപാലമേനോൻ എം. ഏ., ബി. കാം.

ഞങ്ങളുടെ വള്ളിക്കുടിൽ (പദ്യം) ... ... 151
എം. ആർ. കൃഷ്ണവാര്യർ ബി. ഏ., എൽ. ററി.

തഞ്ചാവൂർ ക്ഷേത്രം ... ... ... 333
എസ്സ്. എൻ. കൃഷ്ണപിള്ള എം. ഏ.

തമിഴരുടെ സംഘകാലം ... ... ... 671
കെ. എൻ. ഗോപാലപിള്ള എം. ഏ.

തമിഴ്വ്യാകരണപ്രവേശിക ... ... ... 14, 158, 233
വി. കൃഷ്ണൻതമ്പി ബി. ഏ.

താടകാവധം ആട്ടക്കഥ (നിരൂപണം) ... ... 52
ഇ. വി. കൃഷ്ണപിള്ള ബി. ഏ., ബി. എൽ.

തിരുമുൽക്കാഴ്ച ... ... ... 682
ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ.

തൃപ്തിമകരന്ദം (ചെറുകഥ) ... ... ... 455
എസ്സ്. എൻ. കൃഷ്ണപിള്ള, എം. ഏ.

| | പുറം |
|---|---|
| തോഴിയോട്ട് (പദ്യം) ... ... ... | 697 |
| എൽ. ഡി. കൃഷ്ണനുണ്ണി, വ്യാകരണഭൂഷണം | |
| ദുർവ്വാസാവിൻെറ ഭിക്ഷ ... ... ... | 579 |
| വി. കൃഷ്ണൻതമ്പി ബി. എ | |

പത്രാധിപക്കുറിപ്പുകൾ

| | |
|---|---|
| വിവാഹം ... ... ... | 83 |
| ചിത്രാലയകലാസൌധം ... ... | ,, |
| ചരമം ... ... ... | ,, |
| യുദ്ധവും സാഹിത്യവും ... ... ... | ,, |
| ഗ്രാമീണഗ്രന്ഥശാലകൾ ... ... ... | ,, |
| തിരുനാളാഘോഷങ്ങൾ ... ... ... | ,, |
| ഷഷ്ടിപൂർത്തി ... ... ... | ,, |
| തിരുനാൾ ബഹുമതികൾ ... ... ... | 164 |
| നാട്ടുഭാഷാപര്യവേക്ഷകൻ ... ... | 240 |
| വീരരാഘവപ്പട്ടയം ... ... ... | ,, |
| സഹൃദയസമാജം ... ... | ,, |
| കേരളസർവ്വകലാശാല ... ... | ,, |
| അഖിലഭാരതീയ വനിതാസമ്മേളനം ... ... | 321 |
| ,, വിദ്യാഭ്യാസ സമ്മേളനം ... | ,, |
| ചക്രവർത്തി തിരുമനസ്സിലെ ചരമം ... ... | 378 |
| എഡ്വെർഡ് അഷ്ടമൻെറ മംഗളം ... ... | ,, |
| സാഹിത്യവും സന്മാർഗ്ഗവും ... ... ... | 17 |
| കേരളവർമ്മ കാലം ... ... ... | 379 |
| സാഹിത്യകാരൻെറ ചരമം ... .. | 380 |
| കവിതാമത്സരപ്പരീക്ഷ .. ... ... | 381 |
| രക്ഷാധികാരിയുടെ വിജയം ... ... | ,, |
| ഇൻഡ്യയിലെ പ്രാചീനപരിഷ്കാരം ... .. | ,, |
| മഹാരാജാവു തിരുമനസ്സിലെ പ്രസംഗം ... ... | 472 |
| പൌരസ്ത്യസമ്മേളനം ... ... ... | 473 |
| സാഹിത്യപരിഷത്ത് ... ... . | 473, 730 |
| തിരിച്ചെഴുന്നെള്ളത്ത് ... ... ... | 547 |
| രക്ഷാധികാരിയുടെ സുഖക്കേട് ... ... | ,, |
| അഭിഷ്യന്ന യുദ്ധം ... ... ... | ,, |
| ചെസ്റ്റർട്ടൻെറ ചരമം ... ... ... | 548 |
| സാഹിത്യകാരന്മാരുടെ ചരമം ... ... | 607 |
| സ്വകാര്യം ... ... ... | ,, |
| ലേഖകന്മാരോട് ... ... ... | ,, |


SREE KRISHNA VILASOM GRANDHASALA ...RUM MALAYINKIL

പുറം

വരിക്കാരോട് ... ... ... 608
അച്ചടിത്തെററുകൾ ... ... ... 608
അധോലിഖിതങ്ങൾ ... ... ... 608
വിശ്വനിഘണ്ടു ... ... ... 730
പുതിയ ദിവാൻ ... ... ... 730
കൈമാററപ്പത്രങ്ങളും മാസികകളും ... ... 731
തി. വി. മഹാസഭ ... ... ... 854
ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല ... ... 856
ക്രൈസ്തീയ യുവജനസമാജം ... ... ... ,,
തിരുനാൾ ബഹുമതികൾ ... ... ... 857
ക്ഷേത്രപ്രവേശം ... ... ... ,,
വർഷാന്ത്യപ്രസ്താവന ... ... ... ,,

പഴഞ്ചൊല്ലുകൾ ... ... ... 415
ഡാക്ടർ കെ. ഗോദവർമ്മ എം. ഏ, പി. എച്ച്. ഡി.

പാടുക പാടുക. (പദ്യം) ... ... ... 510
വള്ളത്തോൾ നാരായണമേനോൻ

പാണിനി ആചാര്യൻ ... ... ... 336
വി. ശങ്കരയ്യർ എം. ഏ, എൽ. ററി

പിന്നെക്കഥ ... ... ... 153
ഇ. വി കൃഷ്ണപിള്ള ബി. ഏ, ബി. എൽ

പൂജാ പുഷ്പം (പദ്യം) ... ... ... 145
ജി. ശങ്കരകുറുപ്പ്

പേടികാ സന്യാസി (സംഗീതനാടകം) ... ... 352
വി. കൃഷ്ണൻതമ്പി ബി. ഏ.

പ്രകൃതി രാമണീയകം ... ... ... 243
വിദ്വാൻ സി. ഐ. ഗോപാലപിള്ള എം. ഏ.

പ്രതാപരുദ്രീയവും അലങ്കാര ശാസ്ത്രവും ... ... 740
മഹാകവി റാവുസാഹിബ് ഉള്ളൂർ പരമേശ്വരയ്യർ എം ഏ. ബി. എൽ

പ്രസ്താവന ... ... ... 1
പ്രാചീനദേശ സംജ്ഞാകോശം ... 394, 471, 530, 604, 725, 851
പി. അനന്തൻപിള്ള എം. ഏ.

ഭക്തിപാരമ്യം ... ... ... 709
പി. അനന്തൻപിള്ള എം. ഏ.

ഭക്തിപ്രഭാവശതകം ... ... 429, 489, 555, 639, 758
എം. രാജരാജവർമ്മ തമ്പുരാൻ എം. ഏ; ബി. എൽ

ഭാഷാവികാസം ... ... ... 45, 146
എൻ. കുഞ്ഞുരാമൻപിള്ള. എം. ഏ; ബി, എൽ.

| | പുറം |
|---|---|
| മനോധമ്മതാരതമ്യം ... ... ... | 497 |
| പി. അനന്തൻപിള്ള എം. ഏ. | |
| മംഗളം ... ... ... | 1 |
| വള്ളത്തോൾ | |
| മഹാകവി ഉള്ളൂർ പരമേശ്വരയ്യർ | 10 |
| മധുവിലാസം (പദ്യം) ... ... ... | 695 |
| പന്തളം കെ. പി. രാമൻപിള്ള ബി. ഏ | |
| മന്ത്രശാസ്ത്രം ... ... ... | 87 |
| ഡാക്ടർ എൽ. ഏ. രവിവമ്മ | |
| മലയാളം ആണേഴ്സ് സമാജം ... ... | 608, 690 |
| ബി. പത്മനാഭപിള്ള ബി. ഏ. | |
| മലേഷ്യയിലെ ഹിന്ദുസംസ്കാരം ... ... | 764 |
| കെ. മാമൻ എം. ഏ. | |
| മല്ലിനാഥന്റെ കവിത ... ... ... | 568 |
| പി. അനന്തൻപിള്ള എം. ഏ. | |
| മഹാരാജ മംഗളാശംസ ... ... ... | Nos 1, 2, 12 |
| മാമ്പള്ളിപ്പട്ടയം ... ... ... | 699 |
| വിദ്യാഭൂഷണൻ വെങ്കിട്ടരാമശമ്മ | |
| മുക്തിയും ഭക്തിയും ... ... ... | 218 |
| വി. കൃഷ്ണൻതമ്പി ബി. ഏ. | |
| മുദ്രമോതിരം ... ... ... ... | 387 |
| ആയാംകുടി പി. ആർ. ശങ്കരപ്പിള്ള | |
| മുസ്സോലിനിയുടെ ഇററലി ... ... ... | 442 |
| എ. ഗോപാലമേനോൻ എം. ഏ; ബി. കോം | |
| മേല്പത്തൂർ നാരായണഭട്ടതിരി ... ... ... | 779 |
| എം. ആർ. ബാലകൃഷ്ണവാര്യർ എം. ഏ. | |
| യവദ്വീപം ... ... ... | 17, 96, 187, 360 |
| പി. അനന്തൻപിള്ള എം. ഏ. | |
| യുവകവിപങ്ക്തി ... ... | 469, 525, 602, 695, 846 |
| രസപ്രസ്ഥാനം ... ... ... | 834 |
| വി. വെങ്കിട്ടരാമശമ്മ. | |
| രാമപാണിവാദനും കുഞ്ചൻനമ്പ്യാരും | |
| ഡാക്ടർ കെ. ഗോദവമ്മ എം. ഏ. പി. എച്ച്. ഡി | 21, 588 |
| എം. ആർ ബാലകൃഷ്ണവാര്യർ എം. ഏ. | 250 |
| വടക്കൻപാട്ടുകൾ ... ... ... | 59 |
| ശൂരനാട്ടു പി. എൻ കുഞ്ഞൻപിള്ള എം. ഏ. | |

പുറം

വാസുദേവ യമകകവി ... ... ... 195
വിദ്യാഭൂഷണൻ വെങ്കിട്ടരാമശർമ്മ

വിദ്യാഭ്യാസത്തിൻെറ പ്രയോജനം ... ... 323
കെ. ആർ. കൃഷ്ണപിള്ള ബി. ഏ., ബി. എൽ.

വിരഹതാപം... ... ... ... 602
വൈക്കം എൻ. നാരായണപിള്ള

വീരരാഘവപ്പട്ടയം
1 പി. അനന്തൻപിള്ള എം. ഏ 264
2 ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ 278
3 വി. വെങ്കിട്ടരാമശർമ്മ 291
4 സാഹിത്യപഞ്ചാനനൻ പി. കെ നാരായണപിള്ള 303
5 കെ. എൻ. ഡാനിയേൽ 362
6 എം ആർ ബാലകൃഷ്ണവാര്യർ എം. ഏ 370

9851

വെള്ളയമ്പലത്തിൽ (പദ്യം) ... ... ... 411
എം. ആർ. കൃഷ്ണവാര്യർ ബി. ഏ. എൽ. ററി

സംസ്കൃതക്കാരൻെറ ധ്വനി ... ... ... 722
പുത്തേഴത്തു രാമൻ മേനോൻ ബി. ഏ. ബി. എൽ. എം. എൽ. ഏ

സന്ന്യാസി (ചെറുകഥ) ... ... ... 71
എൻ. ഗോപാലപിള്ള, എം. ഏ

സഹൃദയ സമാജാംഗങ്ങൾ ... ... ... 613
സാങ്കേതിക ശബ്ദങ്ങൾ ... ... ... 10
ടി. കെ. കൃഷ്ണമേനോൻ ബി. ഏ, എഫ്. ആർ. എച്ച്. എസ്സ്

സിന്ധുതലത്തിലെ പുരാതന സംസ്കാരം ... ... 650
കെ. മാമൻ എം. ഏ

സൈരന്ധ്രി (സംഗീതനാടകം) ... ... 808
വി കൃഷ്ണൻതമ്പി, ബി. ഏ.

സോവിയററ് റഷ്യ ... ... ... 615
ഏ. ഗോപാലമേനോൻ എം. ഏ, ബി.കാം.

സ്മരണമണ്ഡലം ... ... ... 574, 642, 733
സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ

സ്വാഗതം ... ... ... ... 499
ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ

Indic Digital Archive Foundation
gpura.org